

# മാതൃഭാവങ്ങളിലൂടെ മകന്റെ തീർത്ഥയാത്ര

ഡോ. ഫ്രാൻസിസ് വിനീത്

# മാതൃഭാവങ്ങളിലൂടെ
# മകന്റെ തീർത്ഥയാത്ര

ഡോ. ഫ്രാൻസിസ് വിനീത്

കവർചിത്രം : വിദ്യാവനം ആശ്രമത്തിലെ ശിലാനിലയത്തിൽ നിലകൊള്ളുന്ന താമരമേരി

# മാതൃഭാവങ്ങളിലൂടെ
# മകന്റെ തീർത്ഥയാത്ര

**ഡോ. ഫ്രാൻസിസ് വിനീത്**

Vidyavanam Publications
Bangalore - 560 083

**Mathrbhavangalilude Makante Theerthayathra**
(Malayalam)

Author: **V.F. Vineeth CMI**

©Author
2011

*Published by:*

Vidyavanam Publications
Vidyavanam Ashram
Bangalore - 560 083

*Printed at:*

Matha Prints, Bangalore
080-41310081, 26840026

Price ₹ 95.00

# മാതൃഭാവങ്ങളിലൂടെ മകന്റെ തീർത്ഥയാത്ര


| | | |
|---|---|---|
| | ആമുഖം | 7 |
| 1. | മാതാവിന്റെ മാതൃഭാവം: ദൈവമാതാവായ മേരി | 13 |
| 2. | മാതാവിന്റെ ധ്യാനഭാവം: ധ്യാനനിർലീനയായ മേരി | 21 |
| 3. | മാതാവിന്റെ മൗനഭാവം: മൗനമനോജ്ഞയായ മേരി | 39 |
| 4. | മാതാവിന്റെ ദാസ്യഭാവം: വിനയാന്വിതയായ മേരി | 49 |
| 5. | മാതാവിന്റെ സഹനഭാവം: സഹനദാസിയായ മേരി | 55 |
| 6. | മാതാവിന്റെ വിമലഭാവം: വിശുദ്ധിയുടെ വിളനിലമായ മേരി | 66 |
| 7. | മാതാവിന്റെ ഭക്തിഭാവം: ദൈവഭക്തയായ മേരി | 73 |
| 8. | അനുബന്ധം: ഫാത്തിമാ മാതാവും ലോക കമ്മ്യൂണിസവും | 101 |
| | സമാഹാരം | 110 |

## സായൂജ്യ പ്രഭയാർന്ന സംപൂജ്യ ദീപം നീ

സായൂജ്യ പ്രഭയാർന്ന സംപൂജ്യ ദീപം നീ
സുകൃതം നിറഞ്ഞുള്ള സുമനോഹരാംഗിണി
നാരീകുമാരികൾക്കഭിമാന താരം നീ
സുരലോക സൂര്യൻ വന്നണയുന്ന തീരം നീ

കൈ നീട്ടി, കാൽപാത കാട്ടി നയിക്കണം
കനിവാർന്നു കരതാരിൽ കാത്തുഭരിക്കണം
ബലഹീനനായിപ്പോയലയാഴി തന്നിൽ ഞാ-
നലയുന്നു; നീ തന്നെ പാലിച്ചുകൊള്ളണം.

ഒരുനാളും പാപേച്ഛ കൂടാതെയാകണം
പരലോകദീപത്തിൻ കാന്തി ലഭിക്കണം
ഇരുളിൻ കിനാവുകൾ പാടെ ത്യജിക്കണം
ഇഹലോകെയെന്നും നിന്നുൾപ്രീതി നേടണം.

കറതീർന്ന കാരുണ്യമുരുവാർന്ന ഗാത്രം നീ
കനിവിൻ വരങ്ങൾ നിറഞ്ഞുള്ള പാത്രം നീ
പ്രഭയുടെ പ്രണവത്തെ പ്രസവിച്ചൊരമ്മ നീ
അഭയം നീ നല്കണെ, അമലസ്വരൂപിണി.

# മാതൃഭാവങ്ങളിലൂടെ മകന്റെ തീർത്ഥയാത്ര

## ആമുഖം

ചരിത്രത്തിന്റെ താളുകളിൽ ഞാനൊരു അമ്മയെ കണ്ടു. എന്റെ ജീവിതത്തിലേക്കിറങ്ങി വന്ന പാവനചരിതയായ ഒരു സ്ത്രീരത്നം. അവൾ കന്യകയായിരുന്നു. എന്നാൽ അമ്മയുമായിരുന്നു. അങ്ങനെ വൈരുദ്ധ്യങ്ങളെ സ്വന്ത ജീവിതത്തിൽ കോർത്തിണക്കി, എല്ലാവരോടും ഇണങ്ങിചേർന്ന്, ആരേയും പിണക്കാതെ, പുണ്യത്തിന്റെ കമനീയ കാന്തി നമുക്കേവർക്കും നൽകി, ഈ ലോകത്തിൽ ജീവിച്ച്, സ്വർഗ്ഗത്തിലേയ്ക്കെടുക്കപ്പെട്ട ഒരു സുരകന്യകയായിരുന്നു അവൾ. യേശുവിന്റെ അമ്മയായിരുന്നു.

ഈ അമ്മയെ ഞാനാദ്യമായി പരിചയപ്പെടുന്നത് കുട്ടിക്കാലത്ത് എന്റെ വീട്ടിൽ വച്ചായിരുന്നു. വീട്ടിലെ അനുദിനപ്രാർത്ഥനകളിലൂടെ ഞാനീയമ്മയിലേയ്ക്ക് കൂടുതൽ അടുത്തു. ശാരീരികാവശ്യങ്ങൾക്ക് വീട്ടിലൊരമ്മയുള്ളതുപോലെ നമ്മുടെ ആദ്ധ്യാത്മികാവശ്യങ്ങൾക്ക് സ്വർഗ്ഗത്തിൽ ഒരമ്മയുണ്ടെന്നാണ് കുട്ടികളായ ഞങ്ങൾക്കു കിട്ടിയ ആശയവും അനുഭവവും. കാലക്രമേണ ഈ അനുഭവം വളരെ ശരിയാണെന്നു തെളിഞ്ഞുവന്നു.

പിന്നീട് ഈ അമ്മ എന്റെ ജീവിതത്തിലേയ്ക്ക് പ്രത്യേകമായി ഇറങ്ങിവരുന്നത് ഞാൻ ഹൈസ്ക്കൂളിൽ പഠിക്കുന്ന കാലത്താണ്. ഇടവകയിലെ വാർഷിക ധ്യാനത്തിന്റെ അവസരമായി. കുട്ടികളുടെ ധ്യാനത്തിൽ ഞങ്ങൾ വളരെ പേർ പങ്കെടുക്കുക പതിവായിരുന്നു. സന്യാസ വസ്ത്രം ധരിച്ച രണ്ടു വൈദികരാണു ധ്യാനിപ്പിക്കാൻ വന്നത്. ധ്യാനത്തിന്റെ ഇടവേളയിൽ ഞാനവരെ സമീപിച്ച് എനിക്ക് അവരുടെ സഭയിൽ ചേരണമെന്നും അച്ചനാകാൻ ആഗ്രഹമുണ്ടെന്നും പറഞ്ഞു. അവർ പറഞ്ഞു: ''പ്രായമായിട്ടില്ല, ഇപ്പോൾ നന്നായി പ്രാർത്ഥിച്ചാൽ മതി.'' അതുമതിയെന്നു ഞാനും തീരുമാനിച്ചു. അടുത്ത വർഷം വീണ്ടും സന്യാസ വേഷം ധരിച്ച അച്ചൻമാർ ധ്യാനിപ്പിക്കാൻ വന്നു. ഇവർ 'കർമ്മലീത്തർ' ആയിരുന്നു. എന്നു വച്ചാൽ കർമ്മല മാതാവിന്റെ സഭ. ഈ വ്യത്യാസം അന്നെനിക്ക് അജ്ഞാതമായിരുന്നു. ഇവരോടും ഞാനെന്റെ ആഗ്രഹമുണർത്തിച്ചു. ഇവരും കാര്യത്തിൽ അതേ മറുപടി തന്നെ പറഞ്ഞു. പക്ഷെ ഇവർ എന്റെ വിലാസമെഴുതിയെടുക്കുകയും എനിക്ക് കത്തുകൾ എഴുതുകയും ചെയ്തിരുന്നു. ആ വർഷവും കൂടി കഴിഞ്ഞപ്പോൾ അവരെന്നെ ഒരു സന്യാസാർത്ഥിയായി സ്വീകരിച്ച്, സഭയുടെ യോഗാർത്ഥി ഭവനത്തിലേക്ക് കൊണ്ടുപോയി. അന്ന് ചെറുപ്പക്കാരായ സന്യാസാർത്ഥികളെ താമസിപ്പിച്ചി

രുന്ന വീടിന്റെ പേര് 'യോഗാർത്ഥിഭവൻ'എന്നായിരുന്നുവെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. അവിടെ യോഗ പഠിപ്പിച്ചിരുന്നില്ലെങ്കിലും സന്യാസ ജീവിതം തന്നെ ഒരു യോഗ ജീവിതമായിട്ടായിരുന്നു അവർ കണ്ടിരുന്നത്. പാശ്ചാത്യ സമ്മർദ്ദമില്ലാതെ, നമ്മുടെ നാട്ടിൽ തുടങ്ങിയ തദ്ദേശീയ സഭ അവരുടെ അർത്ഥികളുടെ വീടിനു നൽകിയ പേർ എത്രയോ ശ്ലാഘനീയം. 'യോഗ' യെന്നത് ഒരു ആദ്ധ്യാത്മിക ജീവിത സാധനയാണെന്നവർ മനസ്സിലാക്കിയിരുന്നു. ഇന്നത്തേക്കാളും ഉന്നത ചിന്തയായിരുന്നു അന്നുള്ളവർക്ക്.

ഞാൻ കർമ്മലീത്താ സഭയിലേയ്ക്കെടുക്കപ്പെട്ടത് കർമ്മല മാതാവിന്റെ ഒരു പ്രത്യേക താൽപര്യമായി ഞാൻ കരുതുന്നു. മാത്രമല്ല കർമ്മല ചൈതന്യം ഭാരതത്തിന്റെ ആദ്ധ്യാത്മിക ചൈതന്യവുമായി വളരെ യോജിച്ചുപോകുന്നതാണ്. തികഞ്ഞ ഏകാന്തതയും, ധ്യാനവും, മൗനവും ഇടവിടാതുള്ള പ്രാർത്ഥനകളും കർമ്മല ചൈതന്യത്തിന്റെ അന്തഃസത്തയായി പറയപ്പെടുന്നുണ്ട്. പാശ്ചാത്യലോകത്ത് മിസ്റ്റിസിസത്തിന്റെ മണ്ഡലത്തിൽ വലിയ സംഭാവന ചെയ്തിട്ടുള്ളതിൽ പ്രമുഖരായ ചിലരെങ്കിലും കർമ്മലയിലെ പുണ്യാത്മാക്കളാണ്. ഇത്രയൊന്നും ചിന്തിച്ചുകൊണ്ടല്ല ഞാൻ മാതാവിന്റെ സഭയിൽ ചേർന്നത്. പക്ഷെ എന്റെ സ്വർഗ്ഗീയ മാതാവിനു അത് കൃത്യമായിട്ടറിയാമായിരുന്നു. പിൽക്കാലത്ത് ഇവരുടെ ഈടുറ്റ പുസ്തകൾ പഠിക്കുവാനും ഭാരതീയ ധ്യാനാത്മകയുടെ പശ്ചാത്തലത്തിൽ വ്യഖ്യാനിക്കാനും എനിക്കവസരങ്ങൾ കിട്ടിയിട്ടുണ്ട്.

ഞാനീയമ്മയെ വളരെയധികം സ്നേഹിച്ചു. അമ്മ എന്നെയും. സ്വർഗ്ഗത്തിൽ നിന്ന് ഈ അമ്മ നമ്മെ എപ്പോഴും നോക്കിക്കൊണ്ടാണിരിക്കുന്നതെന്ന ഒരു സ്വാഭാവിക വിചാരം എന്റെ മനസ്സിലുണ്ട്. ഈ ചിന്തയെ സ്ഥിരീകരിക്കുന്ന ഒരനുഭവം 1963 ൽ ബെർലിൻ നഗരത്തിൽ വച്ചുണ്ടായി. അതിന്റെ പൂർണ്ണവിവരണം ഈ ആമുഖത്തിൽ അപ്രസക്തമാണെന്ന് തോന്നുന്നതുകൊണ്ട് അതു അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇവിടെ ഇത്രമാത്രം പറയുന്നു.

1917 മെയ് 13-ാം തീയതിമുതൽ അമലോത്ഭവ മാതാവായ മേരി, യൂറോപ്പിന്റെ പടിഞ്ഞാറെയറ്റമായ പോർച്ചുഗലിലെ ഒരു ചെറിയ ഗ്രാമത്തിൽ (ഫാത്തിമ) മൂന്നു കൊച്ചുകുട്ടികൾക്ക് പ്രത്യക്ഷപ്പെട്ടു (ജെസീന്ത, ഫ്രാൻസീസ്, ലൂസി). തുടർച്ചയായി ആറുമാസം എല്ലാ പതിമൂന്നാം തീയതിയും അതേ സ്ഥലത്തു വച്ചു തന്നെ പ്രത്യക്ഷപ്പെട്ടുകൊണ്ട് ലോക സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ ഉദ്ബോധിപ്പിക്കുകയും 20-ാം നൂറ്റാണ്ടിൽ യൂറോപ്പിലും ലോകത്തിലും നടക്കാൻ പോകുന്ന പല കാര്യങ്ങളും എണ്ണിയെണ്ണിപ്പറയുകയും ചെയ്തു. മദ്ധ്യ ശതകത്തിൽ വീണ്ടുമൊരു ലോകമഹായുദ്ധം ഉണ്ടാകുമെന്നും മതവിശ്വാസികളായ ജനങ്ങൾക്ക് വളരെയേറെ സഹിക്കേണ്ടിവരുമെന്നും പറഞ്ഞു. റഷ്യ കമ്യൂണിസം സ്വീകരിക്കുകയാണെന്നും കമ്യൂണിസ്റ്റ് ആദർശങ്ങൾ ഇത

ര രാഷ്ട്രങ്ങളിലേയ്ക്ക് അവൾ പടർത്തുമെന്നും വിശ്വാസരാഹിത്യത്തിന്റെ ഒരു ലോകം ഉരുത്തിരിയുകയാണെന്നും ഉദ്ബോധിപ്പിച്ചു. അതുകൊണ്ട് വിശ്വാസികൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ത്യാഗ പ്രവൃത്തികൾ കാഴ്ചവയ്ക്കണമെന്നും മറിയം ഉപദേശിച്ചു.

ഭയപ്പെടേണ്ട, റഷ്യ മാനസാന്തരപ്പെടുമെന്നും തന്റെ വിമല ഹൃദയം വിജയിക്കുമെന്നും വാഗ്ദാനം ചെയ്തു. ഈ ദർശനപരമ്പര 1917 ഒക്ടോബർ 13-ാം തിയതി അവസാനിച്ചു. അന്ന് മേരി പറഞ്ഞതുപോലെ റഷ്യൻ വിപ്ലവം അരങ്ങേറുകയും യൂറോപ്പിന്റെ കിഴക്കെ അറ്റമായ മോസ്ക്കോയിൽ കമ്യൂണിസ്റ്റുകൾ ഭരണം ഏറ്റെടുക്കുകയും ചെയ്തു. (വിശദവിവരണങ്ങൾക്ക് അനുബന്ധം കാണുക).

## മണ്ണിലേയ്ക്കു കണ്ണുംനട്ട് വിണ്ണിൽ കഴിയുന്ന അമ്മ

മേൽപറഞ്ഞ സംഭവങ്ങളെല്ലാം അക്ഷരം പ്രതി നിറവേറിക്കഴിഞ്ഞു. ഇന്ന് ആർക്കു വേണമെങ്കിലും യൂറോപ്പിന്റെ രണ്ടറ്റങ്ങളിലായി നടന്ന ഈ ഇരു സംഭവങ്ങളേയും പഠിച്ച്, ഒത്തുനോക്കി കാണാവുന്നതേയുള്ളു. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. ഈ ലോകത്തിൽ നടക്കുന്ന കാര്യങ്ങളിൽ, തന്റെ അരുമ മക്കളുടെ കാര്യങ്ങളിൽ ഈ അമ്മ ബദ്ധശ്രദ്ധയുള്ളവളാണ്. കമ്യൂണിസം എന്ന ആഗോള വ്യാപക പ്രസ്ഥാനത്തിന്, നമ്മളിൽ പലർക്കും ഇന്നും അജ്ഞാതമായ ഒരു വലിയ ബന്ധം ഈ അമ്മയുമായുണ്ട്. ഈ പുസ്തകത്തിൽ, വിമല ഹൃദയത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ, ഇക്കാര്യം ഞാൻ ചർച്ചചെയ്യുന്നുണ്ട്. എന്നാൽ, കമ്യൂണിസത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട് ആരംഭിച്ച ഒരു ഗ്രന്ഥമല്ലയിത്. 'മാതൃഭാവങ്ങളിലൂടെ' എന്നു പറഞ്ഞ് ഇവിടെ ഞാനവതരിപ്പിക്കുന്ന ഈ അമ്മ, ഉണ്ണിശോയുടെ അമ്മയായ കന്യാമേരിയാണ്. മേരിയാകട്ടെ എന്റെയും പ്രിയ അമ്മയാണ്. അതുകൊണ്ട്, ഈ തീർത്ഥയാത്രയിൽ പറയുന്നത് എന്റെ മാതൃഭക്തിയുടെയും മേരീയനുഭവത്തിന്റെയും, വികലതയാർന്നതെങ്കിലും, വ്യക്തിഗതമായ പ്രകാശനം കൂടിയാണ്. മകന്റെ വീഴ്ചകൾ അമ്മയുടെ കണ്ണുകൾ കണ്ടാലും കാര്യമാക്കുകയില്ലല്ലൊ. അതുപോലെ, അമ്മയുടെ ഔന്നത്യം മകനെയകറ്റുകയുമില്ലല്ലോ. ഇതാണ് എനിക്കു പ്രതീക്ഷ പകരുന്നതും ധൈര്യം നൽകുന്നതും.

മാതൃഭാവങ്ങളിലൂടെ എന്നുപറയുമ്പോൾ 'എന്താണു ഭാവം'? എന്നൊരു ചോദ്യം ഉദിക്കുന്നുണ്ട്. 'ആയിരിക്കുക' എന്നർത്ഥമുള്ള 'ഭവ്' എന്ന സംസ്കൃത ധാതുവിൽ നിന്നാണ് 'ഭാവം' എന്ന പദം ഉൽഭവിക്കുന്നത്. ആയിരിക്കുന്നതിന്റെ അവസ്ഥാവിശേഷമാണു ഭാവം. മികവുറ്റ ഭാരതീയ ചിന്തകരും ആസ്വാദനശാസ്ത്രമീമാംസകനുമായ ഭരതമുനി നാട്യശാസ്ത്രം എന്ന തന്റെ

വിശിഷ്ട ഗ്രന്ഥത്തിൽ ഭാവത്തെ നിർവചിക്കുന്നതിപ്രകാരമാണ്. 'കാവ്യാർത്ഥാൻ ഭാവയതി ഭാവാ:' (നാട്യശാസ്ത്രം അഭിനവഗുപ്തഭാഷ്യം). കാവ്യാർത്ഥം ആസ്വദിക്കുമ്പോൾ സംഭവിക്കുന്നവയാണ് ഭാവങ്ങൾ. അക്ഷരാർത്ഥത്തിൽ കാവ്യാർത്ഥങ്ങൾ ഭാവങ്ങളായി ഭവിക്കുന്നു. രസവും ഭാവവും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നവയാണ്. നാട്യശാസ്ത്രത്തിൽ മനുഷ്യ ജീവിതത്തിൽ അനുഭവപ്പെടുന്ന എട്ട് രസങ്ങളെക്കുറിച്ച് പറയുന്നുണ്ട്. പിന്നീട് രണ്ടെണ്ണം കൂടി ചേർത്തിട്ടുണ്ട്. അവയാണ് ശാന്തരസവും ഭക്തി രസവും. രസങ്ങൾ മാറുന്നതനുസരിച്ച് ഭാവങ്ങളും മാറും. മാതാവിനെക്കുറിച്ച് പറയുമ്പോൾ ആദ്ധ്യാത്മിക രസാനുഭൂതിയുടെ ഒരു മണ്ഡലത്തിലേക്കാണ് നാം പ്രധാനമായും മാറുക. ഇവിടെ നാം ചർച്ച ചെയ്യുന്നത് ആദ്ധ്യാത്മിക ജീവിതത്തിന്റെ ഭാവങ്ങളാണ്. ആത്മാവ് ശരീരത്തിൽ ജീവിക്കുന്നതുകൊണ്ടാണിങ്ങനെ ചർച്ച സാദ്ധ്യമാകുന്നത്. നമ്മുടെ ഭാവങ്ങളിലൂടെ ആദ്ധ്യാത്മികത പുറത്തു വരുന്നു. ആത്മീയാനുഭൂതി മനസ്സിലും മുഖകമലത്തിലും പ്രകാശിക്കുമ്പോൾ അനുഭവിക്കുന്ന അവസ്ഥാവിശേഷങ്ങളാണു ആദ്ധ്യാത്മിക ഭാവങ്ങൾ. ഇവയിൽ ചിലതു സ്ഥായീ ഭാവങ്ങളും, ചിലത് അനുഭവങ്ങളുമാകാൻ പാടുണ്ട്.

നമ്മളെല്ലാവരും തന്നെ പല ഭാവവിഭാവങ്ങൾക്ക് വിധേയരാണ്, ഏതെങ്കിലും ഒരു ഭാവവിശേഷം നമ്മെ എപ്പോഴും ഗ്രസിച്ചുകൊണ്ടിരിക്കും. അവ സ്വർഗ്ഗീയ ഭാവങ്ങളായാൽ നമുക്ക് നല്ലത്. അതിലൂടെ മറ്റുള്ളവർക്ക് സന്തോഷം പകരുന്നതിനു സാധിക്കും. നല്ല ഭാവങ്ങൾ നന്മ പകരുന്നു. ദുഷ്ടഭാവങ്ങൾ തിന്മയും. എല്ലാ നല്ല ഭാവങ്ങളിലും സ്നേഹം തിങ്ങിനിൽക്കുന്നുണ്ട്. എല്ലാ ദുഷ്ടഭാവങ്ങളിലും സ്നേഹമില്ലായ്മയും. ക്രോധം, അഹങ്കാരം എന്നിവ വ്യതിചലിച്ച മാനുഷിക ഭാവങ്ങളാണ്. മാതാവിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ഇങ്ങനെയുള്ള ഭാവങ്ങളിലേയ്ക്കു പ്രവേശിക്കേണ്ട ആവശ്യമില്ല. ആയിരിക്കുന്നതിന്റെ അവസ്ഥാവിശേഷം എന്ന രീതിയിൽ, സാധാരണ നാടകശൈലിയിൽ നിന്നുമാറി ആദ്ധ്യാത്മിക ജീവിതം നയിക്കുന്ന ഒരു വ്യക്തിയെ പല ഭാവങ്ങളിലൂടെ നമുക്കു നോക്കിക്കാണുവാൻ കഴിയും. ഉദാ.ഃ വിനയ ഭാവം, ഭക്തി ഭാവം എന്നിവ. അങ്ങനെ, യേശുവിന്റെ അമ്മയും നമ്മുടെ അമ്മയുമായ മേരിയെ പല ഭാവങ്ങളിലൂടെ അഥവാ പല വീക്ഷണകോണങ്ങളിലൂടെ കാണാനും മനസ്സിലാക്കാനുമുള്ള ഒരു വിനീത പരിശ്രമമാണീ ചെറിയ ഗ്രന്ഥം.

ഇത് ഒരു ഗവേഷണ പഠനമല്ല, മറിച്ച് ഒരന്വേഷണയാത്രയാണ്. ചരിത്രപരമായ പ്രതിപാദനങ്ങൾക്ക് തീയതികൾ എഴുതുമ്പോൾ ശാസ്ത്രീയ ഗ്രന്ഥങ്ങളുമായി ഒത്തുനോക്കിയിട്ടുണ്ട്. ഇതിലെ ആദ്യ ആറ് അദ്ധ്യായങ്ങളും 2008ൽ മലേഷ്യയിൽ "ഉണ്ണീശോയുടെ സഹോദരികൾ" എന്നറിയപ്പെടുന്ന മലേഷ്യൻ സിസ്റ്റേഴ്സിന് ഏകാന്തധ്യാനം നൽകിയ ദിവസങ്ങളിൽ, എനിക്കു ലഭിച്ച ഇട

വേളകളിൽ എഴുതിയതാണ്. പിന്നീട് മാനിലായിലും അതു തുടർന്നു. സ്വതസിദ്ധമായി ഒഴുകി വന്ന ചിന്താധാരകളാണ് അവയെല്ലാം. അവയെ ഒന്നു ക്രമീകരിച്ച് അദ്ധ്യായങ്ങളാക്കി അനുയോജ്യമായ ശീർഷകങ്ങൾ കൊടുത്തു, ഇത്രമാത്രം. ഇതിനു മുമ്പ് മാതാവിനെക്കുറിച്ച് ധാരാളം ചിന്തിക്കുകയും വായിക്കുകയും ഡയറിക്കുറുപ്പുകൾ എഴുതുകയും ചെയ്തിട്ടുണ്ടെന്നുള്ളത് ഇവിടെ അനുസ്മരിക്കുന്നു. അവസാനത്തെ രണ്ട് വലിയ അദ്ധ്യായങ്ങളും ആശ്രമത്തിൽ തിരിച്ചു വന്നതിനുശേഷം എഴുതിയതാണ്.

അങ്ങനെ മലിനതയേശാത്ത ഈ മാതൃമുഖം പലഭാവങ്ങളിലൂടെ നോക്കിക്കാണുന്ന, അഥവാ അവതരിപ്പിക്കുന്ന, ഒരു ചെറുയജ്ഞമായി ഈ പുസ്തകം രൂപം കൊണ്ടു. ഓരോ അവതരണവും ഓരോ ധ്യാനമായി കരുതാവുന്നതാണ്. ''നീ എന്തു ധ്യാനിക്കുന്നുവോ, നീ അതായി ഭവിക്കും'' എന്ന ആപ്തവാക്യമനുസരിച്ച്, ഈ അമ്മയുടെ ഗുണപൗഷ്കല്യങ്ങൾ അവിടുത്തെ മക്കളായ നമ്മളിലും അലരണിയട്ടെ.

മാതാവിനെക്കുറിച്ച് ഞാനെഴുതിയിട്ടുള്ള കവിതകളിൽ ചിലത് ഈ പുസ്തകത്തിൽ സ്ഥലസൗകര്യമനുസരിച്ച് ചേർത്തിട്ടുണ്ട്. വായനകാർക്ക് ധ്യാനോപാസനക്ക് ഒരുപക്ഷേ ഇതു ഉപകരിച്ചേക്കാമെന്നു കരുതുന്നു.

എന്നെ വളരെയധികം സ്വാധീനിച്ചിട്ടുള്ള ഈ അമ്മയെ, അലോകസുന്ദരിയായ ഈ വിശുദ്ധ കന്യകയെ, സർവ്വോപരി യേശുവിന്റെ അമ്മയെ, വളരെ വലിയ സ്നേഹവായ്പോടെ, ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്, ഈ ചെറിയ ഗ്രന്ഥത്തിലൂടെ. കുറച്ചുപേരുടെ ഹൃദയങ്ങളിലെങ്കിലും ഈ പുസ്തകം വഴിയായി ഈ അമ്മയോടുള്ള സ്നേഹം വിടരുവാനിടയായാൽ ഞാൻ സംപൂർണ്ണ സംതൃപ്തനാണ്, സന്തോഷവാനാണ്. ഈ പുസ്തക രചനയ്ക്കും പ്രസിദ്ധീകരണത്തിനും എന്നെ സഹായിച്ച എല്ലാവരേയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

**ഫാ. ഫ്രാൻസിസ് വിനീത്**

മേയ് 1, 2011
വിദ്യാവനം ആശ്രമം
ബാംഗ്ലൂർ

## സുകുമാര താരണി

സുകുമാര താരണീ പൂമുടി ചൂടി
സുരലോക ഗാനത്തിന്നീരടി പാടി
അരുണന്റെ കിരണങ്ങളുടയാടയാക്കി
അഴകേറുമമ്പിളി പദപീഠമാക്കി

ഒരുകൊച്ചു ചിരിയാലെ മുഖതാരും താഴ്ത്തി
തെരുതെരെ സ്നേഹത്തിൻ നറുതേനും വീഴ്ത്തി
സുതരിലേക്കെഴുന്നെള്ളും സ്നേഹത്തിൻത്തികവേ
അരുൾതൂകി വാഴ്ക നീ, കറയറ്റക്കനിവേ

കനിവോടെ കതിർവീശി മുന്നിൽ വരേണം
പൊന്നിൻനിൻ മുഖമെന്നും കണികാണാകേണം
പാപി ഞാനാകിലും നിൻ കരസ്പർശം
എൻ പാപക്കറയെല്ലാം മാറ്റുമനിശം.

ഇരുളിൻ പൊന്നൊളിതൂകും വിണ്ണിൻ നിലാവേ,
ഇവരെന്നും കാണുന്ന കനകക്കിനാവേ,
അവിടുന്നാണീശന്റെ മായാത്ത മാനം
അവശസുതർക്കുള്ളോരീശ്വര ദാനം.

## അദ്ധ്യായം 1

# മേരിയുടെ 'മാതൃ'ഭാവം

## ദൈവമാതാവായ മേരി

കേരളം കടലും കരയും ഒന്നുചേരുന്ന ഒരു മനോഹര തീരദേശമാണ്. എന്നാൽ മറ്റൊരു വശത്തു മലകളും മാങ്കാവുകളും. ഇവയുടെയിടയിൽ ധാരാളം സമതലങ്ങളും നെൽപ്പാടങ്ങളും നിറഞ്ഞു നിൽക്കുന്നു. കേരവൃക്ഷങ്ങളാലും തരുനിരകളാലും ഹരിതമനോഹരമായ ദൈവത്തിന്റെ നാട് ലോകസഞ്ചാരികളുടെ ടൂറിസ്റ്റ് മാപ്പിൽ വലിയ സ്ഥാനം പിടിച്ചിട്ടുണ്ട്.

ആദിമ നൂറ്റാണ്ട് മുതൽ ക്രിസ്തു ശിഷ്യനായ തോമാസ്ലീഹായിൽ നിന്നും ക്രിസ്തീയ വിശ്വാസം സ്വീകരിച്ച ഒരു നാട്. ധാരാളം വിശുദ്ധരെ കത്തോലിക്കാ സഭയ്ക്ക് നൽകിയിട്ടുള്ള ഒരു ദേശം.

അവിടെ തിങ്ങിനിൽക്കുന്ന കേരവൃക്ഷങ്ങളുടെയിടയിൽ, മലഞ്ചെരുവിൽ അരിച്ചൊഴുകുന്ന ഒരരുവിയുടെ തീരത്തുള്ള ചെറിയ ഒരു വീട്ടിലേയ്ക്കു നമുക്കുപോകാം. ശാന്തസുന്ദരമായ അന്തരീക്ഷം. പടിഞ്ഞാറെ ചക്രവാളത്തിൽ കതിരവൻ കത്തി തീരാറായി; ഒരഗ്നിഗോളംപോലെ താഴോട്ടിറങ്ങിവരുന്നു. ആകാശത്ത് അരുണകിരണങ്ങൾ നിറപ്പകിട്ടു പടർത്തുന്നു. മറുവശത്താകട്ടെ ചന്ദ്രക്കല കമനീയമായി പൊങ്ങിവരുന്നു. നേരം മയങ്ങുന്നതോടെ ചില നക്ഷത്രങ്ങളും വാനിൽ തെളിയുന്നു. വീടിന്റെ ഉമ്മറത്തിരുന്ന അർദ്ധാകൃതിയിലുള്ള ചന്ദ്രക്കലയെ കാണുന്ന വീട്ടമ്മ, ചെറുപ്പത്തിൽ പഠിച്ചിട്ടുള്ള ഒരു ഗാനമോർക്കുന്നു. അതിന്റെ ഏതാനും വരികൾ മനസ്സിൽ പാടുന്നു.

"മേഘലകന്യകയേ വാഴ്ക
അമ്പിളിതൊഴുമെന്നംമ്പികയെ വാഴ്ക
സൂര്യാഭ തന്നുടയാടയാക്കിയവളേ
നക്ഷത്ര കിരീടം ചൂടിയവളേ
മേഘലകന്യകയേ വാഴ്ക"

അമ്പിളിയെ തന്റെ പാദപീഠമാക്കി സൂര്യകിരണങ്ങളെ തിരുവസ്ത്രമാക്കി, താരകൾ കൊണ്ടൊരു മകുടമൊരുക്കി മുടിയിൽ ചൂടി, വിശ്വം മുഴുവനും നിറഞ്ഞു നിൽക്കുന്ന ഈ രാജകന്യകയാരാണ്? അവൾ ഈശോയുടെ അമ്മയായ മേരിയല്ലാതെ മറ്റാരുമല്ല. നസ്രസ്സിലെ യുവകന്യക.

അപ്പോഴേക്കും സമയം ഇരുട്ടി തുടങ്ങി. കുടുംബപ്രാർത്ഥനയ്ക്കുള്ള സമയമായി. ജപമാല ചൊല്ലാനുള്ള സമയം. അടുത്തു വന്ന കൊച്ചുമകനോട് അവൾ പറയുന്നു. 'നീ വിളക്കുതെളിച്ച് പ്രാർത്ഥനപ്പുസ്തകമെടുത്ത് കൊന്ത ചൊല്ലാനൊരുങ്ങുക... ഉടനെതന്നെ എല്ലാവരും വരും'.

'അമ്മേ ഇന്നത്തെ രഹസ്യം ഏതാണ്?' ആ പയ്യൻ ചോദിച്ചു. ''ഇന്നു തിങ്കൾ, സന്തോഷത്തിന്റെ രഹസ്യം.'' അവൻ ചെറിയ ജപമാല പുസ്തകമെടുത്ത് സന്തോഷത്തിന്റെ രഹസ്യങ്ങളിലേക്ക് തിടുക്കത്തിൽ കണ്ണോടിച്ചു. 1. മംഗലവാർത്ത, 2. മേരി എലിസബത്തിനെ സന്ദർശിക്കുന്നു, 3. ഈശോയുടെ ജനനം.

അവൻ അദ്ഭുതത്തോടെ ചോദിച്ചു. ''അമ്മേ ദൈവത്തിന് അമ്മയുണ്ടാകാൻ സാധിക്കുമോ?'' ''ദൈവം മനുഷ്യനായപ്പോഴാണ് അമ്മയുണ്ടായത്.'' അമ്മ മറുപടി നൽകി. ''ശരി, അപ്പോൾ മനുഷ്യന്റെ അമ്മയാണല്ലേ?'' കുട്ടിയുടെ അമ്മയ്ക്ക് മകന്റെ ചിന്ത മുഴുവനും തൃപ്തിയായില്ല. അവൾ തിരുത്തി പറഞ്ഞു: ''വെറും മനുഷ്യന്റെ അമ്മയല്ല. മനുഷ്യനായ ദൈവത്തിന്റെ അമ്മ'' ''അപ്പോൾ ഉണ്ണീശോ ആരാണ്?'' ''ഉണ്ണീശോയാണു മനുഷ്യനായ ഈ ദൈവം. നിനക്കു കൂടുതൽ അറിയണമെങ്കിൽ പള്ളീലെ അച്ചനോട് ചോദിച്ചാൽ മതി.'' ശരിയാണ് കുട്ടി ചിന്തിച്ചു. പള്ളിയിലച്ചന് ഒരു സംശയവുമില്ല. പിന്നെ ഞാനെന്തിനു ചോദിക്കണം. പള്ളിയുടെ പേരു തന്നെ ദൈവമാതാവിന്റെ പള്ളിയെന്നാണ്. അതായത് ദൈവത്തിന്റെ അമ്മയുടെ പള്ളി. ചെറുപയ്യന്റെ ചോദ്യങ്ങൾ തീർന്നു. അവൻ ജപമാല പുസ്തകവുമായി കൊന്തയെത്തിക്കാൻ തയ്യാറായി.

നമ്മുടെ കേരളക്കരയിലെ ഒരു സാധാരണ ക്രിസ്തീയ കത്തോലിക്കാ കുടുംബത്തിലെ വിശ്വാസമാണ് നാം ഈ സംഭാഷണത്തിൽ കാണുന്നത്. ദൈവശാസ്ത്രപഠനത്തിന്റെ അഗാധ തലത്തിൽ മുങ്ങിത്തപ്പി എല്ലാ പ്രശ്നങ്ങൾക്കും മറുപടി പറയുന്ന വിശ്വാസമല്ലയിത്. പ്രത്യുത, തിരുസഭ വിശ്വാസരഹസ്യമായി പഠിപ്പിക്കുന്ന കാര്യങ്ങൾ മനസ്സിൽ സംഗ്രഹിച്ച്, അനുസരിച്ച് ജീവിക്കുന്ന പ്രത്യുത്തരമാണ് അമ്മ മകനു നൽകുന്നത്.

അവളും കുടുംബനാഥനും കുട്ടികളും കൂടെ ഈശോയുടെ തിരുപ്പിറവിയേയും ദേവാലയസമർപ്പണത്തേയും കുറിച്ച് പ്രതിപാദിക്കുന്ന രഹസ്യങ്ങളോർത്തുകൊണ്ട് ജപമാലചൊല്ലി കാഴ്ചവച്ചു.

വിശ്വാസം സർവ്വപ്രധാനമായ ജീവിത രഹസ്യമാണ്. തർക്കമില്ല. എന്നാൽ താത്വികമായ വിശകലനം വിശ്വാസത്തിനെതിരല്ല. വിശ്വാസം ദൈവിക വെളിച്ചത്തിലൂടെ കാണുന്നതായതുകൊണ്ട് മാനസിക തലത്തിലുള്ള വിശക

ലനത്തിനു എല്ലാ വിശ്വാസ രഹസ്യങ്ങൾക്കും മറുപടി പറയാൻ സാധിക്കണമെന്നില്ല. രഹസ്യം (mystery) എന്ന പദത്തിന്റെ അർത്ഥം തന്നെ 'മാനുഷിക ബുദ്ധിക്കതീതം' എന്നാണ്. എങ്കിലും മാനുഷിക ബുദ്ധി കഴിയുന്നത്ര മനസ്സിലാക്കാൻ പരിശ്രമിക്കുന്നത് നല്ലതാണ്. വെറും മാനുഷിക ന്യായാന്യായങ്ങൾ മാത്രമാണ് നാം മനസ്സിലാക്കുന്നതെന്നു തെറ്റിദ്ധരിച്ചാൽ നാം വിശ്വാസത്തെ ഹനിക്കുകയും മനുഷ്യബുദ്ധിക്കുമാത്രം കീഴ്‌വഴങ്ങുകയും ചെയ്യുന്നുവെന്നു കൂടി മനസിലാക്കണം. അതുകൊണ്ട് വിശ്വാസം ദൈവത്തിൽ നിന്നും, വെളിപാടുവഴി നാം സ്വീകരിക്കുന്ന സത്യമാണെന്നു സാരം.

തത്വചിന്തയാകട്ടെ ഇന്ദ്രിയങ്ങളുടെ സഹായത്തോടെ നേടിയെടുക്കുന്ന ഐന്ദ്രികാനുഭവങ്ങളുടെ ആകത്തുകയെ അടിസ്ഥാനമാക്കി നമ്മുടെ മനസ്സ് (mind) ചിന്തിച്ചെടുക്കുന്ന തീരുമാനങ്ങളാണ്. ഇതിന്റെ സാരം ബുദ്ധിയിലേക്ക് കൈമാറുന്നുണ്ട്. മനസ്സ് എന്നു പറയുന്നത് ഒരു കമ്പ്യൂട്ടർപോലെ, കിട്ടുന്ന അനുഭവങ്ങളെ വിശകലനം ചെയ്യാനും, കൂട്ടിയിണക്കാനും, പൊരുൾ തിരിക്കാനും കഴിവുള്ള ഒരു സിദ്ധിയാണ്. ഇതിന്റെ തലം വിശ്വാസത്തിന്റേതല്ല. വിശ്വാസം ഐന്ദ്രീകാനുഭവങ്ങളിലല്ല അടിസ്ഥാനം കാണുന്നത്. ആത്മാവിന്റെയുള്ളിൽ നിന്നുണ്ടാകുന്ന ദൈവാനുഭവങ്ങളിലാണ്. ശരീരത്തിന്റെ കണ്ണുകൾപോലെ ആത്മാവിനു കണ്ണുകളുണ്ട്. ഇതാണ് വിശ്വാസത്തിന്റെ നയനങ്ങൾ. ഇതിന്റെ അടിസ്ഥാനം നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവ് തന്നെയാണ്. ഈ ആത്മാവാണ് വിശ്വാസത്തിലൂടെ നമ്മെ നയിക്കുന്നത്. മലയാളത്തിലെ 'മനസ്സ്' എന്നപദം നമ്മൾ രണ്ടർത്ഥങ്ങളിൽ ഉപയോഗിക്കുന്നു. 'ചിന്തിക്കുന്ന' അഥവാ മനസ്സിലാക്കുന്ന എന്നർത്ഥത്തിലും 'തീരുമാനിക്കുന്ന' (decide) എന്നർത്ഥത്തിലും.

വാസ്തവത്തിൽ ആത്മാവിന്റെ അഗാധതലത്തിലെ ചിന്താവേദി മനസ്സ് (mind) അല്ല. ബുദ്ധി (intellect) യെന്നുപറയുന്ന ആന്തരീക ശക്തിയാണ്. ഇത് കൂടുതലും ദർശനവേദിയാണ്. ഇനി നമുക്ക് ദൈവമാതാവ് എന്ന സംജ്ഞയിലേയ്ക്ക് തിരിച്ചുപോകാം.

''ദൈവത്തെ പ്രസവിച്ചവൾ'' (Theotokos) എന്നൊരു സംജ്ഞ ആദരണീയമാണോ, അഥവാ അംഗീകൃതമാണോ'' എന്ന് നാം ചരിത്രപരമായ ബന്ധമൊന്നും കൂടാതെ, ആരോടെങ്കിലും ചോദിക്കുകയാണെങ്കിൽ ''അല്ല'' എന്ന നിഷേധാത്മക മറുപടിയാകും സാധാരണയായി കിട്ടുക. അത് ശരിയാണെന്നു നമുക്കു തോന്നുവാനും പാടുണ്ട്. പക്ഷെ കത്തോലിക്കാ സഭ സഭയുടെ ആദ്യകാലം മുതൽ വളരെ ആദരണീയമായി ഉപയോഗിച്ചു വന്ന ഒരു സംജ്ഞയാണിത്: ദൈവമാതാവ്. ഈശോയുടെ അമ്മയായ നസ്രസ്സിലെ മേരിയെന്ന യുവതിയാണ് ഈ സംജ്ഞയാൽ നിദർശിക്കപ്പെടുന്ന സ്ത്രീ. Theotokos എന്ന

ഗ്രീക്കു പദത്തിന്റെ തനിതർജ്ജിമയാണിത്. Mater Dei എന്ന് ലത്തിനിലും ദേവ മാതാ അഥവാ ദൈവമാതാവ് എന്നു സംസ്കൃതത്തിന്റെ ചുവടുപിടിച്ചു മലയാളത്തിലും കത്തോലിക്കർ ഈ മേരിനാമം അംഗീകരിക്കുന്നു. ഇത് കുറെയേറെ വൈരുദ്ധ്യതയും എന്നാൽ ദൈവികമായ ഒരു സത്യവും കൂടി ചേർക്കുന്ന ഒരു നാമധേയമാണ്. ദൈവം ദൈവമാണെങ്കിൽ 'അജനും അനന്തനും' (ജനിക്കാത്തവനും അന്തമില്ലാത്തവനും) ആയിരിക്കണമെന്ന ന്യായാനുസൃത യുക്തിവാദമാണ് ഇതിന്റെ വൈരുദ്ധ്യവശം. എന്നാൽ ഇതൊരേകസത്യത്തിനാധാരമാകുന്നത് ഈ ദൈവം മനുഷ്യനാകാൻ തീരുമാനിക്കുന്നുവെന്ന ഒരു ചിന്താധാരയിലൂടെ മാത്രമാണ്.

ദൈവം മനുഷ്യനാകാൻ തീരുമാനിക്കുകയാണെങ്കിൽ എന്തു സംഭവിക്കും? വെറുമൊരു മാനുഷിക പ്രത്യക്ഷമല്ല ഇവിടെ നിദർശിക്കുന്നത്. യഥാർത്ഥത്തിൽ സ്ത്രീയിൽ നിന്നും ജനിച്ച്, സമയത്തിന്റെ പരിവേദനകളിലൂടെയും അനുദിനരോദനങ്ങളിലൂടെയും കടന്നുപോകുന്ന ഒരു വ്യക്തിയായി, ചരിത്രത്തിൽ ജീവിക്കുവാനും മരിക്കുവാനുമായി ദൈവപുത്രൻ (വചനം) സ്വർഗ്ഗത്തിൽ നിന്നുമിറങ്ങി വന്നുവെന്നു വിചാരിക്കുക. ഇത് വേണമെന്നുവച്ചാൽ, ദൈവത്തിനു അസാധ്യമല്ലാത്തതിനാൽ, ദൈവം തീരുമാനിച്ചുവെന്നും വിചാരിക്കുക. ഇങ്ങനെയെങ്കിൽ മനുഷ്യനായി പിറക്കുന്ന ദൈവത്തിനു അമ്മയായി ദൈവം തിരഞ്ഞെടുക്കുന്ന ഈ ഭാഗ്യവതി ആരായിരിക്കും. ഇവളിൽ നിന്നും ഈ ദൈവസുതൻ ജനിച്ചാൽ അവളെ ദൈവത്തെ പ്രസവിച്ചവൾ എന്നു പറയാമോ? ഇതായിരുന്നു ക്രിസ്തുമതത്തിന്റെ ആദിമശതകങ്ങളിലെ ഒരു വലിയ ചോദ്യചിഹ്നം. സ്വാഭാവീകമായി ഇതേക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഉയർന്നു.

'ഈശോയുടെ അമ്മ' യെന്ന നിരുപദ്രവ സംജ്ഞയ്ക്ക് ആർക്കും തന്നെ എതിരുണ്ടായിരുന്നില്ല. മേരിയെന്നും ഈശോയുടെ അമ്മയാണ്. പക്ഷെ അത്രയെളുപ്പം തീർക്കാവുന്ന ഒരു പ്രശ്നമല്ലായിരുന്നു ഇത്. ഈശോയുടെ വ്യക്തിത്വത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒരു ദൈവശാസ്ത്ര പ്രശ്നമായിക്കൂടി ഇതവതരിക്കപ്പെട്ടു.

എന്നുവച്ചാൽ ഈശോ ആരാണ്? ആരാണു മനുഷ്യനാകുന്നത്? ദൈവികവ്യക്തിയാണോ? അങ്ങനെയെങ്കിൽ മനുഷ്യനായതിനുശേഷം ഈ വ്യക്തിക്കെന്തു സംഭവിച്ചു? അവിടുന്നു ഒരു മനുഷ്യവ്യക്തിയായി മാറിയോ? അങ്ങനെ ദൈവത്തിനു സ്വന്ത ദൈവിക വ്യക്തിത്വത്തെ പൂർണ്ണമായും ഉപേക്ഷിക്കാൻ സാധിക്കുമോ? അങ്ങനെയെങ്കിൽ പിന്നെ മനുഷ്യനായത് സാക്ഷാൽ ദൈവമാണെന്നു നമുക്കെങ്ങനെ പറയുവാൻ കഴിയും?

നിർമ്മലമായ വിശ്വാസത്തിന്റെ മനസ്സാക്ഷിയിൽ, ഇത്രയധികം വിശകലനമൊന്നും കൂടാതെ തിരുസഭ പഠിപ്പിക്കുന്ന വിശ്വാസ സത്യങ്ങൾ നമ്മൾ അംഗീകരിക്കുന്നു, സുഗമമായി ജീവിക്കുകയും ചെയ്യുന്നു. ഇതു ധാരാളം മതി. എങ്കിലും ചിലപ്പോൾ ചോദ്യങ്ങളുയർത്തപ്പെടുന്നു. വിശകലനങ്ങളും മറുപടികളും അത്യന്താപേക്ഷിതമായി വരുന്നു. അങ്ങനെയുള്ള ഒരു ഘട്ടത്തിലാണ് തിരുസ്സഭയ്ക്ക് ഈ ചോദ്യത്തിനു മറുപടി കൊടുക്കേണ്ടി വന്നത്.

വിശദമായ വിശകലനത്തിനുശേഷം കാൽസിഡോണിൽ ചേർന്ന മഹാസൂനഹദോസ് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുത്തു. ഒറ്റവാക്യത്തിൽ പറഞ്ഞാൽ ആ തീരുമാനം ഇതാണ്: ''ഈശോയിൽ ഒരു വ്യക്തിത്വവും രണ്ട് സ്വഭാവങ്ങളുമാണുള്ളത്: അതായത്, ദൈവിക വ്യക്തിത്വം, ദൈവികവും മാനുഷികവുമായ ഇരുസ്വഭാവങ്ങളും.''

ദൈവത്തിന്റെ അമ്മയെന്ന സംജ്ഞ ഈ പശ്ചാത്തലത്തിലാണ് നാം മനസ്സിലാക്കേണ്ടത്. Theotokos (ദൈവത്തെ പ്രസവിച്ചവൾ) എന്ന ഗ്രീക്കുപദം വിശകലനം ചെയ്യപ്പെട്ടതും അടിസ്ഥാനപരമായി സ്വീകരിക്കപ്പെട്ടതും ഈ അവസരത്തിലാണ്. തിരുസഭയിൽ അതു നിലനിൽക്കുകയും ചെയ്തു.

ഈശോയിൽ ഒരേ ഒരു വ്യക്തിത്വമേയുള്ളുവെന്നും അത് ദൈവികവ്യക്തിത്വമാണെന്നും നാം വിശ്വസിക്കുന്നുണ്ടെങ്കിൽ, മേരി പ്രസവിച്ചത് വെറും മനുഷ്യശരീരത്തെയല്ല, വചനം മാംസമായ ഈശോയെയാണ്. എന്നുവച്ചാൽ വചനമാകുന്ന ദൈവിക വ്യക്തി മനുഷ്യത്വം സ്വീകരിച്ച് മേരിയിൽനിന്നും പിറക്കുന്നു. അതുകൊണ്ട് 'ദൈവത്തെ പ്രസവിച്ചവൾ' എന്നു പറയുന്നതിൽ തെറ്റില്ല. ഈ വ്യക്തി ഈശോയാണ്. മനുഷ്യനായ ദൈവം. അതുകൊണ്ട് ഈശോയുടെ അമ്മയെന്നു പറയുന്നതിലും തെറ്റില്ല.

ഒരു വ്യക്തി, രണ്ടു സ്വഭാവങ്ങൾ എന്നു പറയുന്നത് ഒരുപാട് രഹസ്യങ്ങൾ ഉൾക്കൊള്ളുന്നതും സത്യസന്ധവുമായ ഒരു മഹാസൂത്രവാക്യമാണ്. ഭാരതത്തിനു സൂത്രവാക്യങ്ങൾ സുപരിചിതങ്ങളാണ്. വളരെ വലിയ സൂത്രഗ്രന്ഥങ്ങൾ തന്നെ ഭാരത സംസ്ക്കാരത്തിന്റെ കൈമുതലാണ്. സൂത്രം എന്ന സംസ്കൃതപദത്തിന്റെ അർത്ഥം വ്യഖ്യാനിക്കുന്നതിപ്രകാരമാണ്. 'ലഘു, അല്പാക്ഷരംസാരം സൂത്രം, സൂത്രവിദോ വിദുഃ' സൂത്രമെന്നതു ചെറുതായിരിക്കണം. അതിൽ കുറച്ച് അക്ഷരങ്ങളേ പാടുള്ളു. എന്നാൽ അതിന്റെ അർത്ഥം വളരെ സാരാത്മകമായിരിക്കണം. സൂത്രം അറിയുന്നവനാണ് സാക്ഷാൽ വിദ്വാൻ

അങ്ങനെ മനുഷ്യാവതാര രഹസ്യത്തിന്റെ വിവിധ വശങ്ങളെ അരച്ചു കലക്കി, അതിന്റെ അന്തസ്സത്തയെ ലഘുവും സാരാത്മകവുമായ ഒരു സൂത്രവാക്യത്തിൽ കാൽസിഡോൺ സൂനഹദോസ് നമുക്കു തന്നതാണ് 'ഒരു വ്യക്തിയും

രണ്ടു സ്വഭാവങ്ങളുമെന്നത്.' ഈ രണ്ടു സ്വഭാവങ്ങളും പൂർണ്ണവും വ്യതിരിക്തവും ദൈവിക വ്യക്തിത്വത്തിൽ നിലനിൽക്കുന്നതുമാണെന്നു സൂനഹദോസ് സമർത്ഥിക്കുന്നു. എന്നുവെച്ചാൽ വചനത്തിന്റെ ദൈവാസ്തിത്വത്തിൽ രണ്ടു സ്വഭാവങ്ങളും, ഏകസ്വഭാവമായി മാറാതെ, നിലനിൽക്കുന്നുവെന്നു സാരം.

മാതാവിന്റെ ദൈവമാതൃ സംജ്ഞയേയും സ്ഥാനത്തേയും കുറിച്ച് ചിന്തിക്കുന്നതിൽ ഈ സൂത്രവാക്യം വളരെ പ്രാധാന്യമർഹിക്കുന്ന പങ്കുവഹിക്കുന്നുണ്ട്. മാതാവ്, നസ്രസ്സിലെ മേരി, ദൈവിക വ്യക്തിയായ യേശുവിന്റെ അമ്മയാണ്; അല്ലാതെ വെറും മനുഷ്യസ്വഭാവത്തിന്റെ മാത്രം അമ്മയല്ല.

കാരണം, ദൈവവ്യക്തിത്വത്തിൽ നിന്നും വേറിട്ടുനിൽക്കുന്ന ഒരു പൂർണ്ണ മനുഷ്യ വ്യക്തിത്വം ഈശോയിലില്ലെന്നു സാരം; എന്നാൽ യാതൊരു വക വികലതയുമേശാത്ത മനുഷ്യസ്വഭാവമുണ്ടെന്നും സാരം. കാര്യത്തിൽ നമ്മളെല്ലാവരേയും പോലെ ശരീരവും, മസ്തിഷ്കവും, ചിന്താധാരയും, സഹനവും, പാപമൊഴിച്ചുള്ള എല്ലാ മാനുഷികാനുഭവങ്ങളും, ഈശോയ്ക്കുണ്ടായിരുന്നുവെന്ന് തിരുസഭ പഠിപ്പിക്കുന്നു.

അതുകൊണ്ട് നമുക്കുവേണ്ടി സഹിക്കാനും മരിക്കാനും ഈശോയ്ക്ക് സാധിക്കുന്നു. പ്രാർത്ഥിക്കാനും പാടുപെടുവാനും സാധിക്കുന്നു. നമ്മെ ശാസിക്കാനും അനുഗ്രഹിക്കാനും സാധിക്കുന്നു. ഈ കഴിവുകളെല്ലാം മനുഷ്യസ്വഭാവത്തിലും, മനുഷ്യസ്വഭാവം ആത്യന്തികമായി വചനത്തിന്റെ ദിവ്യ വ്യക്തിത്വത്തിലും അധിഷ്ഠിതമായിരിക്കുന്നെന്നു മാത്രം.

കത്തോലിക്കാ സഭാ അറിവോടെ സ്വീകരിച്ച വിരോധാഭാസപ്രതിഭാസമാണ് ദൈവമാതാവ് എന്ന സംജ്ഞ. ദൈവത്തിന് ഒരമ്മയുണ്ടാകുക എന്നതാണ് ഇതിന്റെ വിരോധാഭാസം. എന്നാൽ ദൈവം മനുഷ്യനാകാൻ നിശ്ചയിച്ചാൽ ആ മനുഷ്യദൈവത്തിനു ശരിക്കും ഒരമ്മ വേണമെന്നുള്ളതാണ് ഇതിന്റെ പ്രതിഭാസസാധ്യത.

അങ്ങനെ ഒരേ സമയം ദൈവവും മനുഷ്യനുമായി ഒരു വ്യക്തിയുണ്ടാകണമെങ്കിൽ ആ വ്യക്തി ദൈവികവ്യക്തി ആകണമെന്നും, എന്നാൽ എല്ലാ മനുഷ്യരേയുംപോലെ ആ വ്യക്തി സ്ത്രീയിൽ നിന്നും ജനിച്ചവനും നമ്മുടെ മനുഷ്യത്വത്തിൽ പങ്കുപറ്റുന്നവനും ആയിരിക്കണമെന്നുമാണ് ഈ സംജ്ഞ പ്രഖ്യാപിക്കുന്നത്. അതുകൊണ്ട് ദൈവാ മാതാവെന്ന സംജ്ഞ മേരിക്കനുയോജ്യമാണെന്നു കത്തോലിക്കാ സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ അമ്മയായി ഉയർത്തപ്പെട്ടതുകൊണ്ട്, മേരി വളരെ ദൈവികദാനങ്ങൾക്കു പാത്രമായി. അവയിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണ്

അമലോത്ഭവം. വചനം ആരിൽ മാംസമാകുന്നുവോ ആ സ്ത്രീരത്നം പാപപങ്കിലയാകരുതെന്ന് ദൈവം നിശ്ചയിച്ചു. അമലവും അലോകസുന്ദരവുമായ ഒരു ശരീരം തന്റെ ഓമനക്കുഞ്ഞായി പിറക്കാൻ പോകുന്ന വചനമാകുന്ന ദൈവത്തിനു കൊടുക്കാൻ മേരിക്കു കഴിയണമെന്നു ദൈവം തന്നെ ആദിയിൽ തീരുമാനിച്ചു. അങ്ങനെ മേരി അമലോത്ഭവയായി ഈ ലോകത്തിലേയ്ക്കുവന്നു.

സൂര്യോദയത്തിനു മുമ്പ് വെള്ളിപ്രഭ വീശി ഉഷഃകാലനക്ഷത്രം വാനിൽ തെളിയുന്നതുപോലെ, പാപമാലിന്യത്തിന്റെ കരിനിഴൽ തീണ്ടാതെ നീതി സൂര്യനായ യേശുവിനുമുമ്പ് ഒരു മനുഷ്യവ്യക്തി ഈ ലോകത്തിലേക്കു വന്നു. ഇതാണ് രക്ഷകന്റെ അമ്മയായ മേരി. അമലയായ, സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളായ, നന്മനിറഞ്ഞവളായ നാരീരത്നം. ആദിമാതാപിതാക്കൻമാരുടെ ആദ്യപാപത്തിനുശേഷം സ്ത്രീകളിൽ നിന്നും ജനിക്കുന്ന എല്ലാവരും ജന്മപാപത്തിൽ ജനിക്കുന്നുവെന്നുള്ള പൊതുനിയമത്തിന് ഒരപവാദമായി, പാപവിഹീനയായി, പ്രസാദവരവിഭൂഷിതയായി, മേരി ജനിക്കുന്നു. പിന്നീട് 1854 ൽ ''ഞാൻ അമലോത്ഭവയാണെ''ന്ന് മാതാവ് ലൂർദ്ദിൽ വച്ച് നമ്മളോടു പറയുകയും ചെയ്യുന്നു. ഇതു മാതാവിനു മാത്രമല്ല, മനുഷ്യകുലത്തിനൊട്ടാകെ ലഭിച്ചിട്ടുള്ള ഒരു വലിയ ദാനവും അഭിമാനവുമാണ്.

ദൈവവ്യക്തിയായ യേശുവിന്റെ കാര്യത്തിൽ ഈ പാപപ്രശ്നം ഉദിക്കുന്നില്ലെന്നുള്ളത് വ്യക്തമാണ്. എന്നാൽ നസ്രസ്സിലെ മേരിയാകട്ടെ മനുഷ്യകുലത്തിലെ മറ്റാരേയുംപോലെ, യോവാക്കിം, അന്നയെന്ന വിശുദ്ധ ദമ്പതികളുടെ ഓമനമകളായി, ഈ ലോകത്തിൽ പിറന്ന ഒരു സാധാരണ സ്ത്രീയാണ്. പക്ഷെ ഈ കുഞ്ഞു പിറക്കുന്നതിനു മുമ്പുതന്നെ പാപരഹിതയായിരുന്നു.

ദൈവത്തിനുമുമ്പിൽ, ഈശോയുടെയരികിൽ, നമ്മുടെ മനുഷ്യ വ്യക്തിത്വത്തിൽ പങ്കു പറ്റുന്നൊരു സ്ത്രീ, അമലോത്ഭവയായി, ദൈവപ്രസാദപൂരിതയായി, നമ്മുടെ അമ്മയായി, നമുക്കുണ്ടെന്ന സത്യം എത്രയോ ആശ്വാസകരവും ആഹ്ലാദകരവും ആണ്. ഈ അമ്മയാക്ട്ടെ നമ്മെ അത്യധികം സ്നേഹിക്കുന്നവളും നമ്മെ സഹായിക്കാൻ സദാ സന്നദ്ധയുമാണെന്നറിയുമ്പോൾ നമ്മുടെ സന്തോഷം അതിവിപുലവുമായി വർദ്ധിക്കുന്നു.

മനുഷ്യപുത്രനായി അവതരിച്ച ദൈവപുത്രന്റെ അമ്മയായതുകൊണ്ട് മറ്റു പല പദവികൾക്കും ഈ അമ്മ അർഹയായി. അങ്ങനെ സ്വർഗ്ഗത്തിലും ഭൂമിയിലും മനുഷ്യരുടേയും, മാലാഖമാരുടേയും, സകല വിശുദ്ധരുടേയും രാജ്ഞിയായി, സ്വർഗ്ഗാരോപിതയായി ഈ അമ്മ വിരാജിക്കുന്നു.

നസ്രസ്സിലെ മേരിയുടെ ദൈവമാതൃത്വം ഏറ്റവും ആദ്യം ഏറ്റുപറഞ്ഞത് സ്വന്തം ബന്ധുവായ എലിസബത്ത് തന്നെയാണ്. എലിസബത്തും മേരിയേ

പ്പോലെ, ദൈവത്തിനു അസാധ്യമായിട്ടൊന്നുമില്ലെന്ന് അനുഭവത്തിൽ നിന്നും പഠിച്ചറിഞ്ഞവളാണ്. ദൈവസുതൻ മേരിമാംസത്തിൽ ജനിക്കുന്നതിനുവേണ്ടി നസ്രസ്സിലെ യുവകന്യകയോട് സമ്മതം ചോദിക്കാൻ വന്ന മാലാഖ തന്നെ യാണ് അദ്ഭുതപൂർവ്വമായ ഈ ദൈവീക ദാനത്തെക്കുറിച്ച് മേരിയോടു പറ യുന്നത്. അതുകേട്ട്, അതേപടി വിശ്വസിച്ച്, മേരി ഉടനെ തന്നെ പ്രായമായ എലിസബത്തിനെ ശുശ്രൂഷിക്കാനായി പുറപ്പെടുകയും ചെയ്തു. നസ്രസ്സിലെ ഈ ചെറിയ പെൺകുട്ടിയിൽ ദൈവകുമാരൻ ഭൂജാതനായി കഴിഞ്ഞിരുന്നു വെന്ന് എലിസബത്തിന് ആ നിമിഷം വരെ അറിയാമായിരുന്നില്ല. എന്നാൽ അമലമനോഹരിയായ അവളുടെ ആഗമനത്തോടെ അതു സംഭവിക്കുകയാണ്. അവൾ പെട്ടെന്ന് പരിശുദ്ധാരൂപിയാൽ പ്രകാശിതയാകുന്നു. അവൾ നിരൂപി ക്കാത്ത കാര്യങ്ങൾ അവൾക്കനുഭവപ്പെടുന്നു. അമലയായ മേരിയുടെ അഭി വാദന വചനങ്ങൾ എലിസബത്തിന്റെ ഉദരസ്ഥശിശുവിനു ഉന്മേഷവും ഉൽ സാഹവും നൽകുന്നു. അവൾ മുൻകൂട്ടി നിനക്കാത്തത് അവൾ സ്വതസിദ്ധമാ യി ആലപിക്കുന്നു.

നസ്രസ്സിലെ അബലബാലിക അസാമാന്യ ശക്തിയുടെയും ഉൾക്കാഴ്ചക ളുടേയും ഉടമയാണെന്ന് ഈ ഗീതം നമ്മെ പഠിപ്പിക്കുന്നു. വിനീത ഹൃദയങ്ങ ളിലേയ്ക്കാണ് ദൈവത്തിന്റെ ശക്തിയും ശാന്തിയും ഒഴുകി വരുന്നതെന്നും, ദൈവദാസിയായ തന്റെ താഴ്മയെ തൃക്കൺപാർത്തുകൊണ്ടാണ് ദൈവമാ താവെന്ന അത്യുന്നത സ്ഥാനത്തേയ്ക്ക് ദൈവം തന്നെ ദയാപൂർവ്വം ഉയർത്തി യതെന്നും ഈ ഗാനത്തിലൂടെ നസ്രസ്സിലെ വിനയകന്യക സുധീരം ഏറ്റു പറ യുന്നു (ലൂക്ക 1:46-55).

എന്നാത്മം നാഥനു സ്തുതിപാടും
അവനിലെൻ മോദം ഞാൻ തേടും.
എന്നുൾതാഴ്മയെ ദൈവം പാർത്തു
തൻതിരുമേന്മയുമെന്നിൽ ചേർത്തു
തരിതരിയായ് ഞാനെന്നെ താഴ്ത്തും.
തലമുറയെന്നെ നീണാൽ വാഴ്ത്തും
ധനപതി തന്റെ കനകം തീരും
ദരിദ്രനിരതൻ ദുരിതം മാറും
വിനീതരെന്നും വിജയം വരിക്കും
ഗർവ്വിതരോ സ്വയം വീണു നശിക്കും
പ്രഭുയിടങ്ങൾ താനേ താഴും
കുടിൽമാടങ്ങൾ നീണാൽ വാഴും
(ലൂക്ക 1:46-55).

*(മേരിയുടെ ജയഗീതിയിൽ നിന്ന്: സ്വതന്ത്രവിവർത്തനം, വിനീത്)*

## അദ്ധ്യായം രണ്ട്

## മാതാവിന്റെ ധ്യാനഭാവം

# ധ്യാനനിർലീനയായ മേരി

എന്റെ അമ്മ എന്നും ധ്യാനനിർല്ലീനയായിരുന്നു. രണ്ട് ചെറിയ വാചകം കൊണ്ട് സുവിശേഷം ഈ സത്യം മനോഹരമായി നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ''മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചുകൊണ്ടിരുന്നു'' (ലൂക്ക 2:19). അവൻ പറഞ്ഞത് എന്തെന്ന് അവർക്കു മനസിലായില്ല. ''അവന്റെ അമ്മ ഈ സംഗതികളെല്ലാം അവളുടെ മനസ്സിൽവച്ചു ധ്യാനിച്ചുകൊണ്ടിരുന്നു'' (ലൂക്ക 2:51).

എന്റെ അമ്മയായ മാതാവിൽനിന്നും ധ്യാനം പഠിക്കുവാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ എന്റെ അമ്മനാടായ ഇന്ത്യയിലേക്ക് വളരെ വിദേശികൾ, ക്രിസ്തീയദേശം എന്നറിയപ്പെടുന്ന നാടുകളിൽനിന്നും കടലും, കരയും കടന്നുവരുന്നു. ഇവർക്കെന്തുപറ്റി? ഇവരിൽ ബഹുഭൂരിപക്ഷത്തിനും ക്രിസ്തീയ വിശ്വാസം ഇല്ലാത്തതുകൊണ്ട് മാതാവിന്റെ ചരിത്രത്തിലേയ്ക്കോ, പ്രത്യേകിച്ച് ധ്യാനരീതിയിലേയ്ക്കോ ഇവർ പ്രവേശിച്ചിട്ടില്ല. എന്നുമാത്രമല്ല അതിനെക്കുറിച്ചു കേട്ടിട്ടുപോലും ഉണ്ടായിരിക്കുകയില്ല. ഇവർ ഇന്ത്യയിൽ വന്നു ആത്മാർത്ഥമായി ധ്യാനരീതി പഠിക്കുകയാണെങ്കിൽ അവരറിയാതെ തന്നെ മാതാവിന്റെ ധ്യാനരീതിയിലേക്ക് അടുത്തുകൊണ്ടിരിക്കുമെന്ന് വിശ്വസിക്കുന്ന വ്യക്തിയാണ് ഞാൻ. എല്ലാ നല്ല ധ്യാനരീതികളിലും ഇന്ദ്രിയങ്ങളുടേയും മനസ്സിന്റേയും (mind) മൗനഭാവം അത്യന്താപേക്ഷിതമാണ്. ഭാരതീയവും മേരിബന്ധവുമായ ഈ രണ്ടു ധ്യാനരീതികളിലും പരസ്പരാശ്ലേഷകങ്ങളായ പല പടവുകൾ നാം കാണുന്നുണ്ട്.

മാതാവിന്റെ ധ്യാനരീതി നോക്കിക്കാണാനും മനസ്സിരുത്തി പഠിക്കാനും ഞാൻ വളരെ ആഗ്രഹിച്ചിട്ടുണ്ട്. ഒരു കൊച്ചനുഭവത്തിൽ നിന്നും ഞാൻ ആരംഭിക്കട്ടെ. കൊല്ലങ്ങൾക്കുമുമ്പ് 1984 മാർച്ച് 1. എഫ്. എം. എം. സിസ്റ്റേഴ്സിനെ ധ്യാനിപ്പിക്കുവാനായി ഞാൻ ഊട്ടിയിലേക്കുപോയി. അവിടെ നസ്രത്ത് കോൺവെന്റിലായിരുന്നു ധ്യാനം. എന്നാൽ എഫ്. എം. എം. സഭയുടെ ആദ്യ ഭവനമായ ഒരു ചെറിയ മുറി ഊട്ടിയുടെ താഴ്വരയിൽ സ്ഥിതിചെയ്യുന്നുണ്ട്. ഇതിന്റെ പേര് ബത്ലെഹം എന്നും. അങ്ങനെ കർത്താവിന്റെ താമസസ്ഥലങ്ങളായ ബത്ലെഹവും നസ്രത്തും അവർ സ്വന്തമാക്കി കഴിഞ്ഞിരുന്നു. ഞാനവിടെ ചെല്ലുമ്പോൾ, എന്നെ ആകർഷിച്ചത്

മറ്റൊരു സംഗതിയാണ്. ബസ്ലെഹം മഠത്തിൽ FMM സഭാ സ്ഥാപകയായ സിസ്റ്റർ ഫ്രാൻസിൽ നിന്നും കൊണ്ടുവന്നിട്ടുള്ള സാമാന്യം വലിയ ഒരു പ്രതിമ അവിടെയുണ്ടായിരുന്നു. ഇത് ധ്യാനനിർലീനയായി ഇരുന്നുകൊണ്ട് മാതാവ് നൂൽനൂല്ക്കുന്നതിന്റെ ഹൃദയാവർജ്ജകമായ ഒരു കലാവിഷ്ക്കാരണമാണ്. ജോലിയുടെ നേരത്തും നമ്മുടെ അമ്മ ധ്യാനനിർല്ലീനയായിരുന്നുവെന്ന് ഈ കലാസൃഷ്ടി നമ്മെ പഠിപ്പിക്കുന്നു. ഇന്നും ഈ ദൃശ്യം സജീവമായി എന്റെ മുന്നിലുണ്ട്. പഴിയുടേയോ പിഴയുടേയോ നിഴൽ തീണ്ടാത്ത സുതാര്യതയുടെ അഴക് ഒന്നുവേറെതന്നെയാണ്.

മാതാവിന്റെ ധ്യാനരീതി വളരെ ലളിതവും അനുകരണാർഹവുമാണ്. സർവ്വപ്രധാനമായി അത് ജീവിതബദ്ധമാണ്. ജീവിതത്തിൽ ഉണ്ടാകുന്ന അനുദിന സംഭവങ്ങളിൽ നിന്നാണ് മാതാവ് ധ്യാനവിഷയം തിരഞ്ഞെടുക്കുന്നത്. സുവിശേഷത്തിലെ ചില പരാമർശങ്ങൾ ഇതിനു ശക്തമായ പ്രേരണകൾ നല്കുന്നുണ്ട്. എന്നാൽ ഇതിൽനിന്നും വിശുദ്ധഗ്രന്ഥം വായിച്ച് വരുവാനിരിക്കുന്ന രക്ഷകനെകുറിച്ച് മാതാവ് ധ്യാനിച്ചിട്ടില്ലെന്നു നാം മനസ്സിലാക്കരുത്. ''നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും'' എന്ന പ്രവാചക വചസ്സുകൾ കേട്ടതിനുശേഷമെങ്കിലും ഏശയ്യാ ദീർഘദർശി അവതരിപ്പിക്കുന്ന ''സഹനദാസനെ'' മേരി തന്റെ ഓമനക്കുഞ്ഞുമായി ബന്ധിച്ച് ചിന്തിച്ചിട്ടുണ്ടാകണമെന്നുവേണം വിചാരിക്കാൻ. മാതാവിന്റെ സഹനഭാവത്തെക്കുറിച്ചു വിവരിക്കുമ്പോൾ ഇതേക്കുറിച്ച് കൂടുതൽ പ്രതിപാദിക്കുന്നതാണ്. സുവിശേഷങ്ങൾ നല്കുന്ന ഒന്നുരണ്ട് ഉദാഹരണങ്ങളിലൂടെ മാതാവിന്റെ ധ്യാനരീതിയെ ചെറുതായിട്ടൊന്നു അപഗ്രഥിക്കാൻ നമുക്കു പരിശ്രമിക്കാം.

## ധ്യാനം 1 - ''ഇതാ കർത്താവിന്റെ ദാസി''

ദാസ്യഭാവം വിനയഭാവത്തിന്റെ പൂർത്തീകരണവും ഭക്ത അതീവ താല്പര്യത്തോടെ ആശ്ലേഷിക്കുന്നതുമായ ഒരു ഭാവവിശേഷമാണ്. മാതാവ് മാലാഖയുമായുണ്ടായ സംഭാഷണത്തിൽ, ഒരു ധ്യാനത്തിലൂടെ കടന്നുപോയിക്കൊണ്ടിരുന്നു. ഈ ധ്യാനചിന്ത ചെന്ന് അവസാനിക്കുന്നത് ''ഇതാ കർത്താവിന്റെ ദാസി'' എന്ന ആത്മപ്രഖ്യാപനത്തിലാണ്. ഇനി നമുക്ക് മാതാവിന്റെ ധ്യാനരീതിയിലേക്ക് പ്രവേശിക്കാം.

നസ്രസ്സിലെ ഗ്രാമീണ കന്യകയുടെ വീട്. സമാന്യം സമതലനിരപ്പിൽ സ്ഥിതിചെയ്യുന്ന നാട്. അങ്ങിങ്ങായി കാണുന്ന ചില ഈന്തപ്പനകളും ചില ചില്ലറ ചെടികളുമല്ലാതെ ഹരിതവർണ്ണോജ്ജ്വലമായി ഒന്നുംതന്നെ അവിടെയില്ല. എന്നാൽ വളരെ ശാന്തം. അർത്ഥസമ്പൂർണ്ണമായ മൗനം വിലയം കൊള്ളുന്ന അന്തരീക്ഷം. അമലമനോഹരിയായ അമലോത്ഭവയായ മേരിയാണ്

അവിടെ കാണുന്ന പെൺകുട്ടിയെന്ന് ഗ്രാമത്തിലെ ആരും തന്നെ വിചാരിച്ചിട്ടില്ല. കണ്ടാൽ കൊള്ളാവുന്നതും, നല്ല സ്വഭാവമുള്ളവളുമായ ഒരു അയൽക്കാരിയെന്നേ പലരും കരുതിയിട്ടുള്ളു. അത് സത്യമായിരുന്നുതാനും. എളിമയുടെ അവതാരരൂപമായ മേരിയാകട്ടെ മറ്റുള്ളവരുടെ ശ്രദ്ധയെ തന്നിലേയ്ക്ക് ആകർഷിക്കാനോ, വലിയ കാര്യങ്ങൾ ചെയ്ത് പേരുണ്ടാക്കാനോ ഒട്ടും പരിശ്രമിക്കാത്ത വിനയശാലിനിയാണ്.

അന്നൊരു ദിവസം അവൾ തനിയെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു നസ്രസ്സ് ഗ്രാമം നിശ്ശബ്ദസുന്ദരമായിരുന്നു. അന്തരീക്ഷം അപ്രതീക്ഷിതമായി തെളിഞ്ഞുനിന്നിരുന്നു. 'പക്ഷികൾ പാടിയില്ലാടിയില്ലാലില' എന്നു കാളിദാസൻ ശാകുന്തളത്തിൽ പാടിയതുപോലെ, നസ്രസ്സിനെ ആവരണം ചെയ്തിരുന്ന പ്രകൃതി നിശ്ചലയായ് പ്രതീക്ഷയുടെ മുഖകമലവുമായി, പ്രസന്നവദനയായി നിന്നിരുന്നു. അതെ, പ്രകൃതിനാഥന്റെ പള്ളിയെഴുന്നെള്ളത്തിനുള്ള സമയമായെന്ന്, മനുഷ്യരല്ലാത്ത നസ്രസ്സിലെ എല്ലാ ജീവികൾക്കും ഒരജ്ഞാതസന്ദേശം ലഭിച്ചതുപോലെയായിരുന്നു അന്തരീക്ഷം.

അന്തേവാസിയായ യുവകന്യക മേരി പ്രാർത്ഥനാ നിമഗ്നയായിരുന്നു. മാനത്തുനിന്നും മാലാഖാ ഇറങ്ങിവന്ന് മേരിയുടെ മുമ്പിൽ നിലകൊണ്ടു. ''നന്മനിറഞ്ഞവളേ സ്വസ്തി'' ദൈവദൗത്യംകൊണ്ടുവന്ന ദൂതൻ അരുളിചെയ്തു. 'ഇതെന്തൊരു അഭിസംബോധന', മേരി അദ്ഭുതത്തോടെ ചിന്തിച്ചു.

നല്ല ധ്യാനത്തിൽ നിരവധി അദ്ഭുതചിന്തകൾ ഉരിത്തിരിയും. ധ്യാനം തന്നെ ഒരുതരം അദ്ഭുതാവലോകനമാണ്. ഇന്ദ്രിയദത്തങ്ങളായ വിഷയാനുഭൂതികളെ വിശകലനം ചെയ്തെടുക്കുന്ന മനസ്സിന്റെ സാധാരണചിന്തക്കതീതമാണ് സാക്ഷാൽ ധ്യാനം. ഇത് പ്രധാനമായി നടക്കുന്നത് ബുദ്ധിയുടെ മണ്ഡലത്തിലാണ്. മനസ്സും ബുദ്ധിയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ഒരു വാക്ക്. ഇംഗ്ലീഷിൽ Mind എന്നും Intellect എന്നും രണ്ടു പദങ്ങൾ നിർദ്ദേശിക്കുന്നത് നമ്മുടെ മനസ്സും ബുദ്ധിയുമായി നമുക്കു കരുതാം. ഇന്ദ്രിയങ്ങളും മസ്തിഷ്കവുമായി അഭേദ്യം ബന്ധമുള്ള ഒരു അവയവമാണു മനസ്സ് അഥവാ Mind. ഇതിൽ നിന്നും ന്യായാന്യായവിശകലനവും ആശയ രൂപീകരണവും ചിന്തയും ഉയരുന്നു. പക്ഷെ മനുഷ്യനിലെ ഏറ്റവും ഉയർന്നചിന്താരീതി മനസ്സിന്നതീതമായ, ആത്മാവിന്റെ ശക്തിയായ, ബുദ്ധിയുടെതാണ് (Intellect). മനസ്സ് രൂപീകരിക്കുന്ന ആശയത്തിന്റെ ഉൾപ്പൊരുൾ അഥവാ ഉള്ളിന്റെ ഉള്ളിലെ ദർശനസാരം ഒറ്റനോട്ടത്തിൽ വായിച്ച് അതിന്റെ ആന്തരീക സത്ത ഒപ്പിയെടുക്കന്ന അവയവം ആണ് ബുദ്ധി[1].

മാതാവിന്റെ ധ്യാനം മനസ്സിൽ നിന്ന് അനായസേന ബുദ്ധിയിലേയ്ക്ക് പ്രവേശിക്കുന്നതായി നമുക്കു കാണാം. ബുദ്ധി, അതിന്റെ ഉത്തമാർത്ഥത്തിൽ ആത്മാവിന്റെ കഴിവാണ് (faculty). ആത്യന്തികമായ തീരുമാന ശക്തിയും അതിന്റെ തുടർച്ചവകാശമാണ്. മനസ്സിന്റെ അഥവാ മാനസിക ചിന്തയുടെ കണ്ണുകൾ അടയ്ക്കുന്നത് വിശ്വാസത്തിന്റെ വിശുദ്ധ നയനങ്ങൾ തുറക്കുവാൻ വേണ്ടിയാണ്.

മേരിയിൽ സംഭവിക്കുന്നത് ഇതാണ്. ന്യായചിന്ത, അഥവാ തർക്കസമാധി എന്നു പറയുന്ന ധ്യാനത്തിൽ നിന്നും പ്രജ്ഞസമാധിയിലേക്ക് മേരി പ്രവേശിക്കുന്നു. ഇവിടെ ഇന്ദ്രിയങ്ങളും മനസ്സും അഗാധ മൗനത്തിലേക്കു പ്രവേശിക്കുന്നു. ആത്മാവിന്റെ ഉൾനയനങ്ങൾ തുറക്കപ്പെടുന്നു. ഇത് വിശ്വാസത്തിന്റെ കണ്ണുകളാണ്.

ആത്യന്തികമായി പറഞ്ഞാൽ നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവ് തന്നെയാണ് ഈ കണ്ണ്. ഈ കണ്ണുതുറക്കുകയും ഇതര കണ്ണുകൾ അടയ്ക്കപ്പെടുകയും ചെയ്യുമ്പോൾ നമ്മൾ ധ്യാനത്തിന്റെ അഗാധതലങ്ങളിലേക്ക് പ്രവേശിക്കുന്നു. മാനസിക ചിന്തയുടെ കണ്ണുകളടച്ച് വിശ്വാസത്തിന്റെ തമോമയവെളിച്ചത്തിലൂടെയുള്ള യാത്രയായതുകൊണ്ട് ഈ ഘട്ടത്തിനു

[1] മനസ്സിന്റേയും ബുദ്ധിയുടേയും പ്രവർത്തന രീതികളിലുള്ള വ്യത്യാസം: ഇവ രണ്ടും നമ്മിൽ പ്രവർത്തിക്കുന്നുണ്ട്. നമ്മൾ ധ്യാനാത്മകതയിൽ പ്രവേശിക്കുമ്പോൾ സാവധാനം മനസ്സിന്റെ പ്രവർത്തനം കുറയുകയും ബുദ്ധിയുടേതു കൂടുകയും ചെയ്യുന്നു.

| മനസ്സ് (Mind) | ബുദ്ധി (Intellect) |
|---|---|
| 1. മൂലധാതു - മൻ (മനനം) (to think) | 1. ബുധ് (ബോധം) (to be awakened) |
| 2. ശരീരബദ്ധം (body bound) | 2. ആത്മബദ്ധം (soul bound) |
| 3. ഐന്ദ്രികോദ്ഗ്രഥനം (responding to sensation) | 3. ആത്മോദ്ഗ്രഥനം (responding to spiritual inspiration) |
| 4. ധിഷണാത്മകം (rational) | 4. സായുജ്യാത്മകം (mystical) |
| 5. തർക്കസമാധി (calculative) | 5. പ്രജ്ഞസമാധി (contemplative) |
| 6. ചിന്താപ്രേരിതം (led by reason) | 6. വിശ്വാസ പ്രേരിതം (led by faith) |
| 7. ബാഹ്യോൻമുഖം (outward) | 7. അന്തരോൻമുഖം (inward) |
| 8. വസ്തുനിഷ്ഠം (objective) | 8. ആത്മനിഷ്ഠം (subjective) |
| 9. നിരൂപണാത്മകം (analysing) | 9. നിവേദനാത്മകം (surrendering) |
| ↓ | ↓ |
| (സാധാരണ വ്യക്തി) | (മേരി) |

ആത്മാവിന്റെ ഇരുണ്ട രാത്രിയെന്നും[2], ജ്ഞാനാതീത മേഘമെന്നും[3] മറ്റും അനുഭവകർത്താക്കൾ പേരിട്ടിട്ടുണ്ട്. ശാന്തദർശന പ്രാർത്ഥന (Prayer of Simple Look) അഥവാ സുതാര്യതാ ധ്യാനം (Prayer of simplicity) എന്നും ആവിലായിലെ വി. ത്രേസ്യാ ഈ ഘട്ടത്തിനെക്കുറിച്ച് പറയുന്നുണ്ട്.[4]

മേരി മാനസികചിന്തയും, ന്യായവാദങ്ങളും എല്ലാം പാടേ ത്യജിച്ച് ആത്മാവിന്റെ അഗാധമൗനത്തിലേയ്ക്കിറങ്ങി, വിശ്വാസത്തിന്റെ കണ്ണുകൾ കൊണ്ട് എല്ലാം കാണുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. ''തന്റെ നാഥന്റെ വാക്കുകൾ വിശ്വസിച്ചവൾ'' എന്ന് പിന്നീട് എലിസബത്ത് ഈ രംഗത്തെ ക്കുറിച്ച് പരിശുദ്ധാത്മാവിനാൽ പ്രേരിതയായി പാടുന്നു. ''ഇതാ കർത്താ വിന്റെ ദാസി; നിന്റെ ഇഷ്ടംപോലെ എന്നിൽ സംഭവിക്കട്ടെ'' (ലൂക്ക 1:38) എന്നു പറഞ്ഞുകൊണ്ടുള്ള ഒരു സ്വയം സമർപ്പണത്തിലൂടെ നസ്രസ്സിലെ യുവ കന്യകയായ മേരി ഈ രംഗം അവസാനിപ്പിക്കുന്നു. "Fiat'' അഥവാ ''നിറവേറട്ടെ'' എന്നർത്ഥമുള്ള ലത്തീൻ പദം സമർപ്പണത്തിന്റെ മന്ത്ര വചനമായി ലോകം സ്വീകരിച്ചു. മാതാവിന്റെ ധ്യാനം ആന്തരിക തലത്തിൽ തുടർന്നുകൊണ്ടേയിരുന്നു. എങ്കിലും സുവിശേഷത്തിലുള്ള ഈ ചെറിയ വിവരണത്തിൽനിന്ന് ധ്യാനനിരതയായ മാതാവിന്റെ ധ്യാനരീതിയും അതുൾക്കൊള്ളുന്ന മാതൃമനോഭാവവും നമുക്കു വ്യക്തമായി കാണാവുന്ന താണ്.

## മാതാവിന്റെ ധ്യാനരീതി: അംഗവിഭാവന

### I) ഒരുക്കം അഥവാ ഹൃദയമനോഭാവം

1) വിനയഭാവത്തോടെ ധ്യാനത്തിനു വരുന്നു.
2) അദ്ഭുതാനുഭവത്തിന് അതായത് ചിന്താതീതമായ ധ്യാനധാരയ്ക്കു സന്നദ്ധയായിരിക്കുന്നു
3) അതുകൊണ്ടുതന്നെ മനസ്സിൽനിന്നും ബുദ്ധിയിലേക്കു പ്രവേശിക്കാൻ എളുപ്പമായിരുന്നു.

---

[2] The Dark Night of the Soul by St. John of the Cross, Carmelite Publication, Trivandrum, Kerala, India.

[3] The Cloud of the Unknowing, An English book from early middle ages, author unknown.

[4] Teresa of Avila, Life : Autobiography, complete works, Vol. 1, Carmelite Publication, Trivandrum.

II) ധ്യാനാരംഭം

4) ദൈവവചനം കേട്ടുകൊണ്ട് ധ്യാനം സമാരംഭിക്കുന്നു. (ശ്രവണം)

5) സാമാന്യരീതിയിൽ മനസികമായ അനുചിന്തനം അനുവദിക്കുന്നു. (ഇന്ദ്രിയമൗനം)

6) അനുചിന്തനം അവസാനിപ്പിച്ച് മനസ്സിന്റെ മൗനത്തിലേയ്ക്കു പ്രവേശിക്കുന്നു. (അതായത് ഇന്ദ്രിയങ്ങളുടെയും മാനസിക ചിന്തകളുടെയും അഗാധമൗനം)

7) ഇന്ദ്രിയങ്ങളുടെയും മനസ്സിന്റെയും കണ്ണുകൾ അടയ്ക്കുന്നതോടെ വിശ്വാസത്തിന്റെ ഉൾക്കണ്ണുകൾ തുറക്കുന്നു (വിശ്വാസദർശനം: ബുദ്ധിയുടെ തലം. ഇത് നടക്കുന്നത് ആത്മാവിലാണ്, ആന്തരീക തലത്തിലെ ബുദ്ധിയും തീരുമാന ശക്തിയും (Intellect and Will) ഒന്നുചേരുമ്പോഴാണ്. വിശ്വാസപ്രകരണത്തിൽ ഇവ ഒന്നുചേരുന്നു).

III) ധ്യാനസംഗ്രഹവും സമാപനവും

8) തന്റെ വിധേയമനോഭാവം മുഴുവനും സംഗ്രഹിച്ച് "ഇതാ കർത്താവിന്റെ ദാസി, നീ നിശ്ചയിക്കുന്നതുപോലെ എന്നിൽ സംഭവിക്കട്ടെ" എന്ന ഒരു മന്ത്രവാക്യം ഉരുവിടുന്നു. ഈ വാക്യം വീണ്ടും സമാഹരിച്ചു Fiat എന്ന മന്ത്രപദം ഉടലെടുക്കുന്നു (മന്ത്രം)

9) ശ്രവിച്ചതും ധ്യാനിച്ചതുമായ വചനം തന്നിൽ സാക്ഷാത്ക്കരിക്കാനായി സ്വയം സമർപ്പിക്കുന്നു. (ആത്മനിവേദനം)

## ധ്യാനസംഗ്രഹം

"മറിയമാവട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചു കൊണ്ടിരുന്നു" (ലൂക്ക 2:19)

മാതാവിന്റെ ധ്യാനരീതിയുടെ സമഗ്രഭാഗങ്ങളും, ഭാവങ്ങളും നമ്മൾ കഴിഞ്ഞ ധ്യാനത്തിൽ കണ്ടു. എല്ലാ ധ്യാനങ്ങളിലും സംഭവിക്കുന്നത് അടിസ്ഥാനപരമായി അതുതന്നെയായിരിക്കും. പക്ഷെ ജീവിത സാഹചര്യങ്ങൾ മാറുന്നതനുസരിച്ച് ഇതിന്റെ അനുഷ്ഠാനത്തിൽ ചില്ലറ വ്യതിയാനങ്ങൾ വന്നു കൊണ്ടിരിക്കും. എന്നുവച്ചാൽ, ഒന്നിനെ ഉപേക്ഷിച്ച് വെറൊന്നു തിരഞ്ഞെടുക്കുന്നതല്ല. പുതിയ ആവശ്യങ്ങൾ നേരിടുമ്പോൾ, പുതിയ നിർദ്ദേശങ്ങൾ ലഭിക്കുമ്പോൾ, പുതിയതായ രീതിയിൽ ജീവിതം തുടരേണ്ടി വരുന്നു. പുതിയ രീതിയിൽ ദൈവവചനം ശ്രവിക്കുന്നു. മാനസികമനനത്തിന്റെ (mental or argumentative thinking) ആവശ്യം താരതമ്യേന കുറഞ്ഞുവരുന്നു, മാനസിക മൗനം സ്വാഭാവികമാകുന്നു. വിശ്വാസദർശനവും സമ്പൂർണ്ണ സമർപ്പണവും ഒന്നുചേരുന്നു; സാക്ഷാത്ക്കാര സാധനയായ ആത്മ

നിവേദനമായി മാറുന്നു. മാതാവിന്റെ ധ്യാനം എപ്പോഴും ജീവിത ബദ്ധമായിരുന്നു. സ്വന്തജീവിതത്തിൽ അനുദിനമെന്നോണം സംഭവിച്ചു കൊണ്ടിരുന്ന കാര്യങ്ങളാണ് മാതാവ് ധ്യാനിക്കുന്നതും ഹൃദയത്തിൽ ഉദ്ഗ്രഥിക്കുന്നതും.

## ധ്യാനം 2: ബത്‌ലേഹമിലേക്ക്

മാലാഖാ ദൗത്യനിർവ്വഹണത്തിനുശേഷം തിരോധാനം ചെയ്തു. നസ്രസ് വീണ്ടും ഗ്രാമസൗന്ദര്യത്തിന്റേയും ലളിത ജീവിതത്തിന്റേയും അലകളിൽ മുങ്ങിയും പൊങ്ങിയും ജീവിതം തുടർന്നു. മാസങ്ങൾ കഴിഞ്ഞു, മേരിക്ക് ശിശുവിനെ പ്രസവിക്കുവാനുള്ള ദിവസം അടുത്തുകൊണ്ടിരുന്നു. ആ മംഗളമുഹൂർത്തത്തെ സ്വപ്നം കണ്ടിരിക്കുമ്പോൾ ഇതാ ഇടിമിന്നൽപോലെ മറ്റൊരുവാർത്തയും സന്ദേശവും. റോമിൽ വാഴുന്ന സീസർ അഗസ്റ്റസ് ചക്രവർത്തി തന്റെ സാമ്രാജ്യാതിർത്തിയിൽപെട്ട യൂദയായിൽ ആൾവിവരണ പട്ടിക തയ്യാറാക്കാൻ നിശ്ചയിച്ചിരിക്കുന്നു. എല്ലാവരും അവരവരുടെ പിതാവിന്റെ നാട്ടിൽചെന്നു ക്രമപ്രകാരം വീടുതാവഴിയനുസരിച്ച് പേരുവിവര പട്ടികയിൽ പേരുചേർക്കണം. ഇതാണ് രാജകല്പന. ഇതിന് ഒഴിവുകഴിവില്ല. നിർവ്വഹിച്ചേമതിയാകൂ.

മാതാവിനെ സംബന്ധിച്ചിടത്തോളം ഇത്തവണ ദൈവസ്വരം കേട്ടത് രാജാവിന്റെ കല്പനയിലൂടെയായിരുന്നു. അനുദിനസംഭവങ്ങളിൽ ദൈവത്തിന്റെ സ്വരം കേൾക്കാനും കരം കാണാനും മാതാവിനു കഴിഞ്ഞിരുന്നു. അതുകൊണ്ട് മാലാഖായോട് ചോദിച്ചതുപോലെ ഒരു ചോദ്യവും നാമിവിടെ കാണുന്നില്ല. ശ്രവണം നേരെ മൗനത്തിലേയ്ക്കു പ്രവേശിക്കുന്നു. ഈ മൗനത്തിൽ മനനദാരിദ്ര്യമില്ലെന്നു നാം മനസ്സിലാക്കണം. മനനത്തിന്റെ ധിഷണാത്മകതലത്തിൽ നിന്നും മാറി ധ്യാനാത്മകതലത്തിലാണ് മൗനം നമ്മെ കൊണ്ടുവന്നു വയ്ക്കുന്നത്. "ഉടനെ പോവുകതന്നെ, ബത്‌ലേഹമിലേക്ക്" തീരുമാനം എടുത്തുകഴിഞ്ഞു. ശ്രവണവും മനനവും, മൗനവും പ്രവർത്തനവും എല്ലാം ഒന്നുചേരുന്നു. ഗംഗാജലം ഹിമാലയമുകളിലെ മഞ്ഞിൻകൂടാരമായ ഗംഗോത്രിയിൽനിന്നും ഉത്ഭവിച്ച് അളകനന്ദ, ലളിതഗംഗ എന്നിങ്ങനെയുള്ള പോഷക നദികളായി ചേർന്ന് താഴോട്ടൊഴുകി നിരവധി നഗരങ്ങളെ നനയ്ക്കുന്ന ഒരു മഹാനദിയായി സമതലങ്ങളിലൂടെ ഒഴുകുന്നതുപോലെ ധ്യാനം, ദൈവവചനശ്രവണം, മനനം, മൗനം വിശ്വാസദർശനം എന്നീ പോഷക നദികളുമായി ഉടനടി ഒന്നുചേർന്ന് സാവകാശം ഒഴുകി ആത്മനിവേദനമെന്ന അന്ത്യാർപ്പണത്തോടു കൂടി പ്രവർത്തനമാകുന്ന ജീവിതസാഗരത്തിലേക്കു കുതിക്കുന്നു.

അതാ കഴുതക്കുട്ടിയെ തയ്യാറാക്കിക്കഴിഞ്ഞു. യൗസേപ്പിതാവും മാതാവും ബത്‌ലേഹമിലേക്കു തിരിച്ചു. ആളുകൾ ഒന്നും മനസ്സിലാക്കിയില്ല. കാര്യമായി കരുതിയുമില്ല. എന്നാൽ തെരുവരികിലെ മരങ്ങളും മരച്ചില്ലകളിലെ കിളികളും നിർനിമേഷരായി ഉറ്റുനോക്കികൊണ്ടിരുന്നു.

പലപ്പോഴും മനുഷ്യർക്ക് ലഭിക്കാത്ത അനുഭൂതിവിശേഷങ്ങൾ മൃഗങ്ങൾക്കും പക്ഷികൾക്കും കിട്ടുന്നതായി നാം കാണുന്നുണ്ട്. മഴപെയ്യാൻ പോകുന്നത് നമ്മളറിയുന്നതിനുമുമ്പ് മയിൽ മനസ്സിലാക്കുന്നു. പല ജീവികളും പ്രകൃതിയിൽ സംഭവിക്കാൻ പോകുന്നത് മനുഷ്യനറിയുന്നതിനുമുമ്പ് അറിയുകയും വേണ്ടതുപോലെ സുരക്ഷയ്ക്കുള്ള മാർഗ്ഗങ്ങൾ ആരായുകയും ചെയ്യുന്നു. ഇവയെല്ലാം തികച്ചും സ്വാഭാവികമായ സംഗതികളാണ്. ഇങ്ങനെയെക്കെയാണെങ്കിൽ പ്രകൃതിയെ ഇല്ലായ്മയിൽ നിന്നും നെയ്തെടുത്ത അനന്തനാഥൻ ഈ ലോകത്തിൽ ഭൂജാതനാകാനായി ആരുമറിയാതെ ഒരു ചെറിയ തെരുവിലൂടെ കടന്നുപോകുമ്പോൾ ആ വഴിയരികിൽ നില്ക്കുന്ന മരങ്ങളും ചില്ലകളിലിരിക്കുന്ന പക്ഷികളും കടന്നുപോകുന്ന ആ സനാതന സന്നിധി എങ്ങനെ അറിയാതിരിക്കും?

കർത്താവിന്റെ തിരുഅവതാരത്തിലേക്ക് വിരൽ ചൂണ്ടിയിട്ടല്ലെങ്കിലും തന്റെ സ്നേഹഗീതയിൽ വി. യോഹന്നാൻ ക്രൂസ് മരങ്ങളോടും കാവുകളോടും ചോദിക്കുന്നത് ഇപ്രകാരമാണ്.

മനം കവരും കാവുകളേ, കണ്ടോ
മലയോരതരുനിരയേ കണ്ടോ
മരതകസമതലമേ പറയൂ
മധുവൂറും മലരുകളേ പറയൂ
നിങ്ങളെ നട്ടവൻ, നിങ്ങളെ തൊട്ടുകൊ
ണ്ടിതിലേ കടന്നുപോയോ
എൻപ്രിയൻ, എൻ സ്നേഹഗായകൻ.

അതിനു മറുപടിയായി കാവുകൾ പറയുന്നു:
കണ്ടു, ആരോമലെ കണ്ടു,
ആയിരമായിരം ദാനങ്ങൾ ചൊരിഞ്ഞും
ആസുരസൗന്ദര്യം ഞങ്ങളിൽ പൊഴിഞ്ഞും
ഇക്കാവുകളിൽ കണ്ണും നട്ട്
തിടുക്കത്തിലവൻ കടന്നുപോയി

(സ്തോത്രഗീതം, പാദം 4,5 സ്വതന്ത്രവിവർത്തനം: വിനീത്)

അതുപോലെ മനുഷ്യർക്കു വേണ്ടാത്ത ആയിരമായിരം ദാനങ്ങൾ പനകൾക്കും, പറവകൾക്കുമായി വർഷിച്ചുകൊണ്ടും സ്വന്തം സൗന്ദര്യം കൊണ്ട് അവയെ പൊതിഞ്ഞുകൊണ്ടും മേരിയുടെ ഉദരത്തിലിരുന്ന യേശു ആരുമറിയാതെ അതിലെ കടന്നുപോയി. പറവകൾ പാട്ടുകൾ പാടാതെയും മരങ്ങൾ ചില്ലകൾ ചലിപ്പിക്കാതെയും നിഗൂഢമൂകതയിൽ ആ രംഗത്തിനു സാക്ഷി നിന്നു. മേരിയോ, മരംകോച്ചുന്ന തണുപ്പിലൂടെ തരുനിരകളുടെയിടയി ലൂടെ, അമ്പിളിയുടെ അരണ്ടവെളിച്ചത്തിലൂടെ, മൗനവിഭൂഷിതയായി, ധ്യാന നിർല്ലീനയായി ആ വഴിയിലൂടെ കടന്നുപോയി. മനുഷ്യരാശിയിൽ രണ്ടേ രണ്ടുപേർ കൂട്ടായിരുന്നു. കഴുതയ്ക്ക് കടിഞ്ഞാൻ പിടിക്കുന്ന യൗസേപ്പിതാവും, ഉദരത്തിലിരുന്നു സർവ്വതും കണ്ടുകൊണ്ടിരുന്ന ഉണ്ണിയീശോയും.

ലോകം മുഴുവൻ മൗനത്തിലാഴ്ന്നതുപോലെ നസ്രസ്സിലെ നാരീമണിക്ക് തോന്നിയിരിക്കണം. ആ യാത്ര വിശ്വാസത്തിന്റെ അഗ്നിപരീക്ഷണമായിരുന്നു. മനസ്സിനും മസ്തിഷ്ക്കത്തിനും അതീതമായ ഉൾക്കണ്ണുകൾ കൊണ്ടുമാത്രം എല്ലാം കണ്ടുകൊണ്ടിരുന്നു. മാനസിക ചോദ്യങ്ങൾക്കൊന്നിനും തന്നെ സ്ഥാനമുണ്ടായിരുന്നില്ല. ചോദിക്കാവുന്ന ചോദ്യങ്ങൾപോലെ എല്ലാം സംഭവിക്കുകയും ചെയ്തു.

സത്രത്തിൽ സ്ഥലമില്ലായിരുന്നു. പ്രസവസമയം അടുത്തടുത്ത് വന്നുകൊണ്ടിരിക്കുന്നു. പനകളും പറവകളും മാത്രമല്ല സ്വർഗ്ഗവും മൗനമവലംഭിച്ചു. എങ്ങും തമസ്സിന്റെ യവനിക താഴെവരെ മുട്ടിനിന്നു. എങ്കിലും നസ്രസ്സിലെ കുടുംബാംഗങ്ങൾ നിസ്സംശയം നടന്നുനീങ്ങി.

അവസാനം ഒരു കാലിത്തൊഴുത്തായിരുന്നു അഭയസ്ഥാനം. പണ്ടേയ്ക്കു പണ്ടേ പിതാവായ ദൈവം നിർദ്ദേശിച്ചതും ഈശോ കനിഞ്ഞാശിച്ചതും മേരി യൗസേപ്പുമാർ സ്വയം സ്വീകരിച്ചതും ഈ കാലിത്തൊഴുത്തായിരുന്നു.

മനുഷ്യർക്ക് കിട്ടാത്ത ഭാഗ്യം മൃഗങ്ങൾക്കുകിട്ടി. ആട്ടിൻ കുഞ്ഞുങ്ങൾ തലകുനിച്ച് ലോകപാപങ്ങൾക്കു പരിഹാരം ചെയ്യാൻ വന്ന ചെമ്മരിയാടിനെ സദയം സ്വീകരിച്ചു.

അങ്ങനെ സ്ഥലമന്വേഷണത്തിന്റെ ആ ശോകകഥ അവസാനിച്ചു. മേരി തന്റെ ചോരകുഞ്ഞിനെ പ്രസവിച്ചു. ലോകത്തിൽ ആശകൾ കതിരിട്ടു. പ്രതീക്ഷയുടെ പൂക്കൾ വിരിഞ്ഞു. ഉണ്ണീയിശോ പുൽക്കൂട്ടിൽ പിറന്നു.

ബലിയാടാകാനായി ഈ ലോകത്തിലേയ്ക്ക് സ്വയമേ ഇറങ്ങിവന്ന ആട്ടിൻകുട്ടി, എവിടെ പിറക്കണം? ഇതു മേരിക്കുൾപ്പെടെ എല്ലാവർക്കു മജ്ഞാതമായിരുന്നെങ്കിലും ഈ ഉണ്ണിക്കറിയാമായിരുന്നു. ഈ അനിതര

സാധാരണ ജനനസ്ഥലം കിട്ടുവാൻവേണ്ടി മാത്രമാണ് ആഗസ്റ്റസ് സീസർ അന്ന് കല്പന പുറപ്പെടുവിച്ചത്. ദൈവമനസ്സിലുള്ള അതിന്റെ ഉദ്ദിഷ്ടചിത്തം നിറവേറുകയും ചെയ്തു.

ഇതോടെ മേരിയുടെ ധ്യാനം മറ്റൊരു ഘട്ടത്തിലേക്കു പ്രവേശിക്കുകയാണ്.

ആകാശത്തിന്റെ വാതിൽ തുറന്നു. ഇതുവരെ കഠിനമൗനം പാലിച്ചിരുന്ന വാനവദൂതർ സ്വർഗ്ഗത്തിൽ നിന്നിറങ്ങി. അലോകസുന്ദരമായ ദിവ്യഗാന തരംഗങ്ങൾ ഈ ലോകന്തരീക്ഷത്തിൽ മുഴങ്ങി. ബത്ലേഹം സ്വർഗ്ഗീയ സംഗീതസാഗരത്തിന്റെ വേദിയായിമാറി.

മനുഷ്യനിർമ്മിതമായ സ്ഥാനവേദികളിലെ താഴെപ്പടികളിലുള്ള ആട്ടിടയന്മാർ അതുകേട്ടു. മാലാഖാമാർ അവർക്ക് നിർദ്ദേശവും നല്കി. അവർ ഓടിയെത്തി, മേരിയുടെ അടുക്കലേയ്ക്ക്.

എല്ലാം കൃത്യം മാലാഖാ പറഞ്ഞതുപോലെതന്നെ. കനകകളേബരനായ കുഞ്ഞ്. അവർക്ക് വിസ്മയമായി. ശിശുവിന്റെ മുഖത്തുവിരിഞ്ഞു നില്ക്കുന്നത് വെള്ളിവെളിച്ചം; ശരീരം കിടക്കുന്നതോ, പിള്ളക്കച്ചയിൽ!

സ്വർഗ്ഗവും ഭൂമിയും ഒന്നിക്കുന്ന ശുഭമുഹൂർത്തമാണിതെന്നു എല്ലാവരും ഇനിയും മനസ്സിലാക്കിയിട്ടില്ലായിരിക്കാം.

പക്ഷെ മേരിയും യൗസേപ്പും മനസ്സിലാക്കുന്നുണ്ടായിരുന്നു.

യാത്രയുടെ വ്യഥ തീർന്നു. പ്രതീക്ഷയുടെ നവലോകം വിരിഞ്ഞു. മേരിയുടെ ധ്യാനമനസ്സ് ആകുലതയും ആഹ്ലാദവും ഒരുപോലെ സ്വീകരിച്ചു.

ഓമനകുഞ്ഞിനെ ആട്ടിടയരുടെ കയ്യിലേക്കു കൈമാറി. ആ ചോരക്കുഞ്ഞിനെ മുത്തി, ആഹ്ലാദത്തോടെ അവർ പിൻമാറി. മേരി ധ്യാനനിരതയായിരുന്നു.

അതുകൊണ്ടവസാനിക്കുന്നില്ല ഈ ശുഭസംഭവങ്ങൾ. അതാ നീലാകാശത്ത് ഒരു വെള്ളിനക്ഷത്രം. അതിന്റെ പ്രകാശധോരണി വാനിൽ ഒരു വിളംബരംപോലെ വിരിയുന്നു. അതുമെല്ലെ അടുത്തടുത്ത് വരുന്നു. ഈ പുൽക്കൂടിന്റെ മുകളിലേക്ക്. വൈകിയിട്ടാണെങ്കിലും സ്വർഗ്ഗം കണ്ണുതുറന്നു. വെള്ളിനക്ഷത്രം വന്നുനിന്നു. ഉണ്ണി കിടക്കുന്ന പുൽക്കൂടിനു മുകളിൽ.

അതാ മൂന്ന് വിദേശികൾ നടന്നടുക്കുന്നു. മേരിയും യൗസേപ്പും അവരെ സൂക്ഷിച്ച് നോക്കി. അവർ കണ്ടാൽ നല്ല മാന്യന്മാർ; ഭക്തിനിർഭരമായ മുഖഭാവം. വിനയാന്വിതർ, വിദ്യാസമ്പന്നർ.

അവർ വന്നടുത്തു. മേരിയോടും യൗസേപ്പിനോടുമായി അവർ പറഞ്ഞു: "ഞങ്ങൾ കിഴക്കുനിന്നുള്ള വിദേശികളാണ്. ഇവിടെ സ്വർഗ്ഗീയവംശത്തിൽ നിന്നുള്ള ഏതോ ഒരു രാജകുമാരൻ ജനിച്ചിട്ടുണ്ടെന്നു ഞങ്ങൾ പഠിച്ചിട്ടുള്ള ജ്യോതിശാസ്ത്രത്തിലൂടെ മനസ്സിലാക്കി ഇങ്ങു പുറപ്പെട്ടതാണ്. കണ്ടോ, ഇതാണ് ആ വെള്ളി നക്ഷത്രം. ഇത് സാധാരണ കാണാറുള്ള നക്ഷത്രമല്ല. ഇത് ഒരു സൂചനാ നക്ഷത്രമാണ്. അനിതരസാധാരണമായ അപൂർവ്വ സംഭവങ്ങൾ ഉണ്ടാകുമ്പോൾ മാത്രമേ ഈ നക്ഷത്രം പ്രത്യക്ഷപ്പെടുകയുള്ളൂ."

"ഇത്തവണ ഇതിന്റെ പ്രഭാപൂരം പൂർവ്വാധികം വിശേഷതരമാണ്. എന്നുമാത്രമല്ല ഇത് അതിവേഗം നീങ്ങികൊണ്ടിരിക്കുന്നതുമായ ഒരു വഴികാട്ടി നക്ഷത്രംകൂടിയാണ്. ഈ സുരതാരത്തെ മാർഗ്ഗദീപമാക്കിയാണ് ഞങ്ങൾ ഇവിടെ എത്തിയത്. ഉണ്ണി ജനിച്ചിരിക്കുന്നത് ഇവിടെ വല്ലിടത്തുമാണോ; ആരാധിച്ചുവണങ്ങി, തിരുമുൽകാഴ്ച സമർപ്പിച്ച് തിടുക്കത്തിൽ പോകണ മെന്നുണ്ട്."

മേരി അദ്ഭുതസ്തബ്ധയായി നിലകൊണ്ടു. ചിന്തിക്കുവാനോ, മനസ്സി ലാക്കുവാനോ സാധിക്കാത്ത സംഗതികൾ കൺമുമ്പിൽ സംഭവിക്കുകയാണ്. പിറന്നിരിക്കുന്നവൻ ആരാണെന്ന് മറ്റാരും ഇനി പറയേണ്ടാവശ്യമില്ല. ഇന്നിതാ വാനിലെ നക്ഷത്രം അതുതന്നെയാണ് പറയുന്നത്. മാത്രമല്ല വിദൂരതയിൽ നിന്ന് വന്ന വിജ്ഞാനികളും.

സാക്ഷാൽ ധ്യാനം മനോമയകോശത്തിലെ തർക്കചിന്തയല്ല, മറിച്ച് ആകസ്മികമായ സംഭവവികാസങ്ങളെ അദ്ഭുതാനുഭൂതിയോടെ നോക്കി കാണുന്നതാണ്. അതിൽ ഇഷ്ടപ്പെടാത്തതും ഇഷ്ടമുള്ളതും പെടും. രണ്ടും ദൈവതൃക്കരങ്ങളിൽ നിന്ന് ഒരുപോലെ സ്വീകരിക്കുകയും ആത്മാവിൽ ഉദ്ഗ്രഥിയ്ക്കുകയും വേണം.

ഭഗവദ്ഗീതയിൽ പറയുന്നതുപോലെ "ദുഃഖത്തിൽ വിഗ്നമാനസരാകാതേ യും സുഖത്തിൽ സുബോധം നഷ്ടപ്പെടാതേയും രാഗഭയ ക്രോധങ്ങളിൽ നിന്നും വിമുക്തരായും സ്ഥിതപ്രജ്ഞയോടുകൂടി കഴിയുവാൻ നമുക്കു സാധിക്കണം. ഇവരാണ് സാക്ഷാൽ മുനിവര്യന്മാർ" (ഗീത 2:56)

മേരിയിൽ ഇത് സംഭവിച്ചുകൊണ്ടിരുന്നു. പ്രസവത്തിനുവേണ്ടി വീടുകളും സത്രങ്ങളും കേറിയിറങ്ങിയപ്പോൾ, അതെ, ത്യക്തതയുടെ തിക്തരസം നിറഞ്ഞ കാസ കുടിച്ചുകൊണ്ടിരുന്നപ്പോഴും മേരിയിൽ ഈ ഉദ്ഗ്രഥന ധ്യാനം നടന്നിരുന്നു. അതുപോലെ തന്നെ ഉണ്ണിയെ വണങ്ങാൻ മന്നവർ വന്നണഞ്ഞ പ്പോഴും.

മേരിയുടെ ബത്ലേഹം യാത്ര സഫലമായി. വിണ്ണിന്റെ നാഥൻ മണ്ണിൽ പിറന്നു. അവനിയും ആകാശവും ഒന്നുചേർന്നു. മർത്യഹൃദയങ്ങളിലെ ആശാവല്ലരികൾ പൂവണിഞ്ഞു. രക്ഷയുടെ മാർഗ്ഗം തെളിഞ്ഞു. മേരിയുടെ ഹൃദയത്തിൽ വീണ്ടും വീണ്ടും ധ്യാനസുമങ്ങൾ വിടർന്നു.

## ധ്യാനസാരം

മേരിയുടെ ബത്ലേഹം യാത്ര ഒരു ധ്യാനസാധനയായിരുന്നു. ജീവിതം തന്നെയായിരുന്നു ധ്യാനം. ഈ ധ്യാനത്തിൽ നിന്നും നമുക്കു താഴെ പറയുന്ന കാര്യങ്ങൾ പഠിക്കാം.

1) ദൈവസ്വരം കേൾക്കുന്നത് മാലാഖായിൽനിന്നു മാത്രമല്ല, ഈ ലോകത്തിലെ ഇതരവ്യക്തികളിൽനിന്നും സംഭവങ്ങളിൽനിന്നുമാകാം. ദൈവം അവയെല്ലാം ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ഉപയോഗിക്കുന്നതാണ്. അഗസ്റ്റ്യസ് സീസറിന്റെ വെറും സ്വാഭാവികമെന്നു പറയാവുന്ന ഒരു കല്പനയാണ് യേശുവിന്റെ ജനനചരിത്രത്തെ ഇത്രയും പ്രയാസകരവും എന്നാൽ ധ്യാനാത്മകവുമാക്കുന്നത്.

2) സാക്ഷാൽ ധ്യാനം ജീവിതം കൂടിയാണ്. അരമണിക്കൂർ ധ്യാനസമയത്ത് നടക്കുന്നത് മാത്രമല്ല ധ്യാനം. അഗസ്റ്റസ് സീസറിന്റെ ശാസനകേട്ടത് തൊട്ട്, കിഴക്കുനിന്നുവന്ന പണ്ഡിതന്മാരുടെ തിരോധാനം വരെ, മേരിയുടെ ജീവിതം പരസ്പരബന്ധിതമല്ലെന്നു തോന്നാവുന്ന വിവിധ ദൈവതീരുമാനങ്ങളുടെ ആകസ്മികമായ ഒന്നുചേരലും, അവയുടെ അനുഭവവും അനവദ്യദർശനവുമായിരുന്നു.

3) ജീവിതധ്യാനത്തിൽ നാം നേരത്തെ കണ്ടതായ പടികൾ ഓരോന്നോരോന്നായി ക്രമാനുസരണം നടക്കണമെന്നില്ല. മറിച്ച് സാക്ഷാൽ ജീവിതത്തിൽ അനുനിമിഷം കൊണ്ട് ധ്യാനസാധനയും വിവിധ പടികളും ഒത്തൊരുമിക്കുകയും ഒന്നിച്ചൊഴുകുകയും ചെയ്യുന്നു. അങ്ങനെ അഗസ്റ്റസ് സീസറിന്റെ തീരുമാനം ''ദൈവവചന''മായി കാണുകയും (ശ്രവണം) ഒരു ഞൊടിയിടകൊണ്ട് അതിന്റെ വരുംവരായ്കയെക്കുറിച്ചുള്ള ചിന്തകളവസാനിപ്പിച്ചു (മനനം) മൗനംഭജിച്ച് (മൗനം) വിശ്വാസത്തിന്റെ കണ്ണുകൾ തുറന്ന് (വിശ്വാസദർശനം) തീരുമാനമെടുക്കുകയും യാത്രപുറപ്പെടുകയും ചെയ്യുന്നു (ആത്മനിവേദനം). യാത്രയിൽ മുന്നിൽ കാണുന്ന അനിശ്ചിത ഭാവിയെ ദൈവപരിപാലനയ്ക്ക് സമർപ്പിച്ച് മൗനധ്യാനമായി മുന്നോട്ട് പോകുന്നു.

4) നമുക്കുവേണ്ടിയുള്ള ദൈവിക കാഴ്ചപ്പാടുകൾ എല്ലാം മുൻകൂട്ടി നമുക്ക്

യാതൊരു സംശയവുമില്ലാത്ത രീതിയിൽ വെളിപ്പെടുത്തിക്കിട്ടണമെന്ന് നാം ആഗ്രഹിക്കരുത്. അത് ഓരോന്നും അതാത് സമയത്ത് മാത്രമെ വെളിപ്പെടുത്തുകയുള്ളൂ. അപ്പോൾ ഇഷ്ടാനിഷ്ടം നോക്കാതെ അവയെ സ്വീകരിക്കുക. അതേസമയം നല്ല ദൈവത്തിന് നമ്മെക്കുറിച്ച് നിശിതവും, വിശദവുമായ പ്ലാൻ ഉണ്ടെന്നു ഉറച്ചിരിക്കുകയും വേണം.

5) ആകസ്മികമായ സംഭവങ്ങളോ, അദ്ഭുതങ്ങളോ ഒരിക്കലും ആഗ്രഹിക്കരുത്. നമ്മുടെ അമ്മ ഇങ്ങനെയൊന്നു ചിന്തിക്കുകപോലും ചെയ്തിട്ടില്ല. കൂടുതൽ പാപികളായ നമ്മൾ അങ്ങനെയുള്ളവ ഒട്ടും ആഗ്രഹിക്കരുത്. പക്ഷെ പ്രതീക്ഷിക്കാത്തത് സംഭവിക്കുമ്പോൾ സസന്തോഷം സ്വീകരിക്കണം. മാതാവ് ഒരദ്ഭുതവും പ്രവർത്തിച്ചിട്ടുമില്ല.

6) ഒരിക്കലും ഭയവിഹ്വലതയോ, ഭാവിയെക്കുറിച്ച് ആകുല ചിന്തയോ നമ്മെ സ്വാധിനിക്കരുത്. അപ്പോൾ ധ്യാനാത്മകത ഭയാത്മകതയായി മാറും. മാതാവിൽ അങ്ങനെയുള്ള പേടിയും ആകുലതയും കാണുന്നില്ല.

7) സ്വർഗ്ഗീയ സംഭവങ്ങളുടെ മൂലഭാവന (radical planning) നിശ്ചയിക്കുന്നത് സ്വർഗ്ഗത്തിൽ നിന്നാണ്. അല്ലാതെ ഈ ലോകത്തിലല്ല. അതുകൊണ്ട് ദൈവം നമ്മളിലൂടെ പ്രവർത്തിക്കുവാൻ തിരുവുള്ളമാകുമ്പോൾ അതിന്റെ സ്ഥലം, സമയം, സംവിധാനം, സാധ്യതോപാധികൾ എന്നിവയെല്ലാം ദൈവത്തിന് തന്നെ വിട്ടുകൊടുക്കണം. അതെല്ലാം ഒരു തിടുക്കവും തടസ്സവും കൂടാതെ സാവകാശം നമ്മുടെ ജീവിതത്തിലേക്കു വന്നുചേരുന്നതാണ്. ഇങ്ങനെ വേണം സീസറിന്റെ കല്പനയും ബത്ലേഹമിലേക്കുള്ള യാത്രയും പുൽക്കൂട്ടിലെ സംഭവവികാസങ്ങളും കാണുവാൻ.

8) മാതാവിൽ കാണുന്നവയെല്ലാം നമ്മുടെ ജീവിതത്തിലേക്ക് പകർത്തുന്നതിനാണ് നാം മാതാവിനെ ധ്യാനിക്കുന്നത്. പക്ഷെ നമുക്കും ജീവിതമായിരിക്കണം ഏറ്റവും വലിയ ധ്യാനസാധന. അതിനായി നമ്മുടെ ആത്മീയ നയനങ്ങൾ, വിശ്വാസത്തിന്റെ കണ്ണുകൾ, സദാ തുറന്നിരിക്കണം.

## ധ്യാനം 3: ജറുസലേമിലെ തിരുനാൾ മഹാമഹം

''അവന്റെ അമ്മ ഇവയെല്ലാം അവളുടെ ഹൃദയത്തിൽ സംഗ്രഹിച്ചു (ലൂക്കാ 2:51).

ജറുസലേമിലെ പെസഹാത്തിരുന്നാളിന്റെ സമയമായി. യഹൂദ വംശജരുടെ പ്രൗഢിയുടേയും പാരമ്പര്യത്തിന്റെയും ഒരു തിരുനാളായിരുന്നു അത്. സംവത്സരങ്ങൾക്ക് മുമ്പ് ഈജിപ്തിലെ അടിമത്ത്വത്തിൽനിന്ന്

ഇസ്രായേൽ ജനത്തെ ആകാശത്തെയും, ആഴിയെയും അദ്ഭുത സാക്ഷികളായി നിർത്തികൊണ്ട് സ്വതന്ത്രരാക്കി, വാഗ്ദാനനാടായ കാനാൻ ദേശത്തേക്ക് കൊണ്ടുവന്നതിന്റെ അനുസ്മരണമാണിത്. അവർക്ക് ജറുസലേമിൽ ഒരേയൊരു ദേവാലയമേയുള്ളു. സത്യദൈവത്തെ ആരാധിക്കുന്നവർ ഈ ദേവാലയത്തിൽ ആരാധിക്കണമെന്നാണ് നിയമം. എന്നാൽ കലർപ്പ് ചേരാത്ത അബ്രാഹത്തിന്റെ ശുദ്ധരക്തമുള്ളവർക്ക് മാത്രമാണ് ഇവിടെ പ്രവേശനമുള്ളു എന്ന ഒരു വിവേചനാത്മകമായ വശംകൂടി ഈ ദേവാലയത്തിനുണ്ട്. ഈ വിഷയം വെറും സാധാരണക്കാരിയായ ഒരു സ്ത്രീ യേശുവിനോട് ചോദിക്കുന്നതായി നാം പിന്നീട് കാണുന്നുണ്ട്. (യോഹ. 4:12) യൗസേപ്പിതാവും മേരിയും പെസഹാതിരുനാളാഘോഷിക്കാനായി ബാലനായ യേശുവിനോടുകൂടി ജറുസലേമിലേയ്ക്കു പോയി. ഈശോയ്ക്കു 12 വയസ്സ് പ്രായമായിരുന്നു. ഒട്ടകങ്ങൾ വലിച്ചുകൊണ്ടുപോകുന്നതും വളരെ ആളുകൾക്ക് ഒന്നിച്ച് പോകാവുന്നതുമായ വലിയ കാരവൻ വണ്ടികളിലാണ് യാത്ര. അങ്ങനെ ബത്‌ലേഹമിലേയ്ക്കു നടത്തിയ യാത്രപോലെ അനിശ്ചിതഭാവിയെക്കുറിച്ചുള്ള വലിയ പ്രശ്നങ്ങളൊന്നുമില്ലാതെ, സാമാന്യം സന്തോഷകരമായി ഈ യാത്ര നടത്തിയെന്നുവേണം ചിന്തിക്കുവാൻ. സുവിശേഷത്തിൽ മറിച്ചൊന്നും നാം കാണുന്നില്ല. ജറുസലേം ദേവാലയത്തിന്റെ പരിശുദ്ധിയെക്കുറിച്ചും പെസഹാത്തിരുന്നാൾ പ്രദ്യോതിപ്പിക്കുന്ന ആദ്ധ്യാത്മിക വിമോചനത്തെക്കുറിച്ചും മേരി ധ്യാനപൂർവ്വം ചിന്തിച്ചിരിക്കണം. പക്ഷെ പരീക്ഷണങ്ങൾ നേരിടുമ്പോഴാണ് വിശ്വാസത്തിന്റെ ആഴത്തിലേയ്ക്ക് നാമിറങ്ങുന്നതും സാധാരണ ചിന്ത അഗാധധ്യാനമായിമാറുന്നതും. ഈ യാത്രയിൽ ധ്യാനത്തിന്റെ മൂർത്തരംഗം വരുന്നത് അവസാനഭാഗത്തോടു കൂടിയാണ്.

തിരുനാളാഘോഷം കഴിഞ്ഞ് എല്ലാവരും അവരവരുടെ നാടുകളിലേയ്ക്ക് തിരിച്ചുപോകാൻ തുടങ്ങി. മാതാവും യൗസ്സേപ്പിതാവും അക്കൂട്ടത്തിലുണ്ടായിരുന്നു. എന്നാൽ ബാലനായ യേശു ദേവാലയത്തിൽ തങ്ങി. അവിടെ വേദപാരംഗതന്മാരും മല്പാന്മാരും കുട്ടിയോട് കുശലപ്രശ്നം ചെയ്ത്, അവരുടെ സംവാദസദസ്സിലേയ്ക്ക് കൂട്ടികൊണ്ട് പോയി. ബാലനായ യേശു അവിടെ അവരുടെ കൂടെ നിന്നു.

ഒരു ദിവസത്തെ യാത്രയ്ക്കു ശേഷം ഈശോയെ കൂട്ടത്തിൽ കാണാത്തതുകൊണ്ട് ഭയവിഹ്വലരായി മേരിയും യൗസേപ്പിതാവും പെട്ടെന്ന് ദേവാലയത്തിൽ തിരിച്ചെത്തി. ഏതായാലും 'കുട്ടി' ദേവാലയത്തിൽ ഉണ്ട്. അവർക്ക് സമാധാനമായി.

പക്ഷെ മേരിയുടെ ഹൃദയം അത്യധികം വേദനിച്ചു. എന്തുകൊണ്ട് ഇതിങ്ങനെ സംഭവിച്ചു? അവൾ ഒരുതരം ജീവിതധ്യാനത്തിലേയ്ക്കു പ്രവേശിച്ചു കഴിഞ്ഞു.

മാതാപിതാക്കന്മാരിൽനിന്നു ഒരിക്കലും മാറിനില്ക്കാത്ത കുഞ്ഞ്, കണ്ണിലുണ്ണിപോലെ ഓമനയായ പൊന്നുമകൻ, അനുസരണത്തിന്റെ അലംഘനീയ മാതൃകയായ പിഞ്ചു പൈതൽ, എന്തുകൊണ്ടിത്തവണ ഇങ്ങനെ പ്രവർത്തിച്ചു?

തിരിച്ചുപോകലിന്റെ തിടുക്കത്തിൽ അറിഞ്ഞിട്ടൊന്നും ചെയ്തിട്ടില്ല, അമ്മ ചിന്തിച്ചു. കൂട്ടത്തിൽ എപ്പോഴും വരാറുള്ള പൊന്നുമോൻ തിർച്ചയായും കാരവനിൽ കയറിക്കാണും എന്നു വിചാരിച്ചത് അബദ്ധമായിപ്പോയി. എന്നി ങ്ങനെ ഒരുപക്ഷെ പലതരം വിചാരങ്ങൾ മേരിയുടെ മനസ്സിലൂടെ കടന്നുപോയി കാണും. സാരമില്ല. അമ്മ എപ്പോഴും അമ്മതന്നെ. കുഞ്ഞ് എപ്പോഴും ഓമനതന്നെ.

പക്ഷെ കുട്ടി വലിയവരുടെ കൂട്ടത്തിലാണ്. മേരിക്കും യൗസേപ്പിതാവിനും അവരുടെ കണ്ണുകളെ വിശ്വസിക്കുവാൻ വിഷമം തോന്നി. അതുപോലെതന്നെ വിശ്വസിക്കാതിരിപ്പാനും.

അറിവിന്റെ ആധിക്യത്തിൽ വിലസുന്ന വിശുദ്ധഗ്രന്ഥ പണ്ഡിതന്മാർ മാറിമാറി ബാല്യപ്രായം ഇനിയും മാറാത്ത ഈശോയോട് ദൈവശാസ്ത്രപരമായ ചോദ്യങ്ങൾ ചോദിക്കുന്നു. ഓരോ ചോദ്യത്തിനും പണ്ഡിതോചിതമായ ഉത്തരങ്ങൾ വരുന്നു.

ആദ്യവചനം ആത്യന്തികമായി എല്ലാ അറിവിന്റെയും അനർഘനികേതന മാണെന്ന സത്യം ഇത് കണ്ടും കേട്ടും കൊണ്ടിരുന്നവരാരും മനസ്സിലാക്കിയിട്ടില്ല. അല്ലെങ്കിലും അങ്ങനെയൊരു ചിന്തയ്ക്കിവിടെ എന്തു പ്രസക്തി. ഇവിടെനില്ക്കുന്ന, ചോദ്യങ്ങൾക്കുത്തരം പറയുന്ന ഈ മേരീതനയൻ, അനന്തവചനം ആകാരം പൂണ്ടതാണെന്ന്, സദസ്സിലുള്ളവരാരും വിചാരിക്കു ന്നില്ല.

ഇതറിയാമായിരുന്ന രണ്ടുപേർ ബാലന്റെ അമ്മയും യൗസേപ്പിതാവും മാത്രമാണ്. എന്നാൽ അമ്മക്കുപോലും വാദപ്രതിവാദത്തിന്റെ ഗതിവിഗതി കൾ കണ്ട് അദ്ഭുതമാണ് തോന്നിയത്. കാരണം ഇതുപോലുള്ള ഒരു രംഗം ഇതിനുമുമ്പുണ്ടായിട്ടില്ല.

വിസ്മയവും വിശ്വാസവും വിപരീതങ്ങളല്ല, അനുരൂപങ്ങളാണെന്നു നാം മനസ്സിലാക്കണം. മേരിയുടെ ധ്യാനത്തിലെ ഒരു ഘടകം അതായിരുന്നു.

എത്ര നേരം കാത്തുനില്ക്കണം? വേണ്ട, സാരമില്ല. അമ്മ എന്നും അമ്മയാണ്. അവസാനം അമ്മ അടുത്തുവന്നു. ഉണ്ണീശോ ഉണ്ണിക്കണ്ണുകൾ ഉയർത്തി സ്നേഹത്തോടെ നോക്കി.

''എന്റെ പൊന്നുമോനെ, എന്താ നീ ഇങ്ങനെ ചെയ്തത്? ഞങ്ങൾ വല്ലാതെ പേടിച്ചുകേട്ടോ? നിന്റെ പിതാവും ഞാനും വളരെ വ്യസനത്തോടെയാണ് നിന്നെ അന്വേഷിച്ച് ഇവിടെ വന്നത്.'' മേരി പറഞ്ഞു.

ശാസനമായിട്ടൊന്നുമില്ല. എങ്കിലും ഒരു ചെറിയ ആവലാതിയുണ്ട്; വേദനപ്രകടനം: കുഞ്ഞുമോനോടല്ലാതെ ആരോടാണിത് പറയുക.

''അമ്മേ അതു കഷ്ടമായല്ലോ, നിങ്ങളെന്തിനാണ് ഇത്ര പാടുകഴിച്ചെന്നെ അന്വേഷിച്ചത്? **ഇത് എന്റെ പിതാവിന്റെ ഭവനമല്ലേ**? എനിക്കിവിടെ ഒരുദിവസം താമസിച്ചുകൂടെ?

പറയാനുള്ളത് രണ്ടുപേരും പറഞ്ഞു. സ്നേഹത്തോടെ പറയാനുള്ളത് രണ്ടുപേരും പറഞ്ഞെങ്കിലും പറഞ്ഞതിന്റെ അർത്ഥം രണ്ടുപേർക്കും ഒരുപോലെ മനസ്സിലായില്ല.

ഈ സാഹചര്യത്തിലണ് സുവിശേഷകൻ പറയുന്നത് ''അവന്റെ അമ്മ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു'' എന്ന്. എന്താണ് നാം ഹൃദയത്തിൽ സംഗ്രഹിക്കേണ്ടത്? സംഗ്രഹിച്ചു ധ്യാനിക്കേണ്ടത്? മനസ്സിലായതോ, മനസ്സിലാകാത്തതോ?

''എന്റെ പിതാവിന്റെ ഭവനം'' നസ്രസ്സിലെ വിനീത കന്യക വീണ്ടും ധ്യാനനിമഗ്നയായി. അത് ഒരു വലിയ രഹസ്യത്തിലേക്കു വിരൽ ചൂണ്ടുന്നുണ്ട്. സാക്ഷാൽ മനുഷ്യാവതാരത്തിന്റെ രഹസ്യം

രഹസ്യങ്ങൾ, പ്രത്യേകിച്ച് ദൈവിക രഹസ്യങ്ങൾ, മനസ്സിലാക്കാൻ ഉള്ളതല്ല; പ്രത്യുത മനസ്സിൽ ഉൾകൊള്ളുവാനും വീണ്ടും വീണ്ടും ആശ്ചര്യത്തോടെ അയവിറക്കാനും, സാവകാശം അതുമായി അനുലോമപ്പെടുവാനും (താദാത്മ്യം പ്രാപിക്കാനും) ഉള്ളതാണ്. ഇതാണിപ്പോൾ മേരിയിൽ സംഭവിക്കുന്നത്.

ശരിയാണ് ഈശോ അത്യുന്നതന്റെ പുത്രനാണ്. മാലാഖാ അത് കൃത്യം പറഞ്ഞതാണ്. ഈ അഗോചരസത്യത്തെക്കുറിച്ച് ഉണ്ണിയീശോ അമ്മയെ ഓർമ്മിപ്പിക്കുകയായിരുന്നുവോ?

അദ്ഭുതം അനുചിന്തനമാകുന്നു. അനുചിന്തനം അഗാധ ധ്യാനമാകുന്നു. ധ്യാനം സാക്ഷാത്ക്കാര സാധനയാകുന്നു.

ആദ്യം വേദനിച്ചെങ്കിലും അരുമസുതന്റെ വചനത്തിലൂടെ മേരി മനുഷ്യാവതാര രഹസ്യത്തിലേക്ക് ഒന്നുകൂടി ആഴമായിട്ടിറങ്ങി.

നസ്രസ്സിലെ ചെറുപ്പക്കാരി മേരി, വെറുമൊരു സാധാരണ സ്ത്രീയല്ലെന്നും, ദൈവത്തിന്റെ മനുഷ്യകുല വിമോചന പ്രക്രിയയിൽ അടുത്ത് സഹകരിക്കുവാൻ വിളിക്കപ്പെട്ടിട്ടുള്ള ഒരനുഗ്രഹീത വനിതയാണെന്നും ഈശോ മൗനമായി മന്ത്രിക്കുന്നു.

എന്റെ പിതാവിന്റെ ഭവനത്തിൽ എല്ലാവർക്കും വേണ്ടി എല്ലാ കാലത്തേയക്കും സ്വീകര്യമായ, ബലിയർപ്പിക്കുവാനും കൂടിയാണു ഞാൻ വന്നിരിക്കുന്നത്.

ധ്യാനം ദൈവവെളിപാടിലെ നിഗൂഢരഹസ്യങ്ങളിലേക്കുള്ള ഉൾക്കാഴ്ചയാണ്. ഇതു നമുക്ക് സ്വന്തശക്തിയാൽ സാധിക്കുന്ന കാര്യമല്ല. ഈശോ തന്നെ പിന്നീട് പറയുന്നതുപോലെ, ഈശോയുടെ തന്നെ സ്വന്തം അരൂപിയായ ''പരിശുദ്ധാത്മാവു വരുമ്പോൾ, അവൻ നിങ്ങളെ ദൈവീകസത്യങ്ങളുടെ രഹസ്യങ്ങളിലേക്ക് നയിക്കുന്നതാണ്'' (യോഹ. 14: 16-17).

അവൾ ഇവയെല്ലാം അവളുടെ ഹൃദയത്തിൽ സംഗ്രഹിച്ചു; എന്നു വെച്ചാൽ നന്നായി ഉൾകൊണ്ടു. സാക്ഷാത്കാരത്തിനായി സ്വയം വിട്ടു കൊടുത്തു.

മനുഷ്യബുദ്ധിക്കു മനസ്സിലാകാത്തത് മനസ്സിലാക്കുന്നത് സാക്ഷാത്ക്കാരത്തിലൂടെയാണ് ''നീ എന്തു നിനച്ചിരിക്കുന്നവോ, അതായി നീ ഭവിക്കും'' എന്ന ആപ്തവാക്യം ഇവിടെ നിറവേറുന്നു. ധ്യാനം സർവ്വോപരി സാക്ഷാത്ക്കാര സാധനയാണ്.

## ഈ ധ്യാനത്തെ ഇങ്ങനെ സംഗ്രഹിക്കാം.

1. ആകസ്മികമായ ദുഃഖസാഹചര്യം (ഇത് ശ്രവണമായി കരുതണം)
2. വേദനയോടുകൂടിയ അന്വേഷണം (വിഷമ സമയത്ത് തിരുവെഴുത്തുകളിലൂടെയുള്ള പ്രയാണം ഇങ്ങനെയുള്ള ഒരു അന്വേഷണമാകാം.)
3. അന്വേഷണ സാഫല്യത്തിൽനിന്നുള്ള സന്തോഷവും പ്രതികരണവും.
4. ഇനിയും ഒളിഞ്ഞുകിടക്കുന്ന രഹസ്യങ്ങളിലേക്കുള്ള വിരൽചൂണ്ടൽ

5. അത് ഹൃദയത്തിൽ സംഗ്രഹിക്കാനായുള്ള സന്നദ്ധത
6. അതിനായുള്ള ആത്മനിവേദനം
7. രഹസ്യത്തിലേക്കു വിരൽ ചൂണ്ടിയ ഈശോ (അഥവാ പരിശുദ്ധാത്മാവ്) നമ്മുടെകൂടെ യാത്ര ചെയ്യുന്നു, നമ്മിൽ വസിക്കുന്നു. ബാലനായ ഈശോ അമ്മയുടെ കൂടെ ഉടനടി പോവുകയും ചെയ്തു.

## സമുദ്രതാരമേ വാഴുക

സമുദ്രതാരമേ വാഴ്ക
സാഗര പവിഴമേ വാഴ്ക
സർവ്വേശജനനി വാഴ്ക
സംപൂജ്യ സരണി വാഴ്ക
സമുദ്രതാരമേ വാഴ്ക...

ആഴിക്കഴകായ് നീ നിന്നു
ഊഴിക്കിടയനെ നീ തന്നു
ആഴിയും ഊഴിയും ആദരവോടെ
നിൻകഴൽ കീഴിൽ അണയുന്നു
സമുദ്രതാരമേ വാഴ്ക...

മിന്നൽ പിണരിൽ സംയമനി
മന്നിൽ ഞങ്ങൾക്കഭയം നീ
മിന്നൽപിണരും മന്നിൽ മധുവും
നിൻപദതാരിൽ അണയുന്നു
സമുദ്രതാരമേ വാഴ്ക...

## അദ്ധ്യായം മൂന്ന്

# മാതാവിന്റെ മൗനഭാവം

### മൗനമനോജ്ഞയായ മേരി

നസ്രസ്സിലെ മേരി ഒരു മൗനമനോഹരിയാണ്. വളരെ കുറച്ചുമാത്രം സംസാരിക്കുകയും വളരെയധികം മൗനം ഭജിക്കുകയും ചെയ്യുന്ന ഒരു നിശബ്ദ കന്യകയാണീയമ്മ. തന്റെ മൗനം കൊണ്ട് സുവിശേഷത്തിൽ നിറഞ്ഞു നില്ക്കുന്ന ഒരു സുരകന്യകയായിട്ടാണ് ഞാനീയമ്മയെകാണുന്നത്.

മൗനം ഭജിക്കുന്ന ഒരാളെക്കുറിച്ചെന്താണിത്ര സംസാരിക്കാനുള്ളതെന്നു ചോദിക്കാവുന്നതാണ്. അതു ശരിയുമാണ്. എന്നാൽ എന്തുകൊണ്ടോ എന്നെ വളരെയധികമാകർഷിച്ചിട്ടുള്ള ഒരു വിഷയമാണ് മാതാവിന്റെ മനോജ്ഞമൗനം.

മൗനം ഒരു സംസാരമാധ്യമം കൂടിയാണെന്നിപ്പോൾ മനസ്സിലാക്കുന്നു. ഞാനിതെഴുതുന്നത് മലേഷ്യയിലെ ഒരു കടൽ തീരത്ത് സ്ഥിതിചെയ്യുന്ന ഒരു ബംഗ്ലാവിൽ ഇരുന്നുകൊണ്ടാണ്. ഉണ്ണിയീശോയുടെ സഹോദരിമാർ എന്നറിയപ്പെടുന്ന സിസ്റ്റേഴ്സിന്റെ കന്യാമഠം വകയാണ് ഈ ബംഗ്ലാവ്. വീടിന്റെ പേർ ബംഗ്ലാവ് എന്നാണ് എഴുതിവെച്ചിരിക്കുന്നത്. ഈ സഹോദരിമാരുടെ അഷ്ടദിന ധ്യാനം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനിടയ്ക്ക് കിട്ടുന്ന സമയത്താണ് ''അമ്മ''യെക്കുറിച്ചുള്ള ഈ ചിന്താധാര എഴുതികൊണ്ടിരിക്കുന്നത്. എഴുതുന്നതിനിടെ ഞാനും കുറെനേരം ധ്യാനിച്ചുകൊണ്ടിരിക്കും. ''ആയിഭവിച്ചത്'' എഴുതുക എന്നൊരാശയം എന്നെ വളരെ ആകർഷിച്ചിട്ടുള്ളതാണ്. പക്ഷെ എഴുതുന്നതെല്ലാം ഞാനായി ഭവിച്ചതാണെന്നു സമർത്ഥിക്കുന്നില്ല.

ഈ സഹോദരിമാർ ഈ ധ്യാനദിവസങ്ങളിൽ പൂർണ്ണമൗനത്തിലാണ്. മൗനം വിലയേറിയതാണെന്ന് അവരോട് ഞാൻ പറഞ്ഞു കൊടുക്കേണ്ടയാവശ്യം ഒട്ടും ഇല്ല. മുന്നിൽ കാണാവുന്ന സാഗരപരപ്പ് നീണ്ടുനിവർന്ന് കിടക്കുകയാണ്. ചിലേടങ്ങളിൽ ചെറിയ ദ്വീപുകൾ കാണാമെങ്കിലും ജലപരപ്പിന്റെ അപാരത അതിരില്ലാതെ പോവുകയാണ്. കണ്ണുകൾക്ക് കുളിർമ്മയരുളുന്ന ഈ കണ്ണെത്താകടൽ നോക്കി ഞാൻ പലപ്പോഴും ധ്യാനനിമഗ്നനായിരുന്നു പോയിട്ടുണ്ട്.

സാഗരം മൗനത്തിലൂടെ നമ്മോടു സംസാരിച്ചുകൊണ്ടിരിക്കുന്ന സഹോദരി അല്ലെങ്കിൽ അമ്മപോലെയാണ്. ഒന്നും മിണ്ടുന്നില്ലെങ്കിലും ഒരുപാട് സംസാരിക്കുന്നുണ്ട്. ജലപ്പരപ്പിന്റെ അമേയത എന്തെല്ലാം സവിശേഷ വിചാരങ്ങളാണ് നമ്മിൽ കൊണ്ടുവരുന്നത്.

ഭഗവദ് ഗീതയിൽ പറയുന്നതുപോലെ സാഗരത്തിൽനിന്ന് ആരെങ്കിലും വെള്ളമെടുക്കുന്നുവെന്നോ, അതിലേയ്ക്ക് വെള്ളം ഒഴിക്കുന്നുവെന്നോ സാഗരം ചിന്തിക്കുകപോലും ചെയ്യുന്നില്ല. ഉപരിതലത്തിൽ എന്തെല്ലാം നടന്നാലും സാഗരത്തിന്റെ അഗാധത എന്നും നിശ്ചലവും പൂർണ്ണിമയുടെ നിതാന്തനിർവൃതിയിൽ കഴിയുന്നതുമാണ് (ഗീത 2:70). നമ്മുടെ അമ്മയായ മേരി ഇങ്ങനെയുള്ള ഒരു കൃപാവരസാഗരം പോലെയല്ലേ? അമലയും അനുഗ്രഹപൂരിതയുമായി ഈ ലോകത്തിലേയ്ക്കുവന്ന അമ്മ അനുഗ്രഹങ്ങളുടെ ഒരു സാഗരം തന്നെയാണ്. ബാഹ്യതലത്തിൽ എന്തെല്ലാം സംഭവിച്ചാലും ആ അമ്മയുടെ അന്തരാത്മം അചലപ്രതിഷ്ഠവും പ്രശാന്തസമ്പൂർണ്ണവുമാണ്.

''നന്മ നിറഞ്ഞവളെ''യെന്നാണു മാലാഖാ മാതാവിനെ അഭിസംബോധന ചെയ്തത്. എളിമയുടെ അഗാധതയും കൂടി സമ്മേളിച്ചിരുന്നതുകൊണ്ട് അമ്മയ്ക്കത് അദ്ഭുതമായി തോന്നിയെന്നതും വാസ്തവമാണ്. സാഗരം മൗനമവലംബിച്ച് നമ്മോടു സംസാരിക്കുന്നതുപോലെ മാതാവും സുവിശേഷത്തിൽ നിറഞ്ഞു നില്ക്കുന്ന, മാതൃമൗനത്തിലൂടെ നമ്മോടു സംസാരിക്കുന്നു.

## എന്താണു മൗനം?

മൗനം എന്നു പറയുന്നതിന്റെ അർത്ഥം നിതാന്തമൗനം എന്നല്ല. മനനത്തിന്റെ തികവിൽ നിന്നാണു മൗനം ഉത്ഭവിക്കുന്നത്. 'മൻ' എന്ന സംസ്കൃത ധാതുവിന്റെ അർത്ഥം 'ചിന്തിക്കുക', 'മനനം ചെയ്യുക'യെന്നാണ്. ഈ ധാതുവിൽ നിന്നാണ് മനനം എന്ന നാമരൂപം ഉത്ഭവിക്കുന്നത്. മനനത്തിൽ ആമഗ്നനായിരിക്കുന്നവനാണ് മുനി. മുനിയെ ആവരണം ചെയ്യുന്ന അന്തരീക്ഷ സവിശേഷതയാണ് മൗനം. മൗനം അങ്ങനെ മനനത്തിന്റെ, ധ്യാനാത്മകതയുടെ, ഒരു ഭാവവിശേഷമാണ്. അല്ലാതെ ഭയം കൊണ്ടോ, അസുഖംകൊണ്ടോ അധരങ്ങൾ പൂട്ടിയിരിക്കുന്നതല്ല മൗനം.

'മൗനം വിദ്വാന് ഭൂഷണം' എന്ന പറയുന്ന പഴഞ്ചൊല്ലിന്റെ അർത്ഥവും ഇവിടെ വ്യക്തമാണ്. ശരിക്കും ധ്യാനോപാസന നടത്തുന്നവരാണ് മൗനം പാലിക്കുന്നവർ. അവർ വായിൽ വരുന്നതെല്ലാം വരുന്നപാട് സംസാരിക്കുന്നവരല്ല. സംസാരത്തെ ബുദ്ധികൊണ്ടു നിയന്ത്രിക്കുന്നവരും, എന്നാൽ വേണ്ടിടത്തു വേണ്ടത് സംസാരിക്കുന്നവരുമാണ്. ഇത് സാധിക്കുന്നതിന് നല്ല

ആന്തരീക നിയന്ത്രണവും സത്യസന്ധതയോടുള്ള പ്രതിബദ്ധതയുമുണ്ടായിരിക്കണം. അങ്ങനെ മൗനമനോജ്ഞയായ മേരിയും അവളിലുരുത്തിരിഞ്ഞ ഓരോ വാക്കുകൾ സംസാരിക്കുന്നുണ്ട്. എങ്കിലും പലേടത്തും ഒന്നും ഉരിയാടാതെ നില്ക്കുന്ന മേരിയെയാണ് നാം കാണുന്നത്. പക്ഷെ അവിടെ നിലകൊള്ളുന്ന മാതാവിന്റെ നിശബ്ദ സന്നിധാനം വളരെ ശക്തിയായി, സ്വരരഹിതമായി, ആത്മാവിന്റെ ഉള്ളറയിലേയ്ക്കു സംസാരിക്കുന്നു. ഈ ധ്യാനത്തിലൂടെ നമുക്കു മാതാവിന്റെ മൗനവും മാതാവിന്റെ ചുരുങ്ങിയ വാക്കുകളും ചിന്താവിഷയമാക്കാം.

## ''ഇതെങ്ങനെ സംഭവിക്കും, ഞാൻ കന്യകയാണല്ലോ'' (ലൂക്ക 1:34)

സുവിശേഷത്തിലെ മേരി ആദ്യമായി സംസാരിക്കുന്ന ചെറിയ വാക്യമാണിത്. മേരിയുടെ ബാല്യപ്രായത്തെക്കുറിച്ച് സുവിശേഷങ്ങൾ ഒന്നും പറയുന്നില്ല. ധ്യാനനിർല്ലീനയായ മേരിയെക്കുറിച്ച് പ്രതിപാദിച്ചപ്പോൾ ഈ വാചകം പ്രത്യക്ഷപ്പെട്ടതാണെങ്കിലും മൗനത്തെക്കുറിച്ച് ചിന്തിക്കുന്ന ഈയവസരത്തിൽ ഈ ആദ്യവാചകത്തിനു പ്രസക്തിയുണ്ട്. മൗനം അധരങ്ങൾ പൂട്ടുന്നതല്ല, പ്രത്യുത മനനത്തിൽനിന്ന് ഉരിത്തിരിയുന്ന ചിന്തകൾ ആവശ്യാനുസരണം വിനീതമായി വിനിമയം ചെയ്യുന്നതു കൂടിയാണ്. തികച്ചും ആകസ്മികമായ ഒരു സംഭവത്തിന്റെ മദ്ധ്യത്തിൽ, അദ്ഭുതം അറിയാതെ പ്രശ്നരൂപത്തിൽ പുറത്തുവന്നതാണീ വാചകം. ഇത് മനസ്സിന്റെ അഥവാ മാനസിക ചിന്തയുടെ സാമാന്യതലത്തിൽ നിന്നും വരുന്ന ഒരു വാചകമാണ്. ഇതിന് മാലാഖയുടെ മറുപടി മാനുഷിക ബുദ്ധിയുടെ തലത്തിൽ നിന്നുള്ളതായിരുന്നില്ല. മാലാഖാ മറിയത്തെ ദൈവിക വിജ്ഞാനത്തിലേക്ക്, അഥവാ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്ക് ക്ഷണിക്കുകയായിരുന്നു. ദൈവത്തിന് അസാധ്യമായിട്ടൊന്നുമില്ലെന്നു പറഞ്ഞുകൊണ്ട് മനസ്സിന്റെ (mind) ന്യായം വിശ്വാസത്തിനു (faith) കീഴ്‌വഴങ്ങുന്നതിന്റെ മനോഹരമാതൃകയാണ് ഈ ആദ്യവാക്യത്തിനുശേഷമുള്ള മേരിയുടെ മൗനം. നസ്രസ്സിലെ കന്യക പിന്നീടൊന്നും ചോദിച്ചില്ല, വാദിച്ചില്ല. മാലാഖാ പിന്നീട് പറഞ്ഞതൊക്കെ പൂർണ്ണമൗനത്തോടെ കേട്ടുനിന്നു.

''ഇതാ കർത്താവിന്റെ ദാസി'' (ലൂക്ക 1: 38) എന്നു പറഞ്ഞുകൊണ്ട് നസ്രസ്സിലെ വിനീത കന്യക സ്വന്തജീവിതം ദൈവവചനത്തിനു മുമ്പിൽ അടിയറവയ്ക്കുന്നു. ''നീ പറഞ്ഞതുപോലെ, ദൈവം ആഗ്രഹിച്ചതുപോലെ, എന്നിൽ സംഭവിക്കട്ടെ''

ഈ സ്വർഗ്ഗീയ വാഗ്ദാനത്തിന്റെ സാക്ഷാത്ക്കാരത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ മേരിയുടെ അഗാധമൗനം സ്വന്ത ജീവിതത്തെയാകമാനം

ആവരണം ചെയ്തുനിന്നിരുന്ന ഒരു മൗനധ്യാനമായി നാം കാണുകയാണ്. എല്ലാം അർപ്പണത്തിന്റെ സാക്ഷാത്കാരത്തിലൊതുങ്ങുന്നു.

വിശുദ്ധരുടെ ശിരസ്സിനു ചുറ്റും പരിശുദ്ധിയുടെ പ്രകാശവീചികൾ കാണുന്നതുപോലെ ധ്യാനിക്കുന്ന ആത്മാവിൽ നിറഞ്ഞുനില്ക്കുന്ന ധ്യാനാത്മകത യാണ് മൗനത്തിനു നിദാനം. മൗനം മുഖത്തിനു ചുറ്റുമുള്ള ധ്യാനപ്രഭയായി പരിണമിക്കുന്നു. മാതാവിന്റെ മൗനജീവിത്തിലേക്കു പ്രവേശിക്കുമ്പോൾ ഇത് അക്ഷരാർത്ഥത്തിൽ ശരിയാണെന്ന് നമുക്ക് കാണാം.

മംഗലവാർത്തയരുളുന്ന മാലാഖായോടുള്ള ആദ്യത്തെ ചോദ്യത്തിനു ശേഷം മേരി പരിപൂർണ്ണ മൗനത്തിലേയ്ക്ക് മാറുന്നതായി നാം കാണുന്നു. ഈ മംഗലവാർത്തയ്ക്കു ചുറ്റും ഒരുപാടു പ്രശ്നങ്ങൾ ഉരുത്തിരിയുന്നുണ്ടായിരുന്നു.

സംസ്കൃതത്തിൽ 'സംഭവം' എന്ന പദത്തിന്റെ അർത്ഥം പിറവി അഥവാ ജനനം എന്നാണ്. നല്ലത് ഭവിക്കുന്നതാണല്ലോ ജനനം (സം+ഭവം). സ്വയം നിവേദനം ചെയ്തുകൊണ്ട്, അഥവാ സമർപ്പിച്ചുകൊണ്ട് മേരി മൗനം ഭജിക്കുന്നു. ഇവിടെ മാനസികചിന്ത അഥവാ Mind പ്രവർത്തിക്കുന്നില്ല. ആത്മാവിന്റെ സിദ്ധികളായ ബുദ്ധിയും മനസ്സും (Intellect and Will) പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ആദ്യപ്രശ്നം യൗസേപ്പിതാവ് ഈ രഹസ്യം മനസിലാക്കുകയും സ്വീകരിക്കുകയും ചെയ്യുകയെന്നതായിരുന്നു. പക്ഷെ സുവിശേഷത്തിൽ നാം മേരിയുടെ മൗനമല്ലാതെ ഒന്നും കാണുന്നില്ല. വീണ്ടും സുവിശേഷത്തിൽ നാം കാണുന്നത് യൗസേപ്പിതാവിന്റെ മനോവേദനയും, മേരിയെ രഹസ്യത്തിൽ ഉപേക്ഷിക്കാനുമുള്ള ചിന്തയും (mind level); ദൈവം നേരിട്ട് യൗസേപ്പിതാവിന് ഉദ്ബോധനം നല്കുന്നതുമായിട്ടാണ് (faith level). ആദ്യപ്രശ്നം അങ്ങനെ അവസാനിക്കുന്നു (മത്താ. 1:18-21). മേരി ഈ ദിവസങ്ങളിൽ എന്ത് ചിന്തിച്ചിരുന്നുവെന്ന് ആലോചിക്കുന്നത് നല്ലതാണ്. നമുക്കത് ധ്യാനമാണ്. മേരിക്കും അത് മൗനധ്യാനത്തിന്റെ അനർഘനിമിഷങ്ങളായിരുന്നു.

ദൈവം വാഗ്ദാനം ചെയ്ത ഒരു രക്ഷണീയ സംഭവത്തിന്റെ പ്രശ്നം ദൈവം തന്നെ കൈകാര്യം ചെയ്യുമെന്നു മേരി വിചാരിച്ചു കാണണം. അല്ലാതെയെന്തു ചെയ്യാനാണ്. അതു ധാരാളം മതി.

നസ്രസ്സിലെ കന്യകയായ നമ്മുടെ അമ്മയുടെ മൗനധ്യാനങ്ങൾ എപ്പോഴും അലരണിയുന്നതായി നമുക്കു കാണാം. നമുക്കും ഇത് തന്നെയാണ് മാർഗ്ഗം. ദൈവം നമ്മിൽനിന്നും എന്തെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ, അതിന്റെ സാക്ഷാത്കാരത്തിൽ നേരിടുന്ന പ്രശ്നങ്ങൾ അവിടുന്നുതന്നെ കൈകാര്യം

ചെയ്തുകൊള്ളുമെന്ന് നാം അസന്നിഗ്ധമായി വിശ്വസിക്കണം. അവിടുന്നത് നിർവ്വഹിക്കുകയും ചെയ്യും.

പ്രശ്നങ്ങൾ ഇവിടംകൊണ്ടവസാനിച്ചില്ല. അഗസ്റ്റസ് സീസറിന്റെ കല്പനയും ബത്‌ലേഹമിലേയ്ക്കുള്ള യാത്രയും നാം കണ്ടുകഴിഞ്ഞതാണ്. ഇവിടെയും മേരിയുടെ സമ്പൂർണ്ണ മൗനം നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു.

ഈ സംഭവങ്ങളിലെല്ലാം നിറഞ്ഞു നില്ക്കുന്ന കഥാനായിക മേരിയാണ്. എന്നാൽ മേരി ഒന്നും ഉരിയാടുന്നില്ല.

ഇത്തരുണത്തിൽ യൗസേപ്പിതാവിന്റെ മനോവേദനയെക്കുറിച്ചുകൂടി ചിന്തിക്കുന്നത് നല്ലതാണ്. ഇത് മേരിയുടെ വേദനയെ നിരന്തരം വർദ്ധിപ്പിച്ചു കൊണ്ടിരുന്ന ഒരു വസ്തുതകൂടിയായിരുന്നു. തന്റേതല്ലാത്ത ഒരു കുഞ്ഞിന്റെ പ്രസവത്തിനുവേണ്ടി സ്ഥലമന്വേഷിച്ചു പോകുന്ന യൗസ്സേപ്പിതാവ്. ഭവന വാതിലുകൾ ഓരോന്നോരോന്നായി അടയുന്നു. ഈ വിവരം തന്റെ കൂടെയുള്ള സ്വന്തകുലകന്യകയോട് പറയേണ്ടിവരുന്നു.

അനുഗ്രഹീത ചാവറ അച്ചന്റെ ആത്മാനുതാപമെന്ന കാവ്യപുസ്തകത്തിൽ ഈ രംഗം പ്രതിപാദിക്കുന്നതിപ്രകാരമാണ്.

അങ്ങനെനിനച്ചവിടത്തിലും ചെന്നശേഷം
തിങ്ങുന്ന ജനത്തിനാൽ തിണ്ണയും നിറഞ്ഞുപോ-
യിങ്ങനെയുള്ള മഹാദുഃഖത്താൽ പുണ്യപിതാ
മംഗല ഭാര്യാപക്കൽ പിന്തിരിഞ്ഞയ്യോ, ദുഃഖം.

(ആത്മാനുതാപം, നാലാം പാദം, 133-136)

യൗസേപ്പിതാവും ഒരു തരം മൗനധ്യാനത്തിൽ കഴിഞ്ഞിരുന്ന വ്യക്തിയാണ്. രക്ഷണീയ കർമ്മത്തിൽ, മാതാവിന്റെ ജീവൻ സംരക്ഷിക്കാനും, വേണ്ട തുണയേകുവാനും ദൈവം തിരഞ്ഞെടുത്ത വിശുദ്ധ വ്യക്തിയാണദ്ദേഹം. അദ്ദേഹം മഹാമനസ്കനും ത്യാഗസന്നദ്ധനും സർവ്വോപരി കറയറ്റ സ്നേഹത്തിന്റെ ഉടമയായ ശുദ്ധഹൃദയമുള്ളവനുമായിരുന്നു. ഈശോയുടെ ജനനത്തിനുശേഷം, അതീവ ലാളിത്യത്തിൽ, സ്വർഗ്ഗീയ സന്തോഷത്തിൽ ഇവർ മൂവരും നസ്രസ്സിലെ കൊച്ചു ഭവനത്തിൽ ജീവിച്ചുപോന്നു.

## ഈജിപ്തിലേക്കുള്ള പലായനം (മത്താ. 2: 13-14)

അതാ വീണ്ടും ആകാശത്ത് നിന്ന് തിരുവുത്തരവ്. ഉടനെ പുറപ്പെടുക, ഈജിപ്തിലേയ്ക്ക്. കുഞ്ഞിന്റെ ജീവിതം അപകടത്തിലാണ്. ഹേറോദേസ് രാ

ജാവ് കുഞ്ഞിനെ കൊല്ലുവാൻ പരിശ്രമിക്കുന്നു. മേരിയും യൗസ്സേപ്പിതാവും ഉണ്ണിയീശോയോടു കൂടി യാത്രയായി.

മംഗലവാർത്തക്കു ശേഷം മേരിയുടെ ജീവിതം സദാ യാത്രയാണ്. യാത്ര തന്നെയാണ് ധ്യാനവിഷയവും ധ്യാനസാധനയും. ഇത്തവണ മൗനത്തിന് പുതിയ ഒരു ചിന്താധാരയാണ് കിട്ടുന്നത്.

ദൈവപിതാവിന്റെ അരുമമകൻ, അത്യുന്നത രാജാവിന്റെ തിരുക്കുമാരൻ, എന്തിന് സ്വാർത്ഥമതിയായ ഒരു നാടൻ രാജാവിനെപ്പേടിച്ച് നാടുവിട്ടോടി പ്പോകണം? ഇത് ചിന്തിക്കാവുന്ന ഒരു ചോദ്യമാണ്. മേരി അങ്ങനെ ചിന്തി ച്ചുവോ, ഇല്ലയോ എന്നു സുവിശേഷങ്ങളിൽ ഒന്നും പറയുന്നില്ല. സുവിശേഷ ങ്ങൾ മൗനത്തിലൂടെയാണു മേരിയെക്കുറിച്ച് കൂടുതൽ സംസാരിക്കുന്നത്. ചുരുക്കത്തിൽ 'തർക്കസമാധി' അല്ല മേരിയുടെ ധ്യാനരീതി, മറിച്ച് ധ്യാനാ വസാനത്തിൽ യതിവര്യന്മാർ എത്തിച്ചേരുന്ന ആത്മനിവേദന സമാധിയാണ്.

പതഞ്ജലി വിഭാവനം ചെയ്തിട്ടുള്ളതും ലോകത്തിൽ വളരെ പ്രമുഖ സ്ഥാനത്തിരിക്കുന്നതുമായ അഷ്ടാംഗ യോഗമെന്നറിയപ്പെടുന്ന രാജയോഗം ഒരു ധ്യാനസാധനയാണ്. എട്ടുപടികളായിട്ടാണ് അദ്ദേഹം ഇത് വിഭാവനം ചെ യ്തിട്ടുള്ളത്. ആദ്യത്തെ രണ്ടു പടികൾ ധ്യാനസാധനക്കൊരുക്കമായിട്ടുള്ള 5 യമങ്ങളും (അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം) 5 നിയമങ്ങളുമാണ് (ശുചിത്വം, സന്തോഷം, തപസ്സ്, സ്വാദ്ധ്യായം, ഈശ്വര പ്രണിധാനം). ധ്യാനത്തിന്റെ ആദ്യ പടിയായ 'ആസനം' (ഇരിപ്പിടം) തൊട്ട് അവസാനപടിയായ 'സമാധി' വരെ വളരെ ചുരുക്കമായിട്ടും തന്മയത്വത്തോടു കൂടിയും അവതരിപ്പിക്കുന്നു. ഇതിലെ സമാധി എന്ന പദം വിശകലനം ചെയ്യുമ്പോൾ, ചില ധ്യാന ഗുരുക്കന്മാർ പലതരം സമാധിയെക്കുറിച്ച് പറയുന്നുണ്ട്. അതിലാദ്യത്തേതാണ് തർക്ക സമാധി (അതായത് തർക്കത്തിൽ ലയിച്ചിരിക്കുന്ന ധ്യാനം.) അടുത്തത് വിചാരസമാധി. കാലക്രമത്തിൽ തർക്കത്തിന്റെ വാദപ്രതിവാദങ്ങൾ കുറഞ്ഞ് കുറഞ്ഞ് സദാ ദൈവചിന്തം മാത്രം ആഗ്രഹിക്കുന്ന മനസ്സിന്റെ ഒരേയൊരു വിചാരത്തിൽ ഉറച്ചു നിൽക്കു ന്നു, സമർപ്പണത്തിലേക്കു മാറുന്നു. വിചാരവും അർപ്പണഭാവവും പരസ്പരം ആശ്ലേഷിക്കുന്നു, ഒരേയൊരു ആത്മനിവേദനമായി, ദഹനബലിയായി, ഒരിക്കലും അവസാനിക്കാത്ത ധ്യാനസാധനയിലൂടെ സമർപ്പിക്കപ്പെടുന്നു. ഇതാണ് മേരിയിൽ സംഭവിക്കുന്നത്.

ഈജിപ്താകട്ടെ പഴയ നിയമത്തിലെ ഇസ്രായേൽ പിതാമഹന്മാർ അടിമത്തത്തിൽ കഴിഞ്ഞിരുന്ന നാടാണ്. ഇസ്രയേൽക്കാരുടെ ദൈവമാണ് ഈജിപ്ത് ഭരണാധികാരിയായിരുന്ന ഫറവോയെ തോൽപ്പിച്ച്, കടലിനെ

കരയാക്കിമാറ്റി, സ്വന്തജനത്തെ രക്ഷിച്ചത്. ആ നാട്ടിലേയ്ക്ക്, എന്നുവെച്ചാൽ ശത്രുക്കളുടെ നാട്ടിലേയ്ക്ക് പലായനം ചെയ്യുവാനാണിപ്പോൾ മേരിയൗസേപ്പുമാരോടാവശ്യപ്പെടുന്നത്. സാധാരണചിന്തയ്ക്ക് വിപരീതമായ പല വാദമുഖങ്ങളും ഇതിനടിയിൽ പതഞ്ഞുപൊങ്ങാൻ പാടുണ്ട്. എന്നാൽ മേരിയൗസേപ്പുമാരിൽ എല്ലാം ശാന്തം, എല്ലാം മൗനം, എല്ലാം ആഴമറിയാനാവാത്ത ദൈവകല്പനകളുടെ ഗതിവിഗതികൾ. അവർ ഈജിപ്തിലേയ്ക്കു പോകുന്നു.

അവിടെ എന്തുസംഭവിച്ചെന്ന് സുവിശേഷം പറയുന്നില്ല. പക്ഷെ തിരുക്കുടുംബം ഈജിപ്തിൽനിന്നും യാതൊരപകടവും കൂടാതെ തിരിച്ചു വരുന്നുണ്ട്. പഴയകഥകളൊക്കെ ആളുകൾ മറക്കുന്നു. ദിവ്യതയും, ഭവ്യതയും സമഞ്ജസമായി സമ്മേളിക്കുന്ന മൂന്നുവ്യക്തികൾ ഈജിപ്തിലേയ്ക്കു വന്നപ്പോൾ സാമാന്യം മതവിശ്വാസികളായി കഴിയുന്ന നാട്ടുകാർക്ക് ഇഷ്ടമായെന്നു വേണം സങ്കല്പിക്കുവാൻ.

അപരനെ സ്നേഹിക്കാനും സ്നേഹത്തോടെ ഉൾക്കൊള്ളാനുമായിട്ടാണ് പരോന്മുഖഹൃദയത്തോടുകൂടി ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. അതുകൊണ്ട് എല്ലാ മനുഷ്യരുടേയും സ്വാഭാവിക പ്രവണത അപരനെ സ്നേഹിക്കാനായിരിക്കണം. ചരിത്രപരവും അതിൽ കൂടുതൽ വ്യക്തിപരവുമായ കാരണങ്ങളാലാണ് ദൈവസ്വഭാവം തന്നെ പ്രതിബിംബിക്കുന്ന ഈ പരോന്മുഖപ്രവണതയെക്കെതിരായി നാം പ്രവർത്തിക്കുന്നത്.

ഈജിപ്തുകാരാകട്ടെ, യഹൂദവംശം ഒരുപക്ഷെ കൊല്ലുമായിരുന്ന ഉണ്ണിയേയും മാതാപിതാക്കളേയും സ്നേഹപൂർവ്വം സ്വീകരിച്ചു. ഈജിപ്തിനും ഇസ്രായേലിനുമിടയിലുള്ള 'ഇടച്ചുമര്' ധ്യാനിക്കുന്ന ബുദ്ധി ഉപേക്ഷിക്കുന്നു. ഒരേയൊരു വിചാരത്തിൽ മാത്രം മുഴുകിയിരിക്കുന്നു: ദൈവചിത്തം. അതിനുശേഷം വിചാരാത്മകമായ ചിന്താധാര (Mental Process) പൂർണ്ണമായും നിലയ്ക്കുന്നു. ആത്മാവ് അഗാധബുദ്ധി (Intellect) യിലേയ്ക്ക് പ്രവേശിച്ച് ആഴമേറിയ ധ്യാനത്തിലും സമചിത്തതയിലും നിലകൊള്ളുന്നു. ഇതിനു പതഞ്ജലി സമാധി എന്നുപറയുന്നു. സമ+ധീ=സമമായ ധീഭാവം, ഇതാണ് സമാധി.

സമമായ മനോഭാവം. ഭക്തിസമാധിയിൽ ഈ സമഭാവനയും, ആത്മനിവേദനവും ഒന്നുചേരുന്നു. ഈജിപ്റ്റിനും ഇസ്രായേലിനും ഇടയിലുള്ള ''ഇടച്ചുമര്'' തുടച്ചുമാറ്റുവാൻ വന്ന പൈതലിനു ഈ ഹൃസ്വസന്ദർശനം സന്തോഷകരമായിരിക്കണം. വീണ്ടും ദിവ്യകല്പന വരുന്നതുവരെ തിരുകുടുംബം അവിടെ താമസിച്ചു.

മേരിയാകട്ടെ ശത്രു, മിത്രമാവുകയും മിത്രങ്ങൾ ശത്രുക്കളായി മാറുകയും ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ നരകുല സമൂഹത്തിന്റെ ബാലിശവും, ബലഹീനവുമായ പെരുമാറ്റരീതികൾ കണ്ട്, അവയ്ക്കതീതമായി ഉയർന്ന് സമചിത്തതയോടെ സദാ ധ്യാനിച്ചുകൊണ്ടിരുന്നു.

തിരുക്കുടുംബം ഇസ്രായേലിലേയ്ക്ക് തിരിച്ചുവന്നു. വീണ്ടും ക്രൂരതയുടെ വാളുകൾ അവർക്കെതിരെയുണ്ടായിരുന്നു. യുദയായും, സമറിയായും യേശുവിന്റെ വളർത്ത് സ്ഥലത്തിൽനിന്നും മാറ്റപ്പെടുന്നു. അങ്ങകലെ കിടക്കുന്ന ഗലീലിയായിൽ താമസമാക്കുന്നു. മീൻ പിടുത്തക്കാരെ തേടി വന്ന മഹാരാജാവെന്തിനു രാജകൊട്ടാരത്തിൽ താമസിക്കണം? കടലിനരികെ തന്നെയാണ് നല്ല സ്ഥലമെന്ന തീരുമാനം വരുന്നു. യുദയായും നസ്രസ്സും വിട്ട് മേരി അങ്ങകലെയുള്ള ഗലീലിയായിലേക്കു പോകുന്നു. കടലും കടൽ തിരകളുടെ കമനീയതയും ധ്യാനാത്മകമാണ്. ഒന്നും ഉരിയാടാതെ തോരാതെ സംസാരിക്കുന്നൊരമ്മയാണ് സാഗരം. ഓരോ തിരയും ഓരോ പൊരുളാണ്. അലയാഴി അലിവിന്റേയും ധാരാളമായി ഒഴുകുന്ന അനുകമ്പയുടേയും പ്രതീകമാണ്.

കരുണക്കടലിനുടമയായി കരതേടിവന്നവനേ,
കരയിലെ കനൽവെയിലിൽ പൊരിയുന്നവരെ,
പൊരിഞ്ഞുകരയുന്നവരെ,
അലിവോടെ ഓർക്കണേ.
അറിവിന്നതീതമായ മഹാ-
വിജ്ഞാനീയത്തിലേക്കെടുക്കണേ.

## കാൽവരിയിലേക്ക്

''കാൽവരിയിൽ കുരിശിന്നരികിൽ ഈശോയുടെ അമ്മ നിന്നിരുന്നു'' (യോഹ. 19:25).

മാതാവിന്റെ ധ്യാനാത്മകമായ മൗനം മനോജ്ഞതയുടെ മകുടംചൂടുന്ന സ്ഥലമായിരിക്കാം കാൽവരി. ഇവിടെ ഇരുണ്ടുകൂടിയ ആകാശത്തിന്നടിയിൽ, സ്വർഗ്ഗത്തിന്റെ സുദീർഘ മൗനത്തിൽ, അരുമ മകന്റെ അന്ത്യം കണ്ടുകൊണ്ടു നില്ക്കുന്ന അമ്മയുടെ അഗാധ മൗനത്തിന്റെ വിലയും വേദനയും ആരു കാണുന്നു! സുവിശേഷകൻ ഒരു ചെറിയ വാക്യം കൊണ്ട് എല്ലാം സമാഹരിക്കുകയാണ് ''കുരിശിനരികിൽ അമ്മ നിന്നിരുന്നു''. ആകാശത്തിലെ പറവകളും അവനിയിലെ പാറകളും അതിദാരുണ രംഗം കണ്ട് പേടിച്ചും, നാണിച്ചും, വിറകൊള്ളുകയും, പിളർന്നു വീഴുകയും ചെയ്തു. കറുത്ത കാർമേഘങ്ങൾ രാത്രിയായില്ലെങ്കിലും കാൽവരി മുകളിൽ ഇരുട്ടു പരത്തികഴിഞ്ഞു. എങ്ങും ശോകമൂകത; ഏതാനും മനുഷ്യർ മാത്രം ക്രൗര്യത്തിന്റെ മാരകായുധങ്ങളുമായി അട്ട

ഹസിച്ച് സ്വരമുണ്ടാക്കുന്നു. ഭയാനകവും ദയനീയവുമായ ഈ ശോചനീയാന്തരീക്ഷത്തിൽ നിഷ്കളങ്കതയുടെ തരളിത കളേബരുവുമായി ഇതാ മേരി, കരുണയുടെ കരകാണാസാഗരം. നസ്രസ്സിലെ കന്യകാമണി, യേശുവിന്റെ അമ്മ.

ലോകവും നാകവും തമ്മിലുള്ള വിടവ് ഇതിൽപരം അകന്നിട്ടുണ്ടോയെന്നു ന്യായമായി സംശയിക്കാവുന്നതാണ്. പുൽക്കൂട്ടിൽ പ്രസവിക്കേണ്ട ഗതികേട് വന്നപ്പോഴും മേരി ചിന്തിച്ചില്ല ഈ കുഞ്ഞിന്റെ മരണം ഇതിലും ദയാഹീനമാകുമെന്ന്. ദൈവത്തിന്റെ പ്രിയപ്പെട്ടവർ പോകേണ്ട വഴി ദൈവത്തിനു മുൻപിൽ എപ്പോഴും തെളിഞ്ഞുനില്ക്കുന്നുണ്ട്. ആ വഴിയിലൂടെ പോകേണ്ടവരോട് അതെല്ലാം നേരത്തെ കൂട്ടി പറയാറില്ല. ഓരോന്നും അതാത് സമയത്ത് വെളിപ്പെടുത്തും. ദൈവം നിശബ്ദതയിലൂടെയാണ് വളരെയധികം കാര്യങ്ങൾ സംസാരിക്കുന്നത്. സ്വരരഹിതമായ നിശബ്ദതയ്ക്ക് അത്രയധികം കഴിവുണ്ട്, വളരെ വലിയ വിനിമയ വേദിയാകുവാൻ. അങ്ങനെ മനം നീറുന്ന മൗനവേദിയിൽ നിന്നുകൊണ്ട് ഈശോയുടെ അമ്മയായ മേരിയും ദൈവസ്വരം കേൾക്കുന്നു. ''ഇതെല്ലാം ഇതുപോലെ സംഭവിക്കുന്നു. ഇതിനായിട്ടാണ് എന്റെ അരുമ സുതൻ വിണ്ണിന്റെ സ്വർണ്ണസദനത്തിൽ നിന്നിറങ്ങി മണ്ണിന്റെ മണവും, മനുഷ്യന്റെ നിണവുമുള്ള ജീവിതം തിരഞ്ഞെടുത്തത്. ഈ പ്രിയ പുത്രൻ മരിക്കാൻ ജനിച്ചവനാണ്. അങ്ങനെ മരണത്തിലൂടെ സ്വർഗ്ഗത്തെ താഴോട്ടിറക്കാനും ഉത്ഥാനത്തിലൂടെ മനുഷ്യനെ മേലോട്ട് കയറ്റുവാനുമായിട്ടാണ് ഈ ദൈവപുത്രൻ ജനിച്ചിരിക്കുന്നത്.'' മനസ്സിലായാലും ഇല്ലെങ്കിലും മനുഷ്യപുത്രിയായ മേരിക്ക് ഈ സത്യം ഉൾക്കോള്ളേണ്ടത് ആവശ്യമായിരുന്നു.വിശ്വാസത്തിന്റേതായ വിമല നയനങ്ങൾകൊണ്ട് ആന്തരികമായി, അമ്മ അതു കണ്ടിരുന്നവെന്നു വേണം വിചാരിക്കുവാൻ. ബാഹ്യനയനങ്ങൾ കാണുന്നതല്ല വിശ്വാസത്തിന്റെ നയനങ്ങൾ കാണുന്നത്. ബാഹ്യശ്രവണ പുടങ്ങൾ കേൾക്കുന്നതല്ല വിശ്വാസത്തിന്റെ ഉൾച്ചെവികൾകേൾക്കുന്നത്. അവിടെ ആത്മാവിന്റെ ആന്തരീകതലത്തിലെല്ലാം വ്യത്യസ്ഥമാണ്. അതുകൊണ്ട് തന്നെ ബാഹ്യതലത്തിലെ മൗനം അത്യന്താപേക്ഷിതമാണ്. എന്നാൽ ഇവിടെ ബാഹ്യതലത്തിലെ മൗനം അല്ല, മറിച്ച് അപലപിക്കപ്പെടേണ്ട വിലപനീയ രംഗങ്ങളാണ് നിലവിട്ട് നൃത്തമാടുന്നത്. ഈ പ്രക്ഷുബ്ധസിരാസാഗരത്തിന്റെ നടുവിൽ നിന്നുവേണം നിർമ്മലതയുടെ തൂവെള്ള താമരയായ മേരി, ആഞ്ഞടിക്കുന്ന അലകൾക്കതീതമായ് ഉയർന്ന് മൗനം ഭജിച്ച്, ദൈവതിരുമനസ്സ് സ്വീകരിക്കേണ്ടത്.

ഏകദേശം അമ്പതുകൊല്ലങ്ങൾക്ക് മുമ്പ് ചെയ്ത ആത്മനിവേദനം സാക്ഷാത്ക്കാരത്തിന്റെ അവസാനഘട്ടത്തിലേക്ക് നടന്നടുക്കുകയായിരുന്നു. വിശ്വാസത്തിന്റെ അണയാദീപവുമായി, ഒന്നും ഉരിയാടാതെ മേരി ഈ നിറവേറലിന്, സ്വയം വിട്ടുകൊടുക്കുകയായിരുന്നു.

''ഈശോയുടെ അമ്മ കുരിശിനരികിൽ നിന്നിരുന്നു''

തിരുസുതന്റെ ദാരുണ മരണം കണ്ടുകൊണ്ടാണ് ഈ അമ്മ അവിടെ നില്ക്കുന്നത്. ഈ മൗനനിശബ്ദതയിൽ കുരിശെന്ന ചെറിയ ചിഹ്നം നമ്മളോട് വളരെയധികം സംസാരിക്കുന്നുണ്ട്. കുരിശ് വിദേശികളായ റോമക്കാർ യഹൂദരുടെ നാട്ടിലേക്ക് കൊണ്ടുവന്ന ഒരു കടുത്ത ശിക്ഷാരീതിയാണ്. ഇതിൽ യഹൂദ പാരമ്പര്യത്തിന്റെ വലുപ്പമോ, മഹിമയോ ഒന്നുമില്ല. മറിച്ച് അവർ വളരെയധികം ചെറുക്കുന്ന, വെറുക്കുന്ന, വിദേശാധിപത്യത്തിന്റെ ഒരു ചിഹ്നമാണിത്. യേശുവിനെ നശിപ്പിക്കാനും വധിക്കാനുമായി യഹൂദപ്രമാണികൾ യാചിക്കുന്നത് ഒരു വിദേശാധിപതിയോടാണ്. ആ വിദേശിയോ, പ്രത്യേകിച്ച് അദ്ദേഹത്തിന്റെ ഭാര്യ, യേശുവിനെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്നാഗ്രഹിക്കുന്നു. വിവിധ തരത്തിലുള്ള വിരോധാഭാസങ്ങൾ കൊടുംപിരികൊള്ളുന്ന ഒരു രംഗമാണിത്. ആരെ ദൈവം സ്വന്തം ജനമെന്നുവിളിച്ചുവോ, ആരോട് ഈശോയുടെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ നല്കിയോ, ആർക്കുവേണ്ടി സ്വർഗ്ഗത്തിൽ നിന്നും താനിറങ്ങി വന്നുവോ, ആ ജനവും അവരുടെ അധിപന്മാരും തന്നെ വധിക്കുന്നതിനാഗ്രഹിക്കുന്നു. വിദേശിയായ ഭരണാധിപനാകട്ടെ എങ്ങനെയെങ്കിലും ഈശോയെ രക്ഷിക്കാൻ ആഗ്രഹിക്കുന്നു. അത് വിജയിക്കുന്നില്ലെങ്കിലും മേരിയുടെ മുന്നിൽ ചോദ്യചിഹ്നമുയർത്തുവാൻ പാടുണ്ട്. പാപമേശാത്തവനും, പാപമെന്തെന്നറിയാത്തവളിൽ നിന്ന് ജനിച്ചവനും, പാപികൾക്ക് രക്ഷമാർഗ്ഗം പറഞ്ഞുകൊടുത്തവനുമായ തന്റെ അരുമമകനെ രണ്ടു കള്ളന്മാരുടെ നടുവിൽ വലിയ കള്ളനായി പ്രതിഷ്ഠിച്ചുകൊണ്ട് കുരിശിൽ തറച്ചു കൊന്നു. ഈ മകൻ ദൈവകുമാരാനാണെന്നും, മനുഷ്യരക്ഷക്ക് വേണ്ടി ഭൂമിയിൽ അവതീർണ്ണനായവനാണെന്നും അവന്റെ സാമ്രാജ്യത്തിനു അന്ത്യമുണ്ടാവുകയില്ലെന്നും ഉൾക്കണ്ണുകളിലൂടെ കണ്ടുകൊണ്ട്, മാലാഖായുടെ വാക്കുകൾ മേരി വിശ്വസിക്കുന്നു. ബാഹ്യനയനങ്ങൾ കാണുന്നതല്ല ആന്തരിക നയനങ്ങൾ കാണുന്നതെന്നുസാരം. മേരിക്ക് സ്വതസിദ്ധമായിട്ടുള്ള ധ്യാനചിന്ത എപ്പോഴും അവളെ ആന്തരിക നയനത്തിലൂടെയുള്ള കാഴ്ചപാടിലേക്ക് നയിക്കുന്നു. മനുഷ്യ കണ്ണുകൾക്ക് കണ്ടുനില്ക്കാൻ സാധിക്കാത്ത ക്രൂരപീഡനങ്ങൾ യേശുവിന്റെ മൃദുല മേനിയിലേല്പിച്ചുകൊണ്ടിരിക്കുമ്പോൾ ഭയാനക കാർമേഘങ്ങളാലാവൃതമായ, ഇരുണ്ടുയർന്ന അന്തരീക്ഷത്തിനു മുകളിൽ സ്വർഗ്ഗം പൂർണ്ണമൗനം ഭജിച്ചുകൊണ്ട് നിലകൊള്ളുന്നു.

ഇങ്ങനെ നിരവധി വൈപരീത്യങ്ങളുടെ നടുവിൽ മൗനവും മനനവും തമ്മിലേറ്റുമുട്ടുന്ന ഒരു ഭീകരസന്ധിയിൽ, മേരി ഏകാകിനിയായി, കുരിശിനരികിൽ നിലകൊള്ളുന്നു. ''ദുഃഖത്താൽ എന്റെ മനസ്സ് ഉരുകുന്നു'' (സങ്കീ.119:2), എന്ന സങ്കീർത്തകന്റെ വാക്യം ഇവിടെ സാക്ഷാത്കരിക്കപ്പെടുന്നു.

അദ്ധ്യായം നാല്

# മാതാവിന്റെ ദാസ്യഭാവം

## വിനയാന്വിതയായ മേരി

വിജയവും വിനയവും മലയും താഴ്വരയുംപോലെ തന്നിൽ ഒന്നിച്ച് സമന്വിയിക്കുന്ന ഒരു സ്ത്രീയാണ് ഉണ്ണീശോയുടെ അമ്മയായ മേരി. അവൾ അത്യുന്നതന്റെ അമ്മയാണ്. എന്നാൽ കർത്താവിന്റെ ദാസിയാണെന്ന് സ്വയം വിശേഷിപ്പിക്കുന്നു. മേരി വിനയാന്വിതയായ ഒരു സുരകന്യകയാണ്.

സാക്ഷാൽ വിനയം മനുഷ്യനു ദൈവത്തോടുള്ള ബന്ധത്തിന്റെ സമുചിതമായ ഒരു ഭാവവിശേഷമാണ്. ദൈവത്തിന്റെ അപരിമേയവും അത്യുന്നതവുമായ പരമാസ്തിത്വത്തിനു മുന്നിൽ ഒരു സൃഷ്ടി, അഥവാ ഒരു മനുഷ്യവ്യക്തി, എത്രയോ നിസ്സാരം! മനുഷ്യൻ പുൽക്കൊടിക്ക് തുല്യമാണെന്ന് സങ്കീർത്തകൻ (103:15) പറയുന്നതുപോലെ മരണം കൈമുതലായുള്ള മനുഷ്യനും നിത്യത സ്വന്തം അസ്തിത്വത്തിന്റെ ഭാവവിശേഷമാക്കിയിട്ടുള്ള ദൈവവും തമ്മിലുള്ള സ്വാഭാവിക വ്യത്യാസം തന്നെയാണ് മനുഷ്യനിലുള്ള വിനയത്തിന്റെ ശരിയായ അടിസ്ഥാനം. അതുകൊണ്ട് തന്നെ വിനയം സർവ്വപ്രധാനമായി ഒരു സ്വയാവബോധ പ്രക്രിയയും അതിൽനിന്നുമുദിക്കുന്ന സ്ഥിര മനോഭാവവുമാണ്. ദൈവത്തിന്റെ മുന്നിൽ ഞാൻ ആരാണെന്ന് ശരിക്കും മനസ്സിലാക്കിയിട്ടുള്ള ഒരു വ്യക്തിയാണ് വിനയാന്വിത. സുവിശേഷത്തിലെ മേരി വിനയാന്വിതയായ ഒരു നാരീമണിയാണ്. വിശ്വവിഖ്യാതമായ മേരിയുടെ ജയഗീതത്തിൽ (Magnificat) ഈ ആശയം നിറഞ്ഞുനിൽക്കുന്നതായി നമുക്കു കാണാൻ കഴിയും. അനന്തമായ അസ്തിത്വത്തിന്റേയും സർവ്വനന്മകളുടേയും സനാതന സ്രോതസ്സായ ദൈവത്തിന്റെ മുന്നിൽ ഞാൻ എന്ന വ്യക്തി വെറും 'വെറുമ'യാണെന്ന് മേരി ഉച്ചൈസ്ഥരം ഏറ്റുപറയുന്നു. ദൈവത്തിന്റെ മഹാമനസ്കതയും ആ ദൈവത്തിനു തന്നിലുള്ള അനിഷേധ്യ താത്പര്യവും നന്നായി കോർത്തിണക്കിയാണ് മേരി ഈ ഗാനം ആലപിക്കുന്നത്. സാക്ഷാൽ എളിമയിൽ ഈ രണ്ടു ഭാവവും സമഞ്ജസമായി ഒന്നിപ്പിച്ചിരിക്കും. സ്വന്തം അസ്തിത്വത്തിന്റെ താഴ്ച. എന്നാൽ ദൈവത്തിൽനിന്നും സ്വീകരിച്ചിട്ടുള്ള വരദാനങ്ങളുടെ മേന്മ. ഇവ രണ്ടും വിനയാന്വിതയായ ഭക്തയുടെ ഗാനാലാപത്തിൽ വിളങ്ങിനിൽക്കും. അതുകൊണ്ട് തന്നെ, ആദ്യത്തെ അദ്ഭുതത്തിനുശേഷം മാലാഖയുടെ മറുപടി കേട്ടപ്പോൾ വിനയപൂർച്ചം നിദർശിത ദൗത്യം സ്വീകരിക്കുവാൻ മേരിക്ക് എളുപ്പം സാധിച്ചു. 'ഇതാ കർത്താവിന്റെ ദാസി' എന്നു പറഞ്ഞ് ദൈവഹിതം

സ്വീകരിക്കുന്നു. ദാസ്യഭാവം വിനയഭാവത്തിന്റെ മകുടോദാഹരണമാണ്. ദാസ്യം എളിമയുടെ ഭാവമാണ്. സേവനസന്നദ്ധതയുടെ ഭാവമാണ്. സ്വയം താഴ്ത്തലിന്റേയും അപരനെ ബഹുമാനത്തോടെ സ്വീകരിക്കുന്നതിന്റേയും ഭാവമാണ്. ഇങ്ങനെ മേരിയുടെ വിനയഭാവം തെളിഞ്ഞുനിൽക്കുന്നത് ദാസ്യഭാവത്തിലാണ്.

സ്വയം ദാസ്യവേലക്കൊരുങ്ങി വരുന്നവർ സ്വഭാവികമായി വളരെ ഉന്നതമായ, ദൈവികമായ അവബോധത്തിന്റെ ഉടമകളായിരിക്കും. അങ്ങനെ അമലോദ്ഭവയും, സർവ്വഗുണ വിഭൂഷിതയും, അവതീർണ്ണ ദൈവത്തിന് അമ്മ യാകാൻ തിരഞ്ഞെടുക്കപ്പെട്ടവളുമായ മാനവചരിത്രത്തിലെ ഏകകന്യക യാണ് പറയുന്നത് 'ഇതാ കർത്താവിന്റെ ദാസി' എന്ന്. ഇവിടെ വിനയം അതിന്റെ സാക്ഷാത്കാര പൂർണ്ണിമയിൽ എത്തി വിരാജിക്കുന്നു. എന്നാൽ ദാസി എന്നു പറഞ്ഞ് സ്വയം താഴ്ത്തുന്നവൾ സ്ത്രീകളിൽ അനുഗ്രഹീതയാ ണെന്ന് ദൈവദൂതൻ ധൈര്യസമേതം അരുളിച്ചെയ്യുന്നു. പോരാ, നീ നിരവധി നന്മകളുടെ നിരുപമ നിലയം കൂടിയാണെന്നും, സർവ്വനന്മകളുടെ സ്രോതസ്സും സൃഷ്ടികർത്താവുമായ സർവ്വേശ്വരൻ സദാ നിന്നോടുകൂടെയുണ്ടെന്നും പറയുന്നു.

മേരി ഈ തിരുസന്ദേശത്തിന്റെ അതുല്യമഹത്വത്തിൽ മനം കവർന്ന് സ്വയാഭിമാനത്തിന്റെ അത്യുച്ചിയിലേക്കുയരുന്നില്ല. നേരേമറിച്ച് സകല സദ്ഭാവങ്ങളുടേയും ഉടയവനായ ദൈവത്തിന്റെ മുന്നിൽ ശിരസ്സ് നമിക്കുന്നു, താണുവീണാരാധിക്കുന്നു. സ്വന്തം സത്തയുടെ സവിശേഷത സ്വീകരിച്ചു കൊണ്ടു തന്നെ വിനയപൂർവ്വം പറയുന്നു, 'ഇതാ കർത്താവിന്റെ ദാസി' എന്ന്. അതെ നസ്രസ്സിലെ മേരി ദാസിയാണ്. ദൈവത്തിന്റെ ചരണദാസിയാണ്. വിനയഭാവത്തിന്റെ അവതാര രൂപമാണ്. പറുദീസ്സായിൽ അഹംഭാവത്താൽ പ്രേരിതരായി വീണുപോയ ആദിമാതാപിതാക്കൻമാരുടെ തനിവിപരീതരൂപം, വിനയഭാവത്തിന്റെ സാക്ഷാത്കാരം. ആദിയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവരെ ദൈവത്തിന്റെ രൂപത്തിലും ഭാവത്തിലും സൃഷ്ടിച്ചു. അവർ ദൈവത്തിന്റെ സുതാര്യതയാർന്ന പ്രതിബിംബങ്ങളും കളങ്കമറ്റ മനുഷ്യവ്യക്തികളുമായിരുന്നു. അവരുടെ മുഖകമലങ്ങൾ പ്രശോഭിതവും പ്രിയങ്കരവുമായിരുന്നു. ദൈവം സൃഷ്ടിച്ച എല്ലാ സൃഷ്ടജാലങ്ങളും അവർക്കു കീഴ്വഴങ്ങി, അവരെ അനുസരിച്ചിരുന്നു. അവരോ വിനയഭാവത്തിന്റെ നിറകുടങ്ങളും സചേതന പേടകങ്ങളുമായിരുന്നു. അവരിൽ നിലനിന്നിരുന്ന വിനയം അവരെ സർവ്വജീവജാലങ്ങളുടെയും അധിപന്മാരാക്കി മാറ്റി.

എന്നാൽ ഒരു ദിവസം വിനയഭാവത്തിന്റെ പരമശത്രുവായ അഹംഭാവം അഥവാ അഹങ്കാരം അവരുടെ മനസ്സിൽ തലപൊക്കി. അതോടെ അവരുടെ

നിർമ്മല സൗന്ദര്യത്തിൽ കറയുടെയും കളങ്കത്തിന്റെയും വികൃത നിറങ്ങൾ നിറഞ്ഞു. മാലിന്യം മനുഷ്യമനസ്സിനെ ഹനിച്ചു. അവരുടെ മുഖത്തെ പ്രകാശം നിലച്ചു. ഭീതിയും ബീഭത്സതയും ആ മുഖങ്ങളിൽ നിഴലിച്ചു. അവരുടെ പറുദീസാവാസം അവസാനിച്ചു. അവർ തിരസ്കൃതരായി വേദനയോടെ വിലപിച്ചു.

കാരുണികനായ ദൈവം അഹംഭാവത്തിനു ശിക്ഷ നല്കി. വിനയ ഭാവത്തെ പുനരുദ്ധരിക്കുവാൻ തീരുമാനിച്ചു. അതിനുള്ള ദിനവും രീതിയും നിശ്ചയിച്ചു. ദൈവം തന്റെ മനസ്സിൽ പറുദീസായുടെ പടിയിറങ്ങുന്ന ആദ്യദമ്പതികളോടായി ഇപ്രകാരം പറഞ്ഞു: ''വിശ്വം വിരാജിച്ചവനും ആദിമ മനുഷ്യരിൽ അവബോധരൂപമായി കുടികൊണ്ടിരുന്നവനുമായ എന്റെ പുത്രൻ, വചനം തന്നെ ഈ കർമ്മം നിർവഹിക്കും. പാപകലുഷിതമായി ഭൂതഭംഗ ത്താൽ അലംകോലമായി ഭവിച്ചതും നിങ്ങൾ ഇപ്പോൾ പ്രവേശിക്കുന്നതുമായ ഈ മണ്ണിൽതന്നെ വിനയഭാവത്തിന്റെ അവതാരരൂപമായി അവൻ പിറക്കും. അവൻ അഹങ്കാരപ്രചോദിതമായ സകലവും കീഴടക്കും. നരകുലത്തെ വീണ്ടെടുക്കും. ഈ മകന്റെ അമ്മ വിനയഭാവ പ്രശോഭിതയായി നിങ്ങൾ ക്കെന്നും മാതൃകയും മദ്ധ്യസ്ഥയും ആയിരിക്കും. അവൾ പാപപൈശാചിക പ്രണേതാവായി ഇന്നിവിടെ വന്ന ഈ സർപ്പത്തിന്റെ തല തകർക്കും. അവൾ വിനയംകൊണ്ട് അഹങ്കാരത്തെ കീഴടക്കും. അവൾ നിങ്ങൾക്കെല്ലാവർക്കും അമ്മയായിരിക്കും. സർവ്വഗുണസമ്പന്നയായിരിക്കും. എന്നാൽ വിനയാന്വി തയായിരിക്കും. വിനീത കന്യകയായിരിക്കും. എളിയവരിൽ എളിയവളാ യിരിക്കും. എളിമയുടെ അവതാരരൂപമായിരിക്കും'.

എളിമ സത്യമാണെന്നു പറയുന്നു. സത്യമാകട്ടെ ഏതൊരു സദ്ഭാവത്തി ന് നമ്മുടെ മേലുള്ള അവകാശമാണ്. എന്നുവച്ചാൽ എന്റെ മുമ്പിൽ കാണുന്ന ഒരു കരിയിലയ്ക്കു പോലും അസ്തിത്വം നിഷേധിക്കുവാൻ എനിക്കവകാശ മില്ലെന്നു സാരം. കാരണം അതിന്റെ കർത്താവ് ഞാനല്ല. ഇതു അല്പം ചിന്തി ക്കുന്ന മനുഷ്യനു വെള്ളംപോലെ വ്യക്തവും തീപോലെ പ്രകാശിതവുമാണ്. എന്നിട്ടും എന്തുകൊണ്ട് എളിമയുടെ മനസ്ഥിതി മനുഷ്യർക്കുണ്ടാവുന്നില്ല. ആരാണ് അഹങ്കാര വസ്ത്രം കൊണ്ട് മനുഷ്യമനസ്സിനെ പൊതിഞ്ഞത്? തന്റെ അനശ്വര ഗീതത്തിൽ മേരി നമ്മളോട് പാടുന്നു. 'ഗർവ്വിതർ താഴെവീഴും, എളി യവർ നീണാൾ വാഴും' (ലൂക്കാ 1:52). അഹങ്കാരം നിലനിൽപ്പില്ലാത്ത ഒരു വസ്തുതയാണ്. അതിനു മനുഷ്യാത്മാവിലോ, ദൈവത്തിലോ, ആധാരമില്ല, അടിസ്ഥാനമില്ല. അതു അഹങ്കാരത്തിന്റെ മായാസൃഷ്ടിയാണ്. സ്വയം വലുതാ ക്കുന്നവന്റെ മായാവലയാണ്. അതിനു സ്ഥായീഭാവമില്ല. അതുകൊണ്ട് മറി യം പാടുന്നു. ''ഗർവ്വിതർ താഴെ വീഴും എളിയവർ നീണാൾ വാഴും''

ദൈവം എപ്പോഴും എളിയവരെ ഉയർത്തുമെന്നത് ഒരു സുവിശേഷമാണ്. യേശുവിന്റെ ശിഷ്യയും അമ്മയുമായ മാതാവ് നമുക്കു തരുന്നതും ബൈബിളിൽ ഉടനീളം കാണാവുന്ന ഒരു സത്യമാണിത്. വലിയ കാര്യങ്ങൾക്ക് ചെറിയ മനുഷ്യരെയാണ് ദൈവം തിരഞ്ഞെടുക്കുക. ഇസ്രായേലിലെ രാജകീയ കോട്ടകൾ തകർക്കാനും രാജകൊട്ടാരം പുനസ്ഥാപിക്കാനും ദൈവം സാമുവേൽ എന്ന ഒരു ചെറുക്കനെ തിരഞ്ഞെടുക്കുന്നു. ഈ ദൗത്യം എനിക്കു പേടിയാണെന്നും, എന്റെ ശക്തിയ്ക്ക് അതീതമാണെന്നും സാമുവേൽ പറയുന്നു. പക്ഷെ ദൈവം പിൻമാറുന്നില്ല. ''വലിയവൻ എന്നിൽ വലിയ കാര്യം ചെയ്തിരിക്കുന്നു.'' എന്നു പാടുന്ന മേരിയുടെ അനുഭവം അപ്പോൾ സാമുവേലിനില്ലായിരുന്നു. പക്ഷെ സാമുവേൽ പിന്നീടത് മനസ്സിലാക്കുന്നു. മേരിയുടെ വലിയ ദൗത്യവും, അതിലെ അഭിസംബോധനയും കേട്ടപ്പോൾ വിനയാന്വിതയായ മേരി വിസ്മയിച്ചുപോയി. ഇതെങ്ങനെ സംഭവിക്കുമെന്നു ചോദിക്കുന്നു. ചോദ്യത്തിനു ചിന്താതലത്തിൽ നിന്നും ഉത്തരം ലഭിച്ചില്ലെങ്കിലും, വിസ്മയം വിശ്വാസമായി മാറുന്നു. ''ഇതാ കർത്താവിന്റെ ദാസി'' എന്നുത്തരമരുളുന്നു. ദാസ്യഭാവം അങ്ങനെ വിസ്മയത്തേയും വിശ്വാസത്തേയും കൂട്ടിയിണക്കുന്നു.

ഇടതടവില്ലാതെ സ്വർഗ്ഗത്തിലേയ്ക്ക് ഉയർന്നുകൊണ്ടിരിക്കുന്ന പ്രാർത്ഥനകേട്ട് ദൈവം ആകാശത്ത് നിന്നിറങ്ങി. സാമുവേൽ പ്രവാചകനെ ബത്‌ലഹമിലേയ്ക്ക് അയച്ചു. പ്രവാചകൻ ജെസ്സെയുടെ മക്കളെ കാണണമെന്നാവശ്യപ്പെട്ടു. സാമാന്യം കരുത്തനും കണ്ടാൽ കൊള്ളാവുന്നവനുമായ ഏലിയാബ് പ്രത്യക്ഷപ്പെട്ടു. ദൈവം തിരഞ്ഞെടുത്തവന്റെ ലക്ഷണമില്ലാത്തതുകൊണ്ട് ഈ സീമന്തപുത്രൻ തിരസ്ക്കരിക്കപ്പെട്ടു. ഏലി രണ്ടാമത്തെ പുത്രനെ വിളിച്ചു. അവൻ ഹാജരായി. അവൻ മിടുക്കനായിരുന്നു. എന്നാൽ പ്രവാചകന്റെ കണ്ണുകളിൽ അവനും സ്വീകാര്യനായില്ല. വീണ്ടും വീണ്ടും പുത്രൻമാർ ഓരോന്നായി ഹാജരായി. ആരും തന്നെ പ്രവാചകന്റെ ദൃഷ്ടിയിൽ ലക്ഷണം തികഞ്ഞവരായിരുന്നില്ല. എല്ലാവരും തിരസ്കൃതരായി. ''ഇനി കുട്ടികളാരുമില്ലേ?'' പ്രവാചകൻ ചോദിച്ചു. ''കർത്താവ് പറഞ്ഞ ആളെ ഇതുവരെയും കണ്ടില്ലല്ലോ''. പ്രവാചകൻ വീണ്ടും പറഞ്ഞു ''അയ്യോ, ഇനി ഒരു കുട്ടി കൂടിയുണ്ട് പക്ഷെ അവൻ വെറുമൊരു പൈതലാണ്, ചെറിയ പയ്യൻ. അവനിവിടെയെങ്ങാനും കളിക്കുന്നുണ്ടാകും. അല്ലെങ്കിൽ ആട്ടിൻ കുട്ടികളുടെ കൂടെയുണ്ടാകും. ''അവനെ കൊണ്ടുവരൂ'' പ്രവാചകൻ സംശയമെന്യ പറഞ്ഞു. ദാവീദ് എന്ന ഒരു ചെറിയ കുട്ടി, കളിപ്രായം ഇനിയും മാറിയിട്ടില്ലാത്ത നിഷ്കളങ്ക വദനത്തോടുകൂടി ഹാജരായി. പ്രവാചകൻ ബാലനെ നല്ലതുപോലെ സൂക്ഷിച്ചു നോക്കി. ''ശരി ഇവനാണ് തിരഞ്ഞെടുക്കപ്പെട്ടവൻ''. ഇവൻ ഗോലിയാത്തിനെ അടിച്ചു വീഴ്ത്തും. ഇതു യാഹ്‌വേയുടെ തീരുമാനമാണ്'' (1 സാമു. 16:113).

സാമുവൽ ദാവീദിനെ അഭിഷേകം ചെയ്തു. ബാലനായ ദാവീദ് കുട്ടികൾ കളിക്കുന്ന ഞാങ്ങണയുമായി പോർക്കളത്തിലേയ്ക്ക് പുറപ്പെട്ടു. ഇസ്രായേൽ പ്രതിനിധി ഫിലെസ്റ്റെൻകാരനായ ഗോലിയാത്തും ദ്വന്ദയുദ്ധത്തിനുള്ള ഗദയുമായി എതിരാളിയെ നേരിടാൻ ഹാജരായി. വലിയ ആഢംബരവും അകമ്പടിയും അദ്ദേഹത്തെ അനുഗമിച്ചു. ഇരു യോദ്ധാക്കളും പടക്കളത്തിലേക്കിറങ്ങുന്ന സമയമായി. രണ്ടുവശത്തു നിന്നും യാത്രയായി. ഗോലിയാത്തിന്റെ വശത്ത് വലിയ ശബ്ദ കോലാഹലങ്ങൾ, വീരവാദങ്ങൾ മുഴങ്ങി. ഇസ്രയേൽ ജനം യഥാർത്ഥത്തിൽ തീർത്തും മൗനം. ബാലനായ ദാവീദിനു അകമ്പടിയായി ആരും തന്നെയില്ല. രണ്ടുപേരും ഇരുവശങ്ങളിലായി പടക്കളത്തിലേയ്ക്കിറങ്ങി. കാണികൾക്ക് യുദ്ധം തുടങ്ങിയെന്ന് മനസ്സിലായില്ലായിരിക്കാം (1 സാമു. 17:41-58) അതാ തുടക്കത്തോടെ യുദ്ധം അവസാനിച്ചു. ബാലനായ ദാവീദ് തന്റെ ഞാങ്ങണയിൽ ഒരു ചെറിയ കല്ലു വച്ച് വലിച്ചു വിട്ടു. ഗോലിയാത്തിന്റെ നെറ്റിയിലെ മദ്ധ്യമർമ്മസ്ഥാനത്തുതന്നെ അത് ചെന്നടിച്ചു. ഗോലിയാത്ത് ഉടനടി നിലംപതിച്ചു. യുദ്ധം അവസാനിച്ചു. ഇസ്രായേൽ വിജയിച്ചു. സാമുവേലിന്റെ പുസ്തകത്തിലെ ഈ ഭാഗം മേരി പലവുരു ധ്യാനിച്ചിട്ടുണ്ടാകണം. അതുകൊണ്ട് ആത്മശക്തിയേക്കുറിച്ച് മാതാവിനു നന്നായിട്ടറിയാമെന്നുവേണം വിചാരിക്കാൻ. ഇതും ദൈവത്തിന്റെ ശക്തിയാണ്. അതിന്റെ മഹിമയും പ്രതാപവും ദൈവത്തിലേയ്ക്ക് പ്രവേശിക്കുകയും ചെയ്യുന്നു.

വിനയാന്വിതയായ മേരി വിശ്വമനോഹരിയാണ്. അമലോത്ഭവയാണ്. സ്വർഗ്ഗാരോപിതയാണ്. മനുഷ്യരുടെയും മാലാഖമാരുടെയും രാജ്ഞിയാണ്. സ്ത്രീകളിൽ വച്ചേറ്റവും സമുന്നതയാണ്. മനുഷ്യരാശിയുടെ മണിമകുടമാണ്. മാതാവിന്റെ സ്തുതി മഹിമകൾ ഇനിയും വലിയ ലുത്തിനീയപോലെ നീണ്ടുപോകുന്നു. പക്ഷെ ഇവയെല്ലാം മേരിയുടെ, നമ്മുടെ അമ്മയുടെ, അലോകസൗന്ദര്യത്തിനു മുമ്പിൽ ഒന്നുമല്ല. രാജകുമാരിയുടെ സൗന്ദര്യം ആന്തരികമാണെന്നു വേദപുസ്തകത്തിൽ പറയുന്നത് നമ്മുടെ അമ്മയെ സബന്ധിച്ചിടത്തോളം തീർച്ചയായും അതുല്ല്യരീതിയിൽ വാസ്തവമാണ്. പക്ഷെ ഈ ആന്തരിക സൗന്ദര്യം അഴകാർന്നു നില്ക്കുന്നത് അതിനനുയോജ്യമായ കളങ്കരഹിതയായ അമലോത്ഭമായ വിമലമായ ഒരു മനുഷ്യ ശരീരത്തിലാണെന്നത് നാം വിസ്മരിക്കരുത്. അങ്ങനെയാണ് ഈ അമ്മ നമ്മുടെ അമ്മയാകുന്നത്. നമ്മെ ഭൂമിയും സ്വർഗ്ഗവുമായി ബന്ധിപ്പിക്കാനും നമ്മുടെ വിജ്ഞാനവും വിശുദ്ധിയും നമ്മിലെ വിനയഭാവത്തിലൂടെ പ്രതിബിംബിക്കാനും ഈ അമ്മ നമ്മളെ സഹായിക്കും. അപദാനങ്ങളുടെ അത്യുന്നത കൊടുമുടിയിലേക്ക് ഉയർത്തപ്പെട്ടെങ്കിലും അങ്ങുതാഴെ അടിത്തട്ടിൽ അനുദിനം ദൈവത്തിനുവേണ്ടി വേല ചെയ്യുന്ന ഒരു ചരണദാസിയായിട്ടാണു നമ്മുടെ അമ്മ എന്നും സ്വയം കാണുന്നത്. ഇത് മംഗലവാർത്തക്ക് മുമ്പും പിമ്പും ഒരുപോലെ.

ഈ സൗന്ദര്യം അപരിമേയമാണ്, അലോകസുന്ദരമാണ്. ഇതിന്റെ സൗന്ദര്യം നമ്മൾ മറ്റെങ്ങും കാണാത്തതുപോലെ മഹത്വത്തിന്റെ കൊടുമുടിയും വിനയത്തിന്റെ അഗാധഗർത്തവും ഒന്നുചേരുന്നതിലാണ്. മേരിയുടെ ഭാഗത്തു നിന്നു ചിന്തിക്കുമ്പോൾ എല്ലാം കർത്താവിന്റെ ദാനം. എന്നും കർത്താവിന്റെ ദാസി. നമ്മുടെ ഭാഗത്തുനിന്നു ചിന്തിക്കുമ്പോൾ അലിവും അഴകും ആകാരം പൂണ്ട് നമ്മിലേക്കൊഴുകിവരുന്ന ഒരു ദിവ്യ നിർത്ധരി, അഥവാ അനുഗ്രഹപ്രവാഹം ഇതാണു വിനയാന്വിതയായ മേരി.

## അദ്ധ്യായം അഞ്ച്

# മാതാവിന്റെ സഹനഭാവം

## സഹനദാസിയായ മേരി

മരുഭൂമിയിലെ മണലിൽ, വിരിഞ്ഞു നില്ക്കുന്ന ഈന്തപ്പനകളുടെ തണലിൽ, ലളിത മനോഹരമായ ഒരു കൊച്ചു കുടിലിൽ, നിർമ്മല മാനസരായ മൂന്ന് പേർ താമസിച്ചിരുന്നു. ഈ ചെറിയ വീട്ടിൽ അനിതര സാധാരണങ്ങളായ ഒന്നുമില്ല. വൃത്തിയും വെടിപ്പുമുള്ള വീട്. ചെറിയ വീടാണെങ്കിലും നല്ല ചിട്ടയും അടക്കവുമുണ്ടവിടെ. ലളിതമായ ഈ ഭവനം അതിൽ നിവസിച്ചിരുന്നവരുടെ എളിയ മനസ്ഥിതിയുടെയും വലിയ മനസ്സിന്റെയും പ്രതീകമായി നമുക്കു കാണാം. അതാ ആ വീടിന്റെ കിഴക്കേ ഉമ്മറത്ത് ഉദയസൂര്യന്റെ സുവർണ്ണ കിരണങ്ങളിൽ കണ്ണുനട്ടുകൊണ്ട് ഒരു നാരീമണിയിരിക്കുന്നു. ധ്യാനോജ്ജ്വലമായ നയനങ്ങൾ. ശാന്തസുന്ദരമായ മുഖകമലം. മടിയിൽ ഏതോ ഉടുപ്പ് തൈയ്ക്കാനായി വെട്ടിയൊരുക്കിയിട്ടുള്ള ഒന്നുരണ്ട് തുണിക്കഷണങ്ങളും വലത്തുവശത്ത് അതിനുവേണ്ടിയുള്ള സൂചിയും നൂലും ഒന്നിച്ച് ചേർത്ത് വച്ചിട്ടുള്ള ഒരു ചെറിയ പാത്രവും അവിടെയുണ്ട്. അതാ അടുത്തേക്കു പതുക്കെ നടന്നുവരുന്ന കനകകളേബരനായ ഒരു കുഞ്ഞിന്റെ അമ്മയാണവൾ. പേര് മേരി. പ്രായം ഏകദേശം 20 വയസ്സ്. കുഞ്ഞുവന്നപ്പോൾ അമ്മ കുഞ്ഞിനെ എടുത്തു മടിയിൽ വയ്ക്കുന്നു. കുഞ്ഞിന്റെ പേർ ഈശോ. കുഞ്ഞ് അമ്മയുടെ കവിളിലുമ്മ വെച്ച് മടിയിൽനിന്നും പുറത്തിറങ്ങി ഓടിയകലുന്നു. ചക്രവാളസീമകളിൽ വർണ്ണദ്യുതി വിതറികൊണ്ടിരുന്ന ഉദയസൂര്യനങ്ങുയർന്നു ആകാശത്തിലേക്കു കയറികൊണ്ടിരിക്കുന്നു. മേരി മടിയിലിരിക്കുന്ന തുണിക്കഷണങ്ങളെടുത്ത് സൂചിയിൽ നൂല് കോർത്ത് ഉടുപ്പ് തയിക്കുവാൻ തുടങ്ങി. ഉണ്ണിയീശോ വീണ്ടും അതിലെ വന്നു. ''അമ്മ ആർക്കുവേണ്ടിയാണിയുടുപ്പ് തയിക്കുന്നത്?'' ഉണ്ണി ചോദിച്ചു. ''മോനെ ഇത് നിനക്കുവേണ്ടി തന്നെ'' മേരി മറുപടി പറഞ്ഞു. ''അപ്പോൾ എനിക്കുവേണ്ടിയങ്ങനെ ഉടുപ്പ് തയിച്ചാൽ വീണ്ടും വീണ്ടും അങ്ങനെ തയിക്കാൻ പറ്റുമോ?'' വീണ്ടുമൊരു ചോദ്യം. ''അതു വേണ്ടിവന്നാൽ ചെയ്യും, അല്ലെങ്കിൽ പിതാവായ ദൈവം നോക്കിക്കൊള്ളും''. അവൾ ഉണ്ണീശോയുടെ മുഖത്തേയ്ക്ക് ഉറ്റുനോക്കി. നിഷ്കളങ്ക മുഖം. സ്നേഹമൂറി നില്ക്കുന്ന മൃദുലമായ പിഞ്ചുകവിളുകൾ. ഉണ്ണീശോ വീണ്ടും നടന്നകന്നു. മേരി തല്ക്കാലത്തേക്ക് തയ്പ്പ് നിർത്തി, അരികിലിരിക്കുന്ന വേദപുസ്തകത്തിന്റെ ചുരുൾ നിവർത്തിവായിക്കുവാൻ തുടങ്ങി. ഏശയ്യ ദീർഘദർശിയുടെ പ്രവചന പുസ്തകമായിരുന്നു അത്. അവൾക്ക് കിട്ടിയ ഭാഗം വായിച്ചു. ''ഞങ്ങൾ

ആ മുഖത്തേക്ക് ഉറ്റുനോക്കി. അവിടെ അഴകോ ആകാരഭംഗിയോ ഉണ്ടായിരുന്നില്ല... ''

ഇതാരെക്കുറിച്ചാണ് പ്രവാചകൻ ഇങ്ങനെ സംസാരിക്കുന്നത്? പ്രവാചകനാണെങ്കിലോ പണ്ടേ മരിച്ചുപോയി. മേരിയുടെ മനോമുകരത്തിൽ പല ചോദ്യങ്ങൾ തെളിഞ്ഞു. ഇവിടെ പറയുന്ന ആൾ ദൈവത്തിന്റെ സഹനദാസനാണോ? ''അവൻ പോകുന്നത് നമ്മുടെ പാപഭാരം ചുമന്നുകൊണ്ടാണെന്നു പറയുന്നു. മേരിയുടെ ചിന്തകൾ ചിറക് വിരിച്ചു പറന്നുയർന്നു. സ്വർഗ്ഗത്തിൽ നിന്നുമിറങ്ങിവന്ന മനുഷ്യൻ തന്നെയാണോ ദൈവത്തിന്റെ സഹനദാസൻ!

അവൾ പുസ്തകത്തിന്റെ താളുകളിലേക്ക് വീണ്ടും കണ്ണോടിച്ചു. വീണ്ടും വായന തുടങ്ങി. ''ആ വസ്ത്രം വെട്ടിയെടുത്ത് തയ്ച്ചതല്ലാത്തതുകൊണ്ട്, ഇത് മുറിച്ച് ഭാഗിക്കേണ്ട. ഇതിന് നമുക്ക് ചിട്ടിയിടാം'' എന്നെഴുതിയതായി കാണുന്നു.

''എന്റെ ദൈവമേ, ആ പാവത്തിന്റെ വസ്ത്രം പോലും അവരിങ്ങനെ ഭാഗിച്ചെടുക്കാനാഗ്രഹിക്കുകയാണോ? ഇങ്ങനെയെങ്കിൽ ഇവിടെ പറയുന്ന ഈ സഹനദാസന്റെ കാര്യം കഷ്ടതരമായിരിക്കും. ഒരാൾ മരിക്കുന്ന സമയത്ത് അയാളെ ആശ്വസിപ്പിക്കുന്നതിനുപകരം അയാളുടെ വസ്ത്രത്തിനുവേണ്ടി കാത്തിരിക്കുകയെന്നത് എത്രയോ ശോചനീയമായ മനസ്ഥിതിയാണ്''. ഇങ്ങനെ പലതരം ചിന്തകൾ മേരിയുടെ മനസ്സിലൂടെ കടന്നുപോയി. ഉണ്ണീശോ വീണ്ടും അതിലെ വന്നു. മേരി തയിപ്പും, വായനയും തല്ക്കാലത്തേക്ക് നിർത്തി, പ്രാതലൊരുക്കുവാനായി ഉണ്ണീശോയുടെ കൂടെ അടുക്കളയിലേക്കുപോയി.

തന്റെ മുമ്പിൽ നില്ക്കുന്ന നിഷ്കളങ്കവദനനായ ഈ കുഞ്ഞാണ് ദൈവത്തിന്റെ സഹനദാസനെന്നു മേരി അന്ന് അസ്സന്നിഗ്ദ്ധമായി മനസ്സിലാക്കിയിരിക്കണമെന്നില്ല. ബൈബിളിലെ പല പ്രവചനവാക്യങ്ങളും സ്വന്തം അനുഭവങ്ങളോടു കൂട്ടിചേർത്ത് വായിക്കുമ്പോൾ ഇങ്ങനെയൊക്കെ വിചാരം മേരിയുടെ മനസ്സിൽ വരാൻ പാടില്ലെന്നുമില്ല. വരാനിരിക്കുന്ന രക്ഷകന്റെ മഹാ സാമ്രാജ്യം ഈ ലോകത്തിന്റെ മഹിമയിലും പ്രൗഢിയിലുമുള്ളതായിരിക്കണമെന്ന് മാതാവൊരിക്കലും വിചാരിച്ചിട്ടില്ല. എന്നാൽ ഈയെഴുതിയിരിക്കുന്നതെല്ലാം എന്റെ കുഞ്ഞിനു സംഭവിക്കാൻ പോകുന്ന കാര്യങ്ങളാണെന്നു വ്യക്തമായി മാതാവ് കണ്ടിരുന്നോയെന്ന് നമുക്ക് തീർച്ചയില്ല. എങ്കിലും പല സൂചനകൾ കാണുന്നുണ്ടായിരുന്നു വെന്നു വേണം വിചാരിക്കുവാൻ. അതിന്റെ വെളിച്ചത്തിൽ അവ സംഭവിക്കുമ്പോൾ ഉൾക്കൊള്ളുവാൻ നമ്മുടെ അമ്മയ്ക്ക് പെട്ടെന്ന് കഴിഞ്ഞിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ മാതാവിന്റെ സഹന ജീവിത പര്യടനത്തിലേക്കു നമുക്കു പ്രവേശിക്കാം.

''അങ്ങനെ, ദുഃഖം, മൂർച്ചയുള്ള ഒരു വാളുപോലെ നിന്റെ ഹൃദയത്തെ ഭേദിക്കും'' (ലൂക്ക 2:35).

സഹനദാസനായ ഈശോയുടെ അമ്മയാണു മേരി. മകന്റെ ദുഃഖത്തിൽ പങ്കുപറ്റാതെ ജീവിക്കാൻ എതൊരമ്മയ്ക്കും സാധിക്കുന്ന കാര്യമല്ല. ഈ ദുഃഖത്തിന്റെ ആഴം എത്രവരെ വരുമെന്നു സാധാരണ അമ്മയ്ക്ക് അറിയാൻ പാടില്ലാത്തതുപോലെ മേരിക്കും ആദ്യമേ മുതൽ അജ്ഞാതമായിരിക്കാം. എങ്കിലും പരോക്ഷമായി പലതും കാണുന്നുണ്ടായിരുന്നു. ''മുളയിലറിയാം മുളക്കരുത്ത്'' എന്ന പഴഞ്ചൊല്ലുപോലെ കാലിത്തൊഴുത്തിലെ ജനനത്തോടെ മേരിക്ക് അറിയാമായിരുന്നു ഈശോയുടെ ഇഹലോക മഹാസാമ്രാജ്യത്തിന്റെ ഗതി. അതിനെക്കുറിച്ച് വളരെ വ്യക്തമായ ഭാഷയിൽ ആദ്യമായി കേൾക്കുന്നത് ജറുസലേം ദേവാലയത്തിൽ വച്ചാണ്, അതും ആദ്യജാതനെ ദൈവത്തിനു നേരിട്ടു സമർപ്പിക്കാൻ കൊണ്ടുചെന്നപ്പോൾ.

പ്രസവിക്കുന്ന സ്ത്രീ അശുദ്ധയാണെന്നും അതുകൊണ്ട് പ്രസവശേഷം ശുദ്ധീകരണത്തിനു വിധേയയാകണമെന്നും ലോകമതങ്ങൾ പൊതുവെ അനുശാസിച്ചിരുന്ന ഒരു വിധിയായിരുന്നു. ചില ആദിവാസികളുടെയിടയിൽ അവൾ മാറിതാമസിക്കണമെന്ന നടപ്പ് കൂടിയുണ്ടായിരുന്നു. ഇസ്രായേലിലും ശുദ്ധീകരണനിയമം ശക്തമായിരുന്നു.

പക്ഷെ ശുദ്ധീകരണത്തിന്റെ അന്നുതന്നെ മറ്റൊരു വലിയ കാര്യവും കൂടി നടക്കുന്നുണ്ട്. അതായത് ആദ്യജാതനെ ദൈവത്തിനു സമർപ്പിക്കുകയെന്നത്. അമലയായി ജനിച്ച് പാപമെന്തെന്നറിയാതെ ജീവിച്ചുപോന്ന ഈ വിമലമനോഹരി, വിനയാന്വിതയായി, സാമാന്യ നിയമത്തിനു വിധേയയായി, യൗസേപ്പിതാവിനോടൊപ്പം ശിശുവിനേയും കൊണ്ട് ദേവാലയത്തിലേക്ക് പോകുന്നു. ഗലീലിയായിലെ നസ്രസ്സിൽ നിന്നും ഏകദേശം നൂറു കിലോമീറ്ററകലെയാണ് ജെറുസലേം ദേവാലയം.

മംഗലവാർത്തക്കു ശേഷം മേരിക്കു ലഭിച്ച ശിശു കാരണം അവളുടെ ജീവിതം പല യാത്രകളുടെ ജീവിതമായിരുന്നു. അത് ബെത്‌ലേഹേമിലേക്കുള്ള യാത്രയോടെ ആരംഭിക്കുന്നു. 2. ഉടനെ തന്നെ ഈജിപ്റ്റിലേക്കുള്ള യാത്ര 3. ഈജിപ്റ്റിൽനിന്നും യുദയായിലേക്കും പിന്നെ ഗലീലിയായിലെ നസ്രസ്സിലേക്കുമുള്ള യാത്ര. 4. നസ്രസ്സിൽനിന്നും ശുദ്ധീകരണാചരണത്തിനും, ആദ്യജാത സമർപ്പണത്തിനും വേണ്ടി ജറുസലേമിലേക്കുള്ള യാത്ര. 5. വീണ്ടും ആണ്ടുതോറുമുള്ള പെസഹാ തിരുനാളനുഷ്ഠാനത്തിനുള്ള യാത്ര. 6. കാൽവരിമലയിലേക്കുള്ള അവസാനയാത്ര.

ഗലീലിതടാകം നസ്രസ്സിൽനിന്നും വളരെയകലെയല്ല. തടാകത്തേയും ചാവുകടലിനേയും സന്ധിപ്പിച്ചുകൊണ്ട് യോർദ്ദാൻ നദി സമാന്യം നേരെയൊഴുകുന്നുണ്ട്. ഒട്ടകങ്ങൾ വലിക്കുന്ന കാരവനിലൂടെയാണു അന്നു സാധാരണയായി പലസ്തീനായിലേക്കുള്ളവർ യാത്ര നടത്തിയിരുന്നതെന്നു വിശുദ്ധ ഗ്രന്ഥപഠിതാക്കൾ പറയുന്നു.

സമയമായപ്പോൾ തിരുക്കുടുംബത്തിലെ മൂന്നംഗങ്ങളും കാരവനിൽ കയറുവാനായി ഒരുങ്ങിവന്നു. മേരിയുടെ ആദ്യജാതനെ, ആദ്യമായി ആദിപിതാവിനു സമർപ്പിക്കുവാൻ കൊണ്ടുപോകുകയാണ്. എന്തായിരിക്കും ഈ അമ്മയുടെ മനസ്സിലൂടെ കടന്നുപോയ വിചാരവിചിന്തനങ്ങൾ. ആദ്യം ബത്ലേഹമിലേക്കു പോയതിന്റെ ഓർമ്മ ഇപ്പോഴും മേരിയുടെ മനസ്സിൽ മങ്ങാതെ നില്ക്കുന്നുണ്ട്. ഇപ്പോഴും അവയെ അയവിറക്കി ധ്യാനിക്കുന്നുമുണ്ട്. ആകസ്മികമായ ദൈവകല്പനകൾ മേരിയുടെ ജീവിതത്തിൽ അത്രയ്ക്ക് അപൂർവ്വമല്ലായിരുന്നു. എന്തെല്ലാം പുതിയ സംഭവങ്ങളാണോ ഉരുത്തിരിയാൻ പോകുന്നത്? ഇതെല്ലാം നമ്മെ സംബന്ധിച്ചിടത്തോളം യഥാർത്ഥ പ്രശ്നങ്ങളാകാമെങ്കിലും മേരിയുടെ ഉറച്ച വിശ്വാസത്തിന്റെയും ശരണത്തിന്റെയും ശക്തിക്കുമുന്നിൽ അവയൊന്നും സാരമല്ല. തിരുക്കുടുംബത്തിന്റെ യാത്രയ്ക്ക് സമാന്തരമായി, യോർദ്ദനാൻ നദിയിലൂടെ ശാന്തമായി ഒഴുകിക്കൊണ്ടിരുന്ന ജലം പോലെ, മേരിയുടെ ചിന്താധാരകളും, ധീരത കൈവെടിയാതെ, ശാന്തമായി ഒഴുകിക്കൊണ്ടിരുന്നു.

അവസാനം തിരുക്കുടുംബം ജെറുസലേമിലെ മഹാ ദേവാലയത്തിലെത്തി. അവിടെ യഥാർത്ഥത്തിൽ ശുദ്ധീകരണമാവശ്യമുണ്ടായിരുന്ന മറ്റു സ്ത്രീകളുടെ കൂടെ അമലോത്ഭവയായ മേരിയും ശിശുവിനേയും കയ്യിലേന്തി കാത്തു നില്ക്കുന്നു, മേരിയുടെ ഊഴം വരുന്നതുവരെ. മേരിയാരാണെന്നാർക്കും തന്നെ അറിഞ്ഞുകൂടാ. അവളുടെ ജീവിതമോ സാധാരണക്കാരിലും സാധാരണക്കാരിയായ ഒരു വിനീത യുവതിയുടേതുമായിരുന്നു.

അവസാനം ആ തിരുമുഹൂർത്തം വന്നടുത്തു. ദൈവമകനെ ദൈവത്തിനു സമർപ്പിക്കുവാൻ മേരി ശിശുവിനേയും കയ്യിലേന്തി പുരോഹിത സവിധത്തിലേത്തിക്കഴിഞ്ഞു. രണ്ടു ചെങ്ങാലിക്കുഞ്ഞുങ്ങളെ മാത്രം തരുവാൻ കഴിവുള്ള മേരിയുടെ കാഴ്ചവയ്ക്കൽ പരിപാടി അർപ്പണ ദ്രവ്യത്തെ സംബന്ധിച്ചിടത്തോളം വലിയ കാര്യമൊന്നുമല്ല. നിയമം അനുസരിച്ച് കഴിവുള്ളവർ ഒരു കാളക്കുട്ടിയെയോ അതിനുസമമായ മറ്റെന്തോ ആണു കൊടുക്കേണ്ടത്. തിരുക്കുടുംബാഗങ്ങൾ കൊണ്ടുവന്നിരിക്കുന്നതോ രണ്ടു ചങ്ങാലിക്കുഞ്ഞുങ്ങൾ മാത്രമാണ്. കർമ്മം ചെയ്യാൻ വന്ന പുരോഹിതനെ കണ്ട് പേടിച്ചിട്ടോ എന്തോ ആ കിളിക്കുഞ്ഞുങ്ങൾ ഒന്നുമെല്ലെ കുറുകി സ്വരമുണ്ടാക്കി. കൂടെനിന്നിരു

ന്നവർ ഇടക്കണ്ണിട്ട് നോക്കിയപ്പോൾ അത് ചണ്ടാലിക്കുഞ്ഞുങ്ങൾ. ''ശരി കണ്ടാൽ നല്ല ഐശ്വര്യമുള്ള കുടുംബാഗങ്ങളാണല്ലോ, എല്ലാവരും തന്നെ. ഇവർക്കൊക്കെ പള്ളിക്കുകൊടുക്കുവാൻ ഇത്രയെ കഴിവുള്ളൂ'' എന്ന് ജനം പെട്ടെന്ന് ചിന്തിച്ചുപോയി.

ദേവാലയപ്രമാണികളും പൊതുജനങ്ങളും ബലിപീഠത്തിനരികെ നടന്നുകൊണ്ടിരിക്കുന്ന സംഭവത്തിനു പ്രാധാന്യം കൊടുത്തില്ല. എന്നാൽ ജറുസലേം ദേവാലയത്തിലെ തൂണുകളും ആലേഖിത ചുമരുകളും സ്വച്ഛതയും നിശബ്ദതയും ചേർത്ത് നിർനിമേഷരായി നോക്കിനിന്നിരുന്നു. അതാ പ്രപഞ്ചത്തിന്റെ പ്രണേതാവ് പിഞ്ചുശിശുവായി വന്നു സ്വയം സമർപ്പിക്കപ്പെടുന്നു. സ്ത്രീകളിൽ വെച്ചേറ്റം അനുഗ്രഹീതയായ ഒരു നാരീരത്നം തേജോസ്വരൂപനായ ആ ശിശുവിനെ കളങ്കമറിയാത്ത തന്റെ കരപല്ലവങ്ങളിൽ വച്ച് ദൈവത്തിനു സമർപ്പിക്കുന്നു. ഇതെത്ര മനോഹരമായ രംഗം. ലോകം അറിയുന്നില്ലെങ്കിലും സ്വർഗ്ഗം ഉറ്റുനോക്കുന്നുണ്ടായിരുന്നു. സ്വയാവബോധമില്ലാത്ത തളിരും മലരും അവരുടെ ചൈതന്യ ദാതാവ് അവിടെ വന്നതിൽ അതീവ സന്തുഷ്ടരായിരുന്നു. അവ അത്യുന്നതന്റെ ഗാനാലാപമായ മന്ദമാരുതനിൽ മെല്ലെ, ഹൃദ്യമായി, ആടിക്കൊണ്ടിരുന്നു.

അപ്പോഴതാ ഒരു വയസ്സൻ കടന്നുവരുന്നു. ശിമയോൻ, പ്രാർത്ഥനയിലും പരിത്യാഗചൈതന്യത്തിലും ജീവിച്ചിരുന്ന ഒരു പ്രവാചകൻ. അയാളവിടെ പൊടുന്നനവേ സമാഗതനാകുന്നു. ശിശുവിനെ കയ്യിലെടുത്ത് ലാളിക്കുന്നു. ആർക്കും തിരിച്ചറിയാൻ സാധിക്കാത്ത പിഞ്ചുശിശുവിനെ ലോകത്തിന്റെ രക്ഷകനായി ആ പടുവൃദ്ധൻ ആന്തരിക നയനങ്ങൾ കൊണ്ട് കാണുന്നു, പ്രവചിക്കുന്നു. ''ഈ പൈതൽ ഇസ്രായേലിൽ വൈരുദ്ധ്യത്തിന്റെ അടയാളമായിരിക്കും. കാരണം പലരുടേയും നിഗൂഢ ചിന്തകളും ചെയ്തികളും അവരറിയാതെ തന്നെ പുറത്തുവരും''. (ലൂക്കാ 2:34-35). എന്റെ ദൈവമേ, ഇത് എന്തൊക്കെയാണീ കേൾക്കുന്നത്. അവന്റെ അമ്മയും കൂടെയുള്ളവരും ചിന്തിച്ചുപോയി. ''വൈരുദ്ധ്യതയുടെ അടയാളം'', എതിർക്കപ്പെടുന്ന അഭിമതങ്ങൾ, ആത്മാവിന്റെ നീഗൂഢതകളിലേയ്ക്ക് അസ്ത്രമയക്കുന്ന വാക്ക്ധോരണികൾ, ഇതെല്ലാമാണ് ശിമയോൻ ശിശുവിൽ കാണുന്നത്.

സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്നവൻ, സ്വർഗ്ഗീയ ശാന്തിയുടെ പരിമളം വീശി മനുഷ്യമനസ്സുകളുടെ വിടവുകളകറ്റി, ഐക്യത്തിന്റെ സാമ്രാജ്യം സ്ഥാപിക്കുകയല്ലേ ചെയ്യുക. അങ്ങനെയുമുണ്ടല്ലോ പ്രവചനവാക്യങ്ങൾ. മേരിക്കും യൗസ്സേപ്പിനും ചിന്തിക്കാൻ വകുപ്പുകളുണ്ട്. പക്ഷെ അതിനു മുമ്പെ ശിശുവിന്റെ വ്യക്തിത്വം ചോദ്യം ചെയ്യപ്പെട്ടു. നഖശിഖാന്തം വിമർശിക്കപ്പെടും. ഇസ്രായേൽ ഈ വ്യക്തിയെ ചൊല്ലി രണ്ടായി പിരിയും. പക്ഷെ അവിടെ അവസാനി

ച്ചില്ല ശിമയോന്റെ ഉൾക്കാഴ്ചകളുടെ പ്രകാശനം. ഭക്തിസ്വരൂപിണിയായി, അമലമനോഹരിയായി, ധ്യാനനിർല്ലീനയായി, ഇതാ ശിശുവിന്റെ അമ്മ അവിടെ നില്ക്കുന്നു. കറുത്ത കാർമേഘങ്ങളുടെ ഇടയിലൂടെ കാണാവുന്ന വിളങ്ങുന്ന വെള്ളരേഖപോലെ. കോപവും, പാപവുമറിയാത്ത ആ അമ്മയെ നോക്കി പ്രവാചകൻ പറയുന്നു, ''ദുഃഖം മൂർച്ചയുള്ള ഒരു വാളുപോലെ നിന്റെ ഹൃദയത്തെ ഭേദിക്കും'' (ലൂക്കാ 2:35). ഈ പ്രവചനം തന്നെ വൈരുദ്ധ്യങ്ങളുടെ, വിരോധാഭാസങ്ങളുടെ ഒന്നുചേരലായിരുന്നു. ഒരു വശത്ത് നിർമ്മലതയുടെ നിതാന്തസുന്ദരമായ സ്ത്രീവ്യക്തിത്വം. മറുവശത്തോ ദാരുണമായ ക്രൂരതയുടെ സഹനവാഗ്ദാനം. നിർമ്മലതയുടെ മാറ്റ് കൂടുന്നതനുസരിച്ച് സഹനത്തിന്റെ തോതും കൂടുന്നതുപോലെ തോന്നും ഈ പ്രവചനം കേട്ടാൽ. എന്നാൽ ശിമയോനിത് സ്വന്തമായി പറഞ്ഞതല്ല. പരിശുദ്ധാത്മാവിനാൽ പ്രേരിതനായി പറഞ്ഞതാണ്. ശിശുവിനേയും മാതാവിനെയും അങ്ങേയറ്റം ആദരിച്ച്, ഈ രംഗം കാണാൻ ഭാഗ്യം കിട്ടിയതിൽ അതിയായി സന്തോഷിച്ച്, ദൈവത്തിന് പരമഭക്തിയോടെ നന്ദിപറഞ്ഞുകൊണ്ടാണ് ശിമയോൻ ഈ വാക്കുകൾ അരുളിച്ചെയ്തത്. കർത്താവിനെയോ മാതാവിനെയോ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതപന്ഥാവിന്റെ ഗതിവിഗതികളെല്ലാം, സഹനത്തിന്റെ ഇടുങ്ങിയ പാതകളും സന്തോഷത്തിന്റെ അമൂല്യനിമിഷങ്ങളും, നേരത്തെതന്നെ അരക്കിട്ടുറപ്പിച്ചിരിക്കുന്നതുപോലെയാണ്. സ്വർഗ്ഗം അത്യുന്നതന് ലോകത്തിൽ ജീവിക്കാനുള്ള രാജവീഥിയൊരുക്കി കഴിഞ്ഞിരിന്നു. അതിനോട് ചേർന്ന് അമ്മയുടേയും. ഈ രാജവീഥി പാപമില്ലാത്തവരുടെ, പാപരഹിതമായ സഹനത്തിന്റെ ഇടുങ്ങിയ പാതയാണ്. അമ്മയും മകനും അതിലൂടെ യാത്രചെയ്യണമെന്നകാര്യം ശിമയോൻ ഓർമ്മിപ്പിച്ചതാണ്.

മേരി കൂടുതലൊന്നും പ്രതീക്ഷിച്ചിട്ടില്ലായിരുന്നുവെങ്കിലും ഇത്രയും കർണ്ണകഠോരമായ ഒരു ''ഹൃദയ ഖഡ്ഗ'' ത്തെക്കുറിച്ച് ചിന്തിച്ചിരുന്നില്ലെന്നു വേണം വിചാരിക്കുവാൻ. എങ്കിലും ശിമയോന്റെ ആശ്വാസപ്രദമായ വാക്കുകളും മേരിയുടെ മനസ്സിൽ സദാ മാറ്റൊലികൊണ്ടിരുന്നു.

''നാഥാ, നിന്റെ ദാസനെ സമാധാനത്തിൽ വിട്ടയച്ചാലും. ജനങ്ങൾക്ക് അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ ഇതാ എന്റെ സ്വന്തം കണ്ണുകൾകൊണ്ട് ഞാനിപ്പോൾ കണ്ടിരിക്കുന്നു. ജനതകൾക്കു വഴിയും ഇസ്രായേലിൽ മഹത്വവും വെളിപ്പെടുത്തുവാനുള്ള വെള്ളിവെളിച്ചം'' (ലൂക്ക 2:29-32).

മേരിയുടെ സഹനജീവിതത്തിന്റെ വ്യക്തമായ മുന്നറിയിപ്പ് കിട്ടിയത് ആദ്യമായി സ്വന്ത മകനെ ദൈവത്തിനു സമർപ്പിക്കാൻ കൊണ്ടുവന്നപ്പോഴാണ്. ആ സഹനകാവ്യത്തിന്റെ സമാപനപാദം കാൽവരിമലയിൽ സ്വന്ത മകൻ ദൈവത്തിന്റെ സഹനദാസനായി മരിക്കുമ്പോഴാണ്.

അതാ അപ്പോൾ അതിദാരുണമായ വേദനയാൽ പൊട്ടിക്കരഞ്ഞുകൊണ്ട്, തന്റെ മകൻ പറയുന്നു "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീയെന്നെ കൈവിട്ടു". (മത്താ.27:46) മേരിയുടെ കർണ്ണപുടങ്ങൾ ഞടുങ്ങി വിറയ്ക്കുന്നു. ഇതെവിടെയോ കേട്ടിട്ടുള്ള വാക്കുകളാണ്; ഏറ്റുചൊല്ലിയിട്ടുള്ള വാക്കുകളാണ്; പ്രാർത്ഥനയ്ക്ക് ഉപയോഗിച്ചിട്ടുള്ള വാക്കുകളാണ്; മേരി ഓർത്തുപോയി. അതെ, ദാവീദിന്റെ സങ്കീർത്തനത്തിലെ വാക്കുകൾ (സങ്കീ. 22:2).

ചരിത്രം ഏശയ്യായുടെ കാലത്തുനിന്നു വീണ്ടും ഒരഞ്ഞൂറ് കൊല്ലത്തേക്കു പുറകോട്ടു പോവുകയാണ്. എന്റെ അരുമ സുതന്റെ മരണവേദന, അതാ അവിടെയും രേഖപ്പെടുത്തിയിട്ടുണ്ടോ? ഇത്രയും നിശിതമായും വിശദമായും ഇവയെല്ലാം ഇത്ര നേരത്തെ തന്നെ നിശ്ചയിച്ചുവച്ചിട്ടുണ്ടോ? മേരിയുടെ വിശ്വാസനയനങ്ങൾ സംഭവങ്ങളെ വായിക്കുകയായിരുന്നു.

എന്നാൽ അങ്ങനെ തന്നെയാവട്ടെ. ഞാനെല്ലാം സ്വീകരിക്കുന്നു. രക്ഷണീയ രംഗത്തേക്ക് മേരിയെ ക്ഷണിച്ചപ്പോൾ മാലാഖയോടു മേരി പറഞ്ഞ അതേ വാക്കുകൾ: "ഇതാ കർത്താവിന്റെ ദാസീ, നിന്റെ വാക്കുപോലെ എന്നിലും ഭവിക്കട്ടെ."

എന്നിൽ എന്നുള്ളതിനു എന്നിലും എന്ന ഒരു ചെറിയ വ്യത്യാസം വരുത്തിയെഴുതിരിക്കുന്നു. കാരണം ഇവിടെ ഇപ്പോൾ രക്ഷണീയ കർമ്മം നിറവേറുന്നത് ഈശോയിലാണ്. പക്ഷെ അതിന്റെ ദാരുണ സഹനങ്ങൾ, സഹസഹനങ്ങൾ, മാതാവിലും നിരന്തരം നിറവേറിക്കൊണ്ടിരിക്കുന്നു.

നേരെ മറിച്ച് മംഗലവാർത്താ വേളയിൽ മനുഷ്യവതാരം നിറവേറേണ്ടത് മേരിയിലാണ്. അതുകൊണ്ട് 'മേരിയുടെ സമ്മതം' ആവശ്യമായിരുന്നു. എന്നാൽ അത് വചനം മാംസമായ യേശുവിലും സദാ നിറവേറിക്കൊണ്ടിരുന്നു. മംഗലവാർത്ത അമ്മയിൽ ആരംഭിക്കുന്നു. കുരിശുമരണം മകനിൽ അവസാനിക്കുന്നു. രണ്ടിലും രണ്ടുപേരും ആദ്യന്തം പങ്കുചേരുന്നു.

രക്ഷകനായ യേശുവിനെ പ്രസവിച്ച അമ്മയാണ് മേരി. രക്ഷകൻ യേശുവാണ്. എന്നാൽ ആദ്യന്തം മേരി സഹകരിച്ചിരുന്നു. ഈ സഹകരണത്തിന്റെ അത്യുന്നത മുഹൂർത്തമാണ് കാൽവരിയിലെ ദിവ്യയാഗത്തിലൂടെ നിറവേറുന്നത്. ഈ യാഗത്തിൽ പങ്കുചേർന്നു, സ്വന്തമകന്റെ ദാരുണ മരണം കണ്ടുകൊണ്ട് കുരിശ്ശിന്നരികിൽ നിൽക്കുന്ന മേരി മറ്റൊരു സഹന ദാസിയായി മാറുന്നു.

അവസാനംവരെ നീണ്ടുനിൽക്കുന്ന മനുഷ്യമഹാകുലത്തിന്റെ ഏകബലി സ്വമനസ്സാ സ്വീകരിച്ച്, ദൈവത്തിന്റെ സഹനദാസനായി ഈശോ മരിക്കുന്നു.

മരിക്കുന്ന മകനെ ഹൃദയത്തിൽ സ്വീകരിച്ച്, ദൈവത്തിനർപ്പിച്ചുകൊണ്ട് ഒരു സഹനദാസിയായി മേരി കുരിശ്ശിന്നരികിൽ നിൽക്കുന്നു.

നീലിമയറ്റ നീലാകാശം തമോവൃതമായിരുന്നു
പക്ഷികൾ പാടിയില്ല, പനയോലകളാടിയില്ല.
എല്ലാം നിലച്ചു. യേശു കുരിശിൽ മരിച്ചു.
പടയാളികൾ യാത്ര തിരിച്ചു.
മേരി മൗനവദനയായി തലകുനിച്ചു.

## സഹനത്തിന്റെ മറുവശം

മൂന്നാം ദിവസം, അരുണകിരണങ്ങൾ പൂർവ്വചക്രവാളത്തിലുയർക്കുന്നതിനുമുമ്പേ, സഹനദാസനായി മരിച്ച യേശു, മരണത്തെ ജയിച്ച് മഹത്വത്തിന്റെ മകുടമണിഞ്ഞ് ഉത്ഥിതനായി. പ്രകാശവീചികൾ അവനു ചുറ്റും പരന്നു. അന്ധകാരം ഓടിയകന്നു. അടയ്ക്കപ്പെട്ട ദേവാലയ തിരശ്ശീലകൾ രണ്ടായി പിളർന്നു. സ്വർഗ്ഗത്തിന്റെ വാതിൽ തുറന്നു. എല്ലാവർക്കും പ്രവേശനം സുസാധ്യമായി. സഹനം അതിന്റെ അന്ത്യം കണ്ടു. മുൾച്ചെടികൾ അലരണിഞ്ഞു.

ഈശോ സഹനപുത്രനായി ഈ ലോകത്തിലേയ്ക്കു വന്നത് മനുഷ്യർ നിർമ്മിക്കുന്ന അധോലോകത്തിന് കീഴടങ്ങി, പേടിച്ച് വിറങ്ങലിച്ച്, തന്റെ അനർഘദൗത്യവും ആത്മധൈര്യവും ബലികഴിക്കാനല്ല. മറിച്ച് മാരകായുധങ്ങളുടെ ശക്തിയില്ലാതെ, അഹിംസയിലൂടെ, ഏതൊരു അധാർമ്മിക പ്രസ്ഥാനത്തേയും എതിർക്കാനും, ധർമ്മസംസ്ഥാപനത്തിനായി സ്വന്ത ജീവൻ ബലികഴിക്കാനുമായിരുന്നു.

ഇതായിരുന്നു പിതാവായ ദൈവത്തിന്റെ നിദർശിത ദൗത്യവും ഈശോ ആത്മനാ സ്വീകരിച്ച ധീരതീരുമാനവും. ഇതിൽനിന്നും അണുവിട മാറുന്നതിന് ഈശോ തയ്യാറല്ലായിരുന്നു.

അതുകൊണ്ടാണ് ഗദ്സ്സമേനിയിൽ വച്ച് സേവകൻമാർ ഈശോയെ പിടിക്കുവാൻ വന്നപ്പോൾ തന്റെ ശിഷ്യനായ പത്രോസ് വാളെടുത്തപ്പോൾ 'പത്രോസേ, വാളുറയിലിടുക' എന്ന് ഈശോ പറഞ്ഞത്. വാളെടുക്കുന്നവൻ വാളാൽ മരിക്കും.

ഉണ്ടാക്കിയവൻ ഉടനെ തന്നെ മരിച്ചില്ലെങ്കിലും അവരുടെ കുട്ടികൾ മരിക്കും. പിൻതലമുറയിൽ പലരും. ഇത് ലോകത്തിന് ഒരു പാഠമായിരിക്കട്ടെ!

മറിച്ച്, ലോകത്തെ രക്ഷിക്കാൻ വേറെ മാർഗ്ഗമുണ്ട്. യേശു ഇതാണു കാണിച്ചു തരുന്നത്.

അക്രമത്തിലും അധിശത്വത്തിലും അടിയുറച്ച അധാർമ്മിക പ്രസ്ഥാനങ്ങളുടെ അടിയിൽ കിടക്കുന്നത് മനുഷ്യന്റെ അഹങ്കാരവും അമിത സുഖേച്ഛയുമാണ്. അമിതധനവും സുഖവുമാഗ്രഹിക്കുന്നവർ, സമഭാവനയില്ലാതെ, മറ്റുള്ളവരിൽ നിന്നത് പിടിച്ചെടുക്കുന്നവരാണ്. ഇതരവ്യക്തികളെ കൊന്നു സാമ്രാജ്യശക്തി സ്വയം പിടിച്ചെടുക്കുന്നതുകൊണ്ട് നമുക്കു ജീവിക്കാനുള്ള ലോകം നന്നാകുന്നില്ല. മറിച്ച് അഭിനയത്തിന്റെ റോളുകൾ മാറുന്നതേയുള്ളൂ. പണ്ടു പീഡിപ്പിക്കപ്പെട്ടിരുന്നവർ ഇന്നു സ്വേഛാധിപതികളായിരിക്കുന്നു. അവർ സാമ്രാജ്യത്തിന്റെ പണവും പ്രാപ്തിയും ധൂർത്തടിച്ച് സുഖമായി കഴിയുന്നു. പണ്ടു പാവങ്ങളെ ചവിട്ടിമെതിച്ച് സുഖമായി കഴിഞ്ഞിരുന്നവരോ ഇന്നു പീഡിപ്പിക്കപ്പെടുന്നു. പാർട്ടികൾ തമ്മിലുള്ള സമരങ്ങളിലും ജയാപരാജയങ്ങളിലും എപ്പോഴും കാണുന്ന ഒരു പ്രതിഭാസമാണിത്.

ഒരു പക്ഷെ, ഇതുകൊണ്ടായിരിക്കാം, ആറ്റം ബോംബിനെക്കുറിച്ച് ലോകത്തിൽ മാറ്റാർക്കുമില്ലാത്ത ഭീതിയാൽ അമേരിക്ക വലയുന്നയും വിറയ്ക്കുന്നതും. അവർ സൂക്ഷിച്ച് വയ്ക്കുന്ന മാരകായുധങ്ങളോ, അഥവാ അവയുടെ പുതിയ പതിപ്പുകളോ, അവരുടെമേൽ തന്നെ വീഴുമെന്ന ബൈബിൾ വാചകം അവരറിയാതെ അവരുടെ അബോധമനസ്സിൽ തിളച്ചുപൊങ്ങുന്നതായിരിക്കാം ഈ ഭീതിയ്ക്കടിസ്ഥാനം.

ഈ ഭീതിയിൽ നിന്നവർക്ക് വേണമെങ്കിൽ സ്വതന്ത്രരാവാം. പക്ഷെ അതോടെ അവരുടെ മാരകായുധങ്ങളും അവരുപേക്ഷിക്കണം. അല്ലെങ്കിൽ ഒരു പക്ഷെ, അവർ ആജീവനാന്തം ഭീതിയിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരോ, വിധിക്കപ്പെടാത്തവരോ ആയിരിക്കാം. അക്കാര്യം ദൈവം തീരുമാനിക്കട്ടെ.

ഈ പ്രസ്ഥാനത്തിനന്ത്യം വരുത്തി, അന്യാധീനാവേശത്തിനുള്ള ആർത്തിയെ തിരുത്തി, സ്വയശൂന്യവൽക്കരണത്തിലൂടെ എല്ലാവരുടെയും രക്ഷ സാധിക്കാനാണ് യേശുനാഥൻ വന്നതും, കുരിശിൽ മരിച്ചതും, പിന്നീടുയർത്തതും. ഉയിർത്തതുകൊണ്ട് മരണം വിജയിച്ചില്ല. വിജയശ്രീലാളിതനായി സ്വർഗ്ഗത്തിലേക്കെഴുന്നള്ളിയതുകൊണ്ട് തന്നെ പീഡിപ്പിച്ചവരും വിജയിച്ചില്ല.

ഒരാളുടെ പാപം മൂലം എല്ലാവരും ദൈവതിരുമുമ്പാകെയുള്ള ന്യായവിധിക്ക് വിധേയരായതുപോലെ, ഒരാളുടെ വിശുദ്ധ പ്രവൃത്തിയിലൂടെ എല്ലാവരും സ്വതന്ത്രരാക്കപ്പെട്ടു (റോമാ. 5:18). ഈ വിശുദ്ധ പ്രവൃത്തി സ്വയം ശൂന്യവൽക്കരണത്തിലൂടെയും ബലി സമർപ്പണത്തിലൂടെയും കൂടിയായിരുന്നു.

അങ്ങനെ, ഈശോ അഹം കേന്ദ്രീകൃതമായ ലോകത്തെ മാറ്റി, സ്വയം ശൂന്യവൽക്കരണത്തിന്റെ ഒരു പുതിയ ലോകത്തെ സൃഷ്ടിച്ച്, അത് മാതൃകയായി ന

മുക്കു തരുകയും ഓർമ്മയായി ആചരിക്കുവാൻ കൽപ്പിക്കുകയും ചെയ്തു. അങ്ങനെ ദിവ്യയാഗത്തിന്റെ വിശുദ്ധ കുർബാന സ്ഥാപിതമായി.

സാമ്രാജ്യ ദുർമോഹത്തിന്റെ അഹം കേന്ദ്രീകൃതമായ കൂരമ്പുകൾ ഒടിഞ്ഞു താഴെവീണു. വിനയാന്വിതമായ സ്വയം സമർപ്പണം വിശ്വവിശേഷമായി വിളംബരം ചെയ്യപ്പെട്ടു.

കുരിശിനരികിൽ നിന്നിരുന്ന അമ്മ ഈ ബലിസാക്ഷാത്ക്കാരത്തിൽ പൂർണ്ണമായി പങ്കെടുത്തു. അവളും ഈശോയോടു കൂടി ബലിവസ്തുവും ബലിയർപ്പകയുമായിരുന്നു.

ബലിസാക്ഷാത്ക്കാരത്തിനുശേഷം ലോകത്തിനു ലഭിച്ച അതുല്യ സന്തോഷത്തിലും അലോക സുന്ദരമായ സമാധാനത്തിലും അവളൊന്നു ചേരുന്നു, മാത്രമല്ല രക്ഷണീയ കർമ്മത്തിന്റെ ആദ്യഫലവും അനുഗ്രഹദായിനിയുമായി ആ അമ്മ ഇന്നും വിളങ്ങിനില്ക്കുന്നു.

സഹനം സഹനമായി മാത്രം അവസാനിക്കുന്നില്ല. സഹനം കുരിശിലൂടെ കടന്നു സന്തോഷമായി മാറുന്നു. മുള്ളുകളുള്ള റോസ് ചെടിയിൽ സുഗന്ധവാഹിനികളായ പുഷ്പങ്ങൾ വിടരുന്നു. എല്ലാവരിലും നവജീവൻ വിരിയുന്നു. ആനന്ദം അലയടിച്ചുയരുന്നു. അതുകൊണ്ട് പൗലോസ് ശ്ലീഹാ പറയുന്നു യേശുവിനു വേണ്ടിയുള്ള എന്റെ ശാരീരിക സഹനത്തിൽ ഞാൻ സന്തോഷിക്കുന്നു. അങ്ങനെ ശിരസ്സായ യേശുവിന്റെ സഹനത്തെ എന്റെ യാതനകളിലൂടെ ഞാൻ പൂർത്തീകരിക്കുന്നു (കൊളൊ. 1:24).

രക്ഷണീയ കർമ്മത്തിൽ, സഹനത്തിലൂടെയും സന്തോഷത്തിലൂടെയും പങ്കുകൊള്ളുവാൻ മാതാവിനെയും പൗലോസിനെയുംപോലെ നാമെല്ലാവരും വിളിക്കപ്പെട്ടവരാണ്. മേരിയുൾപ്പെടെ നാമെല്ലാവരും യേശുവിന്റെ മൗതിക ശരീരത്തിലെ അംഗങ്ങളാണ്.

ശിരസ്സായ യേശുനാഥനോടൊന്നിച്ച് നാമെല്ലാവരും സഹിക്കുകയും ലോകോദ്ധാരണത്തിനും ധർമ്മപുനസ്ഥാപനത്തിനും വേണ്ടിയുള്ള ബലി സമർപ്പിക്കുകയും അങ്ങനെ യേശുനാഥൻ സമർപ്പിച്ച ഒരേ ഒരു ബലിയിൽ ഭാഗഭാക്കുകളാകുകയും വേണം.

''അയം യജ്ഞോ ഭൂവനസ്യനാഭി : ഈ യജ്ഞമാണ് ഭുവനത്തിന്റെ നാഭി'' (ഋഗ്വേദ 1,164,35) എന്നാണ് ഋഗ്വേദത്തിൽ പറഞ്ഞിരിക്കുന്നത്. ഈ വാക്യം യജ്ഞാർപ്പണ വേളയിൽ പാടികൊണ്ടിരിക്കുന്ന ഒരു മന്ത്രമാണ്. ഇത് യഹൂദർ പെസഹാകുഞ്ഞാടിനെ ബലി സമർപ്പിച്ചിരുന്ന കാലത്ത്, ഭാരതത്തിൽ നടത്തിയിരുന്ന ഹോമബലിയായ യജ്ഞത്തെക്കുറിച്ചെഴുതിയിരിക്കുന്ന

വാക്യമാണ്. ഈ വാക്യം നിർമ്മല വിശ്വാസത്തോടുകൂടെ മനുഷ്യർ അർപ്പിക്കുന്ന ഏതു ബലിയേക്കുറിച്ചും പറയാവുന്നതാണ്.

യേശുക്രിസ്തു അർപ്പിച്ച മഹാബലിയിൽ ഈ വാക്യം അതിന്റെ വാച്യാർത്ഥത്തിലും പൂർണ്ണാർത്ഥത്തിലും നിറവേറിയിട്ടുണ്ടെന്നു ഒരു ക്രൈസ്തവൻ വിശ്വസിക്കുന്നതിൽ തെറ്റുണ്ടെന്നെനിക്കു തോന്നുന്നില്ല.

ബലിയെപ്പോഴും സമർപ്പിക്കപ്പെടുന്നത് പാപപരിഹാരത്തിനും ലോകസമുദ്ധാരണത്തിനും വേണ്ടിയാണ്. യേശുക്രിസ്തുവും ഈ ലോകത്തിലേയ്ക്ക് വന്നത് എല്ലാവർക്കും എല്ലാ കാലത്തേയ്ക്കും വേണ്ടി അങ്ങനെയുള്ളൊരു സമ്പൂർണ്ണ ബലിയർപ്പിക്കുവാനാണ്. ഈ ബലി സമർപ്പിക്കുന്ന മഹാപുരോഹിതനും ബലിയിലെ യജ്ഞവസ്തുവുമായി ഈശോ സ്വയം മാറുന്നു. ഇതിലെ ബലിവസ്തുവും ബലിസമർപ്പകനും ഒന്നാകുന്നതാണ് ഈശോ കുരിശിലർപ്പിച്ച ബലിയിലെ ഏറ്റവും വലിയ സവിശേഷത. സ്വന്തശരീരവും രക്തവുമാണ് യഥാർത്ഥ ബലി വസ്തുവായിത്തീരേണ്ടത്. ഇതാണ് കുരിശിൽ സംഭവിച്ചത്. പരോക്ഷമായി മേരിയുടെ ഹൃദയത്തിലും ഇത് സംഭവിക്കുന്നു.

ബലിസമർപ്പണത്തിൽ സഹകാരിണിയായി തന്റെ തിരുക്കുമാരനോട് ചേർന്ന് നിന്ന് മേരിയും ആദ്യന്തം പങ്കെടുക്കുന്നു. ഈശോ, പിതാവ് നിശ്ചയിച്ച സഹനദാസനാണെങ്കിൽ, ഈശോയുടെ അമ്മ ഒരു സഹനദാസിയായി സ്വന്തമകനോടുകൂടെയെപ്പോഴുമുണ്ടായിരുന്നു.

അദ്ധ്യായം ആറ്

## മാതാവിന്റെ വിമലഭാവം

# വിശുദ്ധിയുടെ വിളനിലമായ മേരി

ശുദ്ധിയാർന്ന ഭാവമാണ് വിശുദ്ധീഭാവം. അത് നിർമ്മലതയുടെ ഭാവമാണ്. മേരിയുടെ മുഖഭാവം നീലാകാശംപോലെ നിർമ്മലവും ശുദ്ധജലം പോലെ തെളിവാർന്നതുമാണ്. അവിടെ മായമില്ല, മലിനതയില്ല. എല്ലാം സുതാര്യം, സുരസുന്ദരം. എന്താണ് ഈ സൗന്ദര്യത്തിന് കാരണം. അവിടെ അഛരസ്ഫടികസങ്കാശമായ ആ മുഖകമലത്തിൽ, ദിവ്യത പ്രതിബിംബിക്കുന്നു. എല്ലാം ദിവ്യം എല്ലാം തേജോമയം, എല്ലാം അലോകസുന്ദരം.

ആഴിയുടെ അപാരതയും, വിശ്വത്തിന്റെ വിശാലതയും അവയിലൂടെ ഇടിമിന്നൽപോലെ ജ്വലിച്ച് പ്രവഹിക്കുന്ന ദൈവത്തിന്റെ അമോഘ ശക്തിയും കണ്ടമ്പരന്ന ആദിമനുഷ്യൻ അറിയാതെ ഉദീരണം ചെയ്ത പദമാകാം ''ഖാദിശ്'' ''ശുദ്ധം, പരിശുദ്ധം'' എന്ന്. ഗ്രീക്കിലെ 'ഹാഗിയോൺ' ലത്തീനിലെ 'സാൻക്തൂസ്' എല്ലാം ഈ ആദ്യാനുഭവ പ്രഘോഷണങ്ങളാണ്.

മനുഷ്യർ പരിമിതിയാർന്നവരാണെങ്കിലും അപരിമേയതയിലേക്കുയരാൻ ആഗ്രഹിക്കുന്നു. ശരീരമുള്ളവരാണെങ്കിലും അശ്ശരീരിയായ ദൈവത്തെ കാണാനാഗ്രഹിക്കുന്നു. അദൃശനായ ദൈവത്തിന് ദർശനീയത നല്കി നിരവധി രൂപങ്ങൾ സൃഷ്ടിക്കപ്പെടുന്നു. അവിടെ കറയും കന്മഷവും പാടില്ലെന്ന് ദൈവത്തിനും മനുഷ്യനും ഒരുപോലെ നിർബന്ധമാണ്. ഇങ്ങനെയുള്ള ചിന്താധാരയുടെ മധ്യത്തിലേക്ക് സ്വർഗ്ഗത്തിൽ നിന്നും ഒരു വ്യക്തി ഇറങ്ങി വന്നു. അതാണ് യേശുക്രിസ്തു. മാനുഷിക മുഖമില്ലാത്ത ദൈവത്തിന്റെ അമേയതയും അതിലുപരി മനുഷ്യമക്കളോടുള്ള അവിടുത്തെ അടുപ്പവും, ദൈവത്തിന്റെ ദർശനീയതയായി മനുഷ്യമുഖത്ത് പ്രതിബിംബിച്ചതാണ് യേശുക്രിസ്തു. അവിടുത്തേക്ക് ഒരമ്മയെ ആവശ്യമായിരുന്നു. അതേ ദൈവത്തിനു ദർശനീയത നൽകി, മുഖവും ഭാവവും നൽകി വളർത്തിയെടുക്കാൻ ഈ അമ്മയെ അനന്തതയുടെ ശ്രീകോവിലിലിരുന്ന് അവിടുന്ന് നിയോഗിച്ചു. കാലം എന്ന മഹാസ്വപ്നം നമ്മൾ കണികാണുന്നതിനുമുമ്പ് തന്നെ അമലോത്ഭവയായി, കന്മഷഹീനയായി, സ്വർഗ്ഗീയ സൗന്ദര്യത്തിന്റെ വാടാമലരായി ദൈവം ഈ അമ്മയെ വിഭാവനം ചെയ്തു. ഈ അമ്മ വിശുദ്ധിയുടെ പാർപ്പിടമായിരുന്നു, വിളനിലമായിരുന്നു, വിമലപേടകമായിരുന്നു. ജനകോടികളിൽ ജലപ്രതീക്ഷയുടെ കിരണം വീശി വാനിലുയരുന്ന മഴവില്ല് പോലെ പാപകലുഷിതമായ

നിരവധി മനുഷ്യഹൃദയങ്ങൾക്ക് രക്ഷയുടെ കിടാവിളക്കു വാഗ്ദാനം ചെയ്തുകൊണ്ട് ഈ അമ്മ ഈ ലോകത്തിലേക്കുവന്നു. ദിവ്യത ഉടലാർന്ന ഈശോയ്ക്ക് അമ്മയായി.

വിശുദ്ധീഭാവമെന്നത് ദൈവികതയുടെ പ്രതിബിംബമാണ്. ശുദ്ധത യുടെ സാക്ഷാത്കാരരൂപത്തിന് സഹജമായ ഭാവവിശേഷമാണത്. കരുണയുടെ കണ്ണുകൾകൊണ്ടും കനിവാർന്ന വാക്കുകൾ അടർന്ന് വീഴുന്ന കനകാധര ങ്ങൾ കൊണ്ടും ആ മുഖഭാവം എപ്പോഴും സമലംകൃതമാണ്. വിശുദ്ധിയുടെ ഭാവം സ്നേഹത്തിന്റെ ഭാവമാണ്. ദൈവം സ്നേഹമായിരിക്കുന്നതുപോലെ ഈ ഭാവം ഉൾക്കൊള്ളുന്ന ഏതു വ്യക്തിയും സ്നേഹത്തിന്റെ പ്രവാഹരൂപമാ യിരിക്കും. 'ദൈവത്തിന്റെ അമ്മയായ' പരി. കന്യകയിൽ ഇതു തികച്ചും സാർത്ഥകമാണ്, സഫലവുമാണ്.

''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും'' (മത്താ. 5:8) എന്നാണ് അങ്ങയുടെ അരുമമകൻ തന്നെ ഞങ്ങളോട് അരുളി ച്ചെയ്തിട്ടുള്ളത്. അങ്ങയിൽ അതു അക്ഷരാർത്ഥത്തിൽതന്നെ നിറവേറിയിരിക്ക യാണ്. പാപരഹിതയായി ജനിച്ചവളും പാപവിമുക്തയായി ജീവിച്ചവളുമായ അങ്ങയുടെ ഹൃദയ വിശുദ്ധിയെക്കുറിച്ച് ആർക്കും സംശയമില്ല. അതുകൊണ്ട് അങ്ങു സദാ ദൈവത്തെ കണ്ടുകൊണ്ടിരുന്നു എന്നുവേണം നിഗമിക്കുവാൻ. വിശുദ്ധി ഭാവത്തിന്റെ ഒരു പ്രത്യേകത ആ മുഖകമലത്തിൽ തെളിഞ്ഞു നല്കുന്ന നയനങ്ങൾ സദാ ദൈവത്തെ കണ്ടുകൊണ്ടിരിക്കുന്ന ആന്തരീക നയനങ്ങളുടെ പ്രത്യക്ഷപ്രകാശനങ്ങളാണെന്നുള്ളതാണ്. കണ്ണാണു മുഖത്തിന്റെ കണ്ണാടി. കണ്ണിൽ കരുണയുടെ കിരണങ്ങൾ വിരിയുന്നു, കണ്ണിൽ അനുകമ്പയുടെ പനിനീർ തുള്ളികൾ വിതുമ്പുന്നു. വിശുദ്ധി ഭാവം സ്വീകരിച്ചു കഴിഞ്ഞിട്ടുള്ള വരുടെ കണ്ണുകൾ ജീവജ്യോതിസ്സ്കൊണ്ട് സദാ തേജോമയങ്ങളാണ്. ദൈവ സ്പർശന മേറ്റുകൊണ്ടിരിക്കുന്ന ആത്മീയനയനങ്ങൾ ബാഹ്യനയനങ്ങളിലൂടെ എപ്പോഴും പ്രതിബിംബിച്ചുകൊണ്ടിരിക്കുന്നതായിരിക്കാം അതിനുകാരണം. അതുകൊണ്ടുതന്നെ അമ്മേ, അങ്ങയുടെ കണ്ണുകൾ പ്രഭാപൂരിതങ്ങളാണ്. അതേ സമയം ദയാപൂർണ്ണങ്ങളും, വാത്സല്യത്തിന്റെ മങ്ങലേല്ക്കാത്ത തിളക്കത്താൽ പ്രശോഭിതങ്ങളുമാണ്. ആ ദിവ്യനയനങ്ങൾകൊണ്ട് ഞങ്ങളെ തൃക്കൺ പാർക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അല്ല, അങ്ങു തീർച്ചയായും ഞങ്ങളെ നോക്കിക്കൊണ്ടാണിരിക്കുന്നത്. ഞങ്ങളിലേക്കിറങ്ങിവന്നുകൊണ്ടാണിരി ക്കുന്നത്. ദൈവത്തിനു സമനായിരുന്നെങ്കിലും, ആ വലിപ്പം കാര്യമായി ഗണി ക്കാതെ, അങ്ങയുടെ വിമല ഹൃദയം തേടിവന്ന ഈശോയെപ്പോലെ, അമലോ ത്ഭവയാണെങ്കിലും, പാപപങ്കിലമായ ഞങ്ങളുടെ ഹൃദയങ്ങൾ തേടി അങ്ങു ന്നിറങ്ങിവരുന്നുണ്ടന്നുള്ളത് ഞങ്ങൾക്ക് ഉറപ്പാണ്. അതാണു ലൂർദ്ദിൽ സംഭവി ച്ചത്. അതാണു ഫാത്തിമായിൽ സംഭവിച്ചത്. ഈ ലോകത്തിൽ ഞങ്ങൾക്കു

ണ്ടാകുന്ന അനുഭവങ്ങൾ ഞങ്ങൾ അറിയുന്നതിന് മുമ്പ് അങ്ങറിയുന്നു. വ്യക്തമായി കാണുന്നു. ആ വിമലനയനങ്ങൾ നനയുന്നു, സ്നേഹത്താൽ കരയുന്നു. അങ്ങനെ ഇവിടെ ഈ ഭൂമിയിൽ, പൂഴിയിൽ, മണ്ണിൽ കഴിയുന്ന തനയരെ ഓർക്കുന്നു. ഇറങ്ങി വരുന്നു, ഒരു നവദൗത്യവുമായി ഒരു പുതിയ വാഗ്ദാനവുമായി. ഇതിനൊരു മകുടോദാഹരണമാണ് ഫാത്തിമായിൽ സംഭവിച്ചത്, 1917 ഒക്ടോബർ 13-ാം തിയതി. ഈ ദിനത്തിൽ നടക്കാൻ പോകുന്ന കാര്യവും അതിന്റെ ഭവിഷ്യത്തുകളും ആരു കണ്ടു? ഈ ലോകത്തിൽ ആരും കണ്ടില്ല. പക്ഷെ, അങ്ങയുടെ ദിവ്യനയനങ്ങൾ സ്വർഗ്ഗത്തിലിരുന്നവയെ കണ്ടു. അന്നാണ് റഷ്യയിൽ ബോൾഷെവിക് വിപ്ലവം സമാരംഭിച്ചത്. സാർ ചക്രവത്തിയെയും കുടുംബാഗംങ്ങളെയും ക്രൂരമായി വധിച്ചു. ലോകത്തിൽ ആദ്യമായി കമ്യൂണിസ്റ്റ് സാമ്രാജ്യാധിപത്യം സ്ഥാപിച്ചത് അന്നാണ്.

ആ ദിവസം യൂറോപ്പിന്റെ മാത്രമല്ല, ലോകത്തിന്റെ തന്നെ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. പത്തൊമ്പതാം ശതകത്തിന്റെ മദ്ധ്യദശകത്തിൽ വെളിച്ചം കണ്ട മാർക്സിയൻ സാമൂഹ്യദർശനം 1844ൽ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയായി പ്രസിദ്ധീകൃതമാകുന്നു. ഒരു രാഷ്ട്രത്തിന്റെ തത്വദർശനമായി ആരും അതുവരെ ഈ ദർശനം സ്വീകരിച്ചിട്ടില്ലായിരുന്നു. 1917, ഒക്ടോബർ 13-ാം തിയതി റഷ്യയിൽ അതു സംഭവിച്ചു. ലെനിൻ, ക്രോംലിൻ, സ്റ്റാലിൻ എന്നിവർ വിഭാവനം ചെയ്ത കമ്മ്യൂണിസ്റ്റ് ഭരണകൂടം അന്നു സ്ഥാപിതമായി. ആ ദിവസം ഇതും, ഇതിനെ തുടർന്നു ലോകത്തിൽ ഇനി സംഭവിക്കാതിരിക്കുന്നതും മുൻകൂട്ടി കണ്ടുകൊണ്ട്, നമ്മുടെ അമ്മ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്നു. ബോൾഷെവിക് വിപ്ലവം സംഭവിക്കുന്നതു പുരാതനവും പ്രശസ്തവുമായ മോസ്ക്കോ നഗരത്തിലാണെങ്കിൽ മാതൃസ്നേഹം തുളുമ്പുന്ന ഹൃദയത്തോടെ സ്വർഗ്ഗകന്യക ഇറങ്ങിവന്നത് കാര്യമായിട്ട് ആരുംതന്നെ അറിയാതെകിടന്നിരുന്ന ഒരു ചെറിയ ഗ്രാമത്തിലേക്കാണ്. റഷ്യൻ വിപ്ലവത്തിനും അതിനെതുടർന്നുള്ള ഭരണചക്രത്തിനും നേതൃത്വം കൊടുത്തത് സാമൂഹ്യ ധനശാസ്ത്രങ്ങളിൽ വിദഗ്ദരായ ഭരണസാരഥികളാണെങ്കിൽ, മാതാവിറങ്ങി വന്നത് മൂന്നു കുഞ്ഞുപൈതങ്ങളുടെ അടുത്തേക്കായിരുന്നു. ലോകത്തിന്റെയും സ്വർഗ്ഗത്തിന്റെയും മൂല്യബോധങ്ങളിലുള്ള വ്യത്യസ്ഥമാനങ്ങൾ ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. ഈ പിഞ്ചുപൈതങ്ങളോട് അമ്മ പറഞ്ഞു: ''ഇതാ നോക്കൂ! റഷ്യ കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. മതാത്മകതയ്ക്കും ഈശ്വരഭക്തിക്കും സ്ഥാനമില്ലാത്ത ഒരു പ്രസ്ഥാനമാണിത്. അതുകൊണ്ട് പരി. പിതാവിനും, കത്തോലിക്കർക്കും വളരെ അധികം സഹിക്കേണ്ടിവരും. നിങ്ങൾ ലോകസമാധാനത്തിനായി പ്രാർത്ഥിക്കുകയും, സാധിക്കുന്ന ത്യാഗപ്രവൃത്തികൾ ചെയ്തു കാഴ്ച വെയ്ക്കുകയും വേണം.

മാതാവ് ഈ പിഞ്ചുപൈതങ്ങളോടിതു പറയുമ്പോൾ സാർ ചക്രവർത്തിയുടെ മോസ്ക്കോ കൊട്ടാരത്തിലെ രക്തചൊരിച്ചിൽ ഇനിയും തീർന്നിട്ടില്ലായിരുന്നു. നടക്കുന്നതും, വരുന്നതും മുൻകൂട്ടി കണ്ടുകൊണ്ട് ഈ അമ്മ ഇറങ്ങി വന്നതാണ്. തന്റെ അരുമ മക്കളെ അറിയിക്കുവാൻ, അവരെ ഒരുക്കുവാൻ സത്യത്തിനും സ്നേഹത്തിനുംവേണ്ടി നിനില്ക്കുന്നതിന് അവരെ പ്രേരിപ്പിക്കുവാൻ.

പറഞ്ഞതുപോലെ, റഷ്യ തന്റെ കമ്മ്യൂണിസം ചൈനയിലേക്ക് പകരുകയും അധികം താമസിയാതെ ചൈന കമ്മ്യൂണിസ്റ്റ് ഭരണത്തിലാവുകയും ചെയ്തു. തുടർന്ന് പൂർവ്വമേഖലകളിലെ പല രാഷ്ട്രങ്ങളും കമ്മ്യൂണിസ്റ്റ് ഭരണസീമയിലൊതുങ്ങി.

മാതാവ് വലിയ വിപ്ലവകാഹളത്തോടെ വന്ന റഷ്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥനത്തിനു കാലനിയന്ത്രണവും നല്കിയിരുന്നു.''അവസാനം എന്റെ വിമല ഹൃദയം വിജയിക്കും. റഷ്യ കമ്മ്യൂണിസം ഉപേക്ഷിക്കും'' (ആശയസംഗ്രഹണം ഗ്രന്ഥകർത്താവിന്റേത്) ഏകദേശം എഴുപതു കൊല്ലത്തിനുശേഷം റഷ്യ കമ്മ്യൂണിസം ഉപേക്ഷിച്ചു. യാതൊരു രക്തചൊരിച്ചിലുമില്ലാതെ ഒരു പുതിയ ഭരണസാരഥ്യം റഷ്യയിൽ സ്ഥാപിതമായി.

റഷ്യൻ കമ്മ്യൂണിസം പല നാടുകളിലേക്കും പടരും എന്നു മാതാവു പറഞ്ഞപ്പോൾ നമ്മുടെ കൊച്ചു കേരളത്തേയും അതിൽ കണ്ടിട്ടുണ്ടെന്നുള്ളത് തീർച്ചയാണ്. പക്ഷെ നമ്മുടെ കൊച്ചു കേരളത്തിനു ഒരു പ്രത്യേകതയുണ്ട് ഇവിടെ കമ്മ്യൂണിസം വന്നിരിക്കുന്നത് ജനാധിപത്യത്തിലൂടെയാണ്. അതുകൊണ്ട് എതിരില്ലാത്ത ഒരു ദുഷ്ടസ്വേഛാധിപത്യത്തിന്റെ താണ്ഡവനൃത്തം നടത്തുവാൻ കേരള കമ്മ്യൂണിസം തയ്യാറായില്ല, അതു സാധ്യവുമല്ലായിരുന്നു. എന്നാൽ മാതാവിന്റെ പ്രബോധനം നമ്മെ സംബന്ധിച്ചിടത്തോളവും വാസ്തവമാണ്. നാം നമ്മുടെ സുഖസൗകര്യങ്ങൾ മാത്രം നോക്കി ജീവിച്ചാൽ പോരാ. നാം അപരന്റെ ആവശ്യവും അവകാശവുംകൂടി കണക്കിലെടുക്കണം. അതുകൊണ്ട് നാം അവർക്കുവേണ്ടി പ്രാർത്ഥിക്കണം, ത്യാഗം ചെയ്യണം, മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടി, ഉന്നമനത്തിനുവേണ്ടി, അഭ്യുദയത്തിനുവേണ്ടി പ്രവർത്തിക്കണം. കമ്യൂണിസത്തെ ഇല്ലാതാക്കേണ്ടത് സാമൂഹ്യ പ്രത്യയശാസ്ത്രത്തെ അപലപിച്ചുകൊണ്ടല്ല, പ്രത്യുത അഭിമാനപൂർവ്വം ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി, മറ്റുള്ളവരുടെ മുമ്പിൽ കൈനീട്ടി യാചിക്കേണ്ട ഗതികേട് അവസാനിപ്പിച്ചുകൊണ്ടാണ്. എല്ലാവരും ഇക്കാര്യം ജീവിതത്തിന്റെ ആദർശമായിട്ടെടുത്താൽ കമ്യൂണിസം തന്നെ ഇല്ലാതാകും. ശവമുള്ളിടത്തേയ്ക്കേ കഴുകന്മാർ പറന്നടുക്കുകയുള്ളു. പക്ഷെ ഇതിനുവേണ്ടി വിശ്വാസികളുടെ ഭാഗത്തുനിന്ന് സ്നേഹനിർഭരവും, ത്യാഗോജ്ജ്വലവുമായ

നിഷ്കളങ്ക ജീവിതം മാതാവ് ആവശ്യപ്പെടുന്നുണ്ട്. ഈശോയുടെ ത്യാഗോജ്ജ്വല ജീവിതം ധ്യാനിച്ചുകൊണ്ടുള്ള ജപമാലയും സ്വന്ത സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് അപരനെ ഉയർത്തുവാൻ വേണ്ടിയുള്ള ത്യാഗപ്രവൃത്തികളും ആണ് രണ്ടായുധങ്ങൾ.

വിശുദ്ധീഭാവം സ്നേഹത്തിന്റെ ഭാവമാണ്. മനുഷ്യമനസ്സിനെ ശുദ്ധമാക്കുന്നതും വിശുദ്ധീഭാവത്തിലേക്കെത്തിക്കുന്നതും സ്നേഹമാണ്. സ്നേഹം ദൈവത്തിൽനിന്നും ഒഴുകിവന്ന് ഒരു ഹൃദയത്തെ, നനച്ചു, കഴുകി, വിശുദ്ധീകരിച്ച് സ്നേഹനിർഭരമാക്കുന്നു. സ്നേഹമാണ് നമ്മെ ഭരിക്കേണ്ടതും നയിക്കേണ്ടതും. നമ്മുടെ അമ്മയുടെ വിമലഹൃദയം സ്നേഹനിർഭരമാണ്. കറതീർന്ന സ്നേഹം ദൈവത്തിൽനിന്നും ഒഴുകിവന്നു മാതാവിനെ സ്പർശിക്കുന്നതുപോലെ മാതാവിൽ നിന്നുമൊഴുകി നമ്മെ സ്പർശിക്കുന്നു. സ്നേഹത്തിന്റെ നവലോകം സമരത്തിന്റേതല്ല. സ്നേഹത്തിന്റെ നവലോകം സൃഷ്ടിച്ചുകൊണ്ട് മാതാവിന്റെ വിശുദ്ധീഭാവത്തിൽ പങ്കുകൊള്ളാൻ ഈ അമ്മ നമ്മെ വിളിക്കുന്നു. ദൈവം സ്നേഹമാണ്. സ്നേഹത്താൽ പരിവേഷിതമായ ഹൃദയം വിശുദ്ധിയുടെ വിളനിലമാണ്.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണുമെന്നാണല്ലോ നാം നേരത്തെ കണ്ടത്. മാതാവിന്റെ ശുദ്ധനയനങ്ങൾ എപ്പോഴും ദൈവത്തെ കണ്ടുകൊണ്ടിരുന്നു. എല്ലാ മനുഷ്യരും ആന്തരിക നയനങ്ങൾ കൊണ്ടാണ് ദൈവത്തെ കാണുന്നത്. ദൈവം അനവദ്യനും, അഗോചരനുമായതുകൊണ്ട് വെറെ മാർഗ്ഗമൊന്നുമില്ല. ഉൾക്കണ്ണുകൾ തുറന്ന് ഉള്ളിന്റെ ഉള്ളിൽ പള്ളികൊള്ളുന്ന ദൈവത്തെ കാണുവാൻ നസ്രസ്സിലെ കൊച്ചുമറിയത്തിന് അനായാസേന സാധിക്കുമായിരുന്നു. മലിനത എന്തെന്നറിയാത്ത ആ അമല ഹൃദയത്തിന് അതു തികച്ചും സ്വതസിദ്ധവും സ്വാഭാവികവുമായിരുന്നു. ധ്യാനനിർല്ലീനങ്ങളായിരുന്ന ഈ ഉൾനയനങ്ങളുടെ പ്രകാശം മാതാവിന്റെ ബാഹ്യനയനങ്ങളെയും സ്പർശിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നുവെന്നുവേണം ചിന്തിക്കുവാൻ. അതുകൊണ്ടുതന്നെ ആ നയനങ്ങൾ വിശുദ്ധിഭാവം നിറഞ്ഞുതുളുമ്പുന്ന കമനീയ കണ്ണുകളായിരുന്നു. എന്നാൽ, മറ്റാർക്കും സാധിക്കാത്തതുപോലെ ഈ അമ്മയ്ക്ക് തന്റെ ബാഹ്യനയനങ്ങൾകൊണ്ട് ദൈവത്തെ കാണാനുള്ള അതുല്യമായ ഭാഗ്യം കൂടി ലഭിച്ചിരുന്നു. ഇതു ഒരു പ്രത്യേക വരമാണ്. ഇതു സാധിക്കുന്നത് ഈശോയുടെ അമ്മയാകാൻ മറിയത്തെ തിരഞ്ഞെടുക്കുകയും മാലാഖയെ അയച്ച് വിളിക്കുകയും ചെയ്യുന്നതോട് കൂടിയാണ്. അവൾ പ്രസവിച്ച പൈതൽ ദൈവകുമാരനാണെന്ന് ഏറ്റവും വ്യക്തമായി അറിയാവുന്ന വ്യക്തി നസ്രസ്സിലെ ഈ കൊച്ചുമേരി തന്നെയായിരുന്നു. വചനം മാംസമായവൻ, ദൈവം മനുഷ്യനായ

വൻ ആയിരുന്നു ഈ അമ്മയുടെ ഏക തനയൻ. തന്റെ ബാഹ്യനയനങ്ങൾ തുറക്കുമ്പോൾ ഇതുവരെ ആന്തരീക നയനങ്ങൾ കണ്ടുകൊണ്ടിരുന്ന കാഴ്ചക്ക് അതീതനായ ദൈവത്തിന്റെ ദൃശ്യരൂപം കാണുവാൻ അമ്മയ്ക്ക് ഭാഗ്യമുണ്ടായി. ബാഹ്യനയനങ്ങൾ കാണുന്നത് മറ്റാരിലും എന്നപോലെ ബലഹീനവും മാംസള വുമായ ശിശുശരീരമാണെങ്കിലും വിശുദ്ധ മേരിക്ക് കൃത്യം അറിയാമായിരുന്നു ഈ ശിശു ദൈവപുത്രനാണെന്ന്. ഈ സിരകളിൽ കൂടി ഒഴുകുന്നത് എന്റെ രക്തമാണെങ്കിലും, ഈ കുഞ്ഞുമനസ്സിന്റെ കർത്താവും അതിനെ നിയന്ത്രി ക്കുന്ന വ്യക്തിയും വചനമാകുന്ന ദൈവമാണെന്ന് അവൾക്ക് തീർച്ചയായി രുന്നു.

പിതാവായ ദൈവത്തിന്റെ സാക്ഷാൽ പ്രതിബിംബനമായ അവബോധ രൂപമാണു വചനം എന്ന പദംകൊണ്ടു ക്രിസ്ത്യാനികൾ മനസ്സിലാക്കുന്നത്. ഹൈന്ദവ ചിന്തയിൽ നാദബ്രഹ്മം എന്നൊരു സവിശേഷപദം കാണുന്നുണ്ട്. നാദം അഥവാ ശബ്ദം വചനത്തെ പ്രദ്യോദിപ്പിക്കുന്നു. അതുകൊണ്ട് നാദബ്രഹ്മം എന്ന സംജ്ഞ ദൈവവചനത്തിലേക്ക് വിരൽചൂണ്ടുന്നുണ്ട്. ദൈവസത്തയിൽ വചനം അഥവാ വാക്ക് എന്നൊരു യാഥാർത്ഥ്യമുണ്ടെന്നു സാരം. ആ വചനം മാംസമായതാണീ ശിശു, ഈ പൈതൽ, ഈ മനുഷ്യൻ എന്നിങ്ങനെ മാതാവ് സദാ കണ്ടുകൊണ്ടിരുന്നു. ആന്തരിക നയനങ്ങൾ കൊണ്ടും ബാഹ്യനയനങ്ങൾകൊണ്ടും ദൈവത്തെ കണ്ടുകൊണ്ടു ജീവിച്ച അനിതരസാധാരണയായ ഒരു വ്യക്തിയാണു നസ്രസ്സിലെ മേരി. മറ്റുപലരും മനുഷ്യശരീരമുള്ള യേശുവിനെ കണ്ടിട്ടുണ്ട്. അവരിൽ പലരുടേയും ആന്തരിക നയനങ്ങൾ അടയ്ക്കപ്പെട്ടതായിരുന്നു. അവ തുറന്നാൽപോലും ഈ നില്ക്കുന്ന മനുഷ്യൻ ദൈവം മനുഷ്യനായ വ്യക്തിയാണെന്നു മനസ്സിലാക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ലെന്നുവേണം പൊതുവെ ചിന്തിക്കുവാൻ. ഇതിന് ഒന്നു രണ്ട് അപവാദങ്ങൾ നാം കാണുന്നുണ്ട്. ഒന്ന്, പത്രോസിന്റെ പ്രഖ്യാപനമാണ്: ''അവിടുന്ന് ജീവനുള്ള ദൈവത്തിന്റെ ഏക പുത്രനായ മിശിഹായാണെന്നു ഞാൻ വിശ്വസിക്കുന്നു'' (മത്താ. 16:16). കർത്താവ് അത് അംഗീകരിക്കുകയും ചെയ്യുന്നു. ഇതു പത്രോസിനു അപ്പോൾ ലഭിച്ച ഒരു പ്രത്യേക വരമായിരുന്നു. പിന്നീട് പേടിച്ച അവസരത്തിൽ ''ഞാൻ ഇയാളെ അറിയുകയില്ല'' എന്നു പോലും പത്രോസ് പറയുകയുണ്ടായി. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്ക് ഈശോ പ്രത്യക്ഷപ്പെട്ടപ്പോഴും അവരോടൊപ്പം നടന്നുവരുന്ന മനുഷ്യൻ യേശു വാണെന്ന് അവർ മനസ്സിലാക്കിയില്ല. അവരുടെ ഉൾകണ്ണുകൾ തുറക്കപ്പെട്ട ഉ ടനെ അവർ അത് യേശുവാണെന്നു മനസ്സിലാക്കി. പക്ഷേ ഉടനെ തന്നെ യേശു അപ്രത്യക്ഷമാവുകയും ചെയ്തു (ലൂക്ക 24:13-30). അതുകൊണ്ട് ഉൾകണ്ണുകൾകൊണ്ടും, ബാഹ്യകണ്ണുകൾകൊണ്ടും ദൈവത്തെ ഒരുപോലെ കാണുവാനുള്ള ഭാഗ്യം നസ്രസ്സിലെ ഈ കന്യകയ്ക്കല്ലാതെ മറ്റാർക്കും

ലഭിച്ചിട്ടില്ലെന്നുവേണം വിചാരിക്കുവാൻ. ഈ പശ്ചാത്തലത്തിലാണു ഞാൻ ഈ വചനഭാഗം ഓർത്തുപോകുന്നത്. ''ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും'' (മത്താ. 5: 8).

വിശുദ്ധിഭാവം ദൈവത്തെ സദാ കണ്ടുകൊണ്ടിരിക്കുന്ന ഒരു ഭാവമാണ്. ഇത് എപ്പോഴും ആന്തരികനയനങ്ങൾ കൊണ്ടായിരിക്കും. എന്നാൽ നമ്മുടെ ബാഹ്യനയനങ്ങളിലൂടെ പ്രകാശിക്കുകയും പ്രവർത്തനങ്ങളിലൂടെ പ്രത്യക്ഷ പ്പെടുകയും ചെയ്യും. ഏറ്റവും പ്രിയ അമ്മേ, ആകാരത്തിലും ആത്മാവിലും ഒരുപോലെ അമലവും, അഴകാർന്നവളുമാണ് അങ്ങ്. അതുകൊണ്ടുതന്നെ അങ്ങയുടെ ബാഹ്യവും ആന്തരികവുമായ നയനങ്ങൾ സദാ ദൈവത്തെ കണ്ടുകൊണ്ടിരുന്നു. ബാഹ്യനയനങ്ങൾകൊണ്ടു ഞങ്ങളെല്ലാവരും പ്രതീക ങ്ങളിലൂടെ ദൈവത്തെ കാണുമ്പോൾ, അങ്ങു സ്വന്തമകനായ ഈശോയിലൂടെ എല്ലാ പ്രതീകങ്ങൾക്കുമതീതമായി, നേരിട്ട് ദൈവത്തെ കണ്ടുകൊണ്ടിരുന്നു. വിശുദ്ധിഭാവം ഇതിലേറെ ആരിലും നിറവേറിയിട്ടില്ല. അതുകൊണ്ട് സ്നേഹ ത്തിന്റെ തികവും, ഹൃദയശുദ്ധിയുടെ മികവും സമഞ്ജസമായി സമ്മേളിച്ചിരി ക്കുന്നത് അമ്മേ, അതങ്ങയിൽ മാത്രമാണ്. ആ നിറവിൽനിന്ന് അമ്മേ, അവിടുന്നു ഞങ്ങൾക്കു വിശുദ്ധിയുടെ കറതീർത്ത സ്നേഹവും കനിവാർന്ന മനോ ഭാവവും കരുണ നിറഞ്ഞ ഹൃദയവും നല്കി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

എവിടെ സ്നേഹമുണ്ടോ, സേവനമുണ്ടോ, കരുണാർദ്രമായ മനോഭാവ മുണ്ടോ അവിടെ ദൈവമുണ്ട്, വിശുദ്ധിഭാവമുണ്ട്.

## അദ്ധ്യായം ഏഴ്

# മാതാവിന്റെ ഭക്തിഭാവം

## ദൈവഭക്തയായ മേരി

മലരണിക്കാവുകൾ തിങ്ങി വിങ്ങി
മരതകച്ചോലയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസഗ്രാമ ഭംഗി

എന്നു മഹാകവി ചങ്ങമ്പുഴ പാടിയിരിക്കുന്നത് ദൈവത്തിന്റെ നാടായ ഈ കേരളത്തെക്കുറിച്ചാണ്. അതെ, കേരളം നയനമനോഹരമാണ്. മരതകപ്പച്ചയാർന്ന നാട്. മലകളുടെയും നെൽപ്പാടങ്ങളുടെയും നാട്. ചെറിയ നീർച്ചോലകളാലും വലിയ നദികളാലും അനുഗ്രഹീതമായ നാട്.

ഈ നാട്ടിൽ വളഞ്ഞുപുളഞ്ഞൊഴുകുന്ന ഒരു നദിയിലൂടെ, ബോട്ടിലിരുന്നുകൊണ്ട് ഒരമ്മയും പേരക്കിടാവായ പെൺകുട്ടിയും യാത്ര ചെയ്യുന്നു. കുലീനയായ ഒരു ഹൈന്ദവ കുടുംബത്തിലെ അംഗങ്ങളാണിരുവരും. അസ്തമയ സൂര്യന്റെ ചെങ്കതിരുകൾ വെള്ളത്തിൽ സ്വർണ്ണരേഖകൾ സൃഷ്ടിച്ചുകൊണ്ടിരുന്നു.

ബോട്ട് ഏതോ ഒരു ക്രിസ്തീയ സ്ഥാപനത്തിനരികിലൂടെ കടന്നുപോവുകയാണ്. അവിടെ അലങ്കാര ദീപങ്ങളാൽ പ്രകാശിതമായി മേരിയുടെ ഒരു ബിംബമുയർന്ന് നിൽക്കുന്നു. നല്ല ഭക്തഹൃദയത്തിനുടമയായ ആ സ്ത്രീ പേരക്കിടാവിനോടു പറയുന്നു.

''മോളേ, ഈ കാണുന്ന സ്ത്രീയാണ് ലോകത്തിലെ ഏറ്റവും ഭാഗ്യവതിയായ സ്ത്രീ. (compare with Lk. 1:41: എലിസബത്തിന്റെ വാക്കുകൾ) കാരണം, ശ്രീ യേശുദേവന്റെ അമ്മയാകാനുള്ള ഭാഗ്യം ലഭിച്ച കന്യകാമറിയമാണവൾ''.

കേരളക്കരയിൽ, ജാതിമതഭേദമന്യേ, എല്ലാവർക്കുമുള്ള മരിയ ഭക്തിയുടെ ഒരു സ്വയംപ്രേരിതപ്രകാശനമാണ് നാമിവിടെ കാണുന്നത്. (വല്യമ്മയുടെ ഈ വാക്കുകൾ കേട്ടുകൊണ്ടിരുന്ന ചെറിയ പേരക്കിടാവാണ് വളരെകൊല്ലങ്ങൾക്കുമുമ്പ് ഞാൻ വായിച്ച ആത്മകഥാകഥനം പോലെയുള്ള ഒരു ചെറിയ നോവലിന്റെ ഗ്രന്ഥകർത്രിയെന്നാണെന്റെ ഓർമ്മ.)

കേരളം മേരീഭക്തിയുടെകൂടി നാടാണ്. മേരിയെ എല്ലാവർക്കും സ്വീകാര്യമാണ്. അതിനു മറ്റൊരുദാഹരണമാണ് ഡി. സി. ബുക്ക്സ് ഈയിടെ ഇറക്കിയ 'മധുരം നിന്റെ ജീവിത' മെന്നപേരിൽ മാതാവിനെക്കുറിച്ചുള്ള വിശേഷ ഗ്രന്ഥം. ഇതിന്റെ കർത്താവ് കെ.പി. അപ്പൻ എന്ന വിശിഷ്ട ഗ്രന്ഥകാരനാണ്. മതം: ഹിന്ദുമതം. മാതാവിനെക്കുറിച്ച് ഞാൻ വായിച്ചിട്ടുള്ളവയിൽ എനിക്ക് ഇഷ്ടപ്പെട്ട ഒരു ഗ്രന്ഥമാണിത്. ഈ പുസ്തകത്തിനു കേരളത്തിൽ വളരെ പ്രചാരം ലഭിച്ചു.

ഞാനിതെഴുതുന്നത് ഫിലിപ്പൈൻസിന്റെ തലസ്ഥാനമായ മാനിലയിലിരുന്നാണ്. ഒരു വലിയ ദൈവശാസ്ത്ര സെമിനാറിൽ പങ്കെടുക്കാനും പ്രബന്ധം അവതരിപ്പിക്കാനുമായി വന്നതാണ്. നിങ്ങൾ വായിക്കുന്ന ഈ ഗ്രന്ഥത്തിലെ പല അദ്ധ്യായങ്ങളും യാത്രയിലെഴുതിയതാണ്. ഈ സെമിനാറിൽ 'തീർത്ഥയാത്ര'യെക്കുറിച്ച് ഒരു പ്രബന്ധം അവതരിപ്പിക്കപ്പെട്ടു. ഉദാഹരണമായി പൊലിപ്പിച്ച് കാണിച്ചത് Port Pilar Shrine എന്ന പേരിൽ സമുദ്ര തീരത്തുള്ള വളരെ പഴക്കമുള്ള, ഒരു കപ്പേളയാണ്. ധാരാളം മുഹമ്മദീയർ മാതൃവന്ദനത്തിനായി ഈ കപ്പേളയിൽ വരുന്നത് ഒരു പതിവായിരുന്നുവെന്ന് പ്രബന്ധകർത്താവ് തെളിവു സഹിതം കാണിക്കുന്നു. മേരി ജാതിമത വ്യത്യാസങ്ങളെ പരിഗണിക്കാതെ എല്ലാവരേയും ആകർഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്ന ഒരമ്മയാണ്.

ഭാരതം ഭക്തിയുടെ നാടാണ്. ഭക്തിയെക്കുറിച്ച് രണ്ട് അത്യുൽകൃഷ്ട 'സൂത്ര'ങ്ങൾ ഭാരതത്തിലെ ഭക്തജനം ലോകത്തിനു കാഴ്ച വച്ചിട്ടുണ്ട്. ഇവ നാരദ മുനിയുടെയും ശാണ്ഡില്യ മുനിയുടെയും ഭക്തി സൂത്രങ്ങളാണ്. ഭക്തി പരമപ്രേമ രൂപമാണ്. കാമനാരഹിതമാണ്, അവിഛിന്നാനുരാഗരൂപമാണ് എന്നിങ്ങനെ പോകുന്നു ഈ ഭക്തി സൂത്രങ്ങൾ. ഇതെല്ലാം തന്നെ മേരിയുടെ ഭക്തിയെക്കുറിച്ചും പറയാവുന്നതാണ്. പക്ഷെ ഇവിടെ ഞാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നത് ഭാഗവതത്തിൽ പറയുന്ന ഭക്തി ഭാവങ്ങളെക്കുറിച്ചാണ്. ഒരു നല്ല ഭക്തയുടെ ഭാവവിശേഷങ്ങളായി ഭാഗവതം താഴെപ്പറയുന്ന ഭാവങ്ങളവതരിപ്പിക്കുന്നു. 1. ശ്രവണം, 2. മനനം, 3. വന്ദനം, 4. സ്മരണം, 5. സേവനം, 6. ദാസ്യം, 7. അർപ്പണം, 8. ആത്മനിവേദനം.

എന്നെ വളരെ ആകർഷിച്ചൊരു കാര്യം ലൂക്കായുടെ സുവിശേഷത്തിൽ മാതാവിനെക്കുറിച്ച് പറഞ്ഞിട്ടുള്ള ഏതാനും വരികളിൽ ഈ ഭാവവിശേഷങ്ങളെല്ലാം തിളങ്ങി നിൽക്കുന്നതായിട്ട് നമുക്ക് കാണാമെന്നുള്ളതാണ്. സുവിശേഷകൻ മേരിയുടെ ഭക്തിഭാവങ്ങളെക്കുറിച്ച് എഴുതിയതല്ല. ഏതാനും വാചകങ്ങളിൽ മംഗലവാർത്തതൊട്ട് ഈശോയുടെ അമ്മയായ മേരിക്കു അനുഭവപ്പെട്ട കാര്യങ്ങൾ ഹ്രസ്വമായി രേഖപ്പെടുത്തിയതാണ് (ലൂക്ക 1:26-46, 2:51).

പക്ഷെ അവ കൃത്യം കൃത്യമായി ഭാരതം മേരിയുടെ ജനനത്തിനുമുമ്പേ നിർദർശിച്ച ഭക്തിഭാവങ്ങളുടെ തനി അവതാരരൂപമായിരുന്നു.

ഞാൻ നേരത്തെ പറഞ്ഞതുപോലെ എല്ലാ നല്ല ഭക്തിയിലും ഈ ഭാവങ്ങൾ കാണും. എന്നാൽ അതെണ്ണിയെടുത്ത് ഹൃസ്വമായി അവതരിപ്പിക്കാൻ ഭാരതത്തിനു സാധിച്ചുവെന്നതെനിക്ക് വളരെ സന്തോഷമരുളുന്നതാണ്. അതുപോലെ തന്നെ വളരെ സന്തോഷമരുളുന്ന മറ്റൊരു വസ്തുതയാണ് ലൂക്കാ ശ്ലീഹാ മേരിയെ അവതരിപ്പിച്ചപ്പോൾ ഈ ഭാവങ്ങളെല്ലാം ആ ചെറിയ പ്രതിപാദനത്തിൽ പ്രത്യക്ഷപ്പെട്ടുവെന്നുള്ളതും. ലൂക്കാ ശ്ലീഹാ ഭാഗവതത്തിലെ ഭക്തിഭാവങ്ങൾ കാണുകയോ വായിക്കുകയോ ചെയ്തിട്ടില്ലെന്ന് ഞാനെടുത്തു പറയേണ്ടാവശ്യമില്ലല്ലോ. അങ്ങനെ നോക്കുമ്പോൾ നസ്രസ്സിലെ മേരിയിൽ കാണുന്ന ഈശ്വരഭക്തി ഭാരതീയരായ നമ്മെ സംബന്ധിച്ചിടത്തോളം വളരെയേറെ സമാകർഷകവും അതിലേറെ സമന്വയാത്മകവുമാണ്. മാതാവിൽ തിളങ്ങിനിൽക്കുന്ന ഈ ഭാരതീയ ഭക്തിഭാവങ്ങളെ നമുക്ക് ചുരുക്കത്തിൽ കാണാം.

## 1. ശ്രവണം.

സ്വർഗ്ഗത്തിൽ നിന്നുമിറങ്ങി വന്ന ദൈവദൂതൻ ഒരു ഗ്രാമീണ യുവതിയായാ മേരിയെ "നന്മനിറഞ്ഞവളെ സ്വസ്തി" എന്നു പറഞ്ഞ് അഭിസംബോധന ചെയ്യുന്ന രംഗത്തോടെയാണ് സുവിശേഷകൻ മേരിയെ അവതരിപ്പിക്കുന്നത്. അനിതരസാധാരണമായ അഭിസംബോധന വിനയാന്വിതയായ മേരിയുടെ കർണ്ണപുടങ്ങൾക്ക് വലിയ ശ്രവണസുഖം നൽകിയില്ല. നേരെ മറിച്ച് മേരി അദ്ഭുതപ്പെടുകയാണ് ചെയ്തത്. മേരിയുടെ പരിഭ്രമം കണ്ടപ്പോൾ മാലാഖാ പറഞ്ഞു: "മേരി, പേടിക്കേണ്ട, നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്. നിനക്ക് ഒരു കുഞ്ഞു ജനിക്കും. നീ അവന് ഈശോയെന്ന് പേരിടണം." മാലാഖയുടെ ഓരോ മൊഴിക്കുമാഴം കൂടിവരുന്നതുകൊണ്ട്, നസ്രസ്സിലെ പെൺകുട്ടിയുടെ അദ്ഭുതം വർദ്ധിക്കയല്ലാതെ ഒട്ടും കുറഞ്ഞില്ല.

ശ്രവണമെന്നത് ഒരേ സമയം ബാഹ്യവും ആന്തരികവുമാണ്. ആന്തരിക ശ്രവണത്തോടെയാണ് കേൾക്കുന്ന വചനങ്ങൾക്ക് അഗാധതയും അർത്ഥസംപുഷ്ടിയും ലഭിക്കുന്നത്. പക്ഷെ ആദ്ധ്യാത്മിക യാത്രയിൽ ഈ അർത്ഥസംപുഷ്ടി നിഗൂഢതയിൽ മറഞ്ഞിരിക്കുവാൻ പാടുണ്ട്. മാലാഖയുടെ വചനങ്ങളിൽ വളരെയധികം രഹസ്യങ്ങൾ ഒളിഞ്ഞുകിടന്നിരുന്നു. ശ്രവണം മനനത്തിലേയ്ക്ക് പ്രവേശിക്കുന്നതിങ്ങനെയാണ്.

ശ്രവണമെന്നിവിടെ പറയുമ്പോൾ പ്രധാനമായിട്ടുദ്ദേശിക്കുന്നത് ദൈവവചനശ്രവണമാണ്. വേദപുസ്തകം വായിച്ചു കേൾക്കുന്നതും, വായിക്കാനാ

ളില്ലാത്തപ്പോൾ സ്വയം വായിക്കുന്നതും കാര്യത്തിൽ ശ്രവണമാണ്. പുറമെനിന്നുള്ള ആശയങ്ങൾ നമ്മിലേക്കു പ്രവേശിക്കുന്നതിന്റെ പ്രധാന വാതായനമാണ് ശ്രവണം.

ധ്യാനപ്രസംഗങ്ങൾ, ആദ്ധ്യാത്മിക സംഭാഷണം, ആത്മകാര്യം പറയുക എന്നിവയിലെല്ലാം ശ്രവണം വളരെ വലിയ പങ്കുവഹിക്കുന്നുണ്ട്.

മനനമെന്നു പറയുന്ന ധ്യാനത്തിൽ തന്നെ മനനഭാവത്തിൽ നിൽക്കുന്ന ഭക്ത അധിക സമയവും ഓരോ തരം ശ്രവണത്തിലാണ്. ദൈവത്തിന്റെ നിശ്ശബ്ദം ശ്രവിച്ചുകൊണ്ടിരിക്കുക എന്നതാണിതിൽ പ്രധാനം. സ്വർഗ്ഗീയ സന്ദേശം നൽകി മാലാഖാ പോയതിനുശേഷം മേരിയുടെ ആന്തരിക കർണ്ണപുടങ്ങളിൽ ഈ വാക്കുകൾ മാറ്റൊലികൊണ്ടിരുന്നു. മേരിയുടെ ജീവിതം തന്നെ തുടർച്ചയായുള്ള ദൈവസ്വരശ്രവണമായിരുന്നുവെന്നു വേണം പറയുവാൻ. ദൈവമിനിയെന്താണു പറയുന്നത്? അതാണു കേൾക്കേണ്ടത്. വീണ്ടും ദൈവം പറയുന്നത് കേൾക്കണമെങ്കിൽ ഇടയ്ക്കുള്ള സമയം നമ്മൾ മൗനത്തിലും മനനത്തിലായിരിക്കണം.

## 2. മനനം

''ഇതെങ്ങനെ സംഭവിക്കും'' (ലൂക്ക. 1:34). ശ്രവണാനന്തരമുള്ള മേരിയുടെ മനനമിവിടെയാരംഭിക്കുന്നു. മനനം സർവ്വപ്രധാനമായി വാദപ്രതിവാദമല്ല. ആരംഭദശയിൽ നമ്മുടെ മനസ്സ് ന്യായാത്മകമായി ചിന്തിക്കുന്നു. മനസ്സ് നിഷേധാത്മകവും ന്യായാത്മകവുമാണ്. അതുകൊണ്ട് ധ്യാനാഭ്യാസത്തിന്റെ ആദ്യഘട്ടങ്ങളിൽ ന്യായാത്മക ചിന്ത വളരെ കൂടുതലായിരിക്കും. പക്ഷെ മനനമെന്നത് ന്യായാത്മക ചിന്തകളിലൊതുങ്ങി നിൽക്കേണ്ട ഒരു കാര്യമല്ല. വിശ്വാസപരമായ രഹസ്യങ്ങളിലേയ്ക്ക് പ്രവേശിക്കുമ്പോൾ മനനം ധ്യാനത്തിലെ ന്യായാന്യായ വശം ഉപേക്ഷിച്ച് താദാത്മ്യ ഭാവനയിലേയ്ക്കു പ്രവേശിക്കുന്നു. എന്നുവച്ചാൽ കേട്ടവചനം തന്നിൽ സാക്ഷാൽക്കരിക്കേണ്ടതെങ്ങനെയാണെന്നു ചിന്തിക്കുന്നു. 'ഇതെങ്ങനെ സംഭവിക്കുമെന്ന' മേരിയുടെ ആദ്യ ചോദ്യം നമ്മുടെ മനസ്സിനു സ്വാഭാവികമായുള്ള ന്യായചിന്തയാണ് കാണിക്കുന്നത്. പക്ഷെ മാലാഖയുടെ മറുപടി മനസ്സിന്റെ ന്യായവിശകലനത്തിൽനിന്നും വിരമിച്ച്, വിശ്വാസത്തിന്റെ ആഗാധതലത്തിലേയ്ക്കു പ്രവേശിക്കുവാനുള്ള ക്ഷണമായിരുന്നു. മേരി ആ ക്ഷണം ഉടനെ സ്വീകരിക്കുന്നു. മനനം സാക്ഷാൽക്കാര ഭാവനയിലേയ്ക്കു നീങ്ങുന്നു. സ്വയ സമർപ്പണത്തിലവസാനിപ്പിക്കുന്നു. എന്നാലും താഴെ കാണാൻ പോകുന്നതുപോലെ ഓർമ്മയായി വീണ്ടും നിലനിൽക്കുന്നു.

മനനമാണു മൗനത്തെ മനോഹരമാക്കുന്നത്, ധന്യമാക്കുന്നത്; ഉൾക്കാമ്പ് നൽകിയനുഗ്രഹിക്കുന്നത്. മനനം സദാ നമ്മുടെ ഉൾത്തലത്തിലെ ചിന്താധാരയായി, ചിന്തയിലെ അന്തസ്സാര പ്രകാശനമായി കഴിയുന്നു. ആ അന്തഃസ്ഥിത തലത്തിൽനിന്നും മനനം മന്ത്രമായും സുകൃതജപമായും ഇടയ്ക്കിടെ ബോധമനസ്സിലേയ്ക്കൊഴുകിക്കൊണ്ടിരിക്കും. ഇതിനു ജോലിയോ, ജോലിക്കാവശ്യമായ ശ്രദ്ധയോ തടസ്സമാകുന്നില്ല. പക്ഷെ ഏകാഗ്രതയുള്ള ബുദ്ധിയ്ക്കേ ഇത് ഒരു ശീലമായി മാറുകയുള്ളു. മനനത്തിനു പല തലങ്ങളുണ്ട്. വസ്തുനിഷ്ഠമായ പഠനത്തിന്റെ ധിഷണാത്മക തലമാണ് ആദ്യത്തേത്. ഇവിടെ നമ്മുടെ ദൃഷ്ടിക്ക് വിധേയമാകുന്ന ഏതൊരു വസ്തുവും വ്യക്തിയും നമ്മുടെ ബുദ്ധിപരമായ ചിന്തയ്ക്കും വിശകലനത്തിനും വിധേയമാകുന്നു. ഇതിനെ നാം സാധാരണ രീതിയിൽ മനനം എന്നു പറയാറില്ല. ഇത് യഥാർത്ഥത്തിൽ പഠനമാണ്. ശ്രദ്ധാപൂർവ്വമായ ഗവേഷണവും അപഗ്രഥനവുമാണിവിടെ നടക്കുന്നത്. ഇത് ധ്യാനനിർല്ലീനതയെക്കാൾ ശാസ്ത്രപുരോഗതി നമുക്കു നൽകുന്നു. ഇത് വളരെ നല്ലതും നമ്മുടെ പുരോഗതിയ്ക്ക് ആവശ്യകവുമാണ്. പക്ഷെ ഈ പഠനവും അപഗ്രഥനവുമല്ല നാമിവിടെ പറയുന്ന മനനം. നമ്മുടെ ദൈവശാസ്ത്ര പഠനത്തിൽ വേദപുസ്തകം പോലും നാമീരീതിയിൽ പഠിക്കുന്നുണ്ട്. ഇതുകൊണ്ട് മാനസികമായ വിശകലനബുദ്ധിയും സാമർത്ഥ്യവും വർദ്ധിക്കുന്നുണ്ടെങ്കിലും ധ്യാനാത്മകത വർദ്ധിക്കണമെന്നില്ല. കാരണം ഈ തരം അപഗ്രഥന പഠനത്തിന്റെ വേദി മനസ്സാണ്, വിശ്വാസമല്ല. ഇപ്രകാരമുള്ള ഒരു വിശകലന ബുദ്ധിയുടെ സഹായത്തോടെയായിരിക്കാം നസ്രസ്സിലെ അമലകന്യകയായ മേരിയുടെ ചോദ്യം. ''ഇതെങ്ങനെ സംഭവിക്കും?'' എന്നാൽ മേരി ആ ചോദ്യം ആവർത്തിക്കുന്നില്ല. മാലാഖായുടെ മറുപടിക്ക് ശേഷം അത് പാടേ വിടേണ്ടി വന്നു. മനനത്തിന്റെ അടുത്ത തലമായ അദ്ഭുത നിരീക്ഷണത്തിലേയ്ക്ക് മേരി പ്രവേശിക്കുന്നു. ഇവിടെ മനസ്സിന്റെ മൗനത്തിനും മനസ്സിന്നതീതമായ ആന്തരിക ബുദ്ധിയുടെ പ്രവർത്തനത്തിനും കൂടുതൽ സ്ഥാനം ലഭിക്കുന്നു. ബുദ്ധിയും തീരുമാനശക്തിയും ആത്മാവുമായി അഭേദ്യബന്ധം പുലർത്തുന്ന രണ്ട് ആത്മീയ കഴിവുകളാണ്. വാസ്തവത്തിൽ അവബോധരൂപിയായ ആത്മാവിന്റെ സാധാരണ പ്രവർത്തന രീതിയാണത്. ഇത് രണ്ടു കഴിവുകളായി കാണുന്നത് നമ്മുടെ മാനുഷിക പ്രശ്നമായി കരുതിയാൽ മതി. സ്വയാവബോധമുള്ള ഏത് വ്യക്തിയിലും ഈ രണ്ടു കഴിവുകളും ഒന്നിച്ചായിരിക്കും പ്രവർത്തിക്കുക.

നാം മനനത്തിനുപയോഗിക്കുന്നത് മൂന്നു കണ്ണുകളാണെന്നു വേണമെങ്കിൽ പറയാം. ആദ്യം ഇന്ദ്രിയ നയനങ്ങൾ. വസ്തുനിഷ്ഠമായ ദർശനവും അതിനെ തുടർന്നുള്ള ഐന്ദ്രികാനുഭവവുമാണിവിടെ പ്രധാനം. ദർശനത്തിന് പകരം തിരുവചന ശ്രവണമായാലും കാര്യത്തിൽ വ്യത്യാസമില്ല. ഐന്ദ്രിക തല

ത്തിലെ അനുഭവങ്ങളാണവയെല്ലാം. രണ്ടാമത്തേത് ധിഷണാത്മകമായ മനസ്സിന്റെ അനുഭവമാണ്. ഇവിടെ അത് ഇന്ദ്രിയങ്ങളിൽനിന്നുവരുന്ന ഐന്ദ്രികാനുഭവങ്ങളെ കൂട്ടിയിണക്കുകയും, അതിന്റെ ആന്തരീകസത്തയെ അരിച്ചെടുത്ത് സ്തൂല ശരീരാംശങ്ങളെ ഉപേക്ഷിച്ച്, ആശയങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു. ഈ മണ്ഡലത്തിൽ ചിന്ത സാർവ്വത്രിക തലത്തിലേയ്ക്കുയർത്തപ്പെടുന്നു. (ഉദാ. ഇന്ദ്രിയങ്ങൾ ഒരു പൂവിന്റെ നിറം, മണം, മാർദ്ദവം, രൂപം, വായിൽ വയ്ക്കുകയാണെങ്കിൽ രുചി എന്നിവ കൊണ്ടുവരുന്നു. മനസ്സ് അവയെ കൂട്ടിയിണക്കി, വ്യക്തിഗതമായ പൂവിനെ ഉപേക്ഷിച്ച്, പൂവ് എന്ന ആശയം രൂപീകരിക്കുന്നു. ഇത് തികച്ചും മനസ്സിന്റെ ജോലിയാണ്. ഇതിനെ സ്വീകരിക്കുകയാണെങ്കിൽ, പുറത്ത് വ്യതിരിക്തമായി, എന്നിൽനിന്നു സ്വതന്ത്രയായി നിൽക്കുന്ന പൂവിലേയ്ക്കു തന്നെ മനസ്സ് വീണ്ടും പോകുന്നു. ബുദ്ധി (Intellect) അംഗീകരിക്കുന്നു.

Intelligence എന്ന പദത്തിന്റെ ഉത്ഭവം ലത്തീൻ ഭാഷയിലെ രണ്ടു പദങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളതാണ്. Intus + eegere. എന്നുവെച്ചാൽ 'ഉൾസാരം' വായിക്കുന്ന ബുദ്ധി എന്നർത്ഥം. അങ്ങനെ നമ്മുടെ മനസ്സിലാക്കൽ പരിപാടിയിൽ രണ്ടുതരം ബുദ്ധികൾ പ്രവർത്തിക്കുന്നുണ്ട്.

1. പ്രകൃതിബദ്ധമായ **മനസ്സ്** അഥവാ Mind (ഇത് മസ്തിഷ്ക്കം, ഞരമ്പുകൾ എന്നീ ശാരീരികാവയവങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. അതുകൊണ്ടുതന്നെ മാനസികാറിവിന്റെ നിലവാരം താഴെയാണ്.

2. ഉൾസാരം വായിക്കുന്ന **ബുദ്ധി** അഥവാ Intellect: ഇത് ശാരീരികാവയവങ്ങളെ അതിജീവിച്ച് ഉന്നതാവബോധത്തിലേയ്ക്കു പ്രവേശിക്കുന്നു.

മനസ്സാകട്ടെ ഈ ആശയം-ആത്മാവിന്റെ ചേതനയായ ബുദ്ധിയിലേക്കു സംവഹിക്കുന്നു. ബുദ്ധി ആത്മാവിനു ലഭിക്കുന്ന പ്രകാശത്തിന്റെ വെളിച്ചത്തിൽ, ഈ ആശയ സമുച്ചയത്തെ പരിശോധിക്കുന്നു, സ്വീകരിക്കുന്നു, സംഗ്രഹിക്കുന്നു. അതിനായി സ്വയം സമർപ്പിക്കുന്നു അഥവാ പരിത്യജിക്കുന്നു. ദൈവപ്രകാശിതമായ ബുദ്ധിക്കനുയോജ്യമല്ലാത്തവ, ഈ ബുദ്ധി ഉപേക്ഷിക്കുന്നു. എന്നുവച്ചാൽ മനസ്സ് (Mind) കൊണ്ടുവരുന്നതെല്ലാം ബുദ്ധി അഥവാ ആത്മാവ് സ്വീകരിക്കണമെന്നില്ല. പക്ഷെ തന്നിൽതന്നെ വസിക്കുന്ന ദൈവപ്രകാശത്തിനു വിധേയമാകാതെ, സ്വന്ത ഇഷ്ടശക്തിയിലും ന്യായാന്യായ ചിന്തയിലും മാത്രം ഉറച്ചുനിൽക്കുന്നവർ അവർക്കിഷ്ടപ്പെട്ടത് സ്വീകരിക്കുന്നു. ആത്മചേതനയായ ബുദ്ധിക്ക് ദൈവവെളിച്ചം കിട്ടുന്നതോടെ മൂന്നാം കണ്ണായ വിശ്വാസ നയനങ്ങൾ തുറക്കപ്പെടുന്നു. ആത്മാവ് വിശ്വാസത്തിന്റെ വെളിച്ചത്തിലൂടെയെല്ലാം നോക്കിക്കാണുന്നു. തദനുസരണം പ്രവർത്തന പദ്ധതി രൂപീകരിക്കുന്നു.

ഇത്രയും ചുരുക്കത്തിൽ കണ്ടുകൊണ്ട്, നമുക്ക് നസ്രസ്സിലെ മേരിയിലേക്ക് തിരിച്ചുപോകാം. മേരി ദൈവദൂതനെ കാണുന്നു. വചനങ്ങൾ കേൾക്കുന്നു. (ശാരീരിക നയനങ്ങൾ) തർക്കസ്വഭാവമുള്ള മനുഷ്യമനസ്സിൽനിന്നു അദ്ഭുതം വിടരുന്നു (മാനസിക നയനം) മാലാഖയുടെ മറുപടിക്കുശേഷം മാനുഷിക വിശകലനത്തിൽനിന്നും ഉയരുന്ന തർക്കചിന്ത പാടെ ഉപേക്ഷിച്ച് ആത്മാവിന്റെ ചേതനയായ ബുദ്ധിയിലേയ്ക്കു പ്രവേശിക്കുന്നു. മാതാവിനെ സംബന്ധിച്ചിടത്തോളം ഈ ബുദ്ധിയും മനസ്സും സദാ ദൈവിക വെളിച്ചത്താൽ പ്രകാശിതമാണ്. സാധാരണ മനുഷ്യർക്കുണ്ടാകാൻ പാടുള്ള ആശങ്കയോ, ആവരണമോ അവിടെ ലേശം പോലുമില്ല. മനോജ്ഞമായ ദിവ്യപ്രകാശ പ്രചുരിമയിൽ തിളങ്ങിനിൽക്കുന്നു. ആ പവിത്ര ബുദ്ധിയും മനസ്സും ഒന്നുചേർന്ന് ഒരേ തീരുമാനമെടുത്തുകൊണ്ടു പറയുന്നു. ''ഇതാ കർത്താവിന്റെ ദാസി, ഇതെന്നിൽ സംഭവിക്കട്ടെ.'' മനനം അങ്ങനെ മൂന്നാം കണ്ണ് തുറക്കുന്നതോടെ സമ്പൂർണ്ണ സമർപ്പണത്തിലവസാനിക്കുന്നു. ഇത് ആത്മനിവേദനമെന്ന ശീർഷകത്തിൽ നാം ഇനിയും കാണുന്നതാണ്. എന്നാലിതുകൊണ്ട് ധ്യാനനിർല്ലീനത അവസാനിക്കുന്നില്ല. മനനം സ്മരണമായി തുടരുന്നു. എന്നാൽ ഭക്ത പെട്ടെന്നു വന്ദനത്തിലക്ക് പ്രവേശിക്കുകയെന്നത് സർവ്വസാധാരണമാണ്.

## 3. വന്ദനം

ദീർഘമായ സ്മരണധ്യാനത്തിലേയ്ക്ക് പ്രവേശിക്കുന്നതിനുമുമ്പ് വിശ്വാസ പ്രകാശത്താൽ പ്രശോഭിതവും മാനുഷികമായി വികാര തരളിതയുമായ ഭക്ത ഇരു കൈകളുമുയർത്തി അത്യുന്നതനിലേയ്ക്ക് തിരിയുന്നു. ഭക്തയുടെ ഹൃദയം കൃതജ്ഞതയുടെ കേദാരമായി മാറുന്നു. മേരി വന്ദനഗാനം പാടുന്ന രംഗമാണ് നാം പിന്നെ കാണുന്നത്. യഥാർത്ഥ ഭക്തയുടെ വന്ദന ഗാനം സ്വതസിദ്ധമാണ്. അതവളുടെ സ്വന്തം ഗാനമാണ്. മേരിയുടെ വന്ദനഗാനവും അപ്രകാരം തന്നെ. പലകാരണവശാലും അത് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു. അതിന്റെ സ്വാഭാവികതയും സ്വതസിദ്ധതയുമാണ് ഇതിനെ ഇതര ഗാനങ്ങളിൽനിന്നും വേർതിരിക്കുന്നത്. ഈശ്വര ഭക്തരായ രണ്ടു ഗ്രാമീണ വനിതകൾ സമ്മേളിക്കുന്ന ഒരു മലയോര രംഗം. അവിടുത്തെ മലമടക്കുകളേയും മരനിരകളേയും വാരി പുണർന്നു, ആഹ്ലാദത്തിലാഴ്ത്തി, ആ പാവനഗാനം സ്വരതരംഗങ്ങളായി സ്വർഗ്ഗത്തിലേയ്ക്കുയർന്നു.

പഴയ നിയമത്തിലെ വന്ദനഗാനങ്ങൾ വായിച്ച്, ധ്യാനിച്ച് പരിചയമുള്ള ഒരു ഭക്തയാണ് സുവിശേഷത്തിലെ മേരി. ഭക്തയുടെ വന്ദനഗാനം എപ്പോഴും സ്വതസിദ്ധമാണെങ്കിലും അത് മറ്റൊരു ഗാനത്താൽ പ്രചോദിതമാകുന്നതിനു തടസ്സമില്ല. അങ്ങനെ മേരിയുടെ ഗാനവും പ്രചോദിതമാണ്. സാമുവേൽ പുസ്ത

കത്തിൽ മക്കളില്ലാതെ വേദനിച്ച്, പ്രാർത്ഥിച്ചിരുന്ന ഹന്നയെന്ന ഭക്തസ്ത്രീക്ക് ആദ്യമായി മകൻ പിറന്നപ്പോൾ അവൾ പാടിയ ഗാനത്തിന്റെ ശൈലികളിലും ഒട്ടേറെ വാക്കുകളിലും കൂടിയാണ് മേരിയുടെ വന്ദനഗാനം രൂപംകൊണ്ടിരിക്കുന്നത് (1 സാമു. 2:11). പക്ഷെ വളരെയേറെ തനിമയും വിപ്ളവാത്മകമായ ആശയങ്ങളും മേരിയുടെ വന്ദനഗാനത്തിൽ നിന്നുമുയരുന്നു. സാധാരണയായി ആവലാതികളേക്കാൾ ആഹ്ലാദ സ്പന്ദനങ്ങളാണു ഭക്തയുടെ വന്ദനഗാനം. ഇതിൽ അത്യുന്നതന്റെ ഔന്നത്യവും ഭക്തയുടെ അഗാധ വിനയവുംസമഞ്ജസമായി സമ്മേളിച്ചിരിക്കും. മേരിയുടെ വന്ദനഗാനം ഇതിന്റെ മകുടോദാഹരണമാണ്. ''അത്യുന്നതനെനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ തൃക്കൺ പാർത്തു'' (ലൂക്കാ 1:48). നിറഞ്ഞ ഹൃദയത്തിൽനിന്നാണ് വന്ദന വചസ്സുകളുയരുക. അതാണ് നാമിവിടെ കാണുന്നത്. മേരിയുടെ ഹൃദയം ആനന്ദതുന്ദിലമാണ്; സന്തോഷ സംതൃപ്തമാണ്. ''എന്റെ ആത്മാവ് കർത്താവായ ദൈവത്തിൽ സന്തോഷിക്കുന്നു'' (ലൂക്കാ 1:47), ''എന്റെ ഹൃദയം നാഥനെ സ്തുതിക്കുന്നു'' (ലൂക്കാ 1:46). ആനന്ദവും ആലാപനവുമൊന്നിച്ചുയരുന്നു. അതാണു മേരിയുടെ വന്ദനഗാനം.

മാലാഖ പറഞ്ഞ സന്ദേശത്തിന്റെ തുടക്കമായി വരുവാനിരിക്കുന്ന സംഭവവികാസങ്ങളെക്കുറിച്ചുള്ള ഒരാകുലചിന്തയോ, അതിന്റെ നേരിയ സൂചനയോ നാമിവിടെ കാണുന്നില്ല. ഭക്ത കണ്ണടച്ചു വിശ്വസിക്കുന്നവളാണ്. എന്നു വച്ചാൽ ശരീരത്തിന്റെയും മനസ്സിന്റെയും (mind) കണ്ണുകൾ അടക്കുന്നു. വിശ്വാസത്തിന്റെ കണ്ണുകൊണ്ട് എല്ലാം നോക്കിക്കാണുന്നു. അതുകൊണ്ടു സംശയം അശേഷമില്ല. എല്ലാം ദൈവകരത്തിൽ. എല്ലാം ദൈവം നയിച്ചുകൊള്ളും. വിശ്വാസമങ്ങനെ ശരണമായി മാറുന്നു. ശരണം സ്നേഹത്തിന്റെ കൂട്ടായ്മയെ മുൻകൂട്ടി രുചിച്ചറിയുന്നു. അങ്ങനെ എന്റെ ആത്മം ആനന്ദതുന്ദിലമാണെന്നു പാടുവാൻ മേരിക്കു കഴിയുന്നു. വരുവാനിരിക്കുന്ന വിഷമങ്ങളെക്കുറിച്ച് വിചാരിച്ച്, വിലപിച്ച് ഭക്ത സമയം ചിലവഴിക്കുന്നത് ഭക്തയുടെ അരുമനാഥനായ ഈശോയ്ക്കിഷ്ടവുമല്ല. അതുകൊണ്ടാണ് പിന്നീട് മേരീപുത്രനായ ഈശോ അരുളിച്ചെയ്തത്. ''നിങ്ങളൊന്നുകൊണ്ടും വ്യാകുലപ്പെടേണ്ട... സർവ്വോപരി ദൈവരാജ്യവും ദൈവതിരുമനസ്സും അന്വേഷിക്കുവിൻ. ബാക്കിയെല്ലാം അവിടുന്നു നിങ്ങൾക്കു നൽകുന്നതാണ്'' (മത്താ. 6:31-33). മേരി മാലാഖ പറഞ്ഞതനുസരിച്ച് ദൈവതിരുമനസ്സ്, അത് മനുഷ്യബുദ്ധിക്കതീതമായി അനുഭവപ്പെട്ടെങ്കിലും, ആത്മാർത്ഥമായി, അതീവ സംതൃപ്തിയോടെ സ്വീകരിച്ചു. സ്വയം സമർപ്പിച്ചു. അധരങ്ങളിൽനിന്നുമടർന്നു വീണത് അത്യുന്നതന്റെ സ്തുതികളും വിനയത്തിന്റെ വിശ്വകാവ്യവും മാത്രം.

ഇത് നമുക്കൊരു പാഠമായിരിക്കട്ടെ. വരുവാനിരിക്കുന്നവയുടെ ഭയവിഹ്വലതയിലല്ല, മറിച്ച് ഇപ്പോൾ നമ്മിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്ന സ്നേഹപിതാവായ ദൈവത്തിന്റെ പരിപാലനയിലാണ് നാം ജീവിക്കേണ്ടത്. ഈ അമ്മയോടു കൂടി നമുക്കും പാടാം. ''അവിടുന്നു തന്റെ ദാസിയുടെ/ദാസന്റെ താഴ്മയെ തൃക്കൺ പാർത്തു. വലിയ കാര്യങ്ങൾക്കായെന്നെ തിരഞ്ഞെടുത്തു'' എന്ന്. ദൈവം നമ്മെ ഏല്പിക്കുന്ന എല്ലാ കാര്യങ്ങളും വലിയ കാര്യങ്ങളാണെന്നു നമ്മൾ മനസ്സിലാക്കണം.

## 4. സ്മരണം

''മേരി ഇവയെല്ലാം അനുസ്മരിക്കുകയും അവയെക്കുറിച്ച് ആഴത്തിൽ ധ്യാനിക്കുകയും ചെയ്തിരുന്നു'' (ലൂക്കാ 1:19). ഭക്തയുടെ അടുത്ത ഭാവവിശേഷം സ്മരണമാണ്. മേരിയുടെ ധ്യാനം അനുസ്യൂതം തുടരുകയാണ്. ഇപ്പോൾ സ്മരണമായിട്ടാണെന്നുമാത്രം. രണ്ടുപ്രാവശ്യം ഈ സ്മരണ ധ്യാനത്തെക്കുറിച്ച് സുവിശേഷത്തിൽ പറയുന്നു. രണ്ടാമത്തെ പ്രാവശ്യം അൽപം വ്യത്യസ്തപ്പെട്ട വാക്കുകളിലാണെന്നു മാത്രം. ''അവന്റെയമ്മ ഇവയെല്ലാം അവളുടെ ഹൃദയത്തിൽ സംഗ്രഹിച്ചിരുന്നു'' (ലൂക്കാ. 2:52).

നമ്മുടെയമ്മ എത്രമനോഹരമായിട്ടാണ് നമ്മെ ധ്യാനിക്കാൻ പഠിപ്പിക്കുന്നത്. ധ്യാനം വളരെ ലളിതമാണ്. സംഭവിക്കുന്നതെല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുക, ഓർക്കുക, ആഴമായി ചിന്തിക്കുക. നമ്മളും പലതും ഹൃദയത്തിൽ സംഗ്രഹിക്കാറുണ്ട്. പക്ഷെ അവ ധ്യാനത്തിനുപകരിക്കുന്നവയാണോയെന്നു നാം ചിന്തിക്കുന്നില്ല. അവ ഹൃദയഭാരത്തേയും ചിലപ്പോൾ വിദ്വേഷത്തേയും സൃഷ്ടിക്കുന്നവയാകാം. മാതാവിന്റെ ജീവിതം സുഖസൗകര്യങ്ങളൊന്നുമില്ലാതെ ഒഴുകുന്ന നദിയിലൂടെയുള്ള ഒരു ജലയാത്രയായിരുന്നു. ആഹ്ലാദപ്രകടനങ്ങളുടെ ആരവംകൊണ്ടു നിറഞ്ഞൊരു സുഖയാത്രയല്ലായിരുന്നു. പരിത്യക്തതയുടെ നീറുന്ന വേദനയുടെ അനുഭവങ്ങൾ നിറഞ്ഞ ഒരു ജീവിതയാത്രയായിരുന്നു. എന്നാലെവിടെയും കൊച്ചുകൊച്ചു സന്തോഷങ്ങൾകൊണ്ട് ദൈവം അമ്മയെ അനുഗ്രഹിച്ചിരുന്നു. രണ്ടിനേയും കൂട്ടിയിണക്കി മൗനധ്യാനത്തിൽ നിർല്ലീനയാണ് സുവിശേഷത്തിലെ മേരിയായ നമ്മുടെ അമ്മ. ധ്യാനിക്കുന്നത് മനോ വേദനയുടെ ത്വരിത ശമനത്തിനുവേണ്ടിയല്ല; സന്തോഷത്തിന്റെ ഒരു ചെറിയ അനുഭവത്തിനുവേണ്ടിയുമല്ല. എല്ലാം ഓർത്തുകൊണ്ട് ദൈവത്തിന്റെ പ്രവൃത്തികളിലൊതുങ്ങി കിടക്കുന്ന അഗാധ രഹസ്യങ്ങളിലേയ്ക്കു കണ്ണോടിക്കുവാനാണ്.

ഇവിടെ ധ്യാനം സ്മരണമാണ്. സ്വന്തം ജീവിതാനുഭവങ്ങളുടെ സ്മരണം. സ്വർഗ്ഗത്തിൽനിന്നു വന്ന മാലാഖയുടെ വാക്കുകൾ മഹനീയമായിരുന്നു. 'അരുമ

മകൻ അത്യുന്നതന്റെ പുത്രനായിരിക്കും, വലിയ രാജാവായിരിക്കും, അവന്റെ സിംഹാസനത്തിനന്ത്യമുണ്ടായിരിക്കുകയില്ല' (ലൂക്കാ 1:32-33) എന്നൊക്കെയാണു തിരുവചനങ്ങൾ. എന്നാൽ ഈ രാജകുമാരന്റെ ജനനമടുത്തപ്പോൾ ഈ പ്രഖ്യാപിത രാജകീയതയുടെ അംശംപോലും കാണപ്പെടുന്നില്ല. നേരെ മറിച്ച് ഈ ശിശുവിനു പിറക്കാൻ ഒരു സ്ഥലം പോലും ലഭിക്കാനാവാത്ത ഗതികേടിലേക്കാണു മാതാവും യൗസേപ്പിതാവും നടന്നുനീങ്ങുന്നത്. അങ്ങനെ ബത്‌ലേഹമിലെ സത്രത്തിന്റെ വാതിലുകൾ ഓരോന്നോരോന്നായി അടഞ്ഞപ്പോൾ മേരിയുടെ ധ്യാനം ദൈവത്തിന്റെ നിഗൂഢ രഹസ്യങ്ങളുടെ ആഴത്തിലേയ്ക്കു പടിപടിയായിറങ്ങുകയായിരുന്നു. സന്ദേശത്തിന്റെ മഹനീയതയും സംഭവിക്കുന്നവയുടെ ദയനീയതയും ഒന്നിപ്പിച്ച്, ഒന്നായ് സ്വീകരിച്ച് മനസ്സിൽ സാംശീകരിക്കുന്നതായിരുന്നു മാതാവിന്റെ അനുസ്മരണധ്യാനം. ഇവിടെ അദ്ഭുതം തളംകെട്ടി നിൽക്കുന്നുണ്ട്, ത്യക്തതയുടെ തിക്താനുഭവങ്ങളും. പക്ഷെ സാരമില്ല. അചഞ്ചലമായ വിശ്വാസവും ആവലാതിയില്ലാത്ത സ്ഥിര തീരുമാനവും മാതാവിനെ നയിച്ചുകൊണ്ടിരുന്നു. മേരിയുടെ മനസ്സിൽ പുതിയ ദർശനങ്ങൾ വിടരുന്നു. ഇത് ദൈവത്തിന്റെ വളരെ വലിയ ഒരു ആസൂത്രണമാണ്. പുരുഷ ബീജം കൂടാതെ ഗർഭം ധരിക്കുക മാത്രമല്ല, അരമനയും സിംഹാസനവുമില്ലാതെ രാജാവാകുന്നതും രാജ്യം സ്ഥാപിക്കുന്നതും ഇതിന്റെ നിദർശിത ഭാഗമാണ്. സ്മരണ ധ്യാനം അങ്ങിനെ ദൈവരഹസ്യങ്ങളെ ഓരോന്നായി ചിന്താതലത്തിലേയ്ക്ക് കൊണ്ടുവരുന്നു. സ്മരണം വളരെ ക്രിയാത്മക ധ്യാനമായി മാറുന്നു.

ദൈവനിശ്ചയപ്രകാരം ഉണ്ണീശോ ജനിക്കുന്നു, ഒരു മൃഗത്തൊഴുത്തിൽ. കറയറ്റ ചെമ്മരിയാടുകൾ കാവൽ നിന്നു. മേരിയുടെ ധ്യാനമനസ്സ് വീണ്ടും ശോഭായമാനമായി. ശരിയാണ് കളങ്കരഹിതനും എല്ലാ കൊല്ലവും പാപപരിഹാരത്തിനായി ബലി സമർപ്പിക്കപ്പെട്ടവനുമായ ചെമ്മരിയാടിന്റെ വംശജർക്കല്ലാതെ ആർക്കാണ് ഈ പാവന പിറവിക്ക് അടുത്തു നിന്നു സാക്ഷ്യം വഹിക്കുവാനവകാശമുള്ളത്?

അതാ അപ്പോഴേക്കും പുറത്ത് ആളുകളുടെ ബഹളം. ചിലരുടെ കയ്യിൽ വളരെ ചെറിയ ചെമ്മരിയാട്ടിൻ കുഞ്ഞുങ്ങളുമുണ്ട്. മേരി കുടിലിന്റെ പനയോല വാതിൽ തുറന്നു. ആട്ടിടയന്മാരുടെ ഒരു സംഘം. അവരെല്ലാം അതീവ സന്തുഷ്ടരാണ്. കാരണം അവർക്കു സ്വർഗ്ഗത്തിൽനിന്നും സന്ദേശം ലഭിച്ചിരിക്കുന്നു.

''ഇന്നു, ഈ ദിവസം തന്നെ, ദാവീദിന്റെ നഗരത്തിൽ അവരുടെ രക്ഷകൻ ജനിച്ചിരിക്കുന്നു. നിങ്ങൾക്കിതൊരടയാളമായിരിക്കും. പിള്ളക്കച്ചയിൽ പൊതിഞ്ഞു പുൽക്കൂട്ടിൽ കിടത്തിയിരിക്കുന്ന ഒരു പൊന്നുണ്ണിയെ നിങ്ങൾ കാണും''(ലൂക്കാ 2, 11-12). മേരി ചോരക്കുഞ്ഞിനെ കയ്യിലെടുത്ത് അവർക്ക്

കാണിച്ചുകൊടുത്തു. 'ആടുകൾക്കുവേണ്ടി മരിക്കാനാഗ്രഹിക്കുന്ന നല്ല ഇടയനാണ് ഞാനെന്ന്' (യോഹ. 10:11) പറയാനിരിക്കുന്ന കുഞ്ഞുപൈതലായ മഹായിടയനെ കണ്ടുകൊണ്ട് ആട്ടിടയർ സന്തുഷ്ടചിത്തരായി മടങ്ങിപ്പോയി. മേരിയുടെ മനസ്സും ആത്മാവും വീണ്ടും ധ്യാനത്തിലേക്കു മടങ്ങുന്നു. കുഞ്ഞിനു പിറക്കാൻ രാജകൊട്ടാരം അലങ്കരിച്ചൊരുക്കിയില്ലെങ്കിലും സ്വർഗ്ഗീയ വിരുന്നൊരുക്കി ഗാനതരംഗങ്ങളാൽ ബത്‌ലേഹം നഗരത്തെ പരിശുദ്ധമാക്കാൻ ദൈവം മറന്നില്ല. എന്നാൽ ആ ഗാനമധുരിമയും ശാന്തിസുധയും ദൈവത്തിൽ പ്രീതി കണ്ടെത്തിയവർക്കു മാത്രമായി മാററിവച്ചിട്ടുള്ളതായിരുന്നു.

ആട്ടിടയന്മാരുടെ സന്ദർശനവും സന്ദേശവും ഗബ്രിയേൽ ദൈവദൂതന്റെ വാക്കുകൾക്കും ആദ്യസന്ദേശത്തിനും മാററുകൂട്ടി. ആട്ടിടയന്മാരുടെ വാക്കുകൾ ഒരിക്കലും സംശയിക്കാത്ത മേരിയുടെ വിശ്വാസ ദൃഢതയ്ക്ക്, അംഗീകാരവും നല്കി. സംഗതികൾ മാനുഷിക പ്രതീക്ഷയനുസരിച്ചല്ലെങ്കിലും വളരെ ക്രമീകൃതമായി തന്നെയാണു നടക്കുന്നതെന്നതിന്റെ തെളിവും. എലിസബത്തിന്റെ ഗർഭധാരണം ഒരു സൂചനയായി നൽകിയത് പോലെ, വീണ്ടും വിശ്വാസത്തെ അംഗീകരിക്കുവാൻ കാരുണ്യവാനായ ദൈവം സൂചനകൾ നൽകിക്കൊണ്ടിരിക്കും. രംഗസംവിധാനം അവതരിപ്പിച്ചുകൊണ്ട് സുവിശേഷകൻ നമ്മോടു പറയുന്നത് ഇത്രമാത്രം. ''മേരിയാകട്ടെ ഇവയെല്ലാം അനുസ്മരിക്കുകയും അവയെക്കുറിച്ചാഴത്തിൽ ധ്യാനിക്കുകയും ചെയ്തിരുന്നു'' (ലൂക്കാ 1:19). എന്താണനുസ്മരിക്കുന്നത്? സംഭവിച്ചവയെല്ലാം പുറകോട്ടുനോക്കുമ്പോൾ എല്ലാം മനോഹരമാണ്. രഹസ്യമെന്നത് (mystery) വിശകലനം ചെയ്തു തീർക്കുവാനുള്ള ഒന്നല്ല, നേരെ മറിച്ച്, നിശ്ചിതസമയത്ത് അനാവരണം ചെയ്യപ്പെടേണ്ട ഒരു വസ്തുതയാണ്. അതനുഭവിച്ചറിയാനുള്ളതാണ്. അതുകൊണ്ടു ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുമ്പോൾ ആദ്യം കടന്നുപോയ ഇരുളടഞ്ഞ വഴികളിലെല്ലാം പ്രകാശ ദീപങ്ങൾ തെളിയുന്നു, പ്രശ്നങ്ങളുടെ കെട്ടുകൾ താനെ അഴിയുന്നു; ആത്മാവിലാനന്ദം നിറയുന്നു; ധ്യാനം ഫലമണിയുന്നു.

മാതാവിന്റെ സ്മരണധ്യാനത്തെക്കുറിച്ച് സുവിശേഷകൻ നമ്മോടു പിന്നീട് സംസാരിക്കുന്നത് ബാലനായ യേശുവിനെ ജറുസലേം ദേവാലയത്തിലേക്കു കൊണ്ടുപോയ അവസരത്തിലാണ്. ഇതിനെക്കുറിച്ച് ''മൗനമനോജ്ഞയായ മേരി'' (മേരിയുടെ മൗനഭാവം) എന്ന അദ്ധ്യായത്തിൽ സമഗ്രമായി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല.

സ്മരണം ഒരു ധ്യാനസാധനയാണെന്നു നാം മനസ്സിലാക്കണം. നമ്മൾ എന്തുമാത്രം സമയമാണ് യാതൊരു ഉപകാരവുമില്ലാത്ത കാര്യങ്ങൾ മനസ്സിൽ വച്ച് ചിന്തിച്ച് സമയം കളയുന്നത്. ഇത് ആകുലചിന്തകളെ പോഷിപ്പിക്കുകയും പലപ്പോഴും വിദ്വേഷചിന്തകളെ വളർത്തുകയും ചെയ്യുന്നതല്ലാതെ നമുക്ക് യാതൊ

രു ഉപകാരവും ചെയ്യുന്നില്ല. അതുകൊണ്ട് മാതാവിൽ നിന്നും നാമൊരു സംഗതി പഠിച്ചെടുക്കണം. എന്താണു നമ്മുടെ മനസ്സിൽ സംഗ്രഹിച്ച് ഓർക്കേണ്ടതെന്ന്. ഒരു തർക്കുത്തരംപോലെ ഇവിടെ പറയാവുന്നതിതാണ്. മാതാവിനെ സംബന്ധിച്ചിടത്തോളം എല്ലാം ശരിയാണ്. മാതാവിനു സ്വന്തം കുഞ്ഞിനെക്കുറിച്ചു ചിന്തിച്ചാലും അത് പ്രാർത്ഥനയാണ്, ധ്യാനമാണ്. നമ്മളെ സംബന്ധിച്ചിടത്തോളം അതല്ലല്ലോ.

നമ്മളും മാതാവും തമ്മിലുള്ള വ്യത്യാസം ഞാൻ നല്ലതുപോലെ മനസ്സിലാക്കുന്നു. എന്നാൽ സാധർമ്മ്യത്തിനും സാദ്ധ്യത നല്ലതുപോലെയുണ്ട്. ഒരാളുടെ മകനു അഥവാ മകൾക്ക് അസുഖമാണെന്നു കരുതുക. അസുഖം കൂടിക്കൊണ്ടിരിക്കുന്നു. കുട്ടി രക്ഷപ്പെടുമോ ഇല്ലയോ എന്നു സംശയമായി വരുന്നു. ഇത് വളരെ വേദനാജനകമായ ഒരു സ്ഥിതിവിശേഷമാണ്. പക്ഷെ ഇങ്ങനെ ഒരു സ്ഥിതിവിശേഷം നമ്മുടെ അമ്മയ്ക്കും ഉണ്ടായിരുന്നു. ഹേറോദേസ് ശിശുവിനെ വധിക്കുവാനാലോചിക്കുന്നു. ഉടനെ ശിശുവിനേയുംകൊണ്ട് ഈജിപ്തിലേക്കോടി രക്ഷപ്പെടുക എന്നൊരു കൽപ്പനയാണു മാതാവിനു ലഭിക്കുന്നത്. ശിശുവിന്റെ ജനനത്തിനു സ്ഥലം കിട്ടാതെ വിഷമിച്ച തിക്താനുഭവം കഴിഞ്ഞ് സന്തോഷത്തിന്റെ ചെറിയ നാളം തെളിഞ്ഞതേയുള്ളു. അപ്പോഴേക്കും പുതിയ കൽപ്പന. വഴിക്കു വച്ച് കുട്ടിയെ കൊല്ലാനാളുകൾ വരില്ലെന്നാരുകണ്ടു! എങ്കിലും യൗസേപ്പിതാവും മാതാവും അക്ഷരശ്ശഃ അനുസരിക്കുന്നു. ശത്രുദേശമായ ഈജിപ്തിലേക്ക് തന്നെ ഓടി രക്ഷപ്പെടുന്നു. കിഴക്കുനിന്നു വന്ന രാജാക്കന്മാർക്ക് ദൈവം വേറെ വഴിക്കു മടങ്ങുവാൻ നിർദ്ദേശം നൽകുന്നു. ഇത്രയൊക്കെ പാടുപെടേണ്ട വല്ല ആവശ്യവുമുണ്ടോ? ദുഷ്ടനായ ഹേറോദേസിനെ കൊന്നുകളയാനാർക്കെങ്കിലും നിർദ്ദേശം കൊടുത്താൽ പോരെ? അത്യുന്നതന്റെ പുത്രനിങ്ങനെ ഒരു നീചരാജാവിനെ പേടിച്ചോടേണ്ട ഗതികേടെന്തിന്? ഇതെല്ലാം മാതാവിനു ചോദിക്കാവുന്ന ചോദ്യങ്ങളാണ്. പക്ഷെ ഒന്നും ചോദിക്കുന്നതായി നാം കാണുന്നില്ല. ദൈവം ആവശ്യപ്പെട്ടത് ഉടനെ ചെയ്യുന്നു. നമ്മളും ഇതുപോലെ ചെയ്താൽ മതി. കുട്ടിയുടെ അസുഖം മാറാൻ ഡോക്ടർമാർ പറയുന്നത് സാധിക്കുന്നതുപോലെ നിറവേറ്റുക. മാതാവിനെപ്പോലെ കുട്ടിയെ ദൈവത്തിനു സമർപ്പിച്ചുകൊണ്ട് വിശ്വാസത്തിലുറച്ചു നിൽക്കുക. കുട്ടിയെ സമർപ്പിച്ച്, മാതാവിനെപ്പോലെ ദൈവതിരുമനസ്സ് സ്വീകരിച്ച് വേദനയോടെ പ്രാർത്ഥിക്കുന്നത് നല്ല ധ്യാനമാണ്. വേറെയൊരു ധ്യാനം ആവശ്യമില്ല. നമ്മളുടെയും ദൈവത്തിന്റെയും മനസ്സൊന്നു ചേർന്നാൽ മതി. ഇതാണു മാതാവിലും സംഭവിച്ചത്. ഇങ്ങനെയുള്ള അവസരത്തിൽ ഉദാഹരണത്തിനും പ്രചോദനത്തിനുമായി നമ്മൾ മാതാവിനെ ഓർക്കുന്നത് നന്നായിരിക്കും.

''നിങ്ങൾ ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ'' (ലൂക്കാ 22:19) എന്നു കർത്താവരുളിച്ചെയ്തപ്പോൾ, എന്താണ് നമ്മുടെ മനസ്സിൽ വച്ചോർക്കേണ്ടതെന്നതിനു ശക്തമായൊരു സൂചനകൂടി കർത്താവു നമുക്കു തരുന്നുണ്ട്. നമ്മെ രക്ഷിക്കാൻ വേണ്ടി അവിടുന്നു സ്വയം ബലിയായി സമർപ്പിച്ചതും, പാടുപെട്ടു മരിച്ചതും, ഉയിർത്തതും, അങ്ങിനെ നമ്മെയെല്ലാം നവജീവൻകൊണ്ട് അനുഗ്രഹിച്ചതുമാണ് സ്മൃതിപഥത്തിൽ വച്ച് സൂക്ഷിക്കുവാൻ കർത്താവ് ആവശ്യപ്പെടുന്നത്. അതോടുകൂടി നമ്മുടെ അനുദിനജീവിതത്തിലെ സഹനവും സന്തോഷവും പുതിയ വസന്തങ്ങളുടെ ഉദ്ഭവവും ഉൾപ്പെടെ എല്ലാം ഓർക്കുകയും സമർപ്പിക്കുകയും വേണം. നമ്മുടെ അനുദിന ജീവിത സംഭവങ്ങളെ മനസ്സിൽ വച്ച് ധ്യാനിക്കരുതെന്നു കർത്താവു ആവശ്യപ്പെട്ടിട്ടില്ല. അവയെക്കുറിച്ചാകുലചിത്തരാകരുതെന്നും വിശ്വാസമില്ലാത്തവരെപ്പോലെ നിലവിളിച്ച് ബഹളമുണ്ടാക്കരുതെന്നും മാത്രമേ ഈശോ പറയുന്നുള്ളു. മാതാവ് ഈജിപ്റ്റിലേയ്ക്കു പോയതുപോലെ കിട്ടുന്ന നിർദ്ദേശങ്ങൾ അനുസരിക്കുക. സാധാരണ നിർദ്ദേശങ്ങൾ കിട്ടുന്നത് സാധാരണ സംഭവങ്ങളിലൂടെയും വിശ്വസനീയമായ ഉപദേശകരിലൂടെയുമായിരിക്കും. അല്ലാതെ മാലാഖ വന്നു നിർദ്ദേശം തരണമെന്നാഗ്രഹിക്കരുത്. ദൈവം തീർച്ചയായും ഏതെങ്കിലും രീതിയിൽ നിർദ്ദേശങ്ങൾ തരുന്നതായിരിക്കും. അതനുസരിച്ച് ചെയ്യുക. മാതാവിനെപ്പോലെ വിശുദ്ധ വിശ്വാസത്തിലുറച്ചു നിൽക്കുക. അങ്ങനെ അനുദിന സംഭവങ്ങടെ സ്മരണ ജീവിതബദ്ധവും ദൈവസാന്നിദ്ധ്യവുമുള്ള ധ്യാനമാക്കിമാറ്റുക. നമ്മെ അകമഴിഞ്ഞു സ്നേഹിക്കുന്ന അമ്മ ഉദാഹരണം കൊണ്ടും ഉത്തേജനം കൊണ്ടും നമ്മെ സഹായിക്കും.

## 5. സേവനം

ഭക്ത സേവന തൽപരയാണ്. ഹൃദയത്തിൽ വച്ച് സൂക്ഷിക്കുന്നത് അവളുടനടി പ്രവർത്തനത്തിലേയ്ക്ക് മാറ്റുന്നു. ധ്യാനം പ്രവർത്തനബദ്ധമാണ്. ഏറ്റവും അടുത്തയവസരത്തിൽ അത് പ്രവർത്തനമായി മാറും. ഇതാണ് നാം മാതാവിലും കാണുന്നത്.

ദൈവദൂതനിൽനിന്നും കിട്ടിയ അറിവനുസരിച്ച് മേരി ഉടനടി യൂദയായിലെ മലമ്പ്രദേശത്തേയ്ക്കു പുറപ്പെടുകയായി (ലൂക്കാ 1:39), വയോധികയും ഗർഭിണിയുമായ എലിസബത്തിനെ ശുശ്രൂഷിക്കുവാൻ. ഒരു ഭക്തയുടെ മഹനീയ മനസ്സാണ് നാമിവിടെ കാണുന്നത്.

ഭക്തി ഉടനടി സേവന ചൈതന്യമായി മാറുന്നതിന്റെ മകുടോദാഹരണമാണ് മേരി. ഇവിടെ സേവനമെന്നു പറയുന്നത് ആഗോളവ്യാപകമായ അഥവാ സ്വന്തം നാട്ടിൽ തന്നെ വിപുലമായ ഒരു ജനപരിപോഷണ പദ്ധതി കെട്ടി

പ്പടുക്കുന്നതല്ല. ഉടനടി, തനിക്കു സാധിക്കുന്ന രീതിയിൽ ധ്യാനം പ്രവർത്തനത്തിലേയ്ക്കു മാറ്റുന്നതാണ്. സാമൂഹ്യ നീതിക്കുവേണ്ടി മത്സരിക്കുന്നതും പ്രവർത്തിക്കുന്നതും മറ്റും സേവനത്തിൽനിന്നും മാററിനിർത്തുന്നുവെന്ന് മനസ്സിലാക്കരുത്. സേവനം മനുഷ്യ മനസ്സിൽനിന്നും സ്വതസിദ്ധമായി ഒഴുകുന്നതാണ്. ആശയം അനുവർത്തനമായി മാറുന്നതാണ്. സുവിശേഷ ഭാഷയിൽ പറഞ്ഞാൽ അതുടനടി സ്വന്തം അയൽക്കാരനോടുള്ള പെരുമാററത്തിൽ പ്രത്യക്ഷപ്പെടേണ്ടതാണ്. ആളുകളുടെ ആവശ്യമനുസരിച്ചും എന്റെ കഴിവനുസരിച്ചും നിർവ്വഹിച്ചുകൊടുക്കുവാൻ കടമയുള്ള ഒന്നാണു സേവനം. സേവനം അതിൽ തന്നെ പറഞ്ഞാൽ വേതനത്തിനുവേണ്ടിയുള്ളതല്ല. ഒരു സേവനവും വേതനംകൊണ്ട് തൃപ്തിപ്പെടുത്താവുന്നതല്ല. സാക്ഷാൽ സേവനം ആത്മീയാനുഭാവത്തിൽനിന്നും പുറപ്പെടുന്നതാണ്. വേതനം പദാർത്ഥപരമായ ഒരു ദാനം മാത്രമായി അവസാനിക്കാൻ പാടുണ്ട്. എന്നാൽ സേവനത്തിനുപയോഗിക്കുന്നത് സ്വന്തം ശരീരവും ബുദ്ധിയും മനസ്സുമാണ്. വേതനത്തിനുപയോഗിക്കുന്നത് നാണയങ്ങളോ നോട്ടുകളോ ആണ്. ഇതു വളരെ വലിയ ഒരു വ്യത്യാസമാണെന്നു നാം മനസ്സിലാക്കിയിട്ടു വേണം വളരെ താഴ്മയോടെ വേതനം നൽകുവാൻ.

മേരി എലിസബത്തിനെ സന്ദർശിക്കുന്നത് ഒരു കൂടിക്കാഴ്ച നടത്താനും കാര്യങ്ങൾ ചർച്ചചെയ്യാനും പുതിയ തീരുമാനങ്ങളെടുക്കാനുമൊന്നുമല്ല. സ്നേഹപൂർവ്വം വേതനരഹിതമായ സേവനം സമർപ്പിക്കുവാൻ വേണ്ടി മാത്രമാണ്. എലിസബത്ത് വയസ്സ് ചെന്ന സ്ത്രീയാണ്. അവൾക്ക് കുട്ടികളുണ്ടാകാവുന്ന പ്രായമെല്ലാം പണ്ടേ അതിക്രമിച്ചുകഴിഞ്ഞിരുന്നു. അങ്ങിനെയിരിക്കുമ്പോഴാണ് ദൈവം അവൾക്കൊരു കുഞ്ഞിനെ കൊടുക്കുന്നത്. മാലാഖ ഈ വിവരം മേരിയെ അറിയിക്കുന്നത് മാതാവിന്റെ അനിതരസാധാരണമായ ഗർഭധാരണവും ദൈവത്തിനുവേണമെങ്കിൽ സാദ്ധ്യമാണെന്നു തെളിയിക്കാൻ വേണ്ടി കൂടിയാണ്. മേരിയാകട്ടെ തിരുസന്ദേശം ലഭിച്ചതിനു ശേഷം ഉടനടി, ഒട്ടും ആലോചിക്കാതെ പുറപ്പെടുകയായി, സേവന സന്നദ്ധയായി.

സേവനത്തിന്റെ വിശേഷരൂപമാണ് ദാസ്യം. മാതാവ് പോയത് സഖറിയാസിന്റെ ഭവനത്തിലെ ഭരണ സാരഥ്യം ഏറ്റെടുക്കാനല്ല. അവിടെ പ്രായമായിരിക്കുന്ന ദമ്പതികൾക്ക് ആവശ്യമുള്ള ദാസ്യവേല ചെയ്യാനാണ്. ഇത് സ്വയമേവ, ആഗ്രഹിച്ചു ചെയ്യുമ്പോൾ ദാസ്യം സുന്ദര സേവനവും ദിവ്യമായ സ്വയാഭിമാനവുമായി മാറുന്നു. ഭരണവും, അദ്ധ്യയനവുമെല്ലാം സേവനം തന്നെയാണ്. നമ്മൾ സാധാരണയുപയോഗിക്കുന്ന 'മിനിസ്റ്റർ എന്ന വാക്കിന്റെ അർത്ഥം 'സേവകനെ'ന്നാണെങ്കിലും രാഷ്ട്രീയ തലത്തിൽ ഈ പദം വളരെയേറെ അധികാരവും ആനുകൂല്യങ്ങളുമുള്ളതുകൊണ്ട് പലപ്പോഴും സേവനത്തിന്റെ മനോഹാരിത, നിസ്വാർത്ഥത ഇവിടെ പ്രതിബിംബിക്കണമെന്നില്ല. അങ്ങിനെ സേവനം ആനുകൂല്യങ്ങൾ പിടി

ച്ചെടുക്കുന്നതിനുള്ള ഒരു വേദിയായി തരംതാഴ്ത്തപ്പെടുന്നു. എന്നാൽ ഭക്ത യുടെ സേവനം അപ്രകാരമുള്ളതല്ല. അത് സ്വതസിദ്ധമായി ദാസ്യഭാവത്തിലേ യ്ക്കു മാറുന്നു.

നസ്രസ്സിലെ യുവകന്യക ഔന്നത്യത്തിന്റെ അത്യുന്നതിയിലേയ്ക്കുയർത്ത പ്പെട്ട സമയമാണ്, ദൈവദൂതന്റെ സന്ദർശനവേള. എന്നാൽ അത് കഴിഞ്ഞയു ടനെ 'കർത്താവിന്റെ ദാസി'യായ മേരി വിനയത്തിന്റെ അഗാധതയിലേയ്ക്കി റങ്ങി ദാസ്യവേല ചെയ്യുവാൻ 'തിടുക്കത്തിൽ' (ലൂക്കാ 1:39) പോകുന്ന രംഗ മാണ് നാം കാണുന്നത്. നാം കണ്ട മാതാവിന്റെ വന്ദന ഗാനത്തിൽ ഇവ ര ണ്ടും, ഉയർച്ചയും, താഴ്ചയും, മാതാവ് സുന്ദരമായി സമ്മേളിപ്പിക്കുന്നുണ്ട്. 'വിനയാന്വിതയായ മേരി' എന്ന അദ്ധ്യായത്തിൽ നമുക്കിത് വിശദമായി കാണാ വുന്നതാണ്. ദാസ്യം സ്വയമേവ സ്വീകരിച്ചാലേ അഴകാർന്നതായി ഭവിക്കുക യുള്ളു. ഈ അഴകാണ് മാതാവിന്റെ സേവന പ്രക്രിയയെ കൂടുതൽ അഭികാമ്യ മാക്കുന്നത്.

ഭാരതത്തിലെ ഭക്തർ സേവനത്തെ ആദ്യകാലങ്ങളിൽ മനസ്സിലാക്കിയിരു ന്നത് പാദസേവനമായിട്ടായിരുന്നു. ഭക്തർ അവർ വണങ്ങുന്ന ദേവന് പാദശു ശ്രൂഷ ചെയ്യുന്നതിൽ സന്തോഷം കണ്ടെത്തുന്നു. പാദശുശ്രൂഷ അങ്ങനെ ദൈവത്തിനു സ്വയം സമർപ്പിക്കുന്നതിന്റെയും ദൈവത്തിനുവേണ്ടി ഏത് എളി മ പ്രവൃത്തിയും ചെയ്യുന്നതിനുമുള്ള സന്നദ്ധതയുടെയും ഒരു പ്രതീകമാണ്. മാതാവിൽ കാണുന്ന ചൈതന്യവുമിതു തന്നെയാണ്. മേരിയെന്നും ദൈവ ത്തിന്റെ ദാസിയാണ്. ദാസിയായി, അവൾ എലിസബത്തിനു പാദശുശ്രൂഷ ചെ യ്യാൻ പോവുകയാണ്. ഈ ദാസിയുടെ മകനായ ഈശോ പിന്നീട് പറയുന്ന തിവിടെ ശ്രദ്ധേയമാണ്. "നിങ്ങൾ ഈ ചെറിയ സഹോദരരിൽ ഒരുവനോട് ചെയ്തത് എന്നോട് ചെയ്തതായി ഞാൻ പരിഗണിക്കും" (മത്താ. 25:40). അങ്ങ നെ മേരിയിൽനിന്നും, ദൈവകുമാരനായ ഈശോയിൽനിന്നും അസ്സന്നിഗ്ദ്ധ മായിട്ടൊരു കാര്യം നാം പഠിക്കണം. പരപാദസേവനം ദൈവസേവനത്തിനു തുല്യമാണെന്ന്. ഇവിടെ മനുഷ്യ വംശം മുഴുവനും തന്നെ ഒരു ദേവശരീരത്തി ന്റെ അംഗങ്ങളായി നമുക്കു വിഭാവനചെയ്യാം.

വചനം മാംസമായപ്പോൾ അങ്ങനെ ഒരു ദേവശരീരം രൂപംകൊണ്ടു. ഇത് ക്രിസ്തുവിന്റെ മൗതീക ശരീരം (mystical body of Christ) എന്ന പേരിൽ അറിയ പ്പെടുന്നു. അതുകൊണ്ടാണ് കാണുന്ന സഹോദരനെ അഥവാ സഹോദരിയെ സ്നേഹിക്കാതെ ഈശോയെ, ദൈവത്തെ സ്നേഹിക്കുവാൻ നമുക്കു സാധിക്ക യില്ലെന്നു കത്തോലിക്കാ സഭ പഠിപ്പിക്കുന്നത്. അതുകൊണ്ട് പരസേവനം ക്രിസ്തീയ ചിന്തയിൽ അതീവ പ്രാധാന്യം വഹിക്കുന്ന ഒരു കാര്യമാണ്. മകന്റെ ഉന്നത ദർശനത്തെ നേരത്തെ കൂട്ടി ഉൾക്കൊണ്ട അമ്മയാണ് നസ്രസ്സിലെ മേരി.

അതിന്റെ ഉടനടിയുള്ള ആവിഷ്കാര രൂപമാണ് എലിസബത്തിന്റെ വീട്ടിലേയ്ക്കുള്ള യാത്ര. അവിടെയുള്ള മേരിയുടെ സേവനം മൗനസേവനമായിരുന്നു. ആദരവോ അംഗീകാരമോ ആഗ്രഹിക്കാതെ ചെയ്യുന്ന സേവനം അതിസുന്ദരവും ആത്മാവിന്റെ തനി പ്രതിബിംബനവുമാണ്.

## 6. അർപ്പണം

ഭക്തി സ്നേഹമാണ്. സ്നേഹം സ്വയാർപ്പണത്തിനായി ദാഹിക്കുന്നു. സേവനം സത്യത്തിൽ സ്വയാർപ്പണത്തിന്റെ ഒരു വിശേഷരൂപമാണ്. പക്ഷെ അതുകൊണ്ടുമാത്രം ഭക്ത തൃപ്തിപ്പെടുന്നില്ല. ചെറിയ ചെറിയ കാഴ്ചകളർപ്പിക്കുവാനായി ഭക്ത സന്തോഷത്തോടെ മുന്നോട്ടുവരുന്നു. മന്നവന്റെ പൊന്നിൽ മുടിയോ, ധനികന്റെ കനകമോ അവൾക്കില്ല. കറതീർന്ന മനസ്സും കാണുന്നതെല്ലാം സ്വന്തമെന്നപോലെ ദൈവത്തിനു സമർപ്പിക്കാനുള്ള സന്നദ്ധതയുമവൾക്കുണ്ട്. പക്ഷെ ഇവയുടെ ഒന്നിന്റെയും ഉടമസ്ഥാവകാശങ്ങൾ അവൾക്കില്ല. അതുവേണമെന്നവൾ ആഗ്രഹിക്കുന്നില്ല. ഭക്തയുടെ അർപ്പണത്തിന്റെ മേന്മ അർപ്പിത വസ്തുവിന്റെ വലുപ്പത്തിലോ ധനമൂല്യത്തിലോ അല്ല അടങ്ങിയിരിക്കുന്നത്. പ്രത്യുത നിസ്സാരമായ വസ്തുവാണെങ്കിലും അതിന്റെ അർപ്പണത്തിലടങ്ങിയിരിക്കുന്ന പ്രതീകാത്മകതയിലാണ്. വല്ലഭനു പുല്ലുമായുധം എന്നു പറയുന്നത് പോലെ ഭക്തയ്ക്ക് തളിരും മലരുമൊക്കെ വളരെ വലിയ അർപ്പണവസ്തുക്കളാണ്. അതും സ്വന്തം കൈകൾകൊണ്ട് നട്ടു, വെള്ളമൊഴിച്ച്, വളർത്തിയെടുത്ത ചെടിയുടെ ഇലയോ, പൂവോ ആയാൽ വളരെ വിശേഷമായി. ഭക്ത ചെടി നടുമ്പോൾ സർവ്വപ്രധാനമായി കാണുന്നത് ദേവസന്നിധിയിൽ നിൽക്കാനുള്ള പുഷ്പങ്ങളെയാണ്. അല്ലാതെ കാണികളെ ആകർഷിക്കുന്ന ഉദ്യാനഭംഗി മാത്രമല്ല. എന്നാൽ ചെടികളും പൂക്കളും തീർച്ചയായും ആളുകളെ ആകർഷിക്കുക തന്നെചെയ്യും. ഭക്തയുടെ തോട്ടമങ്ങനെ എന്നും പൂ ചൂടിനിൽക്കുന്ന വിശേഷവനികയായിരിക്കും. ബാഹ്യേന്ദ്രീയങ്ങൾക്ക് വിഷയമായ ഈ തോട്ടം ഭക്തയുടെ ആന്തരീകോദ്യാനത്തിന്റെ ഒരു പ്രതീകം കൂടിയാണ്.

ഈ പ്രതീകാത്മകതയിൽ തോട്ടം ആത്മാവാണ്. തോട്ടത്തിൽ നട്ടുവളർത്തുന്ന ചെടികൾ ആത്മസാക്ഷാൽക്കാരത്തിനായി ആവർത്തിച്ചുള്ള അഭ്യാസം കൊണ്ട് വളർത്തിയെടുക്കുന്ന സാധനകളും പുണ്യങ്ങളും നല്ല നടപ്പുകളുമാണ്. ഭക്തി സൂത്രത്തിൽ പറയുന്നതുപോലെ ''തതർപ്പിതമഖില ആചരത'' (ഭക്തി സൂത്രം). ഭക്തയുടെ എല്ലാ ആചാരങ്ങളും അനുഷ്ഠാനങ്ങളും നാഥനിൽ മാത്രം കേന്ദ്രീകൃതങ്ങളായ പ്രവർത്തനങ്ങളാണ്. അങ്ങനെ, ഭക്തിയുടെ വനികയിൽ മുള്ളുകളുടെയിടയിൽ വിടരുന്ന റോസ്സാപ്പൂക്കൾപോലെ സ്നേഹത്തിന്റെ ത്യാഗകുസുമങ്ങൾ വിടരുന്നു. മധുര സംഭാഷണത്തിന്റെ മണം പരത്തുന്ന മുല്ലപ്പൂ

ക്കളും നീതിസൂര്യന്റെ കിരണവല്ലികൾ ചുംബിച്ചുണർത്തുന്ന നിരവധി തരം ലില്ലിപ്പൂക്കളും വിടരുന്നു. ചെടികൾക്കാവശ്യമായ ജലം ഈശോയുടെ അല്ലെങ്കിൽ ദൈവത്തിന്റെ സന്നിധാനമാണ്. ഭക്തിയുടെ ആഴവും ആത്മാർത്ഥതയുമനുസരിച്ച് ഈ ജലം തോട്ടത്തിലൂടെ പ്രവഹിച്ചുകൊണ്ടിരിക്കും.

ആവിലായിലെ വി. ത്രേസ്യായുടെ ഭാവനയനുസരിച്ച് പറയുകയാണെങ്കിൽ ചിലരിൽ വളരെക്കുറച്ച് ജലമേ പ്രവേശിക്കുന്നുള്ളൂ. ഇവർ കിണററിൽ നിന്നും ബക്കറ്റുകൊണ്ട് വെള്ളം കോരുന്നവരെപ്പോലെയാണ്. ഇവർ കപ്പിയുടെയും കയറിന്റെയും മറ്റുമായി വളരെയധികം സ്വരമുണ്ടാക്കുന്നു. എന്നാൽ അല്പം ജലമേ ഇവർക്കു കിട്ടുന്നുള്ളൂ. ഭക്തിയുടെ അഥവാ പ്രാർത്ഥനയുടെ ഏറ്റവും താഴ്ന്ന പദവിയാണിത്.

എന്നാൽ മറ്റു ചിലരിൽ വെള്ളമൊഴുകുന്നത് നന്നായി ആസൂത്രണം ചെയ്തിട്ടുള്ള ചാലുകളിലൂടെയാണ്. ചാലുകൾ വേണ്ടപ്പോൾ തുറക്കുകയും അടയ്ക്കുകയുംചെയ്താൽ മാത്രം മതി. ജലം താനേ പ്രവഹിച്ചുകൊള്ളും. ഇവിടെ ജോലി കുറവും ജലം കൂടുതലുമെന്ന തത്വം സാക്ഷാൽക്കരിച്ചു തുടങ്ങുന്നു. വി. ത്രേസ്യാ ഈ തത്വം അവസാനം വരെ തുടരുന്നതായിരിക്കും. എന്നുവച്ചാൽ ഭക്തിയുടെ, പ്രാർത്ഥനയുടെ ആഴം കൂടുന്നതനുസരിച്ച് ഇന്ദ്രിയങ്ങളുടെയും മനസ്സിന്റെയും (mind) പ്രവർത്തനങ്ങൾ താനെ കുറയുകയും ആത്മാവിൽ അധിവസിക്കുന്ന ദൈവത്തിന്റെ അഥവാ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വർദ്ധിപ്പിക്കുകയും ചെയ്യും. ഇത് ഭക്തിയുടെ അഥവാ പ്രാർത്ഥനയുടെ രണ്ടാം പദവിയാണ്. ആത്മാവാകട്ടെ അരൂപിയുടെ ഈ പ്രവർത്തനത്തിനു സ്വയം വിട്ടുകൊടുക്കുന്നു. അരൂപിയാണ് ആത്മാവിനെ ദൈവസാക്ഷാൽക്കാരത്തിലേയ്ക്ക് നയിക്കുന്നത്. ഇത് മേരിയുടെ പുത്രനായ ഈശോ വളരെ വ്യക്തമായി നമ്മളോടു പറയുന്ന ഒരു കാര്യമാണ്. "അരൂപി നിങ്ങളിലേയ്ക്ക് വരുമ്പോൾ അവൻ എല്ലാ ദൈവിക സത്യങ്ങളിലേയ്ക്കും നിങ്ങളെ നയിക്കുന്നതാണ്" (യോഹ.16:13). നമ്മളെല്ലാവരും അറിഞ്ഞിരിക്കേണ്ട ഒരു ആദ്യന്തസത്യമാണ് മനുഷ്യാത്മാവ് ദൈവത്തിന്റെ പ്രതിബിംബമാണ് എന്നുള്ളത്. ഇത് നമ്മളിലോരോരുത്തരിലും സാക്ഷാൽക്കരിക്കപ്പെടണം. ഇതാണു ദൈവാത്മാവ് നമ്മളിൽ ചെയ്യുന്ന പ്രവർത്തനം. ഈ പ്രവർത്തനത്തിന് നാം കൂടുതൽ കൂടുതൽ വിട്ടുകൊടുത്തുകൊണ്ടിരിക്കണം. നിസ്സാരമായ ശാഠ്യങ്ങൾപോലും തിരസ്കരിക്കണം. സ്വതസിദ്ധമായി, സമ്പൂർണ്ണമായി സമർപ്പിക്കുന്നവരിലാണ് ദൈവാരൂപി ധാരാളമായി പ്രവർത്തിക്കുന്നത്. നമ്മുടെ ദൈവിക രൂപാന്തരീകരണം സാധിക്കുന്നത്, സ്വാഭാവികമായും ദൈവശാസ്ത്രപരമായും, ഈ ദൈവാത്മാവിന്റെ പ്രവർത്തനത്തിലൂടെയാണ്. ദൈവത്തിനല്ലാതെ നമുക്കു ദൈവത്തിന്റെ ഭാവവും രൂപവും തരുവാൻ ആർക്കും സാധിക്കുകയില്ലല്ലോ. അതുകൊ

ണ്ടാണ് ഞാൻ 'സ്വാഭാവികമായും' എന്നെഴുതിച്ചേർത്തിരിക്കുന്നത്. എന്നുവച്ചാൽ ദൈവത്തിന്റെ സ്വഭാവം നമുക്കു പകരുന്നതിന് ദൈവാരൂപിക്ക് മാത്രമേ സാധിക്കുകയുള്ളുവെന്നു സാരം. ഈ ദൈവാരൂപിയുടെ രംഗപ്രവേശനമായിട്ടാണിവിടെ ജലം വിഭാവന ചെയ്യപ്പെട്ടിട്ടുള്ളത്. നമ്മുടെ പിടിപ്പുകേടും, പിടിവാശിയും ആത്മാവിന്റെ അടിത്തട്ടിൽ ഇനിയുമവശേഷിക്കുന്ന ബന്ധനാവസ്ഥകളും ഈ ജലധാര പ്രവാഹത്തിനു തടസ്സങ്ങൾ സൃഷ്ടിക്കാൻ പാടുണ്ട്. കൃപാവര ജലം വെറുതെ ഒഴുകിപ്പോവുകയല്ല ചെയ്യുന്നത്. ജലം ശരീരത്തെയെന്നപോലെ അത് ആത്മാവിനെ ശുദ്ധീകരിക്കുകയും ദൈവൈക്യത്തിനുള്ള ആത്മദാഹത്തെ പടിപടിയായി ശമിപ്പിക്കുകയും സമ്പൂർണ്ണ ഐക്യത്തിലേയ്ക്കു ആനയിക്കുകയും ചെയ്യുന്നു. ലോകജലം ശരീരത്തിനു ചെയ്യുന്നതെല്ലാം ആദ്ധ്യാത്മിക ജലം ആത്മാവിനു ചെയ്യുന്നുവെന്നു സാരം. അതുകൊണ്ടു തന്നെയാണ് ജലം പരിശുദ്ധാത്മാവിന്റെ അനുഗ്രഹീത പ്രതീകമായിരിക്കുന്നത്.

ഭക്തയുടെ അഥവാ പ്രാർത്ഥനയുടെ മൂന്നാമത്തെ പദവിയിൽ ജലം ഒരു നദിയായി ആത്മാവാകുന്ന തോട്ടത്തിലൂടെ ഒഴുകുകയാണ്. ധാരാളം ജലം ഇടമുറിയാത്ത ഒഴുകുന്നു. ചാലുകൾ തുറക്കുക, അടക്കുകയെന്ന ജോലിപോലുമില്ല. സ്വർഗ്ഗീയ നദി അനസ്യൂതം എല്ലാ ചെടികളേയും നനച്ചൊഴുകിക്കൊണ്ടിരിക്കുന്നു. ആത്മാവിന്റെ സ്വയം സമർപ്പണം കൂടുതൽ രൂഢമൂലമാകുന്നു. ഇത് വേലയൊന്നും ചെയ്യാതൊരു അലസജീവിതമായി തെററിദ്ധരിക്കരുത്. ആത്മാവിൽ വളരെ വലിയ പ്രവർത്തനങ്ങളും രൂപാന്തരീകരണവും നടന്നുകൊണ്ടിരിക്കുകയാണ്. ഒരു രോഗി ശസ്ത്രക്രിയയ്ക്ക് വിധേയനാകുമ്പോൾ ഇതൊരു സുഖജീവിതമാണെന്നു വല്ലവരും പറയുന്നുണ്ടോ? അതുപോലെ തന്നെ ഇത് ആത്മാവിനെ ശുദ്ധീകരിക്കുന്നൊരു ശസ്ത്രക്രിയയും ആത്മാവിനു നവജീവൻ നൽകുന്ന പോഷണക്രിയയുമാണ്. അവയുടെ പരിണിതഫലമായി ആത്മാവിന്റെ പൂർണ്ണരൂപാന്തരീകരണം നടന്നുകൊണ്ടിരിക്കുന്നു. ആത്മാവിന്റെ രാത്രിയിലൂടെ, വിശ്വാസവെളിച്ചത്തിന്റെ ഏക നാളത്താൽ നയിക്കപ്പെട്ട്, പലരാലും പരിത്യജിക്കപ്പെട്ട്, വിമർശിക്കപ്പെട്ട്, കഴിഞ്ഞ കാലങ്ങളുമായിരിക്കാം ഇവ. എന്നാൽ സമചിത്തതയോടെ, ആശിഷാക്ഷേപങ്ങൾ ഒരുപോലെ സ്വീകരിച്ച്, എല്ലാവരേയും സേവിച്ച്, എല്ലാവർക്കും സ്നേഹം പകർന്ന് ജീവിക്കുവാൻ പരിശുദ്ധാത്മാവ് ഈ മനുഷ്യാത്മാവിനെ പഠിപ്പിക്കുന്നു. വർദ്ധിച്ച വിധേയത്വം സ്വന്തമാക്കുന്നു. എന്നുവച്ചാൽ ശാരീരികേന്ദ്രിയങ്ങൾക്കും താൽക്കാലിക ബുദ്ധിക്കും വിശ്രമം നൽകുന്നുണ്ടെങ്കിലും ആത്മാവ് ആന്തരികനയനങ്ങളിലൂടെയും ആശ്ചര്യവീക്ഷണങ്ങളിലൂടെയും സമ്പൂർണ്ണ സമർപ്പണത്തിലൂടെയും ദൈവിക രൂപാന്തരീകരണത്തിനു സദാപി സഹകരിച്ചുകൊണ്ടാണിരിക്കുന്നത്. ആന്തരിക ഇന്ദ്രിയങ്ങളെല്ലാം തന്നെ വിശ്രമത്തിലാഴ്ന്നിരിക്കുകയാണെ

ങ്കിലും ഉള്ളിന്റെയുള്ളിൽ ആത്മാവ് രൂപാന്തരീകരണവിധേയയാണ്. മടിയോ മടുപ്പോ, ആകുലതയോ ആലസ്യമോ ഇവിടെയില്ല.

പ്രാർത്ഥനയുടെ (ഭക്തിയുടെ) അവസാനത്തേതായ നാലാം പദവിയിലേക്ക് പ്രവേശിക്കുമ്പോൾ ജലം സ്വർഗ്ഗത്തിൽനിന്നും വരുന്ന മഴവെള്ളമായി മാറുന്നു. ചെടികൾ അടിമുടി വ്യത്യാസമില്ലാതെ ആകെ നനയുന്നു, വെള്ളത്തിൽ കുളിക്കുന്നു. ദൈവജലമാകുന്ന കൃപാവരത്തിൽ ആത്മാവ് നീന്തിത്തുടിക്കുന്നു. എങ്ങും സാഗരം. അതിരും ആഴവുമറിയാത്ത സാഗരപരപ്പ്. സാഗരത്തിൽ വീണ വെള്ളത്തുള്ളിപോലെ ആത്മാവ് അനശ്വരയായി, അബന്ധിതയായി ദൈവത്തിൽ വിലയംകൊള്ളുന്നു. (വി. ത്രേസ്യാ, ആത്മകഥാകഥനം. അദ്ധ്യായങ്ങൾ 11-22. സ്വതന്ത്രമായ സംഗ്രഹാവിഷ്കരണം).

ഭക്തിയുടെ പരമ ലക്ഷ്യം ഈ ദൈവപ്രാപ്തിയാണ്. അഥവാ ദൈവസായൂജ്യമാണ്. അതിനുവേണ്ടിയാണ് അവൾ സ്വയം സമർപ്പിക്കുന്നത്. എല്ലാ കൊച്ചു സമർപ്പണവും പ്രതീകാത്മകമാണ്. നസ്രസ്സിലെ മേരി എന്ന ഈശോയുടെ അമ്മയെ സംബന്ധിച്ചിടത്തോളം ഈ പദവികൾക്കൊന്നും ഒരു പ്രാധാന്യവുമില്ല. അമലയും അലോക സുന്ദരിയുമായ ഈ ദേവകന്യകയുടെ ഭക്തി ആരംഭം മുതൽക്കേ ദൈവസന്നിധിയിൽ വിടർന്നുനിൽക്കുന്ന സുകുമാരകുസുമമാണ്. ദൈവപ്രീതി അവളിൽ സദാ നിറഞ്ഞുനിന്നിരുന്നു. അതുകൊണ്ടു തന്നെ ഈശോയുടെ അമ്മയാകുവാനുള്ള ഭാഗ്യമവൾക്ക് ലഭിച്ചു. ഈ കന്യകാമണിക്ക് ദൈവത്തിന് ഏററവും പ്രീതികരമായ ഒരർപ്പണം ചെയ്യാനുണ്ടായിരുന്നു. അതവളുടെ തന്നെ ഏക തനയനായിരുന്നു. പത്തുമാസങ്ങൾക്കു മുമ്പ് ഗബ്രിയേൽ ദൈവദൂതൻ അറിയിച്ച അതേ മകൻ, ദൈവത്തിന്റെ തനയൻ, വചനം മാംസമായ യേശു.

ഈ ശിശുവിനേയും കയ്യിലേന്തി മേരിയും യൗസേപ്പിതാവും ജറുസലേം ദേവാലയത്തിലേയ്ക്കു പോയി. ലോകത്തിലാരും ഇന്നോളം സമർപ്പിക്കാത്ത ഇനി സമർപ്പിക്കാൻ സാധിക്കാത്ത, ഒരു സമർപ്പണം നിർവ്വഹിക്കുവാൻ. ഈ സമർപ്പണത്തിനു ചരിത്രത്തിൽ എങ്ങും ഇല്ലാത്ത ഒരു പ്രത്യേകതയുണ്ട്. അതായത്, അമ്മയെ തിരഞ്ഞെടുത്തവനെ, അമ്മ തന്നെ നേരിട്ട് ദൈവത്തിനു തിരിച്ചുകൊടുക്കുന്ന ഒരു മഹാസമർപ്പണമായിരുന്നു അത്. നിയമമനുസരിച്ച് മേരി ആദ്യജാതനെ ദൈവത്തിനു സമർപ്പിക്കണം. എല്ലാ യഹൂദ സ്ത്രീകളും ഇത് ചെയ്യണം. ഒരു സ്ത്രീ ഗർഭം ധരിക്കുകയും ഒരാൺകുഞ്ഞിനെ പ്രസവിക്കുകയും ചെയ്യുകയാണെങ്കിൽ അവൾ ഏഴു ദിവസത്തേയ്ക്ക് അശുദ്ധയായിരിക്കും (നിയമാവലി. 12:2). വിശുദ്ധീകരണത്തിന്റെ ദിവസം തീരുമ്പോൾ അവളുടെ കുഞ്ഞിനെ ദേവാലയത്തിലേക്ക് കൊണ്ടുവന്നു ദൈവത്തിനു സമർപ്പിക്കണം (നിയ. 6:8) ഈ നിയമമനുസരിച്ചാണ് മേരി കുഞ്ഞിനേയുംകൊണ്ട് ദേവാലയപ്പടിയി

ലേക്കു വരുന്നത്. പാപിനികൾക്കുവേണ്ടിയുള്ള നിയമം പാപമറിയാത്ത മേരിക്ക് ബാധകമല്ല. എങ്കിലും കളങ്കമേശാത്തവൻ കള്ളന്മാരുടെ നടുവിൽ പെരുംകള്ളനായി മരിക്കാനിരിക്കുന്നതുപോലെ, മേരിയും, കളങ്കരഹിതയെങ്കിലും, കളങ്കവിധേയരാകാവുന്ന മറ്റമ്മമാരുടെ കൂടെ കുഞ്ഞുമായി ദേവാലയത്തിലേക്കു വന്നു. ദൈവത്തിന്റെ മകനെ, ദൈവത്തിനു തിരിച്ചു സമർപ്പിക്കുവാൻ. ലോകവും സ്വർഗ്ഗവും ഇതുപോലെ ഒന്നുചേരുന്ന മറ്റൊരു നിമിഷം ഉണ്ടോ എന്നു ചിന്തിക്കാവുന്നതാണ്. സ്വർഗ്ഗം ഈ രംഗം ഉറ്റുനോക്കിക്കൊണ്ടുനിന്നു. മാലാഖമാരുടെ വൃന്ദങ്ങൾ ആരാധനാ ഭാവത്തിൽ ലോകത്തിൽ നടക്കുന്നത് അവലോകനം ചെയ്യുകൊണ്ടിരുന്നു.

അവർ ആദിപിതാവായ അബ്രാഹം തന്റെ ഏകമകനായ ഇസഹാക്കിനെ ബലി കഴിക്കാൻ കൊണ്ടുപോയ സംഭവം ഓർക്കുകയാണ്. നീതിമാനായ ആബേൽ ആദ്യമായി ആട്ടിൻ കുട്ടിയെ ഈ ലോകത്തിൽ ബലികഴിക്കുവാനായി സമർപ്പിച്ചതോർത്തുപോയി. ആദ്യ യഹൂദ പിതാക്കന്മാർ അവരാണ്ടുതോറും സമർപ്പിച്ചുകൊണ്ടിരുന്ന പെസഹാ ബലിയെ അനുസ്മരിച്ചു. അങ്ങിനെ വിശുദ്ധരും വിമോചിതരുമായി സ്വർഗ്ഗത്തിലെത്തിയ എല്ലാവരും അവർ നടത്തിയിട്ടുള്ള കൊച്ചുകൊച്ചു സമർപ്പണങ്ങളും ബലികളും ഓർത്തുകൊണ്ട് ഭൂസ്വർഗ്ഗങ്ങളെ ഒന്നിപ്പിക്കുന്ന ഈ മഹാ യജ്ഞത്തിന്റെ സമാരംഭത്തിൽ ഒന്നുചേരുകയാണ്. കാരണം പ്രതീകങ്ങളായി എല്ലാ ബലികളും നിറവേറലിലേയ്ക്കു നീങ്ങുന്ന അനുഗ്രഹീത നിമിഷം സമാഗതമായിരിക്കുന്നു. ''ഈ യജ്ഞമാണ് ഭുവനത്തിന്റെ നാഭി'' (ഋഗ് വേദം 1:164:35) എന്നു പറഞ്ഞ ഭാരതത്തിലെ പുരാതനയജ്ഞങ്ങളും ഹോമബലികളും അതിലുൾപ്പെടുന്നു. അങ്ങനെ മേരി, മാലാഖമാരും, വന്ദകരും പ്രവാചകന്മാരും അവരുടെ രാജ്ഞീപദം സ്വീകരിക്കാനിരിക്കുന്ന കൊച്ചമ്മയേയും നോക്കിനിൽക്കവേ, അതാ പിഞ്ചുശിശുവിനേയും കയ്യിലേന്തി ദേവാലയകവാടത്തിൽ പുരോഹിതനരികിലേയ്ക്ക് അവൾ നടന്നു നീങ്ങുന്നു. ലോകത്തിൽ ഇങ്ങനെ ഒരു സമർപ്പണം ഇതുവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയുമില്ല. അമ്മ തിരുമകനെ സമർപ്പിക്കുന്നു. തിരുമകനോ അമ്മയെ തിരഞ്ഞെടുത്ത് സ്വർഗ്ഗത്തിൽനിന്നും വന്നതാണ്. ജനിച്ചവൻ, എന്നാൽ അജൻ; സമർപ്പിതൻ, എന്നാൽ ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ സമർപ്പകൻ; സമർപ്പണ സാദ്ധ്യതയ്ക്കുവേണ്ടി ശരീരമെടുത്തവൻ, എന്നാൽ ആദ്യംമുതൽക്കശരീരി; ലോകത്തിലബലനായി കാണപ്പെടുന്നവൻ, എന്നാൽ ലോകം കാണാത്ത വിശ്വവിധാതാവ്. ആര് ആരെ ആർക്കു സമർപ്പിക്കുന്നുവെന്നത് ധ്യാനനിരതർക്കു തീരാപായസമാണ്. മേരി കൈക്കുഞ്ഞിനെ ദൈവത്തിനു സമർപ്പിച്ചുകൊണ്ട് ആ അദ്ഭുതരംഗത്തിനു സാക്ഷി നിന്നു.

എന്നാൽ ദേവാലയത്തിൽ പലരും നോക്കുന്നത് സമർപ്പണത്തിനു കൂടെ കൊണ്ടുവന്നിരിക്കുന്ന ആട്ടിൻ കുട്ടികളേയും അഥവാ കുരുവിക്കുഞ്ഞുങ്ങളേയും ആണ്. അവരുടെ നയനങ്ങൾ ഈ ലോകത്തിന്റെതാണ്, അല്ലാതെ പരലോകത്തിന്റെതല്ല. ഉൾക്കണ്ണുകൾ തുറക്കുവാൻ സമ്മതിക്കാത്ത, പരിശുദ്ധാത്മാവിനെ പ്രവർത്തിക്കുവാനനുവദിക്കാത്ത ഒരു വലിയ ജനാവലി ലോകത്തിലുണ്ടെന്നു നാം മനസ്സിലാക്കണം. അവർക്കിതെല്ലാമൊരു പ്രഹസനം മാത്രമാണ്. അതിൽ കൂടുതലൊന്നുമില്ല. എന്നാൽ ഉൾക്കണ്ണു തുറന്നവരും, ദൈവാവബോധത്തിൽ പങ്കുപറ്റുന്നവരുമായ രണ്ട് വ്യക്തികൾ തീർച്ചയായും ആ പരിസരത്തുണ്ടായിരുന്നു. ഇവരാണ് ദൈവഭക്തനായ ശിമയോനും പ്രവാചകയായിരുന്ന ഹന്നായും. ഇവരിരുവരും ആ സമയത്ത് പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദേവാലയത്തിൽ വന്നു. കുഞ്ഞിനെക്കുറിച്ച് അവർക്കും പലതും പറയാനുണ്ടായിരുന്നു. ശിമയോൻ പറഞ്ഞു ഈ പൈതൽ ഇസ്രായേലിൽ വൈരുദ്ധ്യതയുടെ ഒരടയാളമായിരിക്കും. പലരുടെയും ഹൃദയവികാരങ്ങൾ വെളിപ്പെടുത്തപ്പെടും. നിഷ്കളങ്ക യുവതിയായ മേരിയെ നോക്കിക്കൊണ്ടദ്ദേഹം പറഞ്ഞു ''മൂർച്ചയേറിയ വാളുകൊണ്ട് നിന്റെ ഹൃദയവും ഭേദിക്കപ്പെടും'' (ലൂക്കാ 2:34-35) സഹന ദാസിയായിയാകുവാനിരിക്കുന്ന മാതാവിന്റെ ഭാവി പരിണാമത്തിന്റെ ആമുഖമായിരുന്നു ആ പ്രവചനം.

## 7. ആത്മനിവേദനം

സമർപ്പണത്തിന്റെ ആധിക്യവും ആഗാധതയുമാണ് ആത്മനിവേദനം. ഭക്തയെക്കുറിച്ച് നാം കണ്ട എല്ലാ കാര്യങ്ങളുടെയും സജീവ സാക്ഷാൽക്കാരത്തിനായി ഭക്ത സ്വയം സദാ വിട്ടുകൊടുത്തുകൊണ്ടിരിക്കും. ഈ സ്വയം സമർപ്പണ പ്രക്രിയയ്ക്കു അവസാനമില്ല. അങ്ങനെ സമർപ്പണം ഒരു വസ്തുവിന്റെ പ്രതീകാത്മക സമർപ്പണത്തിനു പകരം എന്നും ജീവിച്ചുകൊണ്ടിരിക്കുന്ന ആത്മനിവേദനമായി മാറുന്നു.

'നിവേദനം' എന്ന പദം ഹോമബലിയുമായി ബന്ധപ്പെട്ട് ചരിത്രത്തിൽ വേരൂന്നിയിട്ടുള്ളതാണ്. പണ്ടു തൊട്ട് ഇന്ത്യയിലും ഇസ്രായേലിലും ധാരാളം ഹോമബലികൾ നടത്തിയിരുന്നു. പെസഹാബലി ഒരു ഹോമബലിയായിരുന്നു. ഇന്ത്യൻ ചിന്തകനും പണ്ഡിതനുമായ റയ്മോൻണ്ട് പണിക്കർ അദ്ദേഹത്തിന്റെ മന്ത്രമഞ്ജരി (The Vedic Experience) എന്ന പുസ്തകത്തിൽ ഈ യജ്ഞത്തെക്കുറിച്ച് പറയുന്നതിപ്രകാരമാണ്, ''ഭാരതീയവേദാനുഭവം ഒറ്റവാക്കിൽ സമാഹരിക്കാമെങ്കിൽ ആ പദം ഇതാണ്: യജ്ഞം'' (p. 347)

അങ്ങനെ പുരാതന ഭാരതത്തിലെ മതാത്മക ജീവിതത്തിന്റെ കേന്ദ്രം യജ്ഞം അഥവാ ബലിയായിരുന്നു. ബലികളിൽ വച്ച് വലിയതായിരുന്നു ഹോ

മബലി. അശ്വയാഗം എന്നിങ്ങനെയുള്ള രാജകീയ ബലികൾ വേറെയുണ്ടായിരുന്നെങ്കിലും സാധാരണ ജനങ്ങൾ അർപ്പിച്ചുകൊണ്ടിരുന്ന ബലികളിൽ ഏറ്റവും മികച്ച ബലിയായി ഹോമബലി സ്വീകരിക്കപ്പെട്ടു. ഇതിനു പ്രധാന കാരണം ഹോമബലിയിൽ ബലിവസ്തു അപ്പാടെ അഗ്നിയിൽ സമർപ്പിക്കപ്പെടുകയും തീർത്തും ദഹിക്കപ്പെടുകയുംചെയ്യുന്നുവെന്നുള്ളതാണ്. പൂർണ്ണമായും ദൈവത്തിനു സമർപ്പിതമെന്നു സാരം.

ബൈബിളിലെ നിയമാവലിപ്പുസ്തകത്തിൽ കാണുന്നതുപോലെ ഭാരതത്തിലും ബലി സമർപ്പണത്തിനു വിപുലമായ കർമ്മവിധികളുണ്ടായിരുന്നു. അവയെല്ലാം ഓരോന്നോരോന്നായി കൃത്യം അനുഷ്ഠിക്കുകയും വേണം. ഇങ്ങനെയുള്ള കർമ്മവിധികളിലെ അവസാന കർമ്മമാണു 'നൈവേദ്യം' എന്നറിയപ്പെടുന്ന നെയ്യ് ബലിവസ്തുവിനെ ദഹിപ്പിച്ചുകൊണ്ടിരുന്ന അഗ്നി കുണ്ഠത്തിലേയ്ക്ക് ഒഴിക്കുകയെന്നത്. നൈവേദ്യം ഒഴിക്കുന്ന കർമ്മമാണു നിവേദനം. സന്യാസിനികൾ സ്വീകരിക്കുന്ന 'നിവേദിത' എന്ന പദത്തിന്റെ ശരിയായ അർത്ഥം 'നൈവേദ്യമായി ഒഴിക്കപ്പെട്ടവൾ' എന്നാണ്. ഈ പശ്ചാത്തലത്തിൽ വേണം 'ആത്മനിവേദനം' എന്ന പദത്തിന്റെ അർത്ഥം മനസ്സിലാക്കുവാൻ. കൊച്ചുത്രേസ്യാ പുണ്യവതി മരണത്തിന് ഏകദേശം രണ്ടുകൊല്ലം മുമ്പ് ഇങ്ങനെ ഒരു ആത്മനിവേദനം ചെയ്യുന്നതായി നാം കാണുന്നുണ്ട്.

ആത്മനിവേദന ദിനം 9 ജൂൺ 1895. മരണ ദിനം 30 സെപ്റ്റംബർ1897. ആത്മനിവേദനത്തിലെ പ്രധാന വാചകങ്ങൾ "ഹാ! എന്റെ ദൈവമേ! സമ്പൂർണ്ണമായ സ്നേഹപ്രകരണത്തിൽ ജീവിക്കുന്നതിനുവേണ്ടി അങ്ങയുടെ കരുണാർദ്രമായ സ്നേഹത്തിന് ഹോമബലിയായി ഞാനിതാ ആത്മാർപ്പണം ചെയ്യുന്നു. എന്നെ നിരന്തരം ദഹിപ്പിക്കണമെന്നും അങ്ങയുടെ ഉള്ളിൽ നിറഞ്ഞ് വഴിമുട്ടിനിൽക്കുന്ന അനന്ത സ്നേഹാർദ്രതയുടെ അലമാലകൾ എന്റെ ആത്മാവിലൂടെ വഴിഞ്ഞൊഴുകണമെന്നും അങ്ങനെ ഞാൻ അങ്ങയുടെ സ്നേഹത്തിന്റെ രക്തസാക്ഷിണിയാകട്ടെയെന്നും അങ്ങയോടു ഞാൻ പ്രാർത്ഥിക്കുന്നു."

ഈ ആത്മനിവേദനത്താൽ പ്രചോദിതയായി, നമ്മുടെ നാട്ടിൽ ജനിച്ചു വളർന്ന് വിശുദ്ധ പദവിക്കർഹയായ അൽഫോൻസ്സാമ്മയും, മരണത്തിനു ഏതാനും മാസങ്ങൾക്കു മുമ്പ്, സ്വയം ഹോമബലിയായി ദൈവത്തിനു സമർപ്പിക്കുന്നുണ്ട്. ദൈവത്തിനു സ്വീകാര്യമായ ഹോമബലികൾ ഇന്നും നടക്കുന്നുണ്ടെന്നു സാരം. പക്ഷെ അവ മൃഗങ്ങളെ ഹനിച്ചുകൊണ്ടല്ല; സ്വന്തം ശരീരത്തേയും ആത്മാവിനേയും ദൈവത്തിനു സമർപ്പിച്ചുകൊണ്ടാണ്. ദൈവം തരുന്ന എല്ലാ സഹനങ്ങളും ഇഷ്ടാനിഷ്ട സംഭവങ്ങളും സ്നേഹപൂർവ്വം സ്വീകരിച്ചുകൊണ്ട്, ഈ വിശുദ്ധാത്മാക്കൾ മനുഷ്യരക്ഷക്കുവേണ്ടിയുള്ള ഹോമബലിയായി സ്വയം സമർപ്പിക്കുന്നു. നിത്യം ജീവിക്കുന്ന ഈ ബലിയിലെ യജ്ഞവസ്തു

സമർപ്പണം ചെയ്യുന്ന വ്യക്തിയും ബലിയെ ദഹിപ്പിക്കുന്ന അഗ്നി ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന സ്നേഹാഗ്നിയുമാണ്. ഈ ബലിയുടെ അവസാനം ദൈവേഷ്ടപ്രകാരമുള്ള മരണം തന്നെ.

ഭക്ത നൈവേദ്യമായി സമർപ്പിക്കുന്നത് പാൽ കടഞ്ഞെടുത്ത നെയ്യോ ലോകത്തിൽ നിന്നെടുത്ത ഒരു വസ്തുവോ അല്ല. മറിച്ച്, സ്വന്ത ജീവനെ തന്നെ യാണ് നൈവേദ്യമായി ദൈവസ്നേഹാഗ്നിയായ ആത്മീയാഗ്നികുണ്ഠത്തിലേയ്ക്ക് ഒഴിക്കുന്നത്. അതുകൊണ്ട് ഈ സമർപ്പണ പ്രക്രിയയ്ക്ക് 'ആത്മ-നിവേദനം' എന്ന പേർ ലഭിച്ചു.

ഭാഗവതത്തെ ആധാരമാക്കി നാമെടുത്ത ഭക്തയുടെ സ്വഭാവരൂപങ്ങളോരോന്നും മാതാവിൽ നിറവേറുന്നതായി നാം കണ്ടു. ആത്മനിവേദനം എല്ലാം സംഗ്രഹിക്കുകയും സമാഹരിക്കുകയും ചെയ്യുന്നതായി നമുക്കു കാണാം. ഇതിന്റെ ആരംഭം മംഗലവാർത്താവേളയിൽ മാതാവു മാലാഖയ്ക്ക് കൊടുത്ത മറുപടിയിൽ നാം കാണുന്നു. അവിചാരിതവും ആകസ്മികവുമായ സന്ദേശം ലഭിച്ച നസ്രസിലെ കന്യക ആദ്യം ചോദിച്ചത് 'ഇതെങ്ങനെ സംഭവിക്കും?' എന്നാണ്. മാലാഖയുടെ വിശദീകരണം മനോതലത്തിലുള്ള ഒരു മറുപടിയല്ലായിരുന്നെങ്കിലും, മാതാവിനു മറ്റൊരു സന്ദേശം വിശദമായി കിട്ടി. അതായത് സംഗതികൾ മനസ്സിലാക്കേണ്ടതും നിറവേറ്റേണ്ടതും മനോതലത്തിൽ നിന്നുകൊണ്ടല്ലയെന്ന്. മാലാഖയുടെ വചനങ്ങൾ വിശ്വാസത്തിന്റെ ഉന്നതതലത്തിലേയ്ക്കുള്ള ഒരു ക്ഷണമായിരുന്നു. ഈ ഉന്നത തലം പരിപാവനമാണെങ്കിലും നിഗൂഢവും നിരവധി രഹസ്യങ്ങൾ ഒളിഞ്ഞുകിടക്കുന്നതുമായ ഒരു പരീക്ഷണ തലം കൂടിയാണ്. ആദ്യമായി വേണ്ടത് മനുഷ്യബുദ്ധി ന്യായാന്യായ-ചിന്തയോട് വിട പറഞ്ഞു, ശുദ്ധമായ ശ്രദ്ധയുടെ, വിശ്വാസത്തിന്റെ തലത്തിലേയ്ക്കുയരുകയെന്നതാണ്. വിശ്വാസം ഒരേ സമയം അറിവും അർപ്പണവുമാണ്. ദൈവത്തിന്റെ വെളിച്ചത്തിൽ പങ്കുപറ്റുന്ന ബുദ്ധിയും മനസ്സുമാണ് മനോതലത്തിൽ നിന്നുമുയരുന്ന വിശ്വാസത്തിന്റെ തലത്തിലേയ്ക്കു പ്രവേശിക്കുന്നത്. ഈ പുതിയ വെളിച്ചത്തിന്, ദൈവികാവബോധത്തിന്, ഉടനെയുള്ള സ്വയം സമർപ്പണമാണു മറുപടി. വിശ്വാസം അങ്ങനെ അറിവും ആത്മനിവേദനവുമായി മാറുന്നു.

ഈ ആത്മനിവേദനത്തിലെ ആദ്യത്തെ ഘടകം ഒരു പക്ഷെ നമ്മുടെ സാമാന്യ ബുദ്ധിയുടെ വാദപ്രതിവാദപ്രവണതയെ അതിജീവിക്കുകയെന്നതാകാൻ തന്നെയാകാൻ പാടുണ്ട്. കാരണം, "ദൈവത്തിന്റെ വിഡ്ഢിത്തം മനുഷ്യന്റെ വിജ്ഞാനത്തേക്കാൾ മേന്മയേറിയതായതുകൊണ്ടുതന്നെ" (1 കോറി. 1:25). അതുകൊണ്ട് മേരി ദൈവസ്നേഹത്തിന്റെയും വിജ്ഞാനത്തിന്റെയും മഹാഗ്നികുണ്ഠത്തിലേയ്ക്ക് സ്വയം ഒഴിക്കപ്പെടുന്നതായിട്ടാണു നാമി

വിടെ കാണുന്നത്. അതിനു മാതാവുപയോഗിച്ച വാക്കുകൾ വളരെ ഹ്രസ്വവും ലളിതവുമായിരുന്നു. ''ഇതാ കർത്താവിന്റെ ദാസി. നിന്റെ ഇഷ്ടംപോലെ എന്നിൽ ഭവിക്കട്ടെ'' (ലൂക്കാ 1:38). മേരി ആത്മനിവേദനത്തിലൂടെ ഒരു മഹായജ്ഞത്തിനു, ഹോമബലിക്ക് തുടക്കമിടുകയായിരുന്നു.

മനുഷ്യവംശത്തിന്റെ ആരംഭം മുതൽ തന്നെ മനുഷ്യർ ബലിസമർപ്പിച്ചതായി നാം കാണുന്നുണ്ട്. ആദിമ മനുഷ്യന് അവന്റെ ലോകം ദൈവവുമായി പങ്കുവയ്ക്കണമെന്നാഗ്രഹമുണ്ടായിരുന്നു. ബലിയുടെ ആവശ്യം തോന്നാനുള്ള ഒരു കാരണം ദൈവം ആദിയിൽ കരുണാപൂർവ്വം നമുക്കു നൽകിയ സൗഭാഗ്യത്തിനു നമ്മൾ തന്നെ ഭംഗം വരുത്തുകയും അങ്ങനെ സ്വതസിദ്ധമായി, അനായസേന, ഒഴുകിക്കൊണ്ടിരുന്ന സദ് പ്രകാശത്തിനും പ്രപഞ്ചത്തിലെ ക്രമപാലനത്തിനും ഹാനി വരുത്തിവച്ചുവെന്നുള്ള അവബോധമായിരിക്കാം. അതുകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാനും (അങ്ങനെ പ്രസാദം എന്ന പദം ഉൽഭവിക്കുന്നു) പ്രപഞ്ചഋതം പുനസ്ഥാപിക്കാനുമായിട്ടാണു ആദിമ മനുഷ്യർ ബലി സമർപ്പിച്ചുപോന്നത്. ''അയം യ്ജ്ഞോ ഭൂവനാസ്യ നാഭി'' (1:164:35) എന്നു ഋഗ്വേദത്തിൽ പറയുന്നത് ഇങ്ങനെയുള്ള ഒരു ഹോമബലിയേക്കുറിച്ചാണ്. പക്ഷെ ഇങ്ങനെയുള്ള ബലികളിലെല്ലാം തന്നെ ബലിവസ്തുവായി ഉപയോഗിക്കപ്പെട്ടിരുന്നത് സ്വന്തം സത്തയല്ല; പ്രത്യുത പ്രതീകങ്ങളായിരുന്ന ആട്ടിൻക്കുട്ടിയോ, കാളക്കുട്ടിയോ മറ്റേതെങ്കിലുംവസ്തുവോ ആയിരുന്നു. എന്നാൽ ഈ പ്രതീകങ്ങളുടെ സമർപ്പണം ദൈവത്തിനു തൃപ്തികരമായിരുന്നില്ലെന്ന് സങ്കീർത്തനവും (40:6) പിന്നീട് ഹെബ്രായ ലേഖനകർത്താവും നമ്മെ അനുസ്മരിപ്പിക്കുന്നു. ''ഹോമബലികളോ, കാളക്കുട്ടിയുടെ രക്തമോ നിനക്കു പ്രസാദജനകമല്ലായിരുന്നു. എന്നാൽ നീയെനിക്കൊരു ശരീരം തന്നു. അതുകൊണ്ട് അങ്ങേയ്ക്ക് പ്രീതിജനകമായ ഒരു ബലി സമർപ്പിക്കുവാൻ ഞാനിതാ വരുന്നു'' (ഹെബ്രാ. 10:5-6). പ്രതീകങ്ങൾ അതിൽ തന്നെ ഒന്നുമല്ല. പ്രതീകങ്ങൾക്കു വില കൊടുക്കുന്നത് അവയെ ആത്മബലിയുടെ പ്രതീകമായി കാണുന്ന പരിപാവനമായ മനുഷ്യ മനസ്സാണ്. മനസ്സിന്റെ ഈ നിസ്വാർത്ഥ തീരുമാനമില്ലെങ്കിൽ പ്രതീകങ്ങളെക്കൊണ്ടുള്ള ബലി സമർപ്പണം വെറും ഒരു ചടങ്ങുമാത്രമാണ്. ഇത് ദൈവത്തിനു സ്വീകാര്യമല്ല. പ്രതീകങ്ങൾ എന്തിനെ പ്രതിനിധാനം ചെയ്യുന്നുവോ ആ മനുഷ്യ വ്യക്തിത്വമാണ് യഥാർത്ഥത്തിൽ ഉള്ള ബലിവസ്തു. ശരീരമുള്ള മനുഷ്യരായതുകൊണ്ടാണ് ശരിയായി ബലിവേദിയിൽ വയ്ക്കപ്പെടുവാനും അർപ്പിക്കപ്പെടുവാനും നമുക്ക് സാധിക്കുന്നത്. അതുകൊണ്ടാണ് സങ്കീർത്തകനും, പിന്നീട് അതുദ്ധരിച്ചുകൊണ്ടു ഹെബ്രായ ലേഖനവും പറയുന്നത് ''നീ എനിയ്ക്കൊരു ശരീരം തന്നു''വെന്ന്.

പാപമേശാത്ത ദൈവവചനം പാപോച്ചാടനത്തിനുവേണ്ടി മനുഷ്യനാകാൻ തീരുമാനിച്ചു. പക്ഷെ ഈ തീരുമാനം സാധിതമാകണമെങ്കിൽ മനുഷ്യനായി പിറക്കുന്ന ദൈവത്തിനു, വചനത്തിനു, മനുഷ്യകുലത്തിൽനിന്നും പാപം തീണ്ടാത്ത ഒരു ശരീരം ലഭിക്കണം. ഈ വിമല ശരീരമാണ് അമലോത്ഭവയായ മേരിയിൽനിന്നും വചനം ആവശ്യപ്പെടുന്നത്. ഈ മഹോന്നത ദൗത്യവുമായിട്ടാണ് മാലാഖ മറിയത്തിന്റെ മുന്നിൽ നിൽക്കുന്നത്. മാനുഷിക ശരീരമാണ് ഇവിടുത്തെ മൗലിക പ്രശ്നം. അതും സ്വീകാര്യമായ ഒരു ബലി സമർപ്പണത്തിനുവേണ്ടി. അതിനാണ് മേരി, വിനയാന്വിതയായി, നിവേദിതയായി മറുപടി കൊടുക്കുന്നത്: 'ഇതാ കർത്താവിന്റെ ദാസി നിന്റെ ഇഷ്ടംപോലെ എന്നിൽ ഭവിക്കട്ടെ' എന്നു പറഞ്ഞുകൊണ്ട്. ചുരുക്കത്തിൽ മേരിയുടെ ആത്മനിവേദനം തിരുസുതനർപ്പിക്കാൻ പോകുന്ന ഹോമബലിയുടെ സമാരംഭമായിരുന്നു.

ദൈവം മനുഷ്യരക്ഷയ്ക്കുവേണ്ടി അർപ്പിക്കുന്ന ബലിയാണ് മനുഷ്യൻ ദൈവത്തിനു സമർപ്പിക്കുന്ന ബലിയേക്കാൾ മുമ്പ് നടന്നത് എന്ന ഒരു ചിന്താരീതിയും ക്രൈസ്തവ സഭയിലുണ്ട്. വാസ്തവത്തിൽ ബലിയുടെ അന്തസത്ത അടങ്ങിയിരിക്കുന്നത് സ്വയംസമർപ്പണത്തിലാണ്. അതിനുവേണ്ടി വചനം മാംസമാകുവാൻ തീരുമാനിക്കുന്നു. ഇത് അനന്തതയിൽ ദൈവമെടുത്ത ഒരു തീരുമാനമാണ്. ദൈവത്തിനു ബലിസമർപ്പിക്കുവാൻ വേണ്ടിയാണ് വചനം മാംസമാകുന്നത്. വചനത്തിന്റെ മാംസീകരണത്തോടെ മനുഷ്യനായ ദൈവത്തിന്റെ ബലി സമാരംഭിച്ചു കഴിഞ്ഞു. വചനം മാംസമാവുകയെന്നതിന്റെ അർത്ഥം അപരിമേയൻ പരിമതി സ്വീകരിക്കുകയെന്നാണ്. വേദനയറിയാത്തവൻ വേദനയേയും മരണമില്ലാത്തവൻ മരണത്തേയും സ്വീകരിക്കുന്നു. ആത്യന്തികമായി ഈശോയുടെ ബലി അതിന്റെ പടിപടിയായുള്ള പൂർത്തീകരണവും പരിസമാപ്തിയുമാണ്. ഇതാണ് നസ്രസ്സിലും കാൽവരിയിലും നടക്കുന്നത്. ഈ ബലിയിൽ യേശുവിന്റെ ശരീരത്തോടുകൂടെ മാതാവിന്റേയും ശരീരം പരോക്ഷമായിട്ടെങ്കിലും വയ്ക്കപ്പെടുന്നുണ്ട്. യേശുവിന്റെ മനുഷ്യാവതാരത്തിൽ ഇത് സംഭവിച്ചു കഴിഞ്ഞു. അതോടുകൂടെ മേരിയുടെ ആത്മനിവേദനവും. മേരിയുടെ ശിഷ്ടജീവിതം ഈ ആത്മനിവേദനത്തിന്റെ നിറവേറലാണ്.

സ്നേഹത്തിന്റെ അഗ്നികുണ്ഠത്തിലേയ്ക്ക് ഒഴിക്കപ്പെടുന്ന നിവേദിത നൈവേദ്യമായി സമർപ്പിക്കുന്നത് സ്വന്ത ജീവിതം തന്നെയാണ്. ജീവിതമാകട്ടെ, മറ്റു പ്രതീക വസ്തുക്കൾ കത്തിത്തീരുന്നതുപോലെ നിമിഷം കൊണ്ടു കത്തിത്തീരുന്നതല്ല. അതുകൊണ്ടു നിവേദിത നിൽക്കുന്നത് ആജീവനാന്തം നീണ്ടുനിൽക്കുന്ന ഒരു തപസ്യയ്ക്കുള്ള തയ്യാറെടുപ്പോടുകൂടെയാണ്. മംഗലവാർത്ത കഴിഞ്ഞയുടനെ തന്നെ ഈ തപസ്യ തുടങ്ങുകയായി. ഇതിൽ പലതും നമ്മൾ

ഈ പുസ്തകത്തിലെ അദ്ധ്യായങ്ങളിലൂടെ ചർച്ചചെയ്യുന്നുണ്ട്. എങ്കിലും നിവേദിതയുടെ ജീവിതസംഗ്രഹം പോലെ ചിലതിവിടെയെടുത്തു പറയുന്നുവെന്നു മാത്രം.

ആദ്യത്തെ അഗ്നിപരീക്ഷണം നീതിമാനും നിർമ്മലനുമായ യൗസേപ്പിന്റെ സംശയ വീക്ഷണമാണ്. ഇത് സുവിശേഷത്തിൽ വ്യക്തമായി പറയുന്ന ഒരു കാര്യമാണ്. വാഗ്ദത്ത ഭർത്താവാണ് യൗസേപ്പിതാവ്. ഗർഭസ്ഥ ശിശുവിനെ ഭർത്താവ് നിഷേധിക്കുകയാണെങ്കിൽ സ്ത്രീ കല്ലെറിയപ്പെടും. അതാണ് നിയമം. ഇതായിരുന്നു യൗസേപ്പിതാവിന്റെ മുമ്പിലുള്ള പ്രശ്നം. പക്ഷെ യൗസേപ്പ് നീതിമാനായിരുന്നതുകൊണ്ട് ഇത്രയും ഗുണസമ്പന്നയായ ഒരു യുവതിയെ കല്ലെറിയാനായി വിട്ടുകൊടുക്കാൻ മനസ്സു വന്നില്ല. അതുകൊണ്ട് രഹസ്യത്തിൽ ഉപേക്ഷിച്ചാലോ എന്നു ചിന്തിച്ചു. ഈ സാഹചര്യത്തിൽ മേരി എങ്ങനെ യൗസേപ്പിനെ അഭിമുഖീകരിക്കുന്നു? മൗനമല്ലാതെ മറ്റൊരു മാർഗ്ഗവും മേരിക്കില്ല. പക്ഷെ ദൈവം യൗസേപ്പിനെ നിദർശിച്ചിരുന്നത് മേരിക്കും ശിശുവിനുമുള്ള ഒരുത്തമ സംരക്ഷകനും സ്നേഹമിത്രവുമായിട്ടായിരുന്നു. ഈ വിവരം പിന്നീട് ദൈവം തന്നെ നേരിട്ട് യൗസേപ്പിതാവിനു വെളിപ്പെടുത്തുന്നു. അങ്ങനെ നിവേദിതയുടെ വഴിയിൽ മലപോലെ വരുന്ന പ്രശ്നങ്ങൾ ഇലപോലെ പറന്നു മാറിപ്പോവുന്നു. മേരിയുടെ അചഞ്ചല വിശ്വാസം വിജയിക്കുന്നു.

അധികം താമസിയാതെ അടുത്ത അഗ്നിപരീക്ഷണത്തിനു സമയമായി. പ്രതീകാത്മക ബലിയായ അഗ്നികുണ്ഠത്തിനു പകരം ജീവിതബലിയിൽ അഗ്നിയിലൂടെയുള്ള കടന്നുപോകലാണ്. ഇതിനു കൃത്യമായ അർത്ഥത്തിൽ അഗ്നിപരീക്ഷണമെന്നു ഞാൻ പറയുന്നില്ല. കാരണം മേരിയെ സംബന്ധിച്ചിടത്തോളം ഇനിയും പരീക്ഷിച്ചറിയാനൊന്നുമില്ല. പക്ഷെ ഈശോയുടെ അമ്മയായ മേരിക്കും അഗ്നിയിലൂടെയും അലമാലകളിലൂടെയും കടന്നുപോകേണ്ടിയിരുന്നു. ദൈവത്തിന്റെ സംരക്ഷണം സദാ ഉണ്ടായിരിക്കുമെന്നു മാത്രം. ഏശയ്യാ ദീർഘദർശി പറയുന്നതുപോലെ. "സമുദ്രത്തിലൂടെ കടന്നുപോകുമ്പോൾ ഞാൻ നിന്നൊടുകൂടെ ഉണ്ടായിരിക്കും. നദികൾ കടക്കുമ്പോൾ അതു നിന്നെ മുക്കിക്കളയുകയില്ല. അഗ്നിയിലൂടെ നടന്നാലും നിനക്കു പൊള്ളലേൽക്കുകയില്ല; ജ്വാല നിന്നെ ദഹിപ്പിക്കുകയില്ല. ഞാൻ നിന്റെ ദൈവമായ കർത്താവും രക്ഷകനും ഇസ്രായേലിന്റെ പരിശുദ്ധനുമാണ്" (ഏശ. 43:2-3) എന്ന വാക്യങ്ങൾ മേരിയിൽ അക്ഷരാർത്ഥത്തിൽ നിറവേറിക്കൊണ്ടിരുന്നു.

അടുത്ത അഗ്നിപാത വാഗ്ദത്ത ശിശുവിന്റെ ജനനമായിരുന്നു. അവന്റെ രാജ്യത്തിനു അതിരോ, അവസാനമോ ഉണ്ടായിരിക്കുകയില്ലെന്നു ആരെക്കുറിച്ചു പറഞ്ഞുവോ ആ രാജകുമാരന് ഭൂജാതനാകുവാനുള്ള സമയമായി. കൃത്യം ആ സമയത്ത് അഗസ്റ്റസ് സീസർ ചക്രവർത്തിയുടെ റോമിൽനിന്നുമുള്ള കല്പന.

ഇസ്രായേലിൽ ഓരോരുത്തരും അവരുടെ പിതൃനാട്ടിലേയ്ക്കു പുറപ്പെടേണ്ടി വന്നു. പിന്നീട് ക്രൈസ്തവ സഭയുടെ കേന്ദ്ര നഗരിയാകുവാനിരിക്കുന്ന റോമിൽനിന്നുമുള്ള ഒരു കൽപ്പനയാണ് ക്രിസ്തുമതത്തിന്റെ ഉപജ്ഞാതാവാകാൻ പോകുന്ന ഈ ശിശുവിനു പിറക്കുവാൻ ഒരു സ്ഥലമില്ലാതെയാക്കിത്തീർത്തത്. അവസാനം ബത്ലേഹമിൽ, ആരോരുമില്ലാത്ത ഒരു കാലിതൊഴുത്തിൽ, അവനിയും അംബരവും ഇല്ലായ്മയിൽനിന്നും കടഞ്ഞെടുത്തവൻ ഒരു പിഞ്ചുശിശുവായി പിറക്കുന്നു. അങ്ങനെ ബത്ലേഹമിലെ അഗ്നിപ്രയാണവും മാതാവ് സമചിത്തതയോടെ, സന്തോഷപൂർവ്വം നേരിടുന്നു. നിവേദിതയുടെ സുരക്ഷിതമാർഗ്ഗം പലപ്പോഴും അഗ്നിയിലൂടെയായിരിക്കും. ഈ അഗ്നിയാണ് ആത്മസമർപ്പണത്തെ ഹോമബലിയാക്കി മാറ്റുന്നത്.

അഗ്നി സ്വർണ്ണത്തെ ശുദ്ധീകരിക്കുന്നു. ശുദ്ധീകരിച്ച സ്വർണ്ണത്തെ മനോഹരമായൊരു ആഭരണമാക്കി മാറ്റുന്നു. അഗ്നി അങ്ങനെ ശുദ്ധീകരണത്തിന്റെയും രൂപാന്തരീകരണത്തിന്റെയും ഒരു ഉപകരണമാണ്. ജീവിതമാകുന്ന ബലിവേദിയിൽ അഗ്നിപരീക്ഷണങ്ങളായി വരുന്ന ദൃശ സംഭവങ്ങളാണ് നമ്മെ ശുദ്ധീകരിക്കുന്നതും ദൈവത്തിന്റെ രൂപഭാവങ്ങളിലേയ്ക്ക് അടുപ്പിക്കുന്നതും.

മാതാവിനെ സംബന്ധിച്ചിടത്തോളം ശുദ്ധീകരണത്തിന്റെ ആവശ്യം തീർത്തും ഇല്ലായിരുന്നു. എന്നാൽ ദൈവനിശ്ചിതമായ അഗ്നിപരീക്ഷണങ്ങളിലൂടെ മാതാവിനും യാത്രചെയ്യേണ്ടിയിരുന്നു. 'ഇതാ കർത്താവിന്റെ ദാസി' എന്നു പറഞ്ഞ് നിവേദിതയാകാൻ സ്വയം വിട്ടുകൊടുക്കുന്ന മേരി ഇതെല്ലാം കൃത്യമായിട്ടു മുൻകൂട്ടി കണ്ടിരുന്നില്ലെങ്കിലും, ഈ അദ്ഭുത ശിശുവിനെപ്പററിയുള്ള ദൈവത്തിന്റെ എല്ലാ തീരുമാനങ്ങളും, അതിലെ വേദനകളും നെടുവീർപ്പുകളും മേരി സ്വമനസ്സാ സ്വീകരിച്ചിരുന്നു. അതുകൊണ്ടാണ് രണ്ടാമത്തെ വാചകം കൂടി പറഞ്ഞത് ''നിന്റെ ഇഷ്ടംപോലെ എന്നിൽ ഭവിക്കട്ടെ'.

പാപപങ്കിലമായ ലോകത്തിലെ മനുഷ്യകുലത്തെ സമുദ്ധരിക്കാൻ വരുന്ന ദൈവകുമാരൻ ബലിവസ്തുവായിട്ടാണ് ഈ ലോകത്തിൽ കാലുകുത്തുന്നത്. ബലിവസ്തുവിനെ അഗ്നി ദഹിപ്പിക്കുന്നു. അങ്ങനെ ബലി ഹോമബലിയായി മാറുന്നു. ഈ ഹോമബലിയുടെ പൂർത്തീകരണത്തിനാവശ്യമായ എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്തുകൊണ്ടാണ് നിവേദിത ബലിയിലേക്കു പ്രവേശിക്കുന്നത്. മേരിയുടെ ആത്മനിവേദനം ഇതിന്റെ മകുടോദാഹരണമാണ്.

കാൽവരിക്കുന്നിലാണു ബലി പൂർത്തിയാകുന്നത്. യേശുവിന്റെ പരസ്യജീവിതകാലത്ത് തന്റെ മകനിൽ നിന്നും കുറെയെല്ലാം വിട്ടുനിന്ന അമ്മ വീണ്ടും ബലിസമാപന വേളയിൽ കാൽവരിയിലുണ്ട്. ''കുരിശിനരികിൽ യേശുവിന്റെ അമ്മ (മേരി) നിന്നിരുന്നു'' (യോഹ.19:25) എന്ന ഒറ്റവാക്യശകലത്തിലൂടെ

സുവിശേഷകൻ മേരിയെക്കുറിച്ച് നമ്മളോട് വളരെയധികം സംസാരിക്കുന്നുണ്ട്. മേരിയുടെ പരിപൂർണ്ണ മൗനഭാവം, സുവിശേഷത്തിൽ പൊതുവേയും ഇവിടെ പ്രത്യേകിച്ചും, സ്മരണീയമാണ്. മേരി ബലിയിൽ പങ്കുകൊള്ളുന്നത് തിരക്കിട്ട മന്ത്രോച്ചാരണം കൊണ്ടല്ല. ജീവിതമാകുന്ന നറും നെയ്യ് നൈവേദ്യമായി ഹോമബലിയുടെ സ്നേഹാഗ്നിയിലേയ്ക്ക് ഒഴിച്ചുകൊണ്ടാണ്. മൗനമായെല്ലാം പറയുന്നു. മൗനത്തിലൂടെ എല്ലാം സാംശീകരിക്കുന്നു. യേശു ശരീരത്തിൽ സഹിച്ചതെല്ലാം മാതാവ് ഹൃദയത്തിൽ സഹിച്ചു. യേശുവിന്റെ കുരിശു മരണത്തോടെ രാജകീയ ഹോമബലിയവസാനിക്കുകയും മേരിയുടെ ആത്മനിവേദനം പൂർത്തിയാവുകയും ചെയ്തു.

## മരിയേ മാനവ മകുടം നീ

മരിയേ മാനവ മകുടം നീ
മനസ്സിൽ മാതൃക താരം നീ
മഹിയിൽ തുണതൻ തീരം നീ
അരുകിൽ വരുവാൻ വരമരുളൂ

കൈകൾ പിടിച്ചുനടത്തണമേ
കണ്ണിലെയുണ്ണിയായ് കാക്കണമേ
കനിവിൻ കതിരുകൾ തൂകണമേ
കനകപ്രഭതന്നാലയമേ

കണ്ണും കരളും കാതുകളും
കലയും നിലയും കഴിവുകളും
എല്ലാം നിൻപദ സേവക്കായ്
അമ്മേ, കഴ്ചയണയ്ക്കുന്നേൻ.

## അനുബന്ധം

# ഫാത്തിമാ മാതാവും ലോക കമ്മ്യൂണിസവും

1965 - പൂർവ്വജർമ്മനി റഷ്യയുടെ കമ്മ്യൂണിസ്റ്റ് ആധിപത്യത്തിൽ കഴിയുന്ന കാലം. ഞാൻ റോമിൽ ജർമ്മൻ തത്വശാസ്തത്തിൽ PhD ചെയ്തുകൊണ്ടിരുന്ന കാലം. എന്റെ Thesis Director വലിയ ഒരു Scholarship തന്നുകൊണ്ട് എന്നെ മ്യൂണിച് സർവകലാശാലയിലേക്ക് ക്ഷണിച്ചു. തിസിസ് എഴുതുന്ന സമയമെങ്കിലും ജർമ്മൻ തത്ത്വചിന്തകരെ നേരിട്ട് കണ്ടുമുട്ടുവാനും അവരുമായി ബന്ധപെടുവാനും ഈ അവിചാരിതമായ ക്ഷണം എനിക്ക് വളരെ വലിയ ഒരവസരവും അതിൽ കൂടതൽ പ്രോത്സാഹനവുമായിരുന്നു. ഈ മികച്ച സ്കോളർഷിപ്പിൽ ഒരു പ്രത്യേക സംഭാവനകൂടിയുണ്ടായിരുന്നു. പൗരസ്ത്യ ജർമ്മനിയിലുള്ള (East Germany) പാശ്ചാത്യ ജർമ്മനിയുടെ (West Germany) ഭാഗമായ പാശ്ചാത്യ ബെർലിൻ നഗരം കാണാനുള്ള ക്ഷണവും അതിനുവേണ്ട ധനസഹായവും.

**പശ്ചാത്തലം**

രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം യുദ്ധത്തിൽ ജയിച്ച രാഷ്ട്രങ്ങൾ (USA, Russia, England, France) ജർമ്മനിയെ നാലായി തിരിച്ച് ഓരോ ഭാഗവും ഓരോ രാഷ്ട്രങ്ങളുടെ ഭരണത്തിൻ കീഴിലാക്കി. അങ്ങനെ പൂർവ്വ ജർമ്മനിയുടെ വലിയ ഒരു ഭാഗം റഷ്യയുടെ അധീനതയിലാക്കി. അന്നത്തെ തലസ്ഥാനമായ ബെർളിൻ നഗരം റഷ്യയുടെ ഭാഗത്തായിരുന്നു. അതുകൊണ്ട് ബെർലിൻ നഗരത്തെ വീണ്ടും നാലായി തിരിച്ച് മേൽ പറഞ്ഞ ഓരോ രാഷ്ട്രങ്ങളുടെയും മേൽകോയ്മക്ക് കീഴിലാക്കി. ഇത് യുദ്ധത്തിന്റെ പേരിൽ ജർമ്മനിയോട് ചെയ്ത പരിതാപകരമായ ഒരു പകരംവീട്ടലായിരുന്നു. കുറച്ച് നാളുകൾക്ക് ശേഷം റഷ്യ ഒഴിച്ചുള്ള മറ്റു രാഷ്ട്രങ്ങൾ അവരുടെ അധികാരസീമകൾ സമന്വയിപ്പിച്ച് ഒരു പൊതുഭരണത്തിന് സമ്മതിച്ച്, സാവകാശം ജർമ്മൻകാരെ തന്നെ ഏൽപിച്ചുകൊടുത്തു. പക്ഷെ, കമ്മ്യൂണിസ്റ്റ് റഷ്യ, കിട്ടിയ ഭാഗം സ്വന്തമായി വച്ചുകൊണ്ടേയിരുന്നു. പാശ്ചാത്യ ശക്തികളുടെ കീഴിലുണ്ടായിരുന്ന ബെർലിൻ നഗരത്തിന് ഈ സ്വാതന്ത്ര്യം മേൽപറഞ്ഞ രാഷ്ട്രങ്ങൾ സമ്മതിച്ചു. പക്ഷെ, റഷ്യ, ബെർലിൻ നഗരത്തിന്റെ ഭാഗം സ്വന്താധികാരസീമയിൽ തന്നെ വച്ചുകൊണ്ടിരുന്നു. അവിടെ കാര്യമായ യാതൊരു പുരോഗതിയും ഉണ്ടാകുന്നതിന് റഷ്യ താൽപര്യം കാണിച്ചതുമില്ല.

ഈ അവസരത്തിൽ പശ്ചിമ ജർമ്മനി അവരുടെതായ ഒരു ടൂറിസ്റ്റ് ബസ്സ് പശ്ചിമ ബെർലിനിലേക്ക് ഏർപ്പെടുത്തി. അതിരാവിലെ മ്യൂണിചിൽനിന്നും ഒരു ബസ്സ് പുറപ്പെടും ഉച്ചയോടെ അത് ബെർലിനിൽ എത്തും. യാത്രയുടെ വലിയ ഒരു ഭാഗം പൂർവ്വജർമ്മനിയിൽ കൂടെയായിരിക്കും. പക്ഷെ, ആർക്കും യാത്രയിൽ ഒരിടത്തും ഇറങ്ങുവാൻ കഴിയുകയില്ല. വഴിയിൽ ഒരു ഹോട്ടലിൽ മാത്രം കുറച്ചു സമയത്തേക്ക് നിർത്തും. പക്ഷെ പശ്ചിമ ബെർലിനിൽ എത്തിയാൽ പൂർവ്വബർലിനിലേക്ക് കടക്കുവാനുള്ള സംവിധാനമുണ്ട്. അതിനുള്ള കടത്തുകൾ വളരെ കൂടുതലാണ്. അതിർത്തി പരിശോധന വളരെ ഗുരുതരമാണ്. ഒരു ദിവസത്തേക്ക് മാത്രമുള്ള വിസയേ തരികയുള്ളൂ. അതിന് പശ്ചിമ ജർമ്മൻ മാർക്കാണ് കൊടുക്കേണ്ടത്. 10 പശ്ചിമ ജർമ്മൻ മാർക്ക് കൊടുത്താൽ അതിന്റെ പകുതിപോലും വിലയില്ലാത്ത 10 പൂർവ്വ ജർമ്മൻ മാർക്ക് അവർ തരും. അതുകൊണ്ട് വിസയെടുക്കാം. പശ്ചിമ മാർക്ക് പൂർവ്വ ജർമ്മനിയിൽ സ്വീകാര്യമല്ലാത്തതുകൊണ്ട് എല്ലാവരും ചുരുങ്ങിയത് 20 പശ്ചിമ ജർമ്മൻ മാർക്ക് മാറി 20 പൂർവ്വജർമ്മൻ മാർക്ക് എടുത്തിരിക്കണം. ഇങ്ങനെ ഈ അവസരം പശ്ചിമ ജർമ്മനിയുടെ പണം വാരാനുള്ള ഒരു അവസരമായി പൂർവ്വ ജർമ്മനിയുടെ അന്നത്തെ സാരഥികളായ റഷ്യൻ ഭരണകൂടം ഉപയോഗിച്ചുപോന്നു. പൂർവ്വജർമ്മനിയിലേക്ക് കടന്നാൽ ഒരു tourist guide നമ്മളെ നയിച്ചുകൊണ്ടുപോകും. പൂർവ്വ ജർമ്മനി വളരെ വിശേഷമാണെന്നു പറഞ്ഞുകൊണ്ടിരിക്കും. ഞങ്ങളുടെ tourist guide ഒരു വനിതയായിരുന്നു. നന്നായി എല്ലാം വിശദീകരിച്ചിരുന്നു. "നിങ്ങൾ മറിച്ച് മറുഭാഗത്ത് നിന്ന് കേൾക്കുന്നതുകൊണ്ട് നിങ്ങൾ വിശ്വസിക്കുന്നില്ലായിരിക്കാം'' എന്നുകൂടി ഈ വനിത പറയുന്നുണ്ടായിരുന്നു. പാവം ഗൈഡ്. അവൾ അങ്ങനെ പറയണമെന്നത് റഷ്യയുടെ നിർദ്ദേശമാണ്. പശ്ചിമ ജർമ്മനിയിൽ നിന്നെത്തുന്ന എല്ലാവർക്കും നിർമ്മല ജലം പോലെ നിശിതമായി അറിയാവുന്ന കാര്യമാണ് എവിടെയാണ് ശരിയായ പുരോഗതി, എവിടെയാണ് ശരിയായ ചൂഷണം നടക്കുന്നതെന്നും. അതിന്റെ ഒരു സ്ഥിരീകരണം കൂടിയാണ് ഈ ബെർലിൻ യാത്ര. രാഷ്ട്രീയ തലത്തിലുള്ള സ്കോളർഷിപ്പ് നൽകി അതിൽ ഈ ബെർലിൻ യാത്ര സൗജന്യമായി വന്നിരിക്കുന്നതുതന്നെ, ഉയർന്ന നിലവാരത്തിലുള്ള പഠനത്തിനു വരുമ്പോൾ ഇവിടെ നടക്കുന്ന ഈ വൃത്തികേടുകൾ എല്ലാം കാണട്ടെ എന്നുകൂടി വിചാരിച്ചിട്ടാണെന്നു തോന്നുന്നു. അന്നത്തെ ബെർലിൻ ചുമര് തകർക്കുന്നതിന്റെ പരോക്ഷമായ ഒരു പരിപാടികൂടിയായിരുന്നു ഇത്.

കാഴ്ചകൾ കണ്ടുകഴിഞ്ഞ് തിരിച്ചു പശ്ചിമ ബർലിനിലേക്കു കടക്കുമ്പോൾ അവിടെ നിർമ്മിച്ചിട്ടുള്ള ചെറിയ വിഭജന ഭിത്തികൾ (ഒരടി പൊക്കത്തിൽ കൂടുകയില്ല) ഞാൻ സൂക്ഷിച്ചു നോക്കി. എല്ലാ ഭിത്തികളും വന്നുചേരുന്നത് ഞങ്ങൾ നില്ക്കുന്ന പ്രവേശനദ്വാരത്തിന് അരികിലാണ്. British Zone,

Franch Zone. U.S. Zone എന്നിങ്ങനെയുള്ള വിഭജന ഭിത്തികൾ. Russion Zoneൽ നിന്നാണല്ലോ ഞങ്ങൾ വരുന്നത്.

ഏകദേശം 4 മണിയോട് കൂടി ഞങ്ങൾ പശ്ചിമ ബെർലിനിലെ ബസ്സ് സ്റ്റാന്റിലെത്തി. 5 മണിയോട് കൂടി ഞങ്ങളെ കൊണ്ടു വന്ന ബസ്സ് തിരിച്ച് മ്യൂണിച്ചിലേക്ക് യാത്രയാകും. ബസ്സ് പുറപ്പെടുന്നതിനു അരമണിക്കുറോളം സമയമുണ്ടായിരുന്നു. എന്റെ കൂടെ വന്ന സ്നേഹിതൻ അവിടെ ഞങ്ങൾക്ക് സമീപം ഒരു ചെറിയ കട കണ്ടപ്പോൾ ഉടനെ വരാമെന്നു പറഞ്ഞ് എന്തോ വാങ്ങുവാനായി പോയി. ഞാൻ തനിച്ച് അവിടെ നിന്നു. പെട്ടന്ന് ഒരു ധ്യാനാത്മക ചിന്തയിലൂടെ ഞാൻ കടന്നുപോയി. മനുഷ്യൻ മനുഷ്യനു വരുത്തുന്ന വിന അഥവ വേദന എത്ര ദാരുണവും ദയാഹീനവുമാണ്. ഒരു നാട് കീറിമുറിക്കപ്പെടുന്നു. ഓരോ ഭാഗവും ഓരോ രാഷ്ട്രങ്ങൾ സ്വന്തമായെടുക്കുന്നു. പശ്ചിമ-പൂർവ ജർമ്മനിയിലുള്ള സ്വന്തം വീട്ടുകാരെപോലും കാണണമെങ്കിൽ ഒരു പാട് നൂലാമാലകളിലൂടെ കടന്നിട്ടുവേണം അനുമതി കിട്ടുവാൻ. ഇത് അന്നത്തെ കമ്മ്യൂണിസ്റ്റ് ലോകം സ്വതന്ത്രലോകത്തിൻമേൽ അടിച്ചേൽപ്പിക്കുന്ന ധ്വംസനരീതികളായിരുന്നു. എന്തുകൊണ്ട് ഈ കമ്മ്യൂണിസം യൂറോപ്പിന്റെ കിഴക്കെ അറ്റത്ത് തലപൊക്കി? ഇങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടന്ന് ഫാത്തിമയിലെ മാതാവിന്റെ രൂപം എന്റെ മനസ്സിൽ വന്നു. മാതാവിന്റെ ഫാത്തിമയിലെ പ്രത്യക്ഷത്തെപറ്റി ഞാൻ കുറെയൊക്കെ കേൾക്കുകയും വായിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്താണ് ഫാത്തിമ പ്രത്യക്ഷത്തിന്റെ പാശ്ചാത്തലവും പ്രവചനവും.

## ഫാത്തിമ മാതാവും ലോകകമ്മ്യൂണിസവും

1917 - മെയ് 13 -ാം തിയതി മുതൽ ഒക്ടോബർ 13 വരെ എല്ലാ 13-ാം തിയതികളിലും മാതാവ് ഫാത്തിമയിൽ മൂന്ന് കുട്ടികൾക്ക് പ്രത്യക്ഷപെട്ടുകൊണ്ട് ചില സന്ദേശങ്ങൾ നല്കി. ഈ വാക്കുകളിൽ പ്രധാനമായ ഒരു സന്ദേശം കമ്മ്യൂണിസ്റ്റ് റഷ്യയെകുറിച്ചായിരുന്നു. ഫാത്തിമയിൽ മാതാവ് വളരെ വ്യക്തമായി പറഞ്ഞു: റഷ്യ ഉടനെ നിരീശ്വര കമ്മ്യൂണിസ്റ്റ് രാജ്യമായി മാറാൻ പോകുകയാണ്. തിരുസഭക്കും പരിശുദ്ധ പിതാവിനും വിശ്വാസികൾക്കും വളരെയേറെ സഹിക്കേണ്ടിവരും. അതുകൊണ്ട് വിശ്വാസികൾ പ്രാർത്ഥനകൊണ്ടും പ്രാശ്ചിത്തംകൊണ്ടും ഈ പ്രസ്ഥാനത്തെ നേരിടണം. പ്രാർത്ഥനക്കായി ധ്യാനചിന്തയും മന്ത്രോച്ചാരണവും സമഞ്ചസമായി സമ്മേളിച്ചിട്ടുള്ള ജപമാല ചൊല്ലുകയും അതുകൂടാതെ കൊച്ചുകൊച്ച് ആശയടക്കങ്ങൾ അഥവാ ത്യാഗപ്രവൃത്തികൾ ചെയ്ത് കാഴ്ച്ചവെച്ചുകൊണ്ട് റഷ്യയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുകയും വേണം. "നിങ്ങൾ ഭയപെടേണ്ട. എൻെറ

വിമലഹൃദയം വിജയിക്കും. നിങ്ങൾ കമ്മ്യൂണിസ്റ്റ് റഷ്യയെ എന്റെ വിമലഹൃദയത്തിനു സമർപ്പിക്കണം.''

കമ്മ്യൂണിസ്റ്റ് റഷ്യക്കെതിരെ മാതാവ് ഒരു ആത്മീയ യുദ്ധം പ്രഖ്യാപിക്കുകയാണ്. കമ്മ്യൂണിസ്റ്റ് ഭരണകൂടം റഷ്യയിൽ വന്നത് അതിദാരുണമായ രക്തചൊരിച്ചലിലൂടെയാണെങ്കിൽ, കമ്മ്യൂണിസ്റ്റ് ഭരണത്തിൽനിന്നും റഷ്യയെ വിമോചിക്കുന്നതിന് മാതാവ് ആവശ്യപ്പെടുന്നത് രണ്ടേ രണ്ട് ആയുധങ്ങളാണ്: പ്രാർത്ഥനയും, പ്രായ്ശ്ചിത്തവും. ലോകത്തിന്റെ ഒരു ഭാഗത്ത് മനുഷ്യർ അതീവ ക്രൂരതയോടെ സ്വേച്ഛാധിപത്യം അടിച്ചേൽപ്പിക്കുകയാണെങ്കിൽ അതിനുള്ള ക്രിസ്തീയ മറുപടി പകരം അക്രമം ചെയ്ത് ഭരണം തിരിച്ചെടുക്കുകയെന്നതല്ല. മറിച്ച് സത്യത്തിന്റെയും ധർമ്മത്തിന്റെയും വഴിയിലൂടെ പോയി, അധഃർമത്തെ ചെറുത്ത്, ധർമ്മസാമ്രാജ്യം സ്ഥാപിക്കുകയെന്നാണ്. മാതാവ് അതാണ് ഫാത്തിമയിൽ പറയുന്നത്. നിങ്ങൾ സത്യത്തിന്റെ വഴിയിലൂടെ വ്യാപരിക്കുക. ഈ യുദ്ധം ഞാൻ ഏറ്റെടുത്തിരിക്കുന്നു. എന്റെ വിമലഹൃദയം വിജയിക്കും. നിങ്ങൾ എന്റെ കൂടെ നിൽക്കണം. നന്നായി പ്രാർത്ഥിക്കണം. പ്രാർത്ഥന എന്റെ തിരുമകന് ഇഷ്ടമാണ്. പ്രാർത്ഥനയോട് കൂടി ചെറിയ ത്യാഗപ്രവൃത്തികൾ കൂടി ചേർക്കണം. അത് പ്രാർത്ഥനക്ക് ആത്മാർത്ഥതയും ആത്മവീര്യവും പകരുന്നു. ഓരോരുത്തർക്കും കഴിയുന്ന ത്യാഗങ്ങൾ മതി. യുദ്ധം വിജയിക്കുന്നകാര്യം ഞാനേറ്റു. ത്യാഗത്തിന്റെ അർത്ഥം എന്റെ പ്രാർത്ഥനയിൽ എന്നെകൂടി അലിച്ചുചേർക്കുക എന്നതാണ്. ഈ പ്രാർത്ഥനക്കാണ് ശക്തിയുള്ളത്.

ഈശോ ലോകത്തിലേക്ക് വന്നപ്പോൾ സഹനം സ്വയം സ്വീകരിച്ച് പാടുപെട്ട് മരിച്ചുകൊണ്ടാണ് നമ്മെ രക്ഷിച്ചത്. രക്ഷയുടെ ഈ സംവിധാനത്തിന് മാറ്റമില്ല. ആത്മാർത്ഥമായ പ്രാർത്ഥനയാണെങ്കിൽ ആത്മാർത്ഥമായ ആത്മസമർപ്പണവും അതിന്റെകൂടെ ഉണ്ടായിരിക്കണം. ഇതിന്റെ പ്രതീകമാണ് ത്യാഗപ്രവൃത്തികൾ. ഇത് ചെറുതാണെങ്കിലും ദൈവത്തിന്റെയും മാതാവിന്റെയും മുമ്പിൽ ഇതിന് വലിയ വിലയുണ്ട്. ഫാത്തിമയിൽ മാതാവ് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഫ്രാൻസിസ്സ് എന്ന ചെറിയ പയ്യൻ പറഞ്ഞു: 'ഞാൻ ഇന്നലെ ഒരു ചെറിയ ആശയടക്കം ചെയ്തിട്ടുണ്ടെന്ന്.' അതിന് നമ്മുടെ അമ്മ മറുപടി പറഞ്ഞു: 'അതുമതി'യെന്ന്. എന്നുവച്ചാൽ കമ്മ്യൂണിസ്റ്റ് റഷ്യയെ മാനസാന്തരപ്പെടുത്തുക എന്ന മഹാ യജ്ഞത്തിന് ഈ ചെറിയ ത്യാഗം മനുഷ്യമക്കളിൽ നിന്ന് അമ്മയ്ക്കാവശ്യമുണ്ടെന്ന് സാരം. റഷ്യൻ മാനസാന്തരം മാതാവിന്റെ നിശ്ചയമാണ്. അത് തീരുമാനിച്ചു കഴിഞ്ഞു. പക്ഷെ അതിന് നമ്മുടേതായ ഒരു ചെറിയ പങ്കുവേണം. ഈ ചെറിയ പങ്ക് കാര്യത്തിൽ വലുതാണ്. ഈശോയുടെ മൗതീക ശരീരത്തിലെ (Mysical Body) ഒരുഭാഗത്ത് നടക്കുന്ന വേദനകൾക്ക് മരുന്നായി, പരിഹാരമായി അതേ ശരീരത്തിന്റെ സിരകളി

ൽനിന്നും നല്ല രക്തം വാർന്നോഴുകണം. മാതാവ് ഈ രക്തത്തുള്ളികൾ സ്വർഗ്ഗത്തിൽനിന്ന് കൊണ്ടുവരുന്ന രക്ഷണീയ മരുന്നിൽ കലർത്തി മൗതീക ശരീരത്തിലെ രോഗവിധേയമായ ഭാഗത്തിന് മരുന്നായി ഉപയോഗിക്കും. 'എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല' എന്നു പറഞ്ഞ ഈശോ 'നിങ്ങളുടെ സഹകരണം കൂടാതെ എനിക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല' എന്നും ഒരു പക്ഷെ നമ്മോട് പറയുമായിരിക്കും, അവസാന വിധിക്കായി നമ്മൾ അവിടുത്തെ മുൻപിൽ നിൽക്കുമ്പോൾ.

കമ്മ്യൂണിസം എന്ന് പറയുന്നത് അപലപനീയമായ ഒരു ചിന്താരീതിയല്ല. ആദ്യമക്രൈസ്തവരിൽ നാം കാണുന്നത് കറതീർന്ന ഒരുതരം കമ്മ്യൂണിസ്റ്റ് ചൈതന്യമാണ്. എന്നുവെച്ചാൽ ആർക്കും സ്വന്തമായി ഒന്നും വേണ്ട. എല്ലാവരും സ്വന്തം പറമ്പും വീടും വിറ്റ് ആദിമ ക്രൈസ്തവ സമൂഹത്തിന് ഏല്പിച്ച് കൊടുക്കുന്നു. അവരിൽ ഉള്ളവർ, ഇല്ലാത്തവർ എന്ന സ്ഥാനഭേദങ്ങളില്ലാതെ, എല്ലാവരുമൊന്നിച്ച്, ഒരു കുടുംബംപോലെ കഴിയുന്നു. പക്ഷെ എല്ലാവരും ഒരുപോലെ ശുദ്ധരും, നിഷ്ക്കളങ്കരും സമാധാന പ്രിയരുമായാൽ മാത്രമെ ഈ പ്രസ്ഥാനം വിജയിക്കുകയുള്ളൂ. ലോകമൊട്ടാകെ അത് പ്രതീക്ഷിക്കുക അസാധ്യമാണല്ലോ? സാമൂഹിക പ്രതിബദ്ധതയുള്ള ഈ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സേച്ഛാധിപത്യത്തിൽ ചെന്ന് അവസാനിക്കുന്നതാണ് ഇതിന്റെ ദുരന്തം. കമ്മ്യൂണിറ്റ് ഭരണകൂടം റഷ്യയിൽ വന്നതിനുശേഷം അവിടെ ജനാധിപത്യമില്ല, തിരഞ്ഞെടുപ്പ് ഇല്ല; അവിടുത്തെ ഭരണസാരഥികൾക്ക് മാറ്റവുമില്ല. സാക്ഷാൽ ജനങ്ങൾ വഞ്ചിതരായി. വിപ്ലവം നയിച്ച നായകൻമാർ അമേരിക്കക്കെതിരായി ഒരു ആണവശക്തി അഥവ ബോംബുണ്ടാക്കുന്നതിൽ ബദ്ധശ്രദ്ധരായിരുന്നു. അവർ ബോംബുണ്ടാക്കുകയും ചെയ്തു. ഇതുകൊണ്ട് പാവപ്പെട്ട ജനങ്ങൾക്ക് എന്തുകിട്ടി?

മാതാവ് സാമ്രാജ്യദുർമോഹികളായ ലോക സാരഥികൾക്കെതിരെ ലൗകീക യുദ്ധം പ്രഖ്യാപിക്കുന്നില്ല. നേരെമറിച്ച് ആ മേഖലയിൽ ജീവിക്കുന്ന സാധാരണക്കാരായ വിശ്വാസികൾക്ക് വേണ്ട മാർഗ്ഗദർശനം നല്കുക മാത്രമേ ചെയ്യുന്നുള്ളൂ. ഹേറോദേസ് മാതാവിന്റെ മകനായ ശിശുവിനെ വധിക്കുവാൻ പരിശ്രമിച്ചപ്പോഴും പിതാവായ ദൈവം ഹേറോദേസിനെതിരെ ഒരു യുദ്ധവും പ്രഖ്യാപിച്ചില്ല. മാതാവിനും യൗസേപ്പിതാവിനും, പിന്നീട് കിഴക്കുനിന്നുവന്ന രാജാക്കന്മാർക്കും മാർഗ്ഗനിർദ്ദേശം നല്കുക മാത്രമേ ചെയ്തുള്ളൂ. അതേ മാർഗ്ഗദർശനം തന്നെയാണ് മാതാവ് ലൂർദിലും ഫാത്തിമയിലും ചെയ്യുന്നത്.

1844 ൽ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ യൂറോപ്പിൽ പ്രസിദ്ധീകരിക്കപ്പെടുന്നു. ഇത് വിഭാവനം ചെയ്തതും, വിരചിച്ചതും കാറൽ മാക്സ്, എങ്കൽസ് എന്ന ജർമ്മൻ ചിന്തകരാണ്. ഇവർ രണ്ടുപേരും കൊളോൺ നഗരത്തിൽനിന്നുള്ളവ

രും, എന്നാൽ തത്കാലം ഫ്രാൻസിൽ (പാരീസിൽ) താമസിക്കുന്നവരുമായിരുന്നു. എങ്കൽസ് ഉപരി പഠനത്തിനായി വന്നതാണ്. കാറൽ മാക്സ് ജർമ്മനിയിൽ നിന്ന് നാട് കടത്തപ്പെട്ട് വന്നതാണ്. Rheins Times എന്ന പത്രത്തിന്റെ എഡിറ്റർ ആയിരുന്നു കാറൽ മാക്സ്. വ്യവസായവിപ്ലവം ചെറുതായി ആരംഭിച്ചു തുടങ്ങിയ ആ വേളയിൽ, ഫാക്ടറി ജോലികൾക്കുള്ള വേതനം സത്യത്തിനോ നീതിക്കോ നിരക്കാത്തതാണെന്നും വേതനത്തിൽ വ്യത്യാസം വേണമെന്നും വാദിച്ചു മുഖ ലേഖനങ്ങൾ എഴുതുകയും ചെയ്യു. ഇത് പാടില്ല എന്നു പറഞ്ഞതിന്റെ പേരിൽ ജോലി രാജിവച്ച് ഫാക്ടറി ജോലിക്കാരെ സംഘടിപ്പിച്ച് അദ്ദേഹം, അതുവരെ കേട്ടുകേൾവിയില്ലാത്ത വർക്കേഴ്സ്സ് യൂണിയൻ സ്ഥാപിക്കുകയും Strike പ്രസ്ഥാനം ആരംഭിക്കുകയും ചെയ്തു. ഫാക്ടറികൾ പൂട്ടിയിടേണ്ടിവന്നു. പരിണിതഫലം വേതനത്തിലെ മാറ്റമല്ലായിരുന്നു. മാർക്സിനെ നാടുകടത്തുകയായിരുന്നു. അങ്ങനെ ഫ്രാൻസിൽ ചെന്ന മാർക്സും, അവിടെ ഉപരിപഠനത്തിനായി ചെന്നിരുന്ന എങ്കൽസും കൂടിയാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിക്കുന്നത്. കാറൽ മാക്സ് ആണ് യഥാർത്ഥ കർത്താവ് എന്ന് പറയപ്പെടുന്നു. അത് 1844ൽ ആണ്. പത്ത് കൊല്ലത്തിനുശേഷം 1854 ൽ മാതാവ് ലൂർദ്ദിൽ പ്രത്യക്ഷപ്പെടുന്നു. അന്നു യൂറോപ്പിൽ ചിന്തയിലും വ്യാപാരത്തിലും മികച്ചു നിന്നിരുന്ന രാഷ്ട്രം ഫ്രാൻസായിരുന്നു. ബർണർദിത്ത എന്നു പേരുള്ള ഒരു യുവതിക്കു പ്രത്യക്ഷപ്പെട്ടുകൊണ്ട് മാതാവ് സന്ദേശം നല്കുന്നു. "വികലതയാർന്നതും വിശ്വാസരഹിതവുമായ പുതിയ പഠനങ്ങൾ നാട്ടിൽ പരന്നുകൊണ്ടിരിക്കുന്നു. മാതാവിത് പറയുന്നത് കമ്മ്യൂണിസ്റ്റ് പഠനത്തിലേക്കു മാത്രം വിരൽ ചൂണ്ടിയട്ടല്ല. ക്രിസ്റ്റീയ വിശ്വാസത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള മറ്റു താത്വിക ദർശനങ്ങളും അന്നു ഫ്രാൻസിൽ തലപൊക്കുന്നുണ്ടായിരുന്നു. 'വിശ്വാസികൾ സാക്ഷാൽ ക്രിസ്തീയ വിശ്വാസത്തിൽ ജീവിക്കുകയും പ്രാർത്ഥിക്കുകയും ത്യാഗപ്രവൃത്തികൾ ചെയ്യുകയും വേണം.'

സാക്ഷാൽ ക്രിസ്തീയ വിശ്വാസം ജീവിക്കുകയെന്നത് ആദ്യമ ക്രൈസ്തവ സമൂഹത്തിലേക്കുള്ള ഒരു തിരിച്ചുപോക്കാണ്. അവിടെ വലിയവനും ചെറിയവനും എന്ന വ്യത്യാസം ഇല്ലായിരുന്നു. അടിമകളും പ്രഭുകുമാരൻമാരും ഒന്നിച്ചു പാർത്തിരുന്നു. ലോകത്തിൽ തലപൊക്കി വരുന്ന കമ്മ്യൂണിസം എന്ന പ്രസ്ഥാനം മാതാവ് സ്വർഗ്ഗത്തിൽനിന്നും അതിന്റെ ആരംഭകാലം മുതൽ സൂക്ഷിച്ചു വീക്ഷിക്കുന്നുണ്ട്. മാതാവിനിഷ്ടമുള്ള പല ചൈതന്യവിശേഷങ്ങളും അതിലുണ്ട്. അതേസമയം മാതാവിനു യാതൊരു വിധത്തിലും അംഗീകരിക്കാൻ സാധിക്കാത്ത ചിന്താധാരയും പ്രവർത്തനരീതിയും അതിനുണ്ട്. അതുകൊണ്ട് മനുഷ്യരാശിയുടെ അമ്മയും കൂടിയായ ഈ മാതാവിന് കമ്മ്യൂണിസത്തോടുള്ള അടുപ്പത്തേയും അകൽച്ചയേയും കുറിച്ച് അല്പമായിട്ടെങ്കിലും നമുക്കു ചിന്തിക്കാം.

കുരുടർക്ക് കാഴ്ചയും പീഡിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സുവിശേഷവും നല്കാൻ വന്ന ഈശോയുടെ അമ്മ അവശരേയും ആലംബഹീനരേയും അകമഴിഞ്ഞ് സ്നേഹിക്കുമെന്നതിന് സംശയമില്ല. അതുകൊണ്ട് തന്നെ ഈ ലോകത്തിലെ താഴെപടികളിൽ കിടക്കുന്ന മർദ്ദിതരും ദരിദ്രരും രാഷ്ട്രീയ ശക്തികളൊന്നും തന്നെ ഇല്ലാത്തവരുമായ പാവപ്പെട്ട ജനതതിയെ സ്വരുമിപ്പിച്ച്, സംഘടിപ്പിച്ച് അവർക്കാത്മധൈര്യം നല്കി പുനരുദ്ധരിക്കുവാനുള്ള പരിശ്രമം മനുഷ്യരാശിയെ സ്നേഹത്തോടെ നോക്കികാണുന്ന ഏതൊരമ്മയും താത്പര്യത്തോടെ കാണാൻ ആഗ്രഹിക്കും. ഇത് ഈശോയുടെ സുവിശേഷവുമായി വളരെ യോജിച്ചുപോകുന്ന ഒരു കാര്യംകൂടിയാണ്. പക്ഷെ ഇതു രാഷ്ട്രീയ രംഗത്ത് വരുമ്പോൾ പലപ്പോഴും നിസ്വാർത്ഥ സ്നേഹത്തിന്റെയും സേവനത്തിന്റെയും നിഷ്കളങ്ക മുഖത്തിനുപകരം അധികാരമാത്സര്യത്തിന്റെയും ആനുകൂല്യങ്ങൾ വാദിച്ചെടുക്കുന്നതിന്റെയും കറുത്തിരുണ്ട പൊയ് മുഖങ്ങളായി മാറാൻ പാടുണ്ട്. അതുകൊണ്ടാണു നമ്മുടെ അമ്മ ശക്തരിൽ നിന്നും ധനികരിൽ നിന്നും മാറി, പാവപ്പെട്ട മനുഷ്യരിലൂടെ നല്ല സന്ദേശവുമായി ഈ ലോകത്തിലേക്കുവരുന്നത്. ഇതാണ് ലൂർദ്ദിലും ഫാത്തിമായിലും സംഭവിച്ചത്. ഇവിടെ ധനത്തിന്റെ അഥവ മാനുഷിക ശക്തിയുടെ മൂഢസ്വർഗ്ഗം ഉണ്ടാക്കാൻ പരിശ്രമിച്ചാൽ അത് പരാജയത്തിലേ അവസാനിക്കുകയുള്ളൂ എന്നു സാരം. വിഷയം ധനമോ, ശക്തിയോ സാമ്രാജ്യമോ അല്ല. സാക്ഷാൽ വിഷയം സ്നേഹമാണ്. സ്നേഹമുണ്ടങ്കിൽ സ്വരുമയുണ്ട്, സ്വരുമയുണ്ടെങ്കിൽ സമഭാവനയുണ്ട്, സമഭാവനയുണ്ടെങ്കിൽ പങ്കുവെയ്ക്കലുണ്ട്, പങ്കുവെയ്ക്കലുണ്ടെങ്കിൽ കഠിനവിവേചനങ്ങൾ താനെ ഇല്ലാതാകും. സ്നേഹത്തിന്റെ സമൂഹം ഉരുവാകും. ഇതിന് ലൂർദ്ദ് ഇന്നും സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. നിരവധി രോഗികൾ, മരണാസന്നർ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ലൂർദ്ദിൽ വന്നു സുഖം പ്രാപിച്ച് തിരിച്ചുപോകുന്നു. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ 1844ലെ പ്രസിദ്ധീകരണവും മാതാവിന്റെ ലൂർദ്ദിലെ 1854 ലെ പ്രത്യക്ഷവും തമ്മിൽ പ്രത്യക്ഷ ബന്ധമുണ്ടെന്ന് ഞാൻ സമർത്ഥിക്കുന്നില്ല. എന്നാലും പരോക്ഷമായി ബന്ധമുണ്ട്. പുതിയ പഠനങ്ങൾ സൂക്ഷിച്ച് കൈകാര്യം ചെയ്യണമെന്നും സുവിശേഷം ജീവിതശൈലിയാക്കുകയാണെങ്കിൽ ഇതിനൊക്കെ നല്ല മറുപടിയാകുമെന്നും നമ്മുടെ അമ്മ സാമാന്യം വ്യക്തമായി നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ച് 10 കൊല്ലത്തിനുശേഷം ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ട മേരി, ഫാത്തിമായിൽ പ്രത്യക്ഷപ്പെടുന്നത് റഷ്യയിലെ ബോൾഷെവിക് വിപ്ലവത്തിന്റെ സന്ദേശവും അത് നേരിടേണ്ടതെങ്ങനെയാണെന്ന നിർദ്ദേശങ്ങളോടും കൂടിയാണ്. 1917 ഓക്ടോബർ 13 -ാം തിയതിയാണ് മോസ്കോയിലെ റഷ്യൻ വിപ്ലവം നടക്കുന്നത്. അന്നു കമ്മ്യൂണിസ്റ്റുകാർ

സാർ ചക്രവർത്തിയേയും കുടുംബത്തെയും നിഷ്കരുണം വധിച്ചുകൊണ്ട് റഷ്യൻ ഭരണകൂടം പിടിച്ചെടുത്തു. അതൊരു ചോരക്കളത്തിന്റെ കഥയായിരുന്നു.

1917 മെയ് 13-ാം തിയതി തൊട്ട് മാതാവ് ലൂസി, ഫ്രാൻസീസ്, ജസ്റ്റീന്ത എന്നു പേരുള്ള മൂന്നു കുട്ടികൾക്ക് പ്രത്യക്ഷയായി. 1917 ഒക്ടോബർ 13 വരെ എല്ലാ 13-ാം തിയതിയായിരുന്നു പ്രത്യക്ഷങ്ങൾ. ഈ പ്രത്യക്ഷങ്ങളുടെ ഒരു പ്രധാനലക്ഷ്യം റഷ്യയിൽ നടക്കാൻ പോകുന്ന നിരീശ്വരവിപ്ലവത്തേയും അതിന്റെ ഉടനെയുള്ള ദാരുണഫലങ്ങളെയും മനുഷ്യരാശിയെ, പ്രത്യേകിച്ച് ക്രൈസ്തവവിശ്വാസികളെ, അറിയിക്കുകയും ഒരുക്കുകയും ചെയ്യുകയെന്നതായിരുന്നു. റഷ്യ കമ്മ്യൂണിസം സ്വീകരിക്കാൻ പോവുകയാണെന്നും, മതപീഡനങ്ങളും വിവിധ ദുരന്തങ്ങളും അനുഭവിക്കാൻ വിശ്വാസികൾ ഒരുങ്ങിനില്ക്കണമെന്നും ഈ അമ്മ നമ്മെ നന്നായി ഉദ്ബോധിപ്പിച്ചു. നന്നായി പ്രാർത്ഥിക്കണമെന്നും എപ്പോഴും ആവശ്യപ്പെടുന്നതുപോലെ ചെറിയ ത്യാഗപ്രവൃത്തികൾ ചെയ്ത് കാഴ്ചവെയ്ക്കണമെന്നും ആവശ്യപ്പെട്ടു. എന്നാൽ നിങ്ങൾ പേടിക്കേണ്ടാ, എന്റെ വിമല ഹൃദയം വിജയയിക്കുമെന്നും ഈ അമ്മ നേരത്തെകൂട്ടി തന്നെ പറഞ്ഞു. പറഞ്ഞതുപോലെ അവസാന സന്ദർശന ദിനത്തിൽ തന്നെ 1917 ഒക്ടോബർ 13 -ാം തിയതി റഷ്യയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവം അരങ്ങേറി. കമ്മ്യൂണിസ്റ്റ് ഭരണം സ്ഥാപിക്കുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് റഷ്യയെ എന്റെ വിമല ഹൃദയത്തിനു പ്രതിഷ്ഠിക്കണമെന്നും റഷ്യ മാനസാന്തരപ്പെടുമെന്നും കമ്മ്യൂണിസ്റ്റ് ഭരണം തനിയെ അവസാനിക്കുമെന്നും അമ്മ കൃത്യം കൃത്യമായി നമ്മോടു പറഞ്ഞിരുന്നു. ഏകദേശം 70 കൊല്ലമെടുത്തെങ്കിലും അമ്മയുടെ വാക്കുകൾ അക്ഷരംപ്രതി നിറവേറി. യാതൊരു യുദ്ധവുമില്ലാതെ, കൂട്ടക്കൊലയും രക്തചൊരിച്ചിലുമില്ലാതെ റഷ്യ കമ്മ്യൂണിസം ഉപേക്ഷിക്കുകയും ചെയ്തു. ഇത് മാതാവിന്റെ പരിപാടിയായിരുന്നതുകൊണ്ട് രക്തക്കളം തീർത്തും ഒഴിവാക്കിയിരുന്നു.

റഷ്യയിലെ ക്രിസ്ത്യാനികളിൽ അധികവും ഓർത്തഡോക്സ് സഭയിൽപെട്ടവരാണ്. മറ്റു കത്തോലിക്കരെ പോലെ ഇവരെല്ലാവരും തന്നെ മേരീഭക്തരും കൂടിയാണ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം, വേണ്ടവർ, വേണ്ട സമയത്ത് വേണ്ടത് ചെയ്യാത്തതുകൊണ്ട്, നിരീശ്വരവാദികളെകൊണ്ട് വിശ്വാസികളെ തിരുത്തുന്നതിന്റെ ഒരു പ്രതിഭാസവും കൂടിയായി നോക്കി കാണുന്നതിൽ വലിയ തെറ്റില്ലെന്നെനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. ഒരു പക്ഷെ നമ്മുടെ കൊച്ചു കേരളത്തെ കുറിച്ചും ഈ പറയുന്നതിൽ പലതും ശരിയായിരിക്കാം. നമ്മൾ ആത്മശോധനാപരമായി ചിന്തിക്കുകയും വേണ്ടപോലെ തിരുത്തുകയും ചെയ്യേണ്ട പലകാര്യങ്ങളും ഇതിൽ ഉൾപ്പെടാൻ പാടുണ്ട്. നമ്മുടെ അമ്മ ദൈവവിശ്വാസമുള്ള എല്ലാവരേയും സഹായിക്കാൻ തയ്യാറാണ്. അതില്ലാത്തവർക്ക് ഈ അമ്മ

യിലും വിശ്വാസം കാണുമോ? പക്ഷെ നമ്മുടെ നാട്ടിൽ കമ്മ്യൂണിസ്റ്റ്കാർക്ക് വോട്ടുചെയ്യുന്ന ബഹുഭൂരിപക്ഷം വ്യക്തികൾക്കും പ്രത്യേകിച്ച് താഴെയുള്ള പടികളിൽ ജോലിചെയ്യുന്നവർക്ക് ജാതിമതഭേദമെന്യെ നല്ല ദൈവവിശ്വാസം ഉണ്ടെന്നുള്ളതിന് യാതൊരു സംശയവുമില്ല. അവരിൽ പലരും ഈ അമ്മയെ വളരെ ആദരവോടെ കാണുന്നവരും ഈ അമ്മയോട് പ്രാർത്ഥിക്കുന്നവരുമാണ്. അമ്മ തീർച്ചയായും അവരെ അനുഗ്രഹിക്കും. നിരീശ്വര ഭരണകൂടത്തിലൂടെ നീതി വരുത്തണമെന്ന് അമ്മയ്ക്ക് യാതൊരു നിർബന്ധവുമില്ല. മാത്രമല്ല അതിന്റെ മറുവശം വളരെ വേദനാജനകവുമാണ്. അതുകൊണ്ട് അമ്മയോട് സഹകരിച്ചു പ്രവർത്തിക്കുക. പ്രാർത്ഥിക്കുക. ലളിത ജീവിതത്തിനും, പീഡിതരുടെ ഉന്നമനത്തിനും തയ്യാറായി പ്രവർത്തിക്കുക. ഇവിടെ ത്യാഗോജ്ജ്വല ജീവിതം ആവശ്യമാണ്. നാട്ടിൽ സമാധാനം കൈവരും. ശാന്തിസുധ നന്നായിട്ടൊഴുകും.

# സമാഹാരം

വിനയാന്വിതയായ മേരി വിശ്വമനോഹരിയാണ്. അമലോത്ഭവയാണ്. സ്വർഗ്ഗാരോപിതയാണ്. മനുഷ്യരുടേയും മാലാഖമാരുടെയും രാജ്ഞിയാണ്. സ്ത്രീകളിൽ സമുന്നതയാണ്. മനുഷ്യരാശിയുടെ മണിമകുടമാണ്. മാതാവിന്റെ സ്തുതി മഹിമകൾ ഇനിയും വലിയ ലുത്തിനീയപോലെ നീണ്ടുപോകുന്നു. പക്ഷെ ഇവയെല്ലാം മേരിയുടെ, നമ്മുടെ അമ്മയുടെ, അലോകസൗന്ദര്യത്തിനു മുമ്പിൽ ഒന്നുമല്ല. രാജകുമാരിയുടെ സൗന്ദര്യം ആന്തരികമാണെന്നു വേദപുസ്തകത്തിൽ പറയുന്നത് നമ്മുടെ അമ്മയെ സബന്ധിച്ചിടത്തോളം തീർച്ചയായും അതുല്യരീതിയിൽ വാസ്തവമാണ്. പക്ഷെ ഈ ആന്തരീക സൗന്ദര്യം അഴകാർന്നു നില്ക്കുന്നത് അതിനനുയോജ്യമായ, കളങ്കരഹിതയായ, അമലോത്ഭവമായ, വിമലമായ ഒരു മനുഷ്യ ശരീരത്തിലാണെന്നത് നാം വിസ്മരിക്കരുത്. അങ്ങനെയാണ് ഈ അമ്മ നമ്മുടെ അമ്മയാകുന്നത്. നമ്മെ ഭൂമിയും സ്വർഗ്ഗവുമായി ബന്ധിപ്പിക്കാനും നമ്മുടെ വിജ്ഞാനവും വിശുദ്ധിയും നമ്മിലെ വിനയഭാവത്തിലൂടെ പ്രതിബിംബിക്കാനും ഈ അമ്മ നമ്മളെ സഹായിക്കും. അപദാനങ്ങളുടെ അത്യുന്നത കൊടുമുടിയിലേക്ക് ഉയർത്തപ്പെട്ടെങ്കിലും അങ്ങുതാഴെ അടിത്തട്ടിൽ അനിദിനം ദൈവത്തിനുവേണ്ടി വേല ചെയ്യുന്ന ഒരു ചരണദാസിയായിട്ടാണു നമ്മുടെ അമ്മ എന്നും സ്വയം കാണുന്നത്. ഇത് മംഗളവാർത്തക്ക് മുമ്പും പിമ്പും ഒരുപോലെ.

ഈ സൗന്ദര്യം അപരിമേയമാണ്, അലോകസുന്ദരമാണ്. ഇതിന്റെ സൗന്ദര്യം നമ്മൾ മറ്റെങ്ങും കാണാത്തതുപോലെ മഹത്വത്തിന്റെ കൊടുമുടിയും വിനയത്തിന്റെ അഗാധഗർത്തവും ഒന്നുചേരുന്നതിലാണ്. മേരിയുടെ ഭാഗത്തു നിന്നു ചിന്തിക്കുമ്പോൾ എല്ലാം കർത്താവിന്റെ ദാനം. എന്നും കർത്താവിന്റെ ദാസി. നമ്മുടെ ഭാഗത്തുനിന്നു ചിന്തിക്കുമ്പോൾ അലിവും അഴകും ആകാരംപൂണ്ട് നമ്മിലേക്കൊഴുകിവരുന്ന ഒരു ദിവ്യ നിർഝരി, അഥവാ അനുഗ്രഹപ്രവാഹം ഇതാണു വിനയാന്വിതയായ മേരി.

നമ്മുടെ അമ്മ നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ.

## അംബികേ, പദതാരിൽ

അംബികേ പദതാരിൽ നില്ക്കുമീ
ദാസനെ തൃക്കൺ പാർക്കണേ
നിന്നിഷ്ടം നിറവേറ്റുവാനുള്ളോ-
രെന്നുള്ളിൽ നിറവേകണേ

എൻ മനോവേദിയിൽ സദാ
നിൻ കരസ്പർശമേകണേ
നിന്നകത്താരിൽ നിന്നുതെല്ലിടം
തെന്നിമാറാതെ കാക്കണേ

പാരിതിലെന്നും നന്മചെയ്തു നിൻ
പാവനപാദം പുല്കുവാൻ
പാപിഞാനിവനെങ്കിലും
പാലനം നീ ചെയ്തീടണേ

അന്നാ പൊൻദിനം വന്നണയും നേരം
എന്നരികിൽ നീ നില്ക്കണേ
എന്നെന്നും നിലനില്ക്കും ജീവനിൽ
വന്നുചേരാൻ കനിയണേ